അഷ്ടമഃ പടലഃ

ഇപ്രകാരം ഏഴ് ഈശ്വരന്മാരുടെ പൂജാവിധിയെപ്പറഞ്ഞിട്ട് പ്രതിഷ്ഠയുടെ നാലാം ദിവസത്തുങ്കലേ കലശസ്നാനത്തിന്റെ പ്രകാരത്തേപ്പറയുന്നു. എട്ടാമത്തെ പടലംകൊണ്ട്.

അഥാഭിധാസ്യാമ്യഭിഷേചനം വിഭോർ-
ദിനേ തുരിയേ വിഹിതം പ്രതിഷ്ഠിതേഃ
നിമിത്തവിത്താദ്യുപപത്തിഭേദിതം
വിശുദ്ധിസാന്നിധ്യസമൃദ്ധികാരകം. 1

പ്രതിഷ്ഠിതേഃ തുരീയേ ദിനേ വിഹിതം = പ്രതിഷ്ഠയുടെ നാലാം ദിവസം വിഹിതമായും, വിശുദ്ധിസാന്നിദ്ധ്യസമൃദ്ധികാരകം = അശുദ്ധികളിൽ ശുദ്ധിയേ വരുത്തുന്നതിന്നും, സാന്നിദ്ധ്യത്തേ ഉണ്ടാക്കുന്നതിന്നും, സമ്പത്തിനേ ഉണ്ടാക്കുന്നതിന്നും കൂടെ ചെയ്യേണ്ടതായും, നിമിത്തവിത്താദ്യുപപത്തിഭേദിതം = ഹേതുക്കളുടേയും ദ്രവ്യത്തിന്റെയും ദേശകാലാവസ്ഥപോലെയും ഭേദങ്ങളോടു കൂടിയതായുമിരിക്കുന്ന, വിഭോഃ അഭിഷേചനം അഭിധാസ്യാമി = ദേവന്റെ കലശാഭിഷേകവിധിയേ പറയുന്നു.

അത്രാപ്യങ്കുരരോപണം സ്വസമയേ കുർവീത തത്ത്വാന്തിമാൻ
ഹോമാൻ നിഷ്കൃതിവക്ഷ്യമാണവിധിനാ ചാഥാത്ര പൂർവേ/ഹനി
നാഗേ/ളിന്ദഭുവി പ്രകല്പ്യനിജകുണ്ഡം മണ്ഡപേ ദേശികഃ
കുര്യാന്മണ്ഡപസംസ്ക്രിയാമപി ഘടീഭ്രാന്ത്യന്തിമാം പൂർവവത്. 2

അത്ര അപി സ്വസമയേ അങ്കുരോപണം കുർവീത = ഈ ചതുർത്ഥസ്നാനത്തുങ്കലും മറ്റുമുള്ള കലശങ്ങൾ ചെയ്യുന്നേടത്ത് കലാശാധിവാസത്തിനു മുമ്പിൽ മുളയിടുവാൻ വിധിച്ച ദിവസത്തുങ്കൽ മുളദ്രവ്യങ്ങളേ പൂജയും ചെയ്തു വരണം. പൂർവേ അഹനി നിഷ്കൃതിവക്ഷ്യമാണവിധിനാ തത്ത്വാന്തിമാൻ ഹോമാൻ ച = പ്രായശ്ചിത്തവിധിയിങ്കൽ പറയുന്ന വിധിപോലെ പ്രായശ്ചിത്തം ശാന്തി തത്ത്വം ഇങ്ങനെയുള്ള ഹോമങ്ങളെ കലശമാടുന്ന ദിവസത്തിന്റെ തലേ ദിവസം ചെയ്യണം. അപ്പോൾ തത്ത്വഹോമത്തുങ്കൽ സംഹാരതത്ത്വസമ്പാതമുണ്ടാക്കേണ്ട. നാഡീ

www.shripuram.org
Shripuram Publications
www.shripuram.org

സന്ധാനമില്ല. ചിലരു് നാലാം ദിവസം തത്ത്വഹോമത്തേ വിധിച്ചപോലെ ചെയ്യുന്നപോൽ. മണ്ഡപേ അളിന്ദഭുവി നാഗേ നിജ്ജകുണ്ഡം പ്രകല്പ്യ = കലശമണ്ഡപത്തുങ്കൽ അളിന്ദഭൂമിയിങ്കൽ വായുകോണിൽ കിഴക്ക നാഗപദത്തുങ്കൽ ആചാര്യകുണ്ഡത്തേയും അധിവാസത്തുങ്കലേപ്പോലെ ദിക്കുണ്ഡങ്ങളേയുമുണ്ടാക്കി. ദേശികഃ ഘടീഭ്രാന്ത്യന്തിമാം മണ്ഡപസംസ്ക്രിയാം അപി കുര്യാത് = ആചാര്യൻ കലശപൂജയുടെ ദിവസം തോരണധ്വജസ്ഥാപനം തുടങ്ങി കുംഭേശപൂജ കഴിവോളമുള്ള മണ്ഡപസംസ്കാരത്തെ അധിവാസത്തുങ്കൽ പറഞ്ഞപോലെ ചെയ്വൂ.

ആസ്ഥാല്യ സൂത്രാണി ഘടാന്തരൂപാ-
ണ്യത്രാഭിപൂര്യദ്രവിണപ്രമാണി
ഖണ്ഡാനി കൃത്വാതു യഥാർഹമേതാ-
ന്യാപൂരയേച്ചിത്രതരൈ രജോഭിഃ. 3

അത്ര ഘടാന്തരൂപാണി സൂത്രാണി ആസ്ഥാല്യ = ആ മണ്ഡപത്തിൽ കലശത്തന്ന സദൃശങ്ങളായിരിക്കുന്ന സൂത്രങ്ങളേ തിരിച്ച് പുടങ്ങളേ ഉണ്ടാക്കി, അഭിപൂര്യദ്രവിണപ്രമാണി ഖണ്ഡാനി കൃത്വാ = നിറപ്പാൻ ഭാവിച്ചിരിക്കുന്ന ദ്രവ്യങ്ങൾക്കു തുല്യങ്ങളായിരിക്കുന്ന ഖണ്ഡങ്ങളേ ഉണ്ടാക്കി, ഏതാനി ചിത്രതരൈഃ രജോഭിഃ ആപൂരയേത് = ഈ ഖണ്ഡങ്ങളേക്കൊണ്ട് ബ്രഹ്മകലശങ്ങൾക്കും പരികലശങ്ങൾക്കും അഷ്ടദളവും സ്വസ്തികങ്ങളും യഥായോഗ്യമായിട്ട് ഉണ്ടാക്കൂ.

ക്ഷേത്രേ പഞ്ചപുടേ/ബ്ജം നവപദൈസ്തത്ത്വോന്മിതൈഃ കേവലൈർ-
ദ്രവ്യൈസ്സ്യാത് സ്നപനേ/ന്തരത്ര നവ തദ്ബാഹ്യേ ഘടാഃ ഷോഡശ
വീഥീഃ സപ്തപുടേ/ഭിതോ/ബ്ജമധികം യാവത്തു തത്ക്ഷേത്രകം
മുജ്യം സ്യാദുഭയത്ര സപ്തദശഭിര്യഭ്യന്തരാളാഷ്ടകം. 4

തത്ത്വോന്മിതൈഃ കേവലൈഃ ദ്രവ്യൈഃ സ്നപനേ = പരികലശങ്ങൾ കൂടാതെ ഇരുപത്തിയഞ്ചു കലശങ്ങളും ബ്രഹ്മകലശങ്ങളായിട്ടു ദ്രവ്യങ്ങളേ ന്യസിച്ചു പൂജിച്ച് ആടുന്ന കലശത്തുങ്കൽ, പഞ്ചപുടേ ക്ഷേത്രേ അന്തഃ നവപദൈഃ അംബുജം = അഞ്ചു പുടമായിട്ട് ഇരുപത്തഞ്ചു പദങ്ങളേ ഉണ്ടാക്കിയാൽ നടുവിൽ ഒമ്പതു പദങ്ങളേക്കൊണ്ട് അഷ്ടദലപത്മത്തേയും പുറത്ത് പതിനാറു സ്വസ്തികങ്ങളേയും ഉണ്ടാക്കി പീഠം വിരിച്ച്, അത്ര അന്തഃ നവ തദ്ബാഹ്യേ ഷോഡശ ഘടാഃ = അവിടെ നടുവിൽ അഷ്ടദലത്തിൽ ഒമ്പതു കലശങ്ങളേയും പുറത്തു പതിനാറു കലശങ്ങളേയും വയ്ക്കൂ. സപ്തപുടേ അബ്ജം അഭിതഃ വീഥീഃ = ഇവിടെത്തന്നെ ഏഴു പുടമുണ്ടാക്കി അഷ്ടദലത്തിന്റെ ചുറ്റും വീഥികളേയും, യാവൽ അധികം

Shripuram Publications
www.shripuram.org

തൽക്ഷേത്രകം ച മൃജ്യം സ്യാൽ = പിന്നെ ദിക്കോണാന്തരമധ്യങ്ങളിൽ എത്ര പദം അധികമായി ഭവിക്കുന്നു. ആ പദങ്ങളേയും വീഥിയിൽ കൂട്ടിയിരിപ്പൂ. അപ്പളും സവീഥിയായി പഞ്ചവിംശതിദ്രവ്യത്തിന്റെ പത്മം, ഉഭയത്ര സപ്തദശഭിഃ യദി = ഇപ്രകാരം സപ്തദ്രവ്യങ്ങളേക്കൊണ്ടുതന്നെ എങ്കിൽ അന്തരാളങ്ങളിലുള്ള പദങ്ങളെട്ടും കളഞ്ഞു പതിനേഴ പദമായി പത്മത്തേ ഉണ്ടാക്കൂ.

ഇങ്ങനെ കേവലം പഞ്ചവിംശതിദ്രവ്യത്തിങ്കലേയ്ക്കും സപ്തദശദ്രവ്യത്തിങ്കലേയ്ക്കും ഈ രണ്ടു പത്മങ്ങളേ പറഞ്ഞിട്ട് സപ്തപരികലശത്തോടുകൂടിയ ദശദ്രവ്യത്തിങ്കലേയ്ക്കുതന്നെ അഞ്ചുപ്രകാരമുള്ള പത്മങ്ങളെ പറയുന്നു.

സ്യർദ്രവ്യസപ്തദശകേ ശരശൈലനന്ദ-
വർഗാ നവോത്തരശതദ്വിശതേ ച കുംഭാഃ
സപ്താദിവിശ്വചരമേഷ്വസമേഷു കാര്യാഃ
സാത്യഷ്ടികേഷു സഹശുദ്ധജലേ പുടേഷു. 5

സഹശുദ്ധജലേദ്രവ്യസപ്തദശകേ = ശുദ്ധജലങ്ങളോടുകൂടിയ സപ്തദശദ്രവ്യന്യാസത്തുങ്കൽ, ശരശൈലനന്ദവർഗാഃ നവോത്തരശതദ്വിശതേ ച കുംഭാഃ = ശരവർഗം ഇരുപത്തഞ്ച് ശൈലവർഗം നാല്പത്തിയൊമ്പത് നന്ദവർഗം എൺപത്തിയൊന്ന് നവോത്തരശതദ്വിശതങ്ങൾ നൂറ്റിയൊമ്പതും ഇരുനൂറ്റിയൊമ്പതും ഇങ്ങനെ കലശത്തിന്റെ സംഖ്യകൾ. അസമേഷു സപ്താദിവിശ്വചരമേഷു സാത്യഷ്ടികേഷു പുടേഷു കാര്യാഃ = ഒറ്റപ്പെട്ടിരിക്കുന്ന ഏഴും ഒമ്പതും പതിനൊന്നും പതിമൂന്നും പതിനേഴും ഇങ്ങനെയുള്ള പുടങ്ങളിൽ പത്മത്തേ ഉണ്ടാക്കണം.

ത്ര്യേകാംഗാബ്ധിനവാംകഗോവികൃതയസ്തത്ത്വേഷുവർഗാ ബഹിർ-
ദിക്കോണേഷു ഘടാ ഹയാദികപുടക്ഷേത്രക്രമാച്ഛൂലിനി
മദ്ധ്യേ പങ്കജകർണികാദലഗതാഃ കുംഭാ നവ സ്യുഃ സദാ
ശ്രീശേ ദിക്തിഥയോ ബഹിർവ്വസുശതേ ശേഷഃ സമാനഃ ക്രമഃ. 6

ശൂലിനി ഹയാദികപുടക്ഷേത്രക്രമാത് = ശിവങ്കൽ ഏഴുപുടം തുടങ്ങിയുള്ള പത്മങ്ങളിൽ, ബഹിർദിക്കോണേഷു = പുറത്തു ദിക്കുകളിലും കോണുകളിലും, ത്ര്യേകാംഗാബ്ധിനവാംകഗോവികൃതയഃ തത്ത്വേഷു വർഗാഃ ഘടാഃ = ഏഴു പുടത്തിൽ പുറത്ത് ദിക്കുകളിൽ മൂന്നു കോണുകളിൽ ഓരോന്ന് ഒമ്പത് പുടത്തുങ്കൽ ദിക്കുകളിൽ ആറാറും കോണുകളിൽ നാലും, പതിനൊന്നു പുടത്തുങ്കൽ ദിക്കുകളിലും കോണുകളിലും ഒമ്പതീതുതന്നെയും, പതിമൂന്നു പുടത്തുങ്കൽ ദിക്കുകളിൽ പന്ത്രണ്ടാകുന്നതിൽ അ

www.shripuram.org
Shripuram Publications
www.shripuram.org

കത്തുവശത്തു മൂന്നുപദം ളുർത്ത് ഒമ്പതീതും കോണുകളിൽ പതിനാറീതും, പതിനേഴുപുടത്തിങ്കൽ ദിക്കുകളിലും കോണുകളിലും ഇരുപത്തഞ്ചീതും കലശങ്ങൾ വരും.

സദാ മദ്ധ്യേ പങ്കജകർണികാദലഗതാഃ നവ ഘടാഃ സ്യുഃ = ഈ അഞ്ചു പത്മങ്ങളിലും നടുവിൽ അഷ്ടദലത്തിൽ കർണികയിലങ്കലും ദളങ്ങളിലും ആയി ഒമ്പതു കലശങ്ങളും ഭവിക്കും. അത് ഒക്കെയും ബ്രഹ്മകലശങ്ങൾതന്നെ ശ്രീശേ വസുശതേ ബഹിഃ ദിക്വിഥയഃ = വിഷ്ണുവിങ്കൽ നൂറ്റെട്ടു കലശത്തുങ്കൽ പുറത്ത് ദിക്കുകളിൽ പത്തും കോണുകളിൽ പതിനഞ്ചും കലശങ്ങൾ വേണം. അപ്പോൾ മുമ്പിൽ പറഞ്ഞതിൽ ദിക്കുകളിലൊന്നുകൂട്ടും. കോണുകളിലൊന്നു കുറയും. ശേഷഃ ക്രമഃ സമാനഃ = ശേഷമൊക്കെയും സമാനം തന്നെ.

അനന്തരം പഞ്ചവിംശതിദ്രവ്യത്തിങ്കലേ കലശങ്ങളേ പറയുന്നു.

കുംഭാനാം ഗിരിഗോകൃതീ ശരകൃതിദ്രവ്യേƒഷ്ടയുക്തം തഥാ
ഷട്പഞ്ചാദുപേതമേകശതമത്യഷ്ട്യാ ശതദ്വന്ദ്വകം
ലോകോപേതശതാർദ്ധസംയുത ശതദ്വന്ദ്വം ത്രിശത്യേകസം-
യുക്താ പഞ്ചശതീ തഥാ ദശശതീ സംഖ്യാഃ സശുദ്ധോദകേ. 7

ശരകൃതിദ്രവ്യേ = പഞ്ചവിംശതിദ്രവ്യത്തുങ്കൽ, ഗിരിഃ = നാല്പത്തിയൊമ്പത്, ഗോകൃതിഃ = എൺപത്തിയൊന്ന്, അഷ്ടയുക്തം തഥാഷട്പഞ്ചാശദുപേതം ഏകശതം = ഒരുനൂറ്റിയൊമ്പതും ഒരുനൂറ്റി അമ്പത്തിയേഴും, അത്യഷ്ട്യാ ശതദ്വന്ദ്വം = അത്യഷ്ട്യാ പതിനേഴിനോടു കൂടിയത്. ആ ഇരുനൂറും, ലോകോപേത ശതാർദ്ധസംയുതശതദ്വന്ദ്വം = ഇരുനൂറ്റിയമ്പത്തിമൂന്നും, ഏകസംയുക്താ ത്രിശതീ = മുന്നൂറ്റിയൊന്നും, പഞ്ചശതീ തഥാ ദശശതീ = അഞ്ഞൂറ്റിയൊന്നും ആയിരത്തിയൊന്നും, സശുദ്ധോദകേ കുംഭാനാം സംഖ്യാഃ = ശുദ്ധജലത്തോടുകൂടിയ പഞ്ചവിംശതിദ്രവ്യത്തുങ്കൽ കലശങ്ങളുടെ സംഖ്യകൾ ഇങ്ങനെ ഒമ്പതുപ്രകാരം ഭവിക്കുന്നു.

ഘടപുടപരിസംഖ്യാ അത്ര ചൈകാദശാദി-
ത്രിസഹിതകൃതിനിഷ്ഠാഃ സംപ്രദിഷ്ടാഃ ക്രമേണ
നിഖിലവിഷമസംഖ്യാ വിംശതിർനന്ദയുക്താ
തദനു നവസമേതത്രിംശദപ്യാഗമജ്ഞൈഃ. 8

ആഗമജ്ഞൈഃ = ആഗമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യന്മാരാൽ, അത്ര ഏകാദശാദിത്രിസഹിതകൃതിനിഷ്ഠാഃ നിഖിലവിഷമസംഖ്യാഃ = ഇവിടെ പതിനൊന്നു തുടങ്ങി ഇരുപത്തിമൂന്നു കഴിവോളമുള്ള

www.shripuram.org
Shripuram Publications
www.shripuram.org

സംഖ്യകളിലൊറ്റപ്പെട്ടിരിക്കുന്ന പതിനൊന്ന്, പതിമൂന്ന്, പതിനഞ്ച്, പതിനേഴ്, പത്തൊമ്പത്, ഇരുപത്തിയൊന്ന്, ഇരുപത്തിമൂന്ന് ഇത്ഏഴും, നന്ദയുക്താ വിംശതിഃ = ഇരുപത്തിയൊമ്പതും, തദന നവസമേ ത്രിംശദ് അപി = പിന്നെ മുപ്പത്തിയൊമ്പതും ഘടപുടപരിസംഖ്യാഃ ക്രമേണസംപ്രദിഷ്ടാഃ = നാല്പത്തിയൊമ്പതു തുടങ്ങി ആയിരത്തിയൊന്നു വരെയുമുള്ള കലശങ്ങളുടെ പത്മങ്ങളുടെ പുടത്തിന്റെ സംഖ്യകൾ ക്രമേണ പറയപ്പെട്ടിരിക്കുന്നു.

ക്ഷേത്രേ രുദ്രപുടേ/ത്ര പഞ്ചകൃതികോഷ്ഠൈർമദ്ധ്യൈഗൈരംബുജം
ന്യസ്യേത്തദ്ദലകർണ്ണികാസു കലശാൻ വീഥിം സമന്താദപി
തദ്ബാഹ്യേ/ന്ദദിശം ദ്വികം വിരചയൻ കോണേ ചതുഷ്കം ദ്വികം
തത്രാഭ്യന്തരതോ/ദ്രിവർഗകലശേ മാർഷ്ടുന്യകോഷ്ഠാനി ച. 9

അദ്രിവർഗകലശേ രുദ്രപുടേ ക്ഷേത്രേ = ഇവിടെ നാല്പത്തിയൊമ്പതു കലശത്തുങ്കൽ പതിനൊന്നു പുടമാക്കി നൂറ്റിഇരുപത്തിയൊന്നു പദങ്ങളോടുകൂടി ഇരിക്കുന്ന സമചതുരശ്രത്തുങ്കൽ, മദ്ധ്യൈഗഃ പഞ്ചകൃതി കോഷ്ഠൈഃ അംബുജം = നടുവിൽ അഞ്ചു പുടങ്ങളിലുള്ള ഇരുപത്തിയഞ്ചു പദങ്ങളേക്കൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കി, തദ്ദലകർണികാസു കലശാൻ ന്യസ്യേത് = ആ അഷ്ടദലത്തിന്റെ നടുവിൽ ബ്രഹ്മകലശത്തേയും ദിക്കോണുകളിൽ ദൈവികസ്ഥാനത്ത് ഖണ്ഡബ്രഹ്മനായിട്ട് എട്ടു ദലകലശങ്ങളേയും വയ്ക്കൂ. സമന്താദ് വീഥിം അപി = അതിന്റെ ചുറ്റും ഒരു പുടം ചുർത്ത് വീഥിയേയും ഉണ്ടാക്കൂ. തദ്ബാഹ്യേ = അതിന്റെ പുറത്തു രണ്ടു പുടങ്ങളുള്ളതിൽ, അന്ദദിശം ദ്വികം കോണേ ചതുഷ്കം ആഭ്യന്തരതഃ ദ്വികം ച = നാലു ദിക്കുകളിലും ഈരണ്ടിനേയും കോണുകളിൽ നന്നാലിനേയും അന്തരാളങ്ങൾ എട്ടിലും ഈരണ്ടിനേയും, വിരചയേത് = ഉണ്ടാക്കൂ. ഈ പതിനാറിലും അകത്തേ വരിയിൽ ഖണ്ഡബ്രഹ്മകലശങ്ങൾ, പുറത്തേതു ശുദ്ധജലം. അത്ര അന്യകോഷ്ഠാനി മാർഷ്ടു = ഈ വിശേഷം അധികമുള്ള പദങ്ങളേ ചുർത്തുവീഥിയിൽ കൂട്ടിക്കൊള്ളൂ.

ക്ഷേത്രേ ത്രയോദശപുടേ ശരവർഗകോഷ്ഠൈഃ
പദ്മം പുരോവദഥ ദിക്ഷു ബഹിസ്തികാണി
കുര്യാദ്വിദിക്ഷു നവകാനി തദന്തരാള-
ഭാഞ്ജി ത്രികാണി നവവർഗഘടാഭിഷേകേ. 10

നവവർഗഘടാഭിഷേകേ ത്രയോദശപുടേ ക്ഷേത്രേ = എൺപത്തിയൊന്നു കലശം പൂജിക്കുന്നേടത്തു പതിമൂന്നുപുടവുമായി നൂറ്റിഅറുപത്തിയൊമ്പതു പദമായി സൂത്രമിട്ടാൽ, ശരവർഗകോഷ്ഠൈഃ പുരോവത് പദ്മം

www.shripuram.org
Shripuram Publications
www.shripuram.org

= നടുവിൽ ഇരുപത്തിയഞ്ചു പദങ്ങളേക്കൊണ്ട് മുമ്പിലത്തേപ്പോലെ അഷ്ടദലത്തേ ഉണ്ടാക്കി അതിൽ ഒമ്പതു കലശങ്ങളേയും വയ്ക്കൂ. അഥ ബഹിഃ ദിക്ഷു ത്രികാണി വിദിക്ഷു നവകാനി തദന്തരാളഭാഞ്ജി ത്രികാണി ച കുര്യാത് = പിന്നെ പുറത്തു മൂന്നു പുടങ്ങളുള്ളതിൽ ദിക്കുകളിൽ മൂന്നിനേയും കോണുകളിൽ ഒമ്പതീതും അവറ്റിന്റെ ഇടയിലുള്ള അന്തരാളങ്ങളിൽ മുമ്മൂന്നിനേയും സ്വസ്തികങ്ങളേയും ഉണ്ടാക്കി ശേഷം പദങ്ങളേ ഊർത്തു വീഥിയുമുണ്ടാക്കൂ. ഇവിടെ പുറത്തു നടുവിലേ വരിയിൽ ഖണ്ഡബ്രഹ്മകലശങ്ങൾ വരും.

നാളീകം നവഭിഃ പദൈസ്തിഥിപുടേ ഹീനം ദലസൈ്ഥർഘടൈഃ
പങ്ക്ത്യാ വീഥിമഥ ത്രികം ദിശി വിദിശ്യാകല്പയേദേകകം
പങ്ക്ത്യാ വീഥിമഥാരചയ്യ നവകം ദിശ്യഷ്ടകം കോണത-
ശ്ചാദദ്ധ്യാത് ത്രികമന്തരേ ച നവഭിർയുക്തേ ഘടാനാം ശതേ. 11

നവഭിഃ യുക്തേ ഘടാനാം ശതേ = നൂറ്റിയൊമ്പതു കലശത്തിന്റെ പത്മത്തിങ്കൽ, തിഥിപുടേ = പതിനഞ്ചു പുടമിട്ട് ഇരുനൂറ്റി ഇരുപത്തിയഞ്ചു പദങ്ങളേ ഉണ്ടാക്കിയാൽ, നവഭിഃ പദൈഃ ദലസൈ്ഥഃ ഘടൈഃ ഹീനം നാളീകം = നടുവിൽ മൂന്നു പദത്തിലേ ഒമ്പതു പദങ്ങളേക്കൊണ്ട് ദലകലശങ്ങൾ കൂടാതെ ഇരിക്കുന്ന അഷ്ടദലത്തേ ഉണ്ടാക്കൂ. അതിൽ ബ്രഹ്മകലശംതന്നേ ഉള്ളൂ. അഥ പങ്ക്ത്യാ വീഥിം = അതിനു ചുറ്റും ഒരു പുടംകൊണ്ടു വീഥിയേ ഊർത്ത്, ദിശിത്രികം വിദിശി ഏകകം ച ആകല്പയേത് = ദിക്കുകളിൽ മുമ്മൂന്നിനേയും കോണുകളിൽ ഓരോന്നിനേയും ഉണ്ടാക്കൂ. ഇതിനു ദൈവികമെന്നു പേര്. അഥ പങ്ക്ത്യാ വീഥിം = പിന്നെയും ഒരു പുടംകൊണ്ടു വീഥിയേ ഉണ്ടാക്കി, ദിശി നവകം കോണതഃ അഷ്ടകം അന്തരേ ത്രികം ച ആദദ്ധ്യാത് = ദിക്കുകളിൽ നവകത്തേയും കോണുകളിൽ അകത്ത് ഒരു പദം ഊർത്ത് എട്ടെട്ട് ആയിട്ടും അന്തരാളത്തിൽ മുമ്മൂന്നിനേയുമുണ്ടാക്കൂ. ശേഷം പദങ്ങൾ ഊർത്ത് വീഥിയിൽ കൂട്ടൂ പുറത്തേവരിക്കു മാനുഷമെന്നു പേര്. ഈ ഇരുപത്തിയഞ്ചു ഖണ്ഡങ്ങളിലും നടുവിൽ ബ്രഹ്മൻ വരും.

ക്ഷേത്രേ സപ്തോത്തരദശപുടേ മദ്ധ്യതോ രുദ്രകോഷ്ഠൈഃ
പദ്മം ഷട്കം ദിശി വിദിശി കുര്യാത് ചതുഷ്കം ച ദൈവേ
മർത്ത്യാംശേ ദിശ്യഥ നവകമത്രാഷ്ടകം കോണദേശേ
സപ്താഢ്യാർധാധികശതഘടേ ഷട്കമപ്യന്തരാളേ. 12

സപ്താഢ്യാർധാധികശതഘടേ = നൂറ്റിയമ്പത്തേഴായിട്ടുള്ള കലശത്തുങ്കൽ, സപ്തോത്തരദശപുടേ ക്ഷേത്രേ = പതിനേഴു പുടമായി ഇരുനൂറ്റി

www.shripuram.org
Shripuram Publications
www.shripuram.org

എഴുപത്തിയൊമ്പതു പദത്തോട്ടുകൂടിയ ചതുരശ്രുത്തുങ്കൽ, മദ്ധ്യതഃ രന്ധ്ര കോഷ്ഠൈഃ പദ്മം = നടുവിൽ ഒമ്പതു പദങ്ങളേക്കൊണ്ട് അഷ്ടദലത്തേ ഉണ്ടാക്ക. ദലകലശങ്ങളില്ല. ദൈവേ ദിശി ഷട്കം വിദിശി ചതുഷ്കം ച = ദൈവികത്തുങ്കൽ ദിക്കുകളിലാറും, കോണുകളിൽ നാലായിട്ടും, അഥ മർത്ത്യാംശേ ദിശി നവകം അത്ര കോണദേശേ അഷ്ടകം അന്തരാളേ ഷട്കം ച കുര്യാത് = പിന്നെ വീഥിക്കു പുറത്തു മാനുഷത്തുങ്കൽ ദിക്കു കളിൽ നവകത്തേയും കോണുകളിലെട്ടിനേയും അന്തരാളത്തിൽ ആറി നേയും വരുമാറ് വീഥികൾ ഊർത്ത് ഉണ്ടാക്കു, ഖണ്ഡബ്രഹ്മകലശങ്ങൾ അകത്തേ വരിയിൽ നേരേ നേരേ ആയിട്ടും.

ഏകോനവിംശതിപുടേ നവകേന മദ്ധ്യേ
പാഥോരുഹം സുരനരാംശഗതാനി ഭൂയഃ
കുർവീത ചാത്ര നവകാനി ജിനപ്രമാണി
സാത്യഷ്ടികദ്വിശതസംഖ്യഘടാഭിഷേകേ. 13

സാത്യഷ്ടികദ്വിശതസംഖ്യഘടാഭിഷേകേ = ഇരുനൂറ്റിപ്പതിനേഴ കലശത്തിന്റെ പത്മത്തിങ്കൽ, ഏകോനവിംശതിപുടേ മദ്ധ്യേ നവകേ ന പദ്മം = പത്തൊമ്പതു പുടമായി സൂത്രമിട്ട് നൂറ്റിഅറുപത്തിയൊന്നു പദങ്ങൾ വന്നാൽ അതിൽ നടുവിൽ ഒമ്പതുപദംകൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കി ബ്രഹ്മകലശത്തേ വയ്ക്കൂ. ഭൂയഃ സുരനരാംശഗതാനി ജിനപ്രമാ ണി നവകാനി കുർവീത = പിന്നെ അതിന്റെ പുറത്ത് ദൈവികാവരണ ത്തുങ്കൽ ദിക്കോണുകളിലെട്ടിനേയും മാനുഷത്തുങ്കൽ ദിക്കോണാന്തരാ ളങ്ങളിൽ പതിനാറു നവകത്തേയും ഇങ്ങനെ ഇരുപത്തിനാല് നവക ങ്ങളേ ഊർത്ത് വീഥിയിൽ കൂട്ടിക്കൊള്ളൂ.

ക്ഷേത്രേ തത്രേദ്ധ്വസംഖ്യാപുടജൂഷി നവകേനാംബുജം ബ്രഹ്മഭാഗേ
ദൈവേ ദിക്കോണദേശേ നവകമഥ സമർത്ത്യാംശകോണേ കരോതു
കർത്തവ്യം മധ്യഭാഗേ ദിശി രവിഘടവത് ക്ഷേത്രമത്രാന്തരാളേ-
/പ്യേവം കുര്യാത് ത്രിപഞ്ചാശദുപഗതശതദ്വന്ദ്വകുംഭാഭിഷേകേ. 14

ത്രിപഞ്ചാശദുപഗതശതദ്വന്ദ്വകുംഭാഭിഷേകേ = ഇരുനൂറ്റിയമ്പത്തി മൂന്നു കലശത്തിന്റെ പത്മങ്ങളിൽ, ഇദ്ധ്വസംഖ്യാപുടജൂഷിക്ഷേത്രേ = ഇരുപത്തിയൊന്നു പുടമായി നാനൂറ്റിനാല്പത്തൊന്നു പദത്തോട്ടുകൂടിയ ചതുരശ്രുത്തുങ്കൽ, ബ്രഹ്മഭാഗേ നവകേന അംബുജം = നടുവിൽ ബ്രഹ്മ സ്ഥാനത്ത് ഒമ്പതു പദംകൊണ്ട് അഷ്ടദലത്തേയും, ദൈവേ ദിക്കോണ ദേശേ സമർത്ത്യാംശകോണേ ച നവകം കരോതു = ദൈവികത്തുങ്കൽ ദിക്കുകളിലും കോണുകളിലും നവകത്തേ ഉണ്ടാക്കൂ. മാനുഷത്തുങ്കലേ

www.shripuram.org
Shripuram Publications
www.shripuram.org

കോണിൽ പതിനാറു പദമുണ്ടാക്കു. അതിലകത്തേ വശത്തു ഓരോ വരി ഉൾത്ത് നവകത്തേത്തന്നെ ഉണ്ടാക്കണം. മർത്യഭാഗേ ദിശി രവിഘടവത് ക്ഷേത്രം അത്ര അന്തരാളേ അപി ഏവം കുര്യാത് = മാനുഷത്തുങ്കലേ ദിക്കുകളിലും അന്തരാളങ്ങളിലും പന്ത്രണ്ടീതു പദങ്ങളായി വരും. അവറ്റിൽ പുറത്തു മൂന്നാമത്തെ വരിയിൽ ദിക്കോണാന്തരങ്ങളിലും ഖണ്ഡബ്രഹ്മകലശങ്ങൾ വരും.

ക്ഷേത്രേ തത്ര ത്രയോവിംശതിപുടജുഷിമധ്യേഽംബുജം പഞ്ചകൃത്യാ
കോഷ്ഠാനാം ദൈവികേ സ്യാദ് ദിശി ദശകമതഃ കോണദേശേ ത്രികം ച
ദിഗ്ദേശേ തത്ത്വസംഖ്യം തദനു ദശകമഭ്യന്തരേ കോണദേശേ
കർത്തവ്യം സപ്തയുക്തം ദശകമപി ബഹിഃ സ്യാദ്ഘടാനാം ത്രിശത്യാം. 15

ഘടാനാം ത്രിശത്യാം = മുന്നൂറ്റിയൊമ്പതു കലശത്തിന്റെ പത്മത്തിങ്കൽ, ത്രയോവിംശതിപുടജുഷി ക്ഷേത്രേ = ഇരുപത്തിമൂന്നു പുടമിട്ട് അഞ്ഞൂറ്റി ഇരുപത്തിയൊമ്പതു പദങ്ങളോടുകൂടിയ ചതുരശ്രത്തുങ്കൽ, മദ്ധ്യേ പഞ്ചകൃത്യാ അംബുജം = നടുവിൽ ഇരുപത്തി അഞ്ചു പദങ്ങളേക്കൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കി അവിടെ ബ്രഹ്മനേ വയ്പൂ. ദൈവികേ ദിശി ദശകം കോണദേശേ ത്രികം ച സ്യാത് = ദൈവികത്തുങ്കൽ ദിക്കുകളിൽ പതുപ്പത്തും കോണുകളിൽ നാലുപദത്തിൽ പുറത്തു കോൺപദം ഉൾത്ത് മുമ്മൂന്നും ഉണ്ടാക്കു. ബഹിഃ ദിഗ്ദേശേ തത്ത്വസംഖ്യം തദനു അഭ്യന്തരേ ദശകം = പുറത്തു മാനുഷത്തുങ്കൽ ദിക്കുകളിൽ ഇരുപത്തിയഞ്ചീതും പിന്നെ അന്തരാളത്തിൽ പതുപ്പത്തുമുണ്ടാക്കു. കോണദേശേ സപ്തയുക്തം ദശകം കർത്തവ്യം = കോണുകളിൽ ഇരുപത്തിയഞ്ചു പദങ്ങളുള്ളതിൽ രണ്ടു പുറത്തും നന്നാലുപദങ്ങൾ ഉൾത്ത് പതിനേഴ് ആക്കു. എന്നിയേ, അന്തരാളാഷ്ടം കർത്തും പതിനേഴ വരുത്താം.

ത്രിംശത്സൂത്രയുതേ ഘടീശരശതേ ക്ഷേത്രേ വിധായാഭിതോ
വീഥീഃ പഞ്ചപുടാന്തരേഽഭികൃതികോഷ്ഠൈർമദ്ധ്യഗൈരംബുജം
ദൈവേ ദിഗ്വിദിശാസു സപ്തദശസംഖ്യാതാന്ന്യസേന്മാനുഷേ
ദിക്കോണാന്തരസംസ്ഥിതാനപി ഘടാംസ്തത്ത്വാഷ്ടിതത്ത്വപ്രമാൻ. 16

ഘടീശരശതേ ത്രിംശത്സൂത്രയുതേ ക്ഷേത്രേ = അഞ്ഞൂറ്റിയൊന്നു കലശത്തിന്റെ പത്മത്തുങ്കൽ ഇരുപത്തിയൊമ്പതു പുടമിട്ട് അഞ്ഞൂറ്റിനാല്പത്തിയൊന്നു പദങ്ങളോടുകൂടിയ ചതുരശ്രത്തുങ്കൽ, അഭിതഃ പഞ്ചപുടാന്തരേ വീഥിം വിധായ = ചുറ്റും നാലുപുറത്തും അയ്യഞ്ചു പുടങ്ങളുടെയിടയിൽ ഓരോ പുടങ്ങൾ ഉൾത്ത് വീഥികളേ ഉണ്ടാക്കിയാൽ ഇരുപത്തിയഞ്ച് പദങ്ങളായിട്ട് ഇരുപത്തിയഞ്ചുഖണ്ഡങ്ങൾ ഉണ്ടാകും. അതിൽ, മദ്ധ്യ

www.shripuram.org
Shripuram Publications
www.shripuram.org

ഗൈഃ അഭികൃതി കോഷ്ഠൈഃ അംബുജം = നടുവിലത്തേ ഇരുപത്തഞ്ചു പദങ്ങൾകൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കി ബ്രഹ്മകലശത്തേ വയ്ക്കൂ. ദൈവേ ദ്വിഗ്വിദിശാസു സപ്തദശസംഖ്യാതാൻ = ദൈവികത്തുങ്കൽ ദിക്കോണകളിൽ ഇരുപത്തഞ്ചുപദത്തിൽ അന്തരാളങ്ങൾ ഉൾപ്പെടെ എല്ലാടവും പതിനേഴീത് ആക്കൂ. മാനുഷേ ദിക്കോണാന്തര സംസ്ഥിതാൻ തത്ത്വാഷ്ടിതത്ത്വപ്രമാൻ ഘടാൻ ന്യസേ്യത് = മാനുഷത്തുങ്കൽ ദിക്കുകളിൽ ഇരുപത്തിയഞ്ചീതും കോണകളിൽ ഒരു വരി രണ്ടു പുറത്തും ഉൾപ്പെടെ പതിനാറീതും അന്തരാളങ്ങളിൽ ഇരുപത്തയഞ്ചീതും കലശങ്ങളേ ന്യസിപ്പൂ.

വിശ്വഘ്നത്രിപുടേ ഘടീദശശതേ ഖണ്ഡേഷു സംവർഗിത-
ക്ഷ്മാഭൃത്കോഷ്ഠയുതേഷു മദ്ധ്യനവകൈഃ പദ്മം നൃദേവാംശയോഃ
ബ്രാഹ്മേ തത്ത്വപദാബ്ജശേഷിതപദാന്യായോജ്യ വീഥ്യാം ഘടാൻ
ന്യസേ്യത് പദ്മപദേഷു മാനുഷദിഗബ്ജാശാപലാശേഷ്വപി. 17

ഘടീദശശതേ = ആയിരത്തിയൊന്നുകലശത്തിന്റെ പത്മത്തുങ്കൽ, വിശ്വഘ്നത്രിപുടേ = മുപ്പത്തിയൊമ്പതുപുടമിട്ട് ആയിരത്തി അഞ്ഞൂറ്റിഇരുപത്തിയൊന്നു പദങ്ങളോട്ടുകൂടിയ ചതുരശ്രത്തുങ്കൽ നാലുദിക്കിലും ഏഴുപുടങ്ങളുടെ ഇടകൾ ഉൾപ്പെടെ, നൃദേവാംശയോഃ സംവർഗിതക്ഷ്മാഭൃത്കോഷ്ഠയുതേഷു ഖണ്ഡേഷു = മാനുഷത്തുങ്കലും നാല്പത്തിയൊമ്പതായിട്ടു ഉണ്ടാക്കിയിരിക്കുന്ന ഖണ്ഡങ്ങളിൽ ഇരുപത്തിനാലിലും, മദ്ധ്യനവകൈഃ പദ്മം = നടുവിൽ ഒമ്പതീതു പദങ്ങളേക്കൊണ്ട് എല്ലാടവും ഓരോ അഷ്ടദലത്തേ ഉണ്ടാക്കൂ. ബ്രാഹ്മേ തത്ത്വപദാബ്ജശേഷിതപദാനി വീഥ്യാം ആയോജ്യ = നടുവിൽ ബ്രഹ്മസ്ഥാനത്തു നാല്പത്തിയൊമ്പതിൽ ഇരുപത്തിയഞ്ച് പദംകൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കി ശേഷം പുറത്തു വരിയേ വീഥിയിൽ കൂട്ടൂ. പദ്മപദേഷു മാനുഷദിഗബ്ജാശാപലാശേഷു അപി ഘടാൻ ന്യസേ്യത് = ഈ അഷ്ടദളങ്ങളിൽ എല്ലാടവും ഓരോ ഖണ്ഡബ്രഹ്മനും പുറത്തു രണ്ടുവരിയായി നാല്പത്തിയൊമ്പതു പരികലശവും വയ്ക്കുമ്പോൾ ഓരോ ഖണ്ഡങ്ങളിൽ നാല്പത്തിഒന്നീതു കലശങ്ങളേയും മാനുഷത്തുങ്കൽ നാലുദിക്കിലും അഷ്ടദലത്തിൽ നാലു ദിക്കിലുംകൂടി ഓരോരോ കലശങ്ങളേയും വയ്ക്കൂ. അപ്പോൾ മാനുഷ ദിക്കുകളിൽ നാല്പത്തിയഞ്ചീതു കലശം വരും ശേഷം ഇരുപതു ഖണ്ഡങ്ങളിലും നാല്പത്തിയൊന്നീതു വരും. ഇങ്ങനെ ആയിരത്തൊന്നു കലശത്തിന്റെ പത്മം.

ഏതേഷ്വന്യതമം പ്രഗൃഹ്യ കലശക്ഷേത്രം യഥാർഹം സുധീർ-
ദ്രോണാദ്യുന്മിതശാലിതണ്ഡുലതിലൈഃ പീഠം സസിദ്ധാർത്ഥകൈഃ

www.shripuram.org
Shripuram Publications
www.shripuram.org

വാസോ/ഭ്യന്തരിതൈഃ കരോതു കുശകൂർച്ചാന്വിതൈഃ പദേ ബ്രാഹ്മകേ
തദ്വദ്വ്രീഹിചയാഗ്രദർഭയുഗളൈഃ ശേഷേഷ്വശേഷേഷ്വപി. 18

സുധീഃ = വിത്തദേശകാലാദിവിശേഷജ്ഞനായ ആചാര്യൻ, ഏതേഷു അന്യതമം യഥാർഹം കലശക്ഷേത്രം പ്രഗൃഹ്യ = ഈ പറഞ്ഞിരിക്കുന്ന കലശപത്മങ്ങളിൽ ഒന്നിനേത്തന്നെ തനിക്ക് ഇഷ്ടമായിരിക്കുന്നതിനേ ഉണ്ടാക്കിയാൽ, ബ്രാഹ്മകേ പദേ ദ്രോണാദ്യന്മിതശാലി തണ്ഡുലതിലൈഃ സസിദ്ധാർത്ഥകൈഃ വാസോ/ഭ്യന്തരിതൈഃ പീഠം കരോതു = ബ്രഹ്മസ്ഥാനത്തു അഷ്ടദലത്തിൽ പതിനാറ് ഇടങ്ങഴി നെല്ലും, അതിൽപാതി എട്ടിടങ്ങഴി അരിയും, അതിൽപാതി എള്ളും, അതിൽപാതി കടുകും അളവായിക്കണ്ട് വസ്ത്രം ഇടയിൽ വരുമാറും കണ്ട് പീഠത്തേ ഉണ്ടാക്കു. കുശകൂർച്ചാന്വിതൈഃ = മുകളിൽ കുറുമ്പുല്ലും കൂർച്ചവും കൂടി ഇരിക്കുമാറും ഉണ്ടാക്കണം. ശേഷേഷു അശേഷേഷു വ്രീഹിചയാഗ്രദർഭയുഗളൈഃ അപി = ശേഷമുള്ള ഖണ്ഡബ്രഹ്മകലശങ്ങളിൽ നെല്ലും അരിയുംകൊണ്ടും പരികലശങ്ങളിൽ നെല്ലുകൊണ്ടും പീഠമുണ്ടാക്കി കുറുമ്പുല്ലും വയ്ക്കൂ.

ഹൈമാൻ രാജതതാമ്രജാനുത ഘടാൻ മൃത്സംഭവാൻ വാ ന്യസേ-
ദേതേഷ്വംകുരപാലികാദിപരിതഃ പുഷ്പാദികം ദക്ഷിണേ
ഉത്പൂതം ജലമന്യതോ/ഥ വിധിവത് സ്നാനാദി കൃത്വാ/സനേ
സ്വാസീനസ്തനയാദിഹാത്മയജനാന്തം ബ്രഹ്മപീഠാഗ്രതഃ. 19

ഏതേഷു ഹൈമാൻ രാജതതാമ്രജാൻ ഉത മൃത്സംഭവാൻ ഘടാൻ വാ ന്യസേത് = ഈ പീഠങ്ങളിൽ സ്വർണ്ണംകൊണ്ടു താൻ വെള്ളികൊണ്ടുതാൻ ചെമ്പുകൊണ്ടുതാൻ ഉണ്ടാക്കിയിരിക്കുന്ന കലശങ്ങളേയും അവ തികഞ്ഞില്ല എന്നു വരുകിൽ മണ്ണുകൊണ്ടുള്ള കലശങ്ങളേ എങ്കിലും ന്യസിപ്പൂ.

'മൃത്കുംഭാത്താമ്രജൈഃ കുംഭൈഃ ഫലം ദശഗുണോത്തരം
രൗപ്യൈർലക്ഷോത്തരം ജ്ഞേയം ഹൈമൈഃ കോട്യധികം ഭവേത്'

ഇങ്ങനെ മൃദാദികളുടെ ഫലത്തേ പറഞ്ഞിട്ടുണ്ട്. പരിതഃ അങ്കുരപാലികാദി = ബ്രഹ്മകലശത്തിന്റെ ചുറ്റും മുളപ്പാലികകളേയും വിളക്കും അഷ്ടമംഗലാദികളേയും വയ്ക്കൂ. ദക്ഷിണേ പുഷ്പാദികം = തെക്കുഭാഗത്തു പുഷ്പാക്ഷതധൂപദീപാദികളേയും, അന്യതഃ ഉത്പൂതം ജലം = വടക്കുഭാഗത്ത് ജലദ്രോണിയിങ്കൽ അരിച്ച വെള്ളത്തേയും വയ്ക്കൂ. അഥ ഗുരുഃ വിധിവത് സ്നാനാദി കൃത്വാ = പിന്നെ ആചാര്യൻ വിധിക്കു തക്കവണ്ണം മന്ത്രസ്നാത്തേ ചെയ്തു കോടിയുമുടുത്ത് മന്ത്രാചമനത്തേയും ചെയ്തു, ബ്രഹ്മ

www.shripuram.org
Shripuram Publications
www.shripuram.org

പീഠാഗ്രതഃ ആസനേ സ്വാസീനഃ ഇഹ ആത്മയജനാന്തം തന്വയാത് = ബ്രഹ്മകലശത്തിന്റെ മുമ്പിൽ പലകയുടെ മുകളിൽ നല്ലപോലെ ഇരുന്ന് ഗുരുവന്ദനാദിഷഡങ്ഗന്യാസത്തോടുകൂടി പറഞ്ഞിരിക്കുന്ന ദേഹശുദ്ധിയേയും ശംഖപൂരണത്തേയും ചെയ്‌വൂ.

ഇഷ്ട്വാ ഗുരൂൻ ഗണപതിം ച യജേത പീഠം
ശയ്യോക്തവത് പ്രകൃതിയാഗവിരാമമത്ര
തത്ത്വാന്യപീഹ കതിചിത് പ്രകൃതേരധസ്താ-
ദർച്ച്യാന്യുശന്തി കലയേദഥ പദ്മമുദ്രാം. 20

ഗുരൂൻ ഗണപതിം ച ഇഷ്ട്വാ = പിന്നെ ഗും ഗുരുഭ്യോ നമഃ എന്നും ഗം ഗണപതയേ നമഃ എന്നും രണ്ടു പുറത്തു പൂജിച്ച് ഗണപതിയേയും നിവേദിച്ചു വന്ദിച്ച്, അത്ര ശയ്യോക്തവത് പ്രകൃതിയാഗവിരാമം പീഠം യജേത = ഇവിടെ ശയ്യാപൂജയിങ്കൽ പറഞ്ഞപോലെ പീഠത്തേ പൂജിച്ച് സ്വസ്വശക്തിബീജംകൊണ്ടു ആവാഹിച്ചു സകളീകരിച്ച് പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്‌വൂ. ഇഹ കതിചിത് പ്രകൃതേരധസ്താത് തത്ത്വാനി അപി അർച്ച്യാനി ഉശന്തി = ഇവിടെ ചില ആചാര്യന്മാർ ശക്തിയേ ആവാഹിക്കുന്നതിന്റെ മുമ്പിൽ അവരവരുടെ തത്ത്വങ്ങളേയും പൂജിക്കണമെന്നും പറയുന്നു. അഥ പദ്മമുദ്രാം കലയേത് = ശക്തിയേ പൂജിച്ചാൽ എല്ലാവർക്കും പത്മമുദ്രയേക്കാട്ടണം.

അസ്ത്രേണാസിച്യ തോയൈഃ കലയതു കവചേന ത്രിസൂത്രേണ കുംഭം
മൂലേനാലിപ്യ ഗന്ധൈർമ്മചരമമനുനാ ധൂപയേൽ സാധു ധൂപൈഃ
പശ്ചാത് തം ന്യഗ്ബിലം വിന്യസതു മപരതഃ ക്ലൃപ്തപീഠേ യമാദ്യൈഃ
ശോഷാദീനി ക്രമേണ പ്രചരതു സുഷിരീകാരനിഷ്ഠാനി വിദ്വാൻ. 21

വിദ്വാൻ ഗുരുഃ = വിദ്വാനായ ആചാര്യൻ, കുംഭം അസ്ത്രേണതോയൈഃ ആസിച്യ = ബ്രഹ്മകലശത്തേ തന്റെ അസ്ത്രംകൊണ്ട് വെള്ളംകൊണ്ടു കഴുകി കവചേന ത്രിസൂത്രേണ കലയതു = കവചമന്ത്രംകൊണ്ട് മൂന്ന് ഇഴകൂടിയ നൂലുകൊണ്ടു ചുറ്റി, മൂലേന ഗന്ധൈഃ ആലിപ്യ = മൂലംകൊണ്ട് അകത്തും പുറത്തും തേച്ച്, മചരമമനുനാ ധൂപൈഃ സാധു ധൂപയേത് = പ്രണവംകൊണ്ട് ധൂപംകൊണ്ട് അകത്തും പുറത്തും നല്ലപോലെ ധൂപിപ്പൂ. പശ്ചാത് മപരതഃ ക്ലൃപ്തപീഠം തം ന്യഗ് ബിലം വിന്യസതു = പശ്ചാത് മപരതഃ ക്ലൃപ്തപീഠേ തം ന്യഗ് ബിലം വിന്യസതു = പിന്നെ പ്രണവം കൊണ്ട് ആ കലശത്തേ പൂജിപ്പൂ. പീഠത്തിങ്കൽ കമഴ്ത്തി വയ്പൂ. യമാദ്യൈഃ ശോഷാദീനി സുഷിരീകാരനിഷ്ഠാനി ക്രമേണ പ്രചരതു = യം രം വം

www.shripuram.org
Shripuram Publications
www.shripuram.org

ലം ഹം ഈ അഞ്ചുകൊണ്ട് ശോഷണദഹനപ്ലാവകാഠിന്യസുഷിരീകര ണങ്ങളാകുന്ന പ്രാണായാമങ്ങളേ (?) പുൽകൊണ്ടു തൊട്ടു ജപിപ്പൂ.

ആദ്യേന ന്യസതു സ്വതത്ത്വമനുനാ ദർഭാൻ ദ്വിതീയേന ഗ-
ന്ധാദ്ഭിഃ പ്രോക്ഷതു മദ്ധ്യമേന കലശേ തത്രാക്ഷതൈഃ പ്രോത്കിരേത്
മൂലേന പ്രയജേൽ ത്തുരീയമനുനാ പ്രോത്താനയേദ്ദുദ്ധരേ-
ദന്ത്യേനാഞ്ചിതവിഷ്ണരേ പ്രണവതോ ന്യസ്യേദ്ധരൗ മന്ത്രവിത്. 22

മന്ത്രവിത് = മന്ത്രജ്ഞനായ ഗുരു, ആദ്യേന സ്വതത്ത്വമനുനാ ദർഭാൻ ന്യസതു = മുമ്പിലത്തേ പഞ്ചതത്ത്വംകൊണ്ടു പുല്ലുകളേ വയ്പൂ. ദ്വിതീയേന ഗന്ധാദ്ഭിഃ പ്രോക്ഷതു = രണ്ടാമത്തേ തത്ത്വംകൊണ്ട് ഗന്ധജലത്തേ തളിപ്പൂ. തത്ര കലശേ മദ്ധ്യമേന അക്ഷതൈഃ പ്രോത്കിരേത് = അക്കലശത്തുങ്കൽ നടുവിലേ തത്ത്വംകൊണ്ട് അക്ഷതങ്ങളേക്കൊണ്ടു വിതറൂ. മൂലേന പ്രയജേത് = പിന്നെ മൂലംകൊണ്ടു മൂന്നരു ജലഗന്ധപുഷ്പ ധൂപദീപങ്ങളേക്കൊണ്ടു പൂജിപ്പൂ. തുരീയമനുനാ പ്രോത്താനയേത് = നാലാമത്തേ തത്ത്വംകൊണ്ടു മലത്തു. അന്ത്യേന ഉദ്ധരേത് = ഒടുക്കത്തേ തത്ത്വംകൊണ്ട് കൈയിൽ എടുപ്പൂ. പ്രണവതഃ അഞ്ചിതവിഷ്ണരേ ന്യസ്യേത് = പ്രണവംകൊണ്ടു പൂജിച്ച് ഇരിക്കുന്ന പീഠത്തുങ്കൽ മലത്തി വയ്പൂ. ഹരൌ എന്നതുകൊണ്ട് വിഷ്ണുവിങ്കൽ ഇങ്ങനെ ക്രിയ. ശിവാദികൾക്കും ഇപ്രകാരം പഞ്ചതത്ത്വംകൊണ്ടുതന്നെ എന്നു പക്ഷമുണ്ട്.

ശിവാദികളുടെ ദർഭന്യാസാദികളിൽ വേറെ മന്ത്രങ്ങളേ പറയുന്നു.

ശർവേ താരാഘോരപഞ്ചാർണവാമ
പുന്താരൈർമ്മൂലേന ദുർഗാകുമാരേ
ദർഭന്യാസാദ്യാദിനോഽന്യേഷു മന്ത്രീ
കുര്യാത് സർവേഷ്വന്തരാ സ്വാണുനേജ്യാം. 23

ശർവേ = ശിവങ്കൽ, താരാഘോരപഞ്ചാർണവാമപുന്താരൈഃ ദർഭന്യാസാദി കുര്യാത് = പ്രണവംകൊണ്ടു ദർഭകളേ ന്യസിച്ച, അഘോരേഭ്യോഽഥ എന്നതുകൊണ്ടു ഗന്ധജലത്തേ തളിച്ച് മൂലംകൊണ്ട് അക്ഷതമിട്ടു പൂജിച്ചാൽ വാമദേവനേക്കൊണ്ടു മലർത്തി തത്പുരുഷനേക്കൊണ്ട് എടുത്തു പ്രണവംകൊണ്ടു വയ്പൂ. ദുർഗാകുമാരേ മൂലേന = ദുർഗയിങ്കലും സുബ്രഹ്മണ്യങ്കലും ഒക്കയും മൂലംകൊണ്ട്, അന്യേഷു = ശാസ്താഗണപതി ശങ്കരനാരായണങ്കൽ, ആദിനാ = ഒക്കെയും പ്രണവംകൊണ്ടു ചെയ്‌വൂ. സർവേഷു അന്തരാസ്വാണുനാ ഇജ്യാം = എല്ലാ ദേവന്മാരിലും ഇടയിൽ സ്വമൂലംകൊണ്ടു പൂജചെയ്‌വൂ.

www.shripuram.org
Shripuram Publications
www.shripuram.org

സംപ്രോക്ഷ്യ പ്രണവേന തദ്ഘടപുടേ മൂലാംബുജേ പാവകീ-
മ്മദ്ധ്യാബ്ജേ മിഹിരോദ്ഭവാ വിധുഭവാശ്ചോർദ്ധ്വാരവിന്ദേ കലാഃ
വിന്യസ്യർക്ഷഹിതൈഃ സമഷ്ടിമനുഭിഃ സംവ്യാപ്യ താശ്ചാർച്ചയേത്
പങ്ക്തിദ്വാദശഷോഡശച്ഛദഗതാ ഭൂയഃ പ്രസൂനാക്ഷതൈഃ. 24

തദ്ഘടപുടേ പ്രണവേന സംപ്രോക്ഷ്യ = അക്കലശത്തിന്റെ അകത്ത് പ്രണവംകൊണ്ടു തളിച്ച് പ്രണവംകൊണ്ടു മൂലമധ്യാഗ്രങ്ങളിൽ മൂന്നു പത്മങ്ങളേ കല്പിച്ച്, മൂലാംബുജേ പാവകീഃ കലാഃ = ചുവട്ടിലേ ദശദലമായ പത്മത്തിൽ വഹ്നികലകളേ പത്തിനേയും, മദ്ധ്യാബ്ജേ മിഹിരോദ്ഭവാഃ കലാഃ = നടുവിലേ ദ്വാദശദലമായ പത്മത്തിങ്കൽ സൂര്യകലകളേയും, ഊർദ്ധ്വാരവിന്ദേ വിധുഭവാഃ കലാഃ = മുകളിലേ ഷോഡശദലമായ പത്മത്തിങ്കൽ സോമകലകളേയും, വിന്യസ്യ = അതാതു ദളങ്ങളിൽ പുൽകൊണ്ടു തൊട്ട് ന്യസിച്ച്, ഋക്ഷഹിതൈഃ സമഷ്ടിമനുഭിഃ സംവ്യാപ്യ = ഓരോ കലകളേ ന്യസിച്ചാൽ അതിന്റെ അതിന്റെ ഋക്കുകൊണ്ടും സമഷ്ടിമന്ത്രംകൊണ്ടും വ്യാപകത്തേയും ചെയ്ത്, പങ്ക്തിദ്വാദശഷോഡശച്ഛദഗതാഃ താഃ അർച്ചയേത് ഭൂയഃ പ്രസൂനാക്ഷതൈഃ ച = ദശദലത്തിലും ദ്വാദശദലത്തിലും ഷോഡശദലത്തിലും ഗതങ്ങളായിരിക്കുന്ന കലകളേ ഋക്സമഷ്ടികളോടുംകൂടി ജലഗന്ധപുഷ്പധൂപദീപങ്ങളേക്കൊണ്ടു പൂജിപ്പൂ. പിന്നെ തത്സ്ഥാനങ്ങളിൽ തന്മന്ത്രങ്ങളേക്കൊണ്ട് ഗന്ധപുഷ്പാക്ഷതങ്ങളേയും ന്യസിപ്പൂ. ചിലര് പൂജിക്കാതെ പുഷ്പാക്ഷതത്തേ ന്യസിക്കുന്നേ ഉള്ളൂ.

കുംഭാവാഹനമാദധീത ചതുരർണാർക്കാണുനാ തന്മുഖേ
ദിങ്മദ്ധ്യേഷു നിവേശ്യ ബൈന്ദവകലാ ഹ്രാമാദികാംഗാന്വിതം
തന്മന്ത്രേണ യജേജ്ജിനാർണജനിതം സമ്പാതമാപാതയേ-
ന്മുദ്രാം കുംഭമയീം പ്രദർശ്യ ജഗദണ്ഡാകാരമേനം സ്മരേത്. 25

തന്മുഖേ ചതുരർണാർക്കണുനാ കുംഭാവാഹനം ആദധീത = ആ കലശത്തിന്റെ മുഖത്തുങ്കൽ പ്രണവത്രയവും 'ഹംസശ്ശുചിഷദ്' എന്ന ഉപചാരവും 'ഓം ഹ്രീം ഹംസഃ' എന്ന സൌരചതുരക്ഷരീമൂലവുംകൂട്ടി കുംഭമൂർത്തിയേ ആവാഹിച്ച്, ബൈന്ദവകലാഃ മദ്ധ്യേഷു നിവേശ്യ = ആവാഹനമുദ്രയും വ്യാപ്യകവും ചെയ്ത് ഷംപീതായൈ നമഃ ഇത്യാദി ബിന്ദുകലകളേ കിഴക്കു തുടങ്ങി നാലുദിക്കുകളിലും നടുവിലും ന്യസിച്ച്, ഹ്രാമാദികാംഗാന്വിതം തന്മന്ത്രേണ യജേത് = ഹ്രാം ഹൃദയായ നമഃ ഇത്യാദി അംഗങ്ങളേ ന്യസിച്ച് പ്രണവോപചാരബിന്ദുകലാംഗങ്ങളേക്കൊണ്ടു മൂർത്തിപൂജയേച്ചെയ്ത്, ജിനാർണജനിതം സമ്പാതം, ആപാതയേത് = അ

www.shripuram.org
Shripuram Publications
www.shripuram.org

ധിവാസഹോമത്തിന്റെ അഗ്നിജനനത്തുങ്കൽ താൻ വേർവിട്ടു കീറിത്തീയിട്ടു താൻ ഗായത്രികൊണ്ടു ന്യൂറ്റെട്ടുരു ആജ്യാഹുതികളേ ചെയ്തു് തത്സംപാതത്തേ ബ്രഹ്മകലശത്തിൽ സമർപ്പിപ്പൂ. സമ്പാതസ്പർശം കൂടാതെയും ചെയ്യുന്നുണ്ട് ചിലര്. കുംഭമയീം മുദ്രാം പ്രദർശ്യ ഏനം ജഗദണ്ഡാകാരം സ്മരേത = പിന്നെ കുംഭമുദ്രയേ ദർശിപ്പിച്ച് ഈ കലശത്തേ ബ്രഹ്മാണ്ഡസ്വരൂപമായി ധ്യാനിപ്പൂ.

ന്യസ്യേത്താത്ത്വികസംഖ്യദർഭകൃതസന്ദർഭം വിരാഡ്വിഗ്രഹേ
കുംഭേസ്മിൻ പ്രണവേന കൂർച്ചമഥ ചാർഹേത്തൽസുഷുമ്നാത്മകം
തന്മൂലേ/സ്ത്രവിശുദ്ധമശ്മകനകാഢ്യം ജീവരൂപം ന്യസേത്
സ്വം ദ്രവ്യം മഹിതം സ്വമൂലമനനാ മന്ത്രീ തതശ്ചാർച്ചയേത്. 26

വിരാഡ്വിഗ്രഹേ അസ്മിൻ കുംഭേ = വിരാട് പുരുഷരൂപമായിരിക്കുന്ന ഈ കുംഭത്തുങ്കൽ, താത്ത്വികസംഖ്യദർഭകൃതസന്ദർഭം കൂർച്ചം പ്രണവേന ന്യസ്യേത് = തത്സുഷുമ്നാത്മകം അർഹേത് ച = ഇരുപത്തഞ്ചു പുല്ലുകളേക്കൊണ്ടു കെട്ടിയുണ്ടാക്കിയിരിക്കുന്ന കൂർച്ചത്തേ ശോഷണാദിത്രയം ചെയ്തു പൂജിച്ചാൽ പ്രണവംകൊണ്ടു കൂർച്ചത്തേ കലശത്തിൽ ന്യസിപ്പൂ. കലശത്തിന്റെ സുഷുമ്നാനാഡീസ്വരൂപമായ കൂർച്ചത്തേ പിന്നെയും പ്രണവംകൊണ്ടു പൂജിപ്പൂ. തന്മൂലേ അസ്ത്രവിശുദ്ധം അശ്മകനകാഢ്യം സ്വം ദ്രവ്യം ജീവരൂപം സ്വമൂലമനനാ മഹിതം ന്യസേത് മന്ത്രീ തതഃ അർച്ചയേത് = ആ കൂർച്ചത്തിന്റെ ചുവട്ടിൽ അസ്ത്രംകൊണ്ടു തളിച്ചു രക്ഷിച്ച് ശോഷണാദിത്രയത്തേ ചെയ്തിരിക്കുന്ന നവരത്നസ്വർണ്ണങ്ങളോടുകൂടിയിരിക്കുന്ന തന്റെ തന്റെ ദ്രവ്യത്തേ ഒരു പാത്രത്തിൽവച്ച് മൂലപുടിതമായി ആത്മാഷ്ടാക്ഷരംകൊണ്ടു പൂജിച്ച് ആ കലശത്തിന്റെ ജീവരൂപമായി ധ്യാനിച്ച് കലശത്തുങ്കൽ ന്യസിപ്പൂ. അനന്തരം തന്മന്ത്രത്തേ അറിഞ്ഞിരിക്കുന്ന ആചാര്യൻ അതിനേ ദ്രവ്യദേവതാമന്ത്രംകൊണ്ടു പൂജിപ്പൂ.

ദോഷ്ണാ കുംഭമുഖം പിധായ സസുധാബീജേന തച്ചേതനാ-
മുന്നീയോപരിപദ്മസദ്മപരമാത്മൈക്യം പ്രണീയാദിനാ
ക്ഷാദ്യാന്താക്ഷരജാതമാദികൃതതാരം ശീർഷനിഷ്ഠം ജപ-
ന്മന്ത്രീ തത്പരിപാതുകാമൃതരസൈഃ കുംഭം ധിയാ പൂരയേത്. 27

സസുധാബീജേന ദോഷ്ണാ കുംഭമുഖം പിധായ = ഇടത്തേ കൈയിൽ വം എന്ന അമൃതബീജത്തേ എഴുതി വലത്തേക്കൈകൊണ്ടു തൊട്ടു ജപിച്ചു ഇടത്തേക്കൈയ് ചുവട്ടിൽ വരുമാറു രണ്ടു കൈകൊണ്ടും കലശത്തിന്റെ മുഖത്തേ അടച്ച്, ആദിനാ തച്ചേതനാം ഉന്നീയ ഉപരിപദ്മസദ്മപരമാത്മൈക്യം പ്രണീയ = പ്രണവം ജപിച്ചുകൊണ്ട് ആ അമൃത

Shripuram Publications
www.shripuram.org

ബീജചൈതന്യത്തേ ഉയർത്തി ദ്വാദശാന്തപത്മഗതമായിരിക്കുന്ന പരമാത്മാവിനോട്ട യോജിപ്പിച്ച്, ക്ഷാദ്യാന്താക്ഷരജാതം ആദികൃതതാരം ശീർഷനിഷ്ഠം ജപൻ = ക്ഷ എന്നു തുടങ്ങി അ എന്നു കഴിവോളമുള്ള ലിപികളേ പ്രതിലോമമായിട്ടും ആദിക്കു പ്രണവത്തോടും ഒടുക്കം ശിരോമന്ത്രത്തോടും കൂടി ജപിച്ച്, തത്പരിപാതുകാമൃതരസൈഃ ധിയാകുംഭം ആപൂരയേത് = ആ പരമാത്മാവിങ്കൽനിന്ന് പതനശീലങ്ങളായിരിക്കുന്ന അമൃതജലങ്ങളേക്കൊണ്ടു മാനസികമായിട്ടു കുംഭത്തേ നിറപ്പൂ. ഓം ക്ഷം സ്വാഹാ ഓം ളം സ്വാഹാ ഇത്യാദി ഓം അസ്വാഹാ ഇത്യന്തം മാനസപൂരണമന്ത്രം എന്നും പറയുന്നുണ്ട്.

ഉത്പൂയോദഗുപാഹിതാദ്ദുദിതമന്ത്രേജ്യാജപോപസ്കൃതാ-
ച്ഛംഖേ വാരുണവാരിണഃ സമവദായാഭ്യർച്ച്യ തേനാംഭസാ
കുംഭം പ്രോക്തമനം ജപൻ സമഭിപൂര്യോർദ്ധ്വാർദ്ധമപ്ഛേഷത-
ശ്ചാസ്മിന്നക്ഷരപുഷ്കരം പരിയജേദാവാഹ്യമൂർത്ത്യാശ്രയം. 28

ഉത്പൂയ ഉദഗ് ഉപാഹിതാത് = വടക്ക് സ്വസ്തികത്തിൽ പീഠപൂജാദി കുർച്ചന്യാസാന്തം ചെയ്ത് കോടിവസ്ത്രത്തിൽ അരിച്ച വെള്ളംകൊണ്ടു നിറച്ച്, ഉദിതമന്ത്രേജ്യാജപോപസ്കൃതാത് = പറഞ്ഞപോലെ വരുണനേയും ഗംഗയേയും മൂലത്തേയും ആവാഹിച്ചു പൂജിച്ച് പഞ്ചവാരുണത്തേ ജപിച്ച് ഇരിക്കുന്ന, വാരുണവാരിണഃ ശംഖേ സമവദായ = ജലദ്രോണിപാത്രത്തിൽനിന്നും ശംഖിൽ നിറച്ച വെള്ളത്തേ, അഭ്യർച്ച്യ = പത്മമാത്രം പീഠത്തേ പൂജിച്ചു മൂലംകൊണ്ട് ആവാഹിച്ചു വ്യാപകാംഗം ചെയ്തു മൂലംകൊണ്ടു പൂജിച്ചാൽ, തേന അംഭസാ പ്രോക്തമനം ജപൻ കുംഭം സമഭിപൂര്യ = ആ വെള്ളംകൊണ്ടു ലിപിപ്രതിലോമകാത്മാദി മാനസപൂരണമന്ത്രത്തേ ജപിച്ചു കലശത്തേ നിറച്ച്, അപ്ഛേഷതഃ ഊർദ്ധ്വാർദ്ധം ച = തച്ഛേഷമുള്ള വാരുണജലംകൊണ്ടു കലശത്തേ പാതിയിൽ അധികമായി നിറച്ച്, അസ്മിൻ ആവാഹ്യമൂർത്ത്യാശ്രയം അക്ഷരപുഷ്കരം പരിയജേത് = ഇക്കലശത്തുങ്കൽ ആവാഹിപ്പാൻ ഇരിക്കുന്ന മൂർത്തിയ്ക്ക് ആശ്രയമായിരിക്കുന്ന ലിപിപങ്കജത്തേ പൂജിപ്പൂ. ഇവിടെ മൂർത്ത്യാശ്രയം ആവാഹ്യ അക്ഷരപുഷ്കരം പരിയജേൽ എന്നും പക്ഷമുണ്ടാകകൊണ്ട് മൂർത്ത്യാവാഹനയും പൂജയും ചെയ്ത് ലിപിപങ്കജത്തേ പൂജിക്കുന്നു ചിലർ.

ലിപിപങ്കജപൂജയുടെ മന്ത്രങ്ങളേ പറയുന്നു.

മൂർത്തിഃ ശിഫാനാളസരാംസി കണ്ടകം
രന്ധ്രം തഥോപര്യുപരി ക്ഷപൂർവകൈഃ
സാന്തസ്ഥധർമ്മാദിപദപ്രഭേദിതാ-
ഗ്നേയാദികഗ്രന്ഥിഗണം സ്വഗോചരേ. 29

www.shripuram.org
Shripuram Publications
www.shripuram.org

ക്ഷപൂർവകൈഃ = ക്ഷം ളം ഹംസ സം ഷം ശം ഈ ബീജങ്ങളോടു കൂടി, മൂർത്തിഃ ശിഫാനാളസരാംസി കണ്ടകം തഥാ രന്ധ്രം ച ഉപരി ഉപരി = ക്ഷന്നമഃ പരായ മൂർത്ത്യാത്മനേ നമഃ, ളന്നമഃ പരായ ശിഫാത്മനേ നമഃ, ഹം നമഃ പരായ നാളാത്മനേ നമഃ, സന്നമഃ പരായ സരആത്മനേ നമഃ, ഷന്നമഃ പരായ കണ്ടകാത്മനേ നമഃ, ശന്നമഃ പരായ, രന്ധ്രാത്മനേ നമഃ ഇങ്ങനെ ആറു മന്ത്രങ്ങൾ മുകളിൽ മുകളിലായിട്ടും, സ്വഗോചരേ സാന്തസ്ഥധർമ്മാദിപദപ്രഭേദിതാഗ്നേയാദികഗ്രന്ഥിഗണം = അന്തസ്ഥങ്ങൾ യം രം ലം വം ഈ അക്ഷരങ്ങളോടും ധർമ്മാദി നാലിനോടും കൂടി ആഗ്നേയാദികളായ ഗ്രന്ഥികളേ തത്തൽസ്ഥാനങ്ങളിലും പൂജിപ്പൂ. അപ്പോൾ അഗ്ന്യാദികോണുകളിൽ യന്നമഃ പരായ ധർമ്മായാഗ്നേയഗ്രന്ഥ്യാത്മനേ നമഃ, രന്നമഃ പരായ ജ്ഞാനായ നൈരൃതഗ്രന്ഥ്യാത്മനേ നമഃ, ലന്നമഃ പരായ വൈരാഗ്യായ വായവ്യഗ്രന്ഥ്യാത്മനേ നമഃ, വന്നമഃ പരായ ഐശ്വര്യായൈശാനഗ്രന്ഥ്യാത്മനേ നമഃ ഈ നാലിനേയും പൂജിപ്പൂ.

അധർമ്മപൂർവാന്വിതപൂർവപൂർവ്വാഃ
സ്യുർഗ്രന്ഥയോ ദിക്ഷു നപുംസകാർണ്ണൈഃ
പൂർവാദിപത്രാണ്യപി കാദിഭാന്തൈ-
സ്ത്രിഭിസ്ത്രിഭിർദിക്ഷു മകർണ്ണികാന്തഃ. 30

ദിക്ഷു നപുംസകാർണ്ണൈഃ അധർമ്മപൂർവ്വാന്വിതപൂർവ്വപൂർവാഃ ഗ്രന്ഥയഃ സ്യുഃ = ദിക്കുകളിൽ ഋം, ൠം, ഌം, ൡം ഈ നപുംസകാക്ഷരങ്ങളോടുകൂടി അധർമ്മാദി നാലും പൂർവ്വാദി ദിക്കുംകൂടി ഗ്രന്ഥികൾ ഭവിക്കും. കിഴക്കു തുടങ്ങി നാലു ദിക്കുകളിൽ ഋന്നമഃ പരായാധർമ്മായ പൂർവ്വഗ്രന്ഥ്യാത്മനേ നമഃ, ൠംന്നമഃ പരായാജ്ഞാനായ ദക്ഷിണഗ്രന്ഥ്യാത്മനേ നമഃ, ഌം നമഃ പരായാവൈരാഗ്യായ പശ്ചിമഗ്രന്ഥ്യാത്മനേ നമഃ, ൡന്നമഃ പരായാനൈശ്വര്യായോത്തരഗ്രന്ഥ്യാത്മനേ നമഃ ഇങ്ങനെ നാലും, ദിക്ഷു കാദിഭാന്തൈഃ ത്രിഭിഃ പൂർവാദിപത്രാണി അപി = പിന്നെ കിഴക്കു തുടങ്ങി എട്ടു ദിക്കുകളിൽ ക എന്നുതുടങ്ങി ഭ എന്നു കഴിവോളമുള്ള മുമ്മൂന്നു അക്ഷരങ്ങളോടുകൂടി പൂർവ്വാദികളായ പത്രങ്ങളേ പൂജിപ്പൂ കം ഖം ഗന്നമഃ പരായ പൂർവപത്രാത്മനേ നമഃ, ഘം ങം ചന്നമഃ പരായാഗ്നേയപത്രാത്മനേ നമഃ, ഛം ജം ഝം നമഃ പരായ യാമ്യ പത്രാത്മനേ നമഃ, ഞം ടം ഠം നമഃ പരായ നൈരൃതപത്രാത്മനേ നമഃ, ഡം ഢം ണം നമഃ പരായ വാരുണപത്രാത്മനേ നമഃ, തം ഥം ദന്നമഃ പരായ വായവ്യപത്രാത്മനേ നമഃ, ധം നം പന്നമഃ പരായ സൌമ്യപത്രാത്മനേ നമഃ, ഫം ബം ഭന്നമഃ പരായൈശാനപത്രാത്മനേ നമഃ ഇങ്ങനെ എട്ടും പൂജിച്ചാൽ,

Shripuram Publications
www.shripuram.org

മകർണികാന്തഃ = ഒടുക്കം നടുവിൽ മന്നമഃ പരായ കർണ്ണികാത്മനേ നമഃ എന്നും പൂജിപ്പൂ.

ദ്വാഭ്യാം ദ്വാഭ്യാം സർഗ്ഗബിന്ദ്വന്വിതാഭ്യാ-
മജ്ഭ്യാം പൂർവാദ്യാദികാഃ കേസരാശ്ച
താരാംശാദ്യാന്യാത്മവിദ്യാപരാഖ്യ-
തത്ത്വാനീഹോപര്യുപര്യാസ്ഥിതാനി. 31

സർഗ്ഗബിന്ദ്വന്വിതാഭ്യാം ദ്വാഭ്യാം ദ്വാഭ്യാം അജ്ഭ്യാം പൂർവാദ്യാദികാഃ കേസരാഃ ച = വിസർഗ്ഗത്തോടും അനുസ്വാരത്തോടുംകൂടിയ ഈരണ്ട് അച്ചുകളോടുംകൂടി പൂർവ്വാദികങ്ങളായ കേസരങ്ങളും അഃ ആം നമഃ പരായ പൂർവ്വകേസരാത്മനേ നമഃ, ഉഃ ഊം നമഃ പരായ യാമ്യകേസരാത്മനേ നമഃ, ൠഃ ൡം നമഃ പരായ നൈരൃതകേസരാത്മനേ നമഃ, ഞം ഞ്ം നമഃ പരായ വാരുണകേസരാത്മനേ നമഃ, ഏഃ ഐം നമഃ പരായ വായവ്യകേസരാത്മനേ നമഃ, ഔഃ ഔം നമഃ പരായ സൌമ്യകേസരാത്മനേ നമഃ, അം അഃ നമഃ പരായൈശാനകേസരാത്മനേ നമഃ ഇങ്ങനെ എട്ടും പൂജിപ്പൂ. ഇഹ താരാംശാദ്യാനി ആത്മവിദ്യാപരാഖ്യതത്ത്വാനി ഉപര്യുപരി ആസ്ഥിതാനി = പ്രണവാക്ഷരങ്ങൾ ബീജമായി ആത്മവിദ്യാപരതത്ത്വങ്ങൾ മുകളിൽ മുകളിൽ സ്ഥിതങ്ങളായിട്ടും അന്നമഃ പരായാത്മതത്ത്വാത്മനേ നമഃ, ഉം നമഃ പരായ വിദ്യാതത്ത്വാത്മനേ നമഃ, മം നമഃ പരായ പരതത്ത്വാത്മനേ നമഃ ഈ മൂന്നും ഇവിടെ മുകളിലായിട്ടും പൂജിപ്പൂ.

ക്രമേണ സഹശക്തിതാരസഹിതാഃ സമർച്ച്യാസ്തത-
സ്സുധീഭിരിഹ ബിന്ദുനാദയുതശക്തിശാന്താ അപി
സബിന്ദുനിജബീജനത്യുപരിസൽപരായാക്ഷരം
വിരാമഹൃദയാത്മനേപദമുദീർണ്ണമർണ്ണാംബുജം. 32

തതഃ സുധീഭിഃ സഹശക്തിതാരസഹിതാഃ ബിന്ദുനാദയുതശക്തിശാന്താഃ അപി സമർച്ച്യാഃ = പിന്നെ സുധികളായിരിക്കുന്ന ആചാര്യന്മാരാൽ സം ഹം ഹ്രീം ഓം ഈ നാലു ബീജങ്ങളൊടുംകൂടി ബിന്ദുനാദശക്തിശാന്തങ്ങളും സമർച്ച്യങ്ങൾ. സന്നമഃ പരായ ബിന്ദ്വാത്മനേ നമഃ, ഹം നമഃ പരായ നാദാത്മനേ നമഃ, ഹ്രീം നമഃ പരായ ശക്ത്യാത്മനേ നമഃ, ഓം നമഃ പരായ ശാന്താത്മനേ നമഃ ഈ മന്ത്രങ്ങൾ നാലും പൂജിപ്പൂ. സബിന്ദുനിജബീജനത്യുപരിസൽപരായാക്ഷരം = ബിന്ദുവോടുകൂടിയ തന്റെ ബീജവും നമഃ എന്നും അതിന്റെ മുകളിൽ പരായ എന്നും ആദികൾ ചൊല്ലൂ. വിരാമഹൃദയാത്മനേപദം = ഒടുക്കം ആത്മനേ നമഃ

www.shripuram.org
Shripuram Publications
www.shripuram.org

എന്നും കൂടിയിരിക്കുന്ന, അർണ്ണാബുജം ഉദീർണ്ണം = ലിപിപങ്കജമന്ത്രം ഒട്ടുക്കം ഉക്തമായത്.

തദ്ദേവതാനാമപി ഭിന്നങ്ങേന്ത-
നത്യന്തമൂർത്യക്ഷരതോ/ത്ര മൂർത്തിം
ആവാഹ്യ സാംഗീകരണാർച്ചനാന്തേ
തസ്യാം കലാവാഹനമാദധീത. 33

അത്ര = ഈ ലിപിമയമായ പത്മത്തുങ്കൽ, തദ്ദേവതാനാം അപി ഭിന്നങ്ങേന്തനത്യന്തമൂർത്ത്യക്ഷരതഃ മൂർത്തിം ആവാഹ്യ = അതതു ദേവന്മാരുടെ നാമത്തോട്ടുകൂടി നമോന്തമായി ചതുർത്ഥ്യേകവചനമായിരിക്കുന്ന മൂർത്തിമന്ത്രം ഓം നമോ നാരായണായ മൂർത്തയേ നമഃ, ഓം നമശ്ശിവായ സദാശിവമൂർത്തയേ നമഃ ഇത്യാദികൊണ്ട് പ്രണവോപചാരാദിമൂർത്തിയേ ആവാഹിച്ച് ആവാഹനമുദ്ര കാട്ടി, സാംഗീകരണാർച്ചനാന്തേ = സകളീകരിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത്, തസ്യാം കലാവാഹനം ആദധീത = ആ മൂർത്തിയിങ്കൽ കലാവാഹനത്തേ ചെയ്വൂ.

ആദായ ശംഖേ സലിലം പുരോവ-
ദ്ധൃദാ/ഷ്ടഗന്ധം പ്രവിലോഡ്യ തസ്മിൻ
ഇഷ്ട്വാദിനാ വ്യസ്തസമസ്തരൂപേ-
ണാവാഹയേത്തത്ര കലാകലാപം. 34.

ശംഖേ പുരോവത് സലിലം ആദായ = ശംഖിനേ കഴുകി ഗന്ധപുഷ്പാക്ഷതങ്ങളേ ന്യസിച്ച് ജലദ്രോണിവെള്ളത്തേ എടുത്ത് ശംഖിൽ നിറച്ച്, ഹൃദാ അഷ്ടഗന്ധം പ്രവിലോഡ്യ = ഹൃദയമന്ത്രംകൊണ്ട് അഷ്ടഗന്ധത്തെ കലക്കി പത്മമാത്രം പീഠംപൂജിച്ച്, ആദിനാ ഇഷ്ട്വാ = പ്രണവാക്ഷരപ്രണവങ്ങളേക്കൊണ്ടു പൂജിച്ച്, തത്ര വ്യത്യസ്തസമസ്തരൂപേണ കലാകലാപം ആവാഹയേത് = ആ ശംഖജലത്തിൽ വെവ്വേറെയും സമഷ്ടിരൂപേണയുമുള്ള കലാസമൂഹത്തേ ആവാഹിപ്പൂ.

കലാഃ കാർശാനവ്യോ ദശ രവിഭവാഃ സ്യൂരവിമിതാ
നിശേശോദ്ഭൂതാഃ ഷോഡശ ദശദശോമാക്ഷരഭവാഃ
ചതസ്രോ ബിന്ദൂത്ഥാഃ ശ്രുതികൃതിമിതാ നാദജനിതാ
ജഗത്സംഖ്യാശ്ശക്തേഃ കരപരിമിതേ ശാന്തജനിതേ. 35

കാർശാനവ്യഃ കലാഃ ദശ സ്യുഃ = വഹ്നിസംബന്ധികളായ കലകൾ പത്തു ഭവിക്കും. രവിഭവാഃ രവിമിതാഃ = സൂര്യകലകൾ പന്ത്രണ്ടും, നിശേശോദ്ഭൂതാഃ ഷോഡശ = സോമങ്കൽനിന്ന് ഉണ്ടായ കലകൾ പതി

www.shripuram.org
Shripuram Publications
www.shripuram.org

നാറും, ഓമാക്ഷരഭവാഃ ദശദശ = അകാരഭവങ്ങളും ഉകാരഭവങ്ങളും മകാരഭവങ്ങളും പത്തുപ്പത്തായിട്ടും ഭവിക്കും. ബിന്ദൂത്ഥാഃ ചതസ്രഃ = ബിന്ദുകലകൾ നാലായിട്ടും അഞ്ചായിട്ടും വരും, നാദജനിതാഃ ശ്രുതികൃതിമിതാഃ = നാദകല പതിനാറായിട്ടും, ശക്തേഃ ജഗത്സംഖ്യാഃ = ശക്തികലകൾ മൂന്നായിട്ടും, ശാന്തജനിതേ കരപരിമിതേ = ശാന്തകലകൾ രണ്ടായിട്ടും ഭവിക്കും.

അനന്തരം കലകളേ പറയുന്നു.

ധൂമ്രാർച്ചിരൂഷ്മാ ജ്വലിനീ ജ്വാലിനീ വിഷ്ഫുലിംഗിനീ
സുശ്രീഃ സുരൂപാ കപിലാ ഹവ്യകവ്യവഹേ അപി. 36

തപനീ താപനീ ധൂമ്രാ മരീചിർ ജ്വാലിനീ രുചിഃ
സുഷുമ്നാ ഭോഗദാ വിശ്വാ ബോധിനീ ധാരണീ ക്ഷമാ. 37

അമൃതാ മാനദാ പൂഷാ തുഷ്ടിഃ പുഷ്ടീ രതിർധൃതിഃ
ശശിനീ ചന്ദ്രികാ കാന്തിർജ്യോത്സ്നാ ശ്രീഃ പ്രീതിരംഗദാ. 38

പൂർണാ പൂർണാമൃതാ ചേതി തേജസ്ത്രയഭവാഃ കലാഃ
സൃഷ്ടിരൃദ്ധിഃ സ്മൃതിർമേധാ കാന്തിർലക്ഷ്മീർദ്യുതിഃ സ്ഥിരാ. 39

സ്ഥിതിഃ സിദ്ധിരിതി പ്രോക്താ യഥാക്രമമകാരജാഃ
ജരാ ച പാലിനീ ശാന്തിരൈശ്വരീ രതികാമികേ. 40

വരദാ ഹ്ലാദിനീ പ്രീതിദീർഘാ ചോകാരസംഭവാഃ
തീക്ഷ്ണാ രൌദ്രീ ഭയാ നിദ്രാ തന്ദ്രീക്ഷുത് ക്രോധനീ ക്രിയാഃ. 41

ഉത്കാരീ ചൈവ മൃത്യുശ്ച മകാരാക്ഷരജാ മതാഃ
പീതാശ്വേതാരുണാ തദ്വദസിതാഃ/പി ച ബിന്ദുജാഃ. 42

നിവൃത്തിശ്ച പ്രതിഷ്ഠാ ച വിദ്യാശാന്തിസ്തഥൈവ ച
ഇന്ധികാ ദീപികാ ചൈവ രേചികാ മോചികാ പരാ. 43

സൂക്ഷ്മാ സൂക്ഷ്മാമൃതാ ജ്ഞാനാമൃതാ ചാപ്യായിനീ തഥാ
വ്യാപിനീ വ്യോമരൂപാ ച തഥാ/നന്താ ച നാദജാഃ. 44

നാദ്യൈഃ ക്രമോൽക്രമപ്രോക്തകഭാദിദ്വിദ്വിവർണകൈഃ
ആദ്യൈശ്ച കടപാദ്യൈശ്ച ഷാദ്യൈരാദ്യൈശ്ച താ യുതാഃ. 45

www.shripuram.org
Shripuram Publications
www.shripuram.org

യാദ്യൈഃ = യം എന്നു തുടങ്ങിയ അക്ഷരങ്ങളോടുകൂടി ധൂമ്രാർച്ചിഃ ഇത്യാദിവഹ്നികലകൾ പത്തും, ക്രമോത്ക്രമപ്രോക്തകഭാദിദ്വിദ്വിവർണ്ണകൈഃ = കം എന്നു തുടങ്ങി മേല്പോട്ടും ഭം എന്നു തുടങ്ങി കീഴ്പോട്ടും കൂടിയ ഈരണ്ട് അക്ഷരങ്ങളോടുംകൂടി, തപനീ താപനീ ഇത്യാദി സൂര്യകലകൾ പന്ത്രണ്ടും, ആദ്യൈഃ = അ എന്നു തുടങ്ങി പതിനാറ് അച്ചുകളോടു കൂടി അമൃതാ മാനദാ ഇത്യാദി സോമകലകൾ പതിനാറും, കടപാദ്യൈഃ = കം എന്നു തുടങ്ങിയ അക്ഷരങ്ങളോടുകൂടിയ സൃഷ്ടിഃ ഇത്യാദി അകാരകലകൾ പത്തും, പം എന്നു ഇടങ്ങിയ അക്ഷരങ്ങളോടുകൂടി തീക്ഷ്ണാ രൌദ്രീ ഇത്യാദി മകാരകലകൾ പത്തും, ഷാദ്യൈഃ = ഷം എന്നു തുടങ്ങിയ അക്ഷരങ്ങളോടുകൂടി പീതാ ശ്വേതാ ഇത്യാദി നാലു താൻ അഞ്ചു താൻ ബിന്ദുകലകളും, ആദ്യൈഃ = അ എന്നു തുടങ്ങിയ പതിനാറിനോടു കൂടി നിവൃത്തിഃ പ്രതിഷ്ഠാ ഇത്യാദി പതിനാറു നാദകലകളും ഭവിക്കും.

അവിടെ മന്ത്രങ്ങൾ - യം ധൂമ്രാർച്ചിഷേ നമഃ, രം ഊഷ്മായൈ നമഃ, ലം ജ്വലിന്യൈ നമഃ, വം ജ്വാലിന്യൈനമഃ, ശം വിഷ്ഫുലിംഗിന്യൈ നമഃ, ഷം സുശ്രിയൈ നമഃ, സം സുരൂപായൈ നമഃ, ഹം കപിലായൈ നമഃ, ളം ഹവ്യവഹായൈ നമഃ, ക്ഷം കവ്യവഹായൈ നമഃ ഇങ്ങനെ വഹ്നികലകൾ. കം ഭം തപന്യൈ നമഃ, ഖം ബം താപന്യൈ നമഃ, ഗം ഫം ധൂമ്രായൈ നമഃ, ഘം പം മരീച്യൈ നമഃ, ങം നം ജ്വാലിന്യൈ നമഃ, ചം ധം രുച്യൈ നമഃ, ഛം ദം സുഷുമ്നായൈ നമഃ, ജം ഥം ഭോഗദായൈ നമഃ, ഝം തം വിശ്വായൈ നമഃ, ഞം ണം ബോധിന്യൈ നമഃ, ടം ഢം ധാരിണ്യൈ നമഃ, ഠം ഡം ക്ഷമായൈ നമഃ, ഇങ്ങനെ സൂര്യകലകൾ, അം അമൃതായൈ നമഃ, ആം മാനദായൈ നമഃ, ഇം പൂഷായൈ നമഃ, ഈം തുഷ്ട്യൈ നമഃ, ഉം പുഷ്ട്യൈ നമഃ, ഊം രത്യൈ നമഃ, ഋം ധൃത്യൈ നമഃ, ൠം ശശിന്യൈ നമഃ, ഌം ചന്ദ്രികായൈ നമഃ, ൡം കാന്ത്യൈ നമഃ, ഏം ജ്യോത്സ്നായൈ നമഃ, ഐം ശ്രിയൈ നമഃ, ഓം പ്രീത്യൈ നമഃ, ഔം അംഗദായൈ നമഃ, അം പൂർണായൈ നമഃ, അഃ പൂർണ്ണാമൃതായൈ നമഃ, ഇങ്ങനെ സോമകലകൾ.

തേജസ്ത്രയഭവങ്ങൾ വഹ്നിസൂര്യസോമാത്മകങ്ങൾ കം സൃഷ്ട്യൈ നമഃ, ഖം ഋദ്ധ്യൈ നമഃ, ഗം സ്മൃത്യൈ നമഃ, ഘം മേധായൈ നമഃ, ങം കാന്ത്യൈ നമഃ, ചം ലക്ഷ്മ്യൈ നമഃ, ഛം ദ്യുതൈ നമഃ, ജം സ്ഥിരായൈ നമഃ, ഝം സ്ഥിത്യൈ നമഃ ഞം സിദ്ധ്യൈ നമഃ ഇങ്ങനെ അകാരകലകൾ. ടം ജരായൈ നമഃ, ഠം പാലിന്യൈ നമഃ, ഡം ശാന്ത്യൈ നമഃ, ഢം ഐശ്വര്യൈ നമഃ, ണം രത്യൈ നമഃ, തം കാമികായൈ നമഃ, ഥം വരദായൈ നമഃ, ദം ഹ്ളാദിന്യൈ നമഃ, ധം പ്രീത്യൈ നമഃ, നം ദീർഘായൈ നമഃ ഇങ്ങനെ ഉകാരകലകൾ. പം തീക്ഷ്ണായൈ നമഃ, ഫം രൌദ്ര്യൈ നമഃ, ബം ഭയായൈ നമഃ, ഭം നിദ്രായൈ നമഃ, മം തന്ദ്ര്യൈ നമഃ, യം

Shripuram Publications
www.shripuram.org

ക്ഷുധേ നമഃ, രം ക്രോധിന്യൈ നമഃ, ലം ക്രിയായൈ നമഃ, വം ഉത് കാര്യൈ നമഃ, ശം മൃത്യവേ നമഃ ഇങ്ങനെ മകാരകലകൾ, ഷം പീതായൈ നമഃ, സം ശ്വേതായൈ നമഃ, ഹം അരുണായൈ നമഃ, ളം അസിതായൈ നമഃ, ക്ഷം അനന്തായ നമഃ ഇങ്ങനെ അഞ്ചായ പക്ഷത്തിലേ ബിന്ദുക്കൾ, നാലാകുമ്പോൾ ഒടുക്കത്തേ അനന്തായ നമഃ എന്നുവേണ്ട, അം നിവൃത്ത്യൈ നമഃ, ആം പ്രതിഷ്ഠായൈ നമഃ, ഇം വിദ്യായൈ നമഃ, ഈം ശാന്ത്യൈ നമഃ, ഉം ഇന്ധികായൈ നമഃ, ഊം ദീപികായൈ നമഃ, ഋം രേചികായൈ നമഃ, ൠം മോചികായൈ നമഃ, ഌം പരായൈ നമഃ, ൡം സൂക്ഷ്മായൈ നമഃ, ഏം സൂക്ഷ്മാമൃതായൈ നമഃ, ഐം ജ്ഞാനാമൃതായൈ നമഃ, ഓം ആപ്യായിന്യൈ നമഃ, ഔം വ്യാപിന്യൈ നമഃ, അം വ്യോമരൂപായൈ നമഃ, അഃ അനന്തായൈ നമഃ ഇങ്ങനെ നാദകലകൾ.

എട്ടു വർഗ്ഗമായ കലകൾക്കും ഇനിയും കൂട്ടുവാനുള്ളതിനേ പറയുന്നു.

താരസ്വശക്തിബീജാഢ്യാഃ സർവാഃ പ്രാക്സ്വോക്തബീജതഃ
വക്ഷ്യേ/ഷ്ടവർഗനിർദ്ദിഷ്ടാനൃക്സമഷ്ടിമനൂനപി. 46

സർവാഃ സ്വോക്തബീജതഃ പ്രാക്താരസ്വശക്തിബീജാഢ്യാഃ = കലകൾ ഒക്കെയും തന്റെ ബീജാക്ഷരത്തിന്നു മുമ്പിൽ പ്രണവവും ഹ്രീം എന്നും കൂട്ടിചൊല്ല. വിഷ്ണുവിങ്കൽ ശ്രീ എന്നു കൂട്ടണം. ഓം ഹ്രീം യം ധൂമ്രാർച്ചിഷേ നമഃ ഇത്യാദി. അഹം അഷ്ടവർഗനിർദ്ദിഷ്ടാൻ ഋക്സമഷ്ടിമനൂൻ അപി വക്ഷ്യേ = ഞാൻ ഈ എട്ടു വർഗ്ഗമായിട്ടു പറഞ്ഞിരിക്കുന്ന കലകളുടെ ഋക്കുകളേയും സമഷ്ടിമന്ത്രങ്ങളേയും പറയുന്നു.

ജാതതദാദ്യേ ത്ര്യംബകഹംസാദ്യേ അപി പുനഃ പ്രതദ്വിഷ്ണുഃ
ത്ര്യംബകതത്പദപൂർവേ വിഷ്ണുർയോനിം ച കീർത്തിതാസ്ത്വൃചഃ. 47

ജാതതദാദ്യേ = 'ജാതവേദസേ സുനവാമ' എന്നും 'തത്സവിതുർവരേണ്യം' എന്നും, ത്ര്യംബകഹംസാദ്യേ = 'ത്ര്യംബകം യജാമഹേ' എന്നും, 'ഹംസഃശുചിഷദ്വസുഃ' എന്നും 'പ്രതദ്വിഷ്ണുഃസ്തവതേ' എന്നും, 'ത്ര്യംബകതതപദപൂർവ്വേ' - പിന്നെയും ത്ര്യംബകം യജാമഹേ എന്നും തത്സവിതുർവരേണ്യം എന്നും, വിഷ്ണുർയോനിം = 'വിഷ്ണുർയോനിം കല്പയതു' എന്നും, തദൃചഃ - വഹ്നികല തുടങ്ങി നാദകല കഴിവോളമുള്ള എട്ടു കലകളുടെ ഋക്കുകൾ.

ഇങ്ങനെ ഋക്കുകളേ പറഞ്ഞിട്ട് സമഷ്ടികളേ പറയുന്നു.

സ്വസ്വധ്രുവാംശയുതമണ്ഡലനാമഭേദന്തം
ധർമ്മാർത്ഥകാമപദമാദിദശാദിയുക്തം

www.shripuram.org
Shripuram Publications
www.shripuram.org

ഭൂയഃ പ്രദാദികകലാത്മപദം ചതുർത്ഥ്യാ
നത്യാ ച സംയുതമിതി ത്രിസമഷ്ടിമന്ത്രാഃ. 48

ങേന്തം സ്വസ്വധ്രുവാംശയുതമണ്ഡലനാമ = ചതുർത്ഥ്യേകവചനാന്തമായി തന്റെ തന്റെ പ്രണവാക്ഷരത്തോടുകൂടിയ മണ്ഡലനാമങ്ങൾ, ആദിദശാദിയുക്തം ധർമ്മാർത്ഥകാമപദം = ദശധർമ്മദ്വാദശാർത്ഥഷോഡശകാമ ഇങ്ങനെയും കൂട്ട ഭൂയഃ പ്രദാദികകലാത്മപദം = പ്രദ എന്ന് ആദിയായി കലാത്മാ എന്നും, ചതുർത്ഥ്യാ നത്യാ ച സംയുതം = ചതുർത്ഥിയോടും നമഃ എന്നതിനോടും കൂടി ചൊല്ല. കലാത്മനേ നമഃ എന്നും മം വഹ്നിമണ്ഡലായ ദശധർമ്മപ്രദകലാത്മനേ നമഃ, അം സൂര്യമണ്ഡലായ ദ്വാദശാർത്ഥ പ്രദകലാത്മനേ നമഃ, ഉം സോമമണ്ഡലായ ഷോഡശകാമപ്രദകലാത്മനേ നമഃ, ഇതി ത്രിസമഷ്ടിമന്ത്രാഃ = ഇങ്ങനെ വഹ്നികലകളുടേയും സൂര്യകലകളുടേയും സോമകലകളുടേയും സമഷ്ടിമന്ത്രങ്ങൾ.

ങേന്തൈഃപ്രാഗജപൂർവകൈരഥ പൃഥിവ്യാദ്യൈശ്ച ഗന്ധാദിത-
ന്മാത്രൈർഘ്രാണമുഖൈസ്സമാസിഭിരുപസ്ഥാനന്ദപൂർവൈരപി
താരേഷ്വംശഭവാഃ സമഷ്ടിമനവഃ സൃഷ്ട്യാദികൃത്യൈർനിവൃ-
ത്ത്യാദ്യാഷ്ടിംപൃഥഗാത്മനേന്താമസോന്തേ സപ്തശോ വൈകശഃ.49

പ്രാക്ങേന്തൈഃ അജപൂർവകൈഃ = മുമ്പിൽ ചതുർത്ഥ്യേകവചനാന്തങ്ങളായിരിക്കുന്ന ബ്രഹ്മാദികളോടും, ബ്രഹ്മണേ വിഷ്ണവേ രുദ്രായ ഈശ്വരായ സദാശിവായ ഇങ്ങനെ അഞ്ചിനും ആദിയിലത്തേ പദം, അഥ പൃഥിവ്യാദ്യൈഃ = പിന്നെ പൃഥിവ്യപ്തേജോവായ്വാകാശങ്ങളോടും, ഗന്ധാദിതന്മാത്രൈഃ = ഗന്ധരസസ്പർശശബ്ദങ്ങളായ തന്മാത്രകളോടും, ഘ്രാണമുഖൈഃ = ഘ്രാണജിഹ്വാചക്ഷുസ്ത്വക്ശ്രോത്രങ്ങളോടും, സമാസിഭിഃ ഉപസ്ഥാനന്ദ പൂർവൈഃ = സമാസപദങ്ങളായ ഉപസ്ഥാനന്ദപായുവിസർഗ്ഗപാദഗമനപാണ്യാദാനവാഗ്വചനങ്ങളോടും, സൃഷ്ട്യാദികൃത്യൈഃ = സൃഷ്ടിസ്ഥിതിസംഹാരതിരോഭാവാനുഗ്രഹങ്ങളായ കൃത്യങ്ങളോടും, നിവൃത്ത്യാദിഭിഃ = നിവൃത്തിപ്രതിഷ്ഠാവിദ്യാശാന്തിശാന്ത്യതീതങ്ങളോടുംകൂടി, അന്തേ പൃഥഗാത്മനേന്തനമസഃ = ഒടുക്കം വെവ്വേറെ എല്ലാവറ്റിന്നും ആത്മനേ എന്നും തദന്തത്തുങ്കൽ നമഃ എന്നും കൂടി, താരേഷ്വംശഭവാഃ സമഷ്ടിമനവഃ = പ്രണവത്തിന്റെ അകാരോകാരബിന്ദുനാദഭവങ്ങളായ കലകളുടെ സമഷ്ടി മന്ത്രങ്ങൾ ഭവിക്കും. സപ്തശഃ ഏകശഃ വാ = ഈ സമഷ്ടിമന്ത്രങ്ങൾ - ബ്രഹ്മണേ നമഃ, പൃഥിവ്യാത്മനേ നമഃ, ഗന്ധതന്മാത്രാത്മനേ നമഃ, ഘ്രാണാത്മനേ നമഃ ഉപസ്ഥാനന്ദാത്മനേ നമഃ, സൃഷ്ട്യാത്മനേ നമഃ, നിവൃത്ത്യാത്മനേ നമഃ ഈ ഏഴും അകാരകലകളുടെ സമഷ്ടിമന്ത്രങ്ങൾ. വിഷ്ണവേ നമഃ, അബാത്മനേ നമഃ,

www.shripuram.org
Shripuram Publications
www.shripuram.org

രസതന്ത്രാത്മനേ നമഃ, ജിഹ്വാത്മനേ നമഃ, പായുവിസർഗ്ഗാത്മനേ നമഃ, സ്ഥിത്യാത്മനേ നമഃ, പ്രതിഷ്ഠാത്മനേ നമഃ ഈ ഏഴ് ഉകാരകലകളുടെ സമഷ്ടി.

രുദ്രായ നമഃ, തേജ ആത്മനേ നമഃ, രൂപതന്മാത്രാത്മനേ നമഃ, ചക്ഷുരാത്മനേ നമഃ, പാദഗമനാത്മനേ നമഃ, സംഹാരാത്മനേ നമഃ, വിദ്യാത്മനേ നമഃ ഈ ഏഴും മകാരകലകളുടെ സമഷ്ടി. ഈശ്വരായ നമഃ, വായ്വാത്മനേ നമഃ, സ്പർശതന്മാത്രാത്മനേ നമഃ, ത്വഗാത്മനേ നമഃ, പാണ്യാദാനാത്മനേ നമഃ, തിരോഭാവാത്മനേ നമഃ, ശാന്ത്യാത്മനേ നമഃ ഈ ഏഴും ബിന്ദുകലയുടെ സമഷ്ടി.

സദാശിവായ നമഃ, ആകാശാത്മനേ നമഃ, ശബ്ദതന്മാത്രാത്മനേ നമഃ, ശ്രോത്രതന്മാത്രാത്മനേ നമഃ, വാഗ്വചനാത്മനേ നമഃ, അനുഗ്രഹാത്മനേ നമഃ, ശാന്ത്യതീതാത്മനേ നമഃ ഇതു ഏഴും കൂടി നാദകലകളുടെ സമഷ്ടിമന്ത്രം. വിഷ്ണുവിങ്കൽ ഈശ്വരായ നമഃ എന്നേടത്ത് മഹാവിഷ്ണവേ നമഃ, സദാശിവായ നമഃ എന്നേടത്ത് സദാവിഷ്ണവേ നമഃ ഇങ്ങനെ വേണമെന്നും പക്ഷമുണ്ട്. ഈ ഏഴിന്നും വെവ്വേറേ നമഃ എന്നു കൂടാതെ ഒടുക്കം ഒരിക്കൽ നമഃ എന്നു ചൊല്ലിയാൽ മതി എന്നും പക്ഷമുണ്ട്.

ബ്രഹ്മാവിഷ്ണുരുദ്രേശ്വരൌ സദാശിവ ഇഹേരിതാ ദേവാഃ
അന്ത്യൌ മഹാസദാദ്യൌ വിഷ്ണൌ ക്വാപീതരേ ഗണാഃ പ്രഥിതാഃ. 50

ഇഹ ഈരിതാഃ ദേവാഃ = ഇവിടെ പറയപ്പെട്ട ബ്രഹ്മാദി ദേവന്മാര്, ബ്രഹ്മാ വിഷ്ണുഃ രുദ്രേശ്വരൌ സദാശിവഃ = ബ്രഹ്മണേ നമഃ, വിഷ്ണവേ നമഃ, രുദ്രായ നമഃ, ഈശ്വരായ നമഃ, സദാശിവായ നമഃ ഇങ്ങനെ അഞ്ച്. ക്വാപി അന്ത്യൌ മഹാസദാദ്യൌ വിഷ്ണൌ = വിഷ്ണുദുർഗാശങ്കരനാരായണന്മാരിൽ ഒടുക്കത്തേതു രണ്ട് മഹാവിഷ്ണവേ നമഃ, സദാവിഷ്ണവേ നമഃ എന്നു വേണം. ഇതരേ ഗണാഃ പ്രഥിതാഃ = ശേഷം പൃഥിവ്യാദി അഞ്ചും ഗന്ധാദി തന്മാത്രകളും ശ്രോത്രാദികളും വാഗാദികളും തത്ത്വങ്ങളിൽ പറയപ്പെട്ടിരിക്കുന്നത്.

അത്രാനന്ദവിസർഗ്ഗൌ ഗമനാദാനേ ച വചനമപി വിഷയാഃ
സൃഷ്ടിസ്ഥിതിസംഹാരതിരോഭാവാനുഗ്രഹാസ്തു കൃത്യാനി. 51

അത്ര ആനന്ദവിസർഗൌ ഗമനാദാനേ വചനം അപി വിഷയാഃ = ഇവിടെ ആനന്ദാത്മനേ നമഃ, വിസർഗ്ഗാത്മനേ നമഃ, ഗമനാത്മനേ നമഃ, ആദാനാത്മനേ നമഃ, വചനാത്മനേ നമഃ ഇത് അഞ്ചും വിഷയങ്ങൾ. സൃഷ്ടിസ്ഥിതിസംഹാരതിരോഭാവാനുഗ്രഹാഃ കൃത്യാനി = സൃഷ്ട്യാത്മനേ

www.shripuram.org
Shripuram Publications
www.shripuram.org

നമഃ, സ്ഥിത്യാത്മനേ നമഃ, തിരോഭാവാത്മനേ നമഃ, അനുഗ്രഹാത്മനേ നമഃ ഇങ്ങനെ കൃത്യങ്ങൾ, ശാന്ത്യതീതാദിയും പ്രസിദ്ധങ്ങൾ.

തേജോജാസു സമഷ്ട്യനന്തരമൃചോ വൈവം ച സർവ്വാസു വാ
ചന്ദ്രാർക്കാനലനാദബിന്ദുവിഷരുദ്രാജക്രമാദുദ്ഭവഃ
സൂര്യാബ്ജാനലബിന്ദുനാദവിഷവിഷ്ണ്വദ്യത്ക്രമേണ സ്ഥിതിഃ
കർമ്മാക്ഷാണി കുഹാപി പാദകരപായൂപസ്ഥവാചഃ ക്രമാത്. 52

തേജോജാസു സമഷ്ട്യനന്തരം ഋചഃ വാ = വഹ്നിസൂര്യസോമകലകളിൽ സമഷ്ടി കഴിഞ്ഞ ശേഷം ഒടുക്കം ഋക്കുകളേ ആവാഹിക്കിലുമാം. സർവാസു ഏവം വാ = അകാരാദി കലകളിലും ഇങ്ങനെ ഒടുക്കം ഋക്കുകളേ ആവാഹിക്കാം. ചന്ദ്രാർക്കാനലനാദബിന്ദുവിഷരുദ്രാജക്രമാദ് ഉദ്ഭവഃ = സോമകലാ സൂര്യകലാ വഹ്നികലാ നാദകലാ ബിന്ദുകലാ മകാരകലാ ഉകാരകലാ അകാരകലാ ഇങ്ങനെ കലകളുടെ സൃഷ്ടിക്രമം. സൂര്യാബ്ജാനലബിന്ദുനാദവിഷവിഷ്ണ്വദ്യൽക്രമേണ സ്ഥിതിഃ = സൂര്യകലാ സോമകലാ വഹ്നികലാ ബിന്ദുകലാ നാദകലാ മകാരകലാ അകാരകലാ ഉകാരകലാ ഇങ്ങനെ സ്ഥിതിക്രമം. ഇവിടെ വഹ്ന്യാദികളായി പറഞ്ഞതു സംഹാരക്രമം. ചതുർത്ഥസ്ഥാനത്തുങ്കലേ ശുദ്ധിയിങ്കലും സംഹാരക്രമം വേണ്ടുവത്. സമൃദ്ധ്യർത്ഥമായ കലശത്തുങ്കൽ സൃഷ്ടിക്രമം, ഉത്സവകലശത്തുങ്കൽ സ്ഥിതിക്രമം, ഇങ്ങനെ വേണ്ടുവത് ഇക്കലകളുടെ ധ്യാനങ്ങൾ 'പ്രപഞ്ചസാരാ'ദികളിൽ പറയുന്നതിനേ നോക്കി അറിഞ്ഞുകൊള്ളൂ. കുഹാപി = ചില പക്ഷത്തുങ്കൽ, പാദകരപായൂപസ്ഥവാചഃ ക്രമാത് കർമ്മാക്ഷാണി = പാദം കരം പായു ഉപസ്ഥം വാക്ക് ഇങ്ങനെ കർമ്മേന്ദ്രിയങ്ങൾ.

അനന്തരം പ്രാണപ്രതിഷ്ഠയേ പറയുന്നു.

ഉദ്ഗീഥാന്വിതപാശശക്തിസൃണിനിർബിന്ദ്വന്തധാത്വർണഹോം
സംവർണാനുഗതാ/ജപാത്മതിഥിവർണ്ണൈസ്തത്കലാനാം പദം
സൃണ്യന്തൈര്യുതമേവ വാ പൃഥഗുദീര്യ പ്രാണജീവേന്ദ്രിയാ-
ദ്യൂർദ്ധ്വാംശത്രിതയപ്രഭേദിതമഥ പ്രാണാൻ പ്രതിഷ്ഠാപയേത്. 53

ഉദ്ഗീഥം = പ്രണവം, അന്വിതപാശം = അതിനോടുകൂടിയ ആം, ശക്തി ഹ്രീം, സൃണി ക്രോം, ഓം ആം ഹ്രീം ക്രോം എന്ന്, നിർബിന്ദ്വന്തധാത്വർണം = യരലവശഷസ എന്ന്, ഹോംസംവർണാനുഗതാജപാത്മ = ഹോം സം ഹം സഃ എന്ന്, തിഥി വർണ്ണൈഃ = ഈ പതിനഞ്ച് അക്ഷരങ്ങളോടുകൂടി, തത്കലാനാം പദം = വഹ്നികലാനാം സൂര്യകലാനാം ഇത്യാദി പദത്തേയും ചൊല്ലൂ. സൃണ്യന്തൈഃ യുതം ഏവ വാ = ഓം ആം ഹ്രീം ക്രോം വഹ്നികലാനാം എന്നായിട്ടും ആം. ഇങ്ങനെ മൂന്നിന്റെ

www.shripuram.org
Shripuram Publications
www.shripuram.org

ആദിയായി ഇരിക്കണം. അഥ പ്രാണജീവേന്ദ്രിയാദ്യൂർദ്ധ്വാംശത്രിതയ പ്രഭേദിതം പൃഥഗ് ഉദീര്യ പ്രാണാൻ പ്രതിഷ്ഠാപയേത് = പിന്നെ പ്രാണ ഇത്യാദിയും ഇന്ദ്രിയ ഇത്യാദിയും ആയുള്ള ഊർദ്ധ്വാംശങ്ങളേ വെവ്വേറെ ചൊല്ലി പ്രാണങ്ങളേ സ്ഥാപിപ്പൂ.

പൂർവ്വം പ്രാണാ ഇഹ പ്രാണാഃ പുനർജീവ ഇഹ സ്ഥിതഃ
പുനഃ സർവേന്ദ്രിയാണ്യാദിവാങ്മനശ്ചക്ഷുരക്ഷരം. 54

ശ്രോത്രഘ്രാണയുതപ്രാണാ ഇഹൈവാഗത്യസംയുതം
സുഖം ചിരം തിഷ്ഠന്തു സ്വാഹേത്യൂർദ്ധ്വാംശാസ്ത്രയഃ ക്രമാത്. 55

പൂർവം = മുമ്പിൽ, പ്രാണാഃ = 'പ്രാണാ ഇഹ പ്രാണാഃ' ഇങ്ങനെ മുമ്പിലത്തേ മന്ത്രം, പുനഃ = പിന്നെ, ജീവ ഇഹ സ്ഥിതഃ, പുനഃ = പിന്നെ, സർവേന്ദ്രിയാണി എന്ന് ആദിയായി വാങ്മനശ്ചക്ഷുഃ എന്നുള്ള അക്ഷരം, ശ്രോത്രഘ്രാണ എന്നതിനോടു കൂടി പ്രാണാ എന്നും, ഇഹൈവാഗത്യ എന്നുംകൂടി സുഖം ചിരം തിഷ്ഠന്തു സ്വാഹാ എന്നും, 'സർവേന്ദ്രിയാണി വാങ്മനശ്ചക്ഷുശ്ശ്രോത്രഘ്രാണപ്രാണാ ഇഹൈവാഗത്യ സുഖം ചിരം തിഷ്ഠന്തു സ്വാഹാ' ഇങ്ങനെ മൂന്നാമത്തേ മന്ത്രം. ഇതി ഊർദ്ധ്വാംശാഃ ത്രയഃ ക്രമാത് = ഇങ്ങനെ പ്രാണപ്രതിഷ്ഠ മൂന്നിന്റെ മുകളിലത്തേ ഭാഗങ്ങൾ.

ഇച്ഛാജ്ഞാനക്രിയാഃ ശക്തയ ഇഹ ഗദിതാഃ ശക്തിനാമ്നാം ചിദാന-
ന്ദാത്മാനൌ ശാന്തനാമ്നാംസ്വപദമിഹ സമഷ്ടിർഭവേദാത്മനേന്തം
സ്വേസ്വേ വാ പഞ്ചമന്ത്രാസ്തദുഭയമനവഃ സ്വാർഹക്ലൃപ്ത്യാ ലിപിർവാ
മൂലം വാ പൂരണീ സ്യാദ്യദി ന പുനരനന്താന്തിമാ ബൈന്ദവീനാം. 56

ശക്തിനാമ്നാം = പ്രണവത്തിന്റെ ആറാമത്തേ ശക്തികലകൾക്ക്, ഇച്ഛാജ്ഞാനക്രിയാശക്തയഃ ഗദിതാഃ = ഇച്ഛാശക്ത്യൈ നമഃ, ജ്ഞാനശക്ത്യൈ നമഃ, ക്രിയാശക്ത്യൈ നമഃ ഇങ്ങനെ മൂന്നു കലകൾ. ശാന്തനാമ്നാം = പ്രണവത്തിന്റെ സപ്തമാംശമായ ശാന്തകലകൾക്ക്, ചിദാനന്ദാത്മാനൌ = ചിദാത്മനേ നമഃ, ആനന്ദാത്മനേ നമഃ ഇങ്ങനെ രണ്ടു ശാന്തകലകൾ, ഇഹ ആത്മനേന്തം സ്വപദം സമഷ്ടിഃ ഭവേൽ = ഇവിടെ രണ്ടിനും ആത്മനേ എന്നു കൂടിയ സ്വനാമങ്ങൾ, സമഷ്ടി ശക്ത്യാത്മനേ നമഃ, ശാന്താത്മനേ നമഃ, ഇങ്ങനെ ഭവിക്കും, തദുഭയമനവഃ സ്വാർഹക്ലൃപ്ത്യാ സ്വേ സ്വേ പഞ്ചമന്ത്രാഃ വാ = ഈ രണ്ടു കലകളുടെ മന്ത്രങ്ങൾ തന്റെ ക്രമത്തിനു തക്കവണ്ണം അതാതു ദേവന്മാരുടെ പഞ്ചതത്ത്വങ്ങളേക്കൊണ്ടുമാം, അപ്പോൾ പഞ്ചതത്ത്വങ്ങളിൽ ആദിയിലത്തേ മൂന്നും

www.shripuram.org
Shripuram Publications
www.shripuram.org

ശക്തികലകൾ, ഒടുക്കത്തേതു രണ്ടും ശാന്തകലകൾ. സമഷ്ടി മുമ്പിൽ പറഞ്ഞപോലെ ഈ കലകൾക്ക് ഋക്കുകളില്ല. പ്രാണപ്രതിഷ്ഠാമന്ത്രം കൂടീട്ടും കൂടാതെയും പക്ഷമുണ്ട്. ബൈന്ദവീനാം അനന്താ അന്തിമാ ന യദി = ബിന്ദുകലകൾക്ക് ഒടുക്കത്തേ ക്ഷം അനന്തായ നമഃ എന്ന കൂടാതെയുള്ള പക്ഷത്തുങ്കൽ, ലിപിഃ വാ മൂലം വാ പൂരണീ സ്യാത് = ഒടുക്കം അമ്പത്തിയൊന്ന് അക്ഷരമായി ലിപികൊണ്ടു താൻ മൂലംകൊണ്ടുതാൻ സംഖ്യാപൂരണത്തിന്നായിക്കൊണ്ട് ഒരു കലകൂടി കൂട്ടിക്കൊള്ളൂ. കലകൾ ഒക്കെയുംകൂടി തൊണ്ണൂറ്റിനാലെണ്ണം എന്ന നേമവും ഉണ്ട്. ബിന്ദുകലകൾ നാലെങ്കിൽ ഒടുക്കം പൂരണീകലയേക്കൂടി ആവാഹിക്കണം.

തത്തദ്വർഗ്യാഃ പൃഥഗിഹ കലാഃ സന്നിധാപ്യ ക്രമേണ
സ്വർച്ചാ ചൈതത്സമുദിതസമഷ്ട്യാത്മനാ/ഥാഭിവാഹ്യ
ദോഷ്ണാ ശംഖോദകമഭിമൃശൻ സ്വാസുസംസ്ഥാപനാണം
മന്ത്രീ സമ്മന്ത്രയതു ച കലാവാഹനപ്രക്രിയേയം. 57

തത്തദ്വർഗ്യാഃ കലാഃ പൃഥക് ക്രമേണ സന്നിധാപ്യ = ഈ ശംഖജലത്തിൽ വഹ്നികല തുടങ്ങിയിരിക്കുന്ന ഓരോരോ വർഗ്ഗങ്ങളിലുള്ള കലകളേ വെവ്വേറെ ആവാഹിച്ച്, സ്വാർച്ചാ ഏതത് സമുദിതസമഷ്ട്യാത്മനാ ച അഭിവാഹ്യ = ആവാഹിതകലകളുടെ ഋക്കുകൊണ്ടും സമഷ്ടികൊണ്ടും ഒടുക്കമാവാഹിച്ച്, ദോഷ്ണാ ശംഖോദകം അഭിമൃശൻ സ്വാസുസംസ്ഥാപനാണം സമ്മന്ത്രയതു = വലത്തു കൈകൊണ്ടു ശംഖജലത്തേ തൊട്ടു അതാതു കലകളുടെ പ്രാണപ്രതിഷ്ഠാമന്ത്രങ്ങളേ ജപിപ്പൂ. ഇയം കലാവാഹനപ്രക്രിയാ = കലാവാഹനകളുടെ ക്രിയാക്രമം ഇപ്രകാരം, തൊണ്ണൂറ്റി നാലു കലകളേയും അതത് ഋക്സമഷ്ടികളേയും ആവാഹിപ്പൂ.

മൂലമന്ത്രചിദുപോദ്ബലിതം തദ്വാരി മൂലമനനാ കലശേ/സ്മിൻ
സന്നിധായ കുസുമാഞ്ജലിപൂർവം വ്യാപ്യവിന്യസതു തത്ര കലാസ്താഃ. 58

മൂലമന്ത്രചിദുപോദ്ബലിതം തദ്വാരി = ഒടുക്കം തത്തന്മൂലമന്ത്രംകൊണ്ടും ആവാഹിച്ച് ആവാഹനമുദ്രകളേ കാട്ടി സകളീകരിച്ചു പൂജിച്ച് തച്ചൈതന്യംകൊണ്ടു പ്രകാശിച്ചിരിക്കുന്ന സമസ്തകലാചൈതന്യത്തോടുകൂടി ഇരിക്കുന്ന ശംഖജലത്തേ, മൂലമനനാ അസ്മിൻ കലശേ സന്നിധായ = മൂലമന്ത്രംകൊണ്ട് ഈ ബ്രഹ്മകലശത്തുങ്കൽ യോജിപ്പിച്ച്, കുസുമാഞ്ജലിപൂർവം വ്യാപ്യ തത്ര താഃ കലാഃ വിന്യസതു = പുഷ്പങ്ങളേ ആരാധിച്ച് ആവാഹനമുദ്രകളേ കാട്ടി വ്യാപകവും ചെയ്ത് ആ കലകളേ ഒക്കെയും കലശത്തുങ്കൽ ന്യസിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

ത്ര്യാധാരേ സ്വകലാദലാംബുജദലേഷ്വഗ്ര്യാദിതസ്തൈജസീഃ
പദ്ദോസ്സന്ധിതദഗ്രപായുവൃഷണേ/ന്ധൌ നാഭികുക്ഷ്യോർഹൃദി
പാർശ്വദ്വന്ദ്വപരാക്കകുത്സു ച കലാ ന്യസ്യേദ് ഗളേ സാനനേ
സഭ്രൂകേ പ്രതിസംസ്ഥിതസ്വരപദേഷ്വപ്യാദിപഞ്ചാംശജാഃ. 59

ത്ര്യാധാരേ = മൂലാധാരത്തിങ്കലും ഹൃദയത്തിങ്കലും ഭ്രൂമദ്ധ്യത്തിങ്കലും, സ്വകലാദലാംബുജദലേഷു = അതാത കലകളോടുതുല്യങ്ങളായിരിക്കുന്ന ദലങ്ങളോടുകൂടിയ പദ്മങ്ങളുടെ ദലങ്ങളിൽ, അഗ്ര്യാദിനാ = മുകളിലേ ദളങ്ങളിൽ തുടങ്ങി, തൈജസീഃ = വഹ്നികലകളേയും സൂര്യകലകളേയും സോമകലകളേയും ന്യസിപ്പൂ. പദ്ദോഃസന്ധിതദഗ്രപായുവൃഷണേ = പിന്നെ കാലിന്റെ മടക്കുകളിലും അഗ്രത്തിങ്കലുമായി പത്തു സ്ഥാനങ്ങളിൽ അകാരകലകളേയും പിന്നെ സന്ധ്യഗ്രങ്ങളായ പത്തു സ്ഥാനങ്ങളിൽ ഉകാരകലകളേയും, പായുദേശത്തും വൃഷണത്തിങ്കലും, അന്ധൌ നാഭികുക്ഷ്യോഃ = ലിംഗസ്ഥാനത്തും നാഭിയിങ്കലും വയറ്റിലും, ഹൃദി = ഹൃദയത്തിങ്കലും, പാർശ്വദ്വന്ദ്വപരാക്കകുത്സു = വലത്തു ഭാഗത്തും ഇടത്തുപുറത്തും പുറകിലും കഴുത്തിന്റെ പുറത്തും ഈ പത്തു സ്ഥാനങ്ങളിൽ മകാരകലകളേയും, ഗളേ സാനനേ സഭ്രൂകേ = കഴുത്തിലും മുഖത്തിങ്കലും പുരികങ്ങൾ രണ്ടിലും വെവ്വേറെയും ശിരസ്സിലും ഇങ്ങനെ അഞ്ചു സ്ഥാനങ്ങളിൽ ബിന്ദുകലകളേയും, അഞ്ചെങ്കിൽ ഇങ്ങനെയും, നാലു എങ്കിൽ ശിരസ്സു കൂടാതെയും, പ്രതിസംസ്ഥിതസ്വരപദേഷു = വിപരീതമായ അച്ചുകൾ പതിനാറിന്റേയും സ്ഥാനങ്ങളിൽ നാദകലകൾ പതിനാറിനേയും, ആദിപഞ്ചാംശജാഃ കലാഃ ന്യസ്യേത് = പ്രണവത്തിന്റെ അകാരോകാരമകമകാരബിന്ദുനാദജങ്ങളായ കലകളേ ന്യസിപ്പൂ. ഇവിടെ അപ്രതിസംസ്ഥിതസ്വരപദേഷു ഇങ്ങനെ പദമായിട്ടും പക്ഷമുണ്ടാകയാൽ ക്രമമായിരിക്കുന്ന അച്ചുകളുടെ സ്ഥാനത്തായിട്ടും നാകദലകളേ ന്യസിക്കാം. 'വിവരണ'ത്തിൽ ഇങ്ങനെയും പറയുന്നുണ്ട്.

കലാന്യാസത്തിങ്കൽ പക്ഷാന്തരത്തേ പറയുന്നു.

പദ്ദോർയുക്തലനാസികാദ്വിഭുജപാർശ്വേഷ്വാർണജാ വോദിതാ
ന്യസ്യാഃ പായുശിവോരുജാനുനളകാസ്ഫിക്ഷു ക്രമാന്മാർണജാഃ
ഹൃദ്ഗ്രീവാംസയുഗോരുനാഭ്യുദരവക്ഷോരോജകേ ബൈന്ദവീഃ
ശക്രാർക്കീന്ദുജലേശകേഷ്വഥ കലാസ്ഥാനേ കലാ നാദജാഃ. 60

പദ്ദോർയുക്തലനാസികാദ്വിഭുജപാർശ്വേഷു ആർണ്ണജാഃ = പാദതലം രണ്ടിലും കരതലം രണ്ടിലും നാസിക രണ്ടിലും കൈകൾ രണ്ടിലും പാർശ്വങ്ങൾ രണ്ടിലും അകാരകലകൾ പത്തും, പായുശിവോരുജാനുനളകാസ്ഫിക്ഷു ക്രമാത് ഊദിതാഃ = ഗുദത്തിങ്കലും ലിംഗത്തിങ്കലും തുടകൾ

www.shripuram.org
Shripuram Publications
www.shripuram.org

രണ്ടിലും മുട്ടുകൾ രണ്ടിലും കാൽച്ചുവട്ടു രണ്ടിലും ആസനം രണ്ടിലും ഉകാരകലകൾ പത്തും, ഹൃദഗ്രീവാം സയുഗോരുനാഭ്യുദരവക്ഷോജകേ = ഹൃദയത്തിങ്കലും കഴുത്തിലും തോൾ രണ്ടിലും തുടകളിലും നാഭിയിങ്കലും ഉദരത്തിങ്കലും മുലകൾ രണ്ടിലും, മാർണ്ണജാഃ = മകാരകലകൾ പത്തും, ശക്രാർക്കീന്ദുജലേശകേഷു = കുംഭമുഖത്തിങ്കൽ കിഴക്കും തെക്കും വടക്കും പടിഞ്ഞാറും മുകളിലും, ബൈന്ദവീഃ = ബിന്ദുകലകളും, അഥ കലാസ്ഥാനേ നാദജാഃ കലാഃ ച ന്യസ്യാഃ വാ = അച്ചുകൾ പതിനാറിന്റെ സ്ഥാനത്തു നാദകലകളും ന്യസിക്കപ്പെട്ടുവാൻ ശക്യങ്ങളായി ഭവിക്കും.

തത്തദ്വർഗ്യകലാന്തതസ്തദുദിതേ സ്ഥാനേഽഖിലേ വ്യാപയേ-
ദ്ധങ്മന്ത്രൈസ്സസമഷ്ടിഭിഃ സഹ നിജപ്രാണപ്രതിഷ്ഠാണുഭിഃ
ഊർവോസ്ത്രിഃ പ്രണവം ഹൃദി ത്രിരജപാം ജപ്ത്വാ ഹൃദിസ്ഥാദിനാ
മന്ത്രേണാഭിമൃശേദ്ധൃദി ന്യസനക്ലൃപ്തിഃ സ്യാത് കലാനാമിതി. 61

തത്തദ്വർഗ്യകലാന്തതഃ = അതാതു വർഗ്ഗങ്ങളായുള്ളതിൽ ഒരു കലാവർഗ്ഗം ന്യസിച്ചാൽ, തദുദിതേ അഖിലേ സ്ഥാനേ ഝങ് മന്ത്രൈഃ സസമഷ്ടിഭിഃ നിജപ്രാണപ്രതിഷ്ഠാണുഭിഃ സഹ വ്യാപയേത് = അക്കലകളെ ന്യസിച്ച സ്ഥാനത്തു ഒക്കെയും അതിന്റെ ഝക്കുകൊണ്ടും സമഷ്ടിമന്ത്രംകൊണ്ടും പ്രാണപ്രതിഷ്ഠാമന്ത്രങ്ങളേക്കൊണ്ടും വ്യാപകങ്ങളേ ചെയ്വൂ. ഊർവോ ത്രിഃ പ്രണവം ഹൃദി ത്രിഃ അജപാം ജപ്ത്വാ = വ്യാപകാനന്തരം തുടകളുടെ സ്ഥാനത്തു രണ്ടെടത്തും തൊട്ട് മൂന്നുരു പ്രണവത്തേയും ഹൃദയത്തിൽ തൊട്ടു ഹംസഃ എന്ന മന്ത്രത്തേയും ജപിച്ച്, ഹൃദിസ്ഥാദിനാ മന്ത്രേണ അഭിമൃശേത് = ഹൃദയത്തിങ്കൽ 'ഹൃദിസ്ഥാ ദേവതാ' ഇത്യാദി മന്ത്രംകൊണ്ട് തൊട്ടുജപിപ്പൂ. ഇങ്ങനെ എല്ലാ കലകൾക്കും പ്രത്യേകം ചെയ്വൂ. ഇതി കലാനാം ന്യസനക്ലൃപ്തിഃ സ്യാത് = ഇപ്രകാരം കലകളുടെ ന്യാസക്രമം ഭവിക്കും.

'ഹൃദിസ്ഥാ ദേവതാഃ സർവാ ഹൃദയേ നിത്യസംസ്ഥിതാഃ
ഹൃദി സർവം സമർപ്പയാമി ഹൃദി പ്രാണാഃ പ്രതിഷ്ഠിതാഃ.'

ഇങ്ങനെ ഹൃദിസ്ഥാദിമന്ത്രം.

തിസ്രോ ന്യസേച്ഛക്തികലാസ്ത്രിഷു സ്വേ-
ഷ്വാധാരപദ്മേഷു ഹൃദീതരേ ദ്വേ
മന്ത്രാഃ നിജാഃ പഞ്ച കലാ യദി സ്യുഃ
സ്ഥാനേഷു താഃ സ്വേഷ്വഥ മാതൃകാം ച. 62

Shripuram Publications www.shripuram.org

സ്വേഷു ത്രിഷു ആധാരപദ്മേഷു തിസ്രഃ ശക്തികലാഃ = കലശത്തി

ന്റെ മൂലാധാരഹൃദയഭ്രൂമദ്ധ്യങ്ങളിൽ ശക്തികലകൾ മൂന്നിനേയും ന്യസി പ്പൂ, ഹൃദി ഇതരേ ദ്വേ = ഹൃദയത്തുങ്കൽ ഈശാനകലകൾ രണ്ടിനേയും, ന്യസേത് = ന്യസിപ്പൂ, നിജാഃ പഞ്ചമന്ത്രാഃ കലാഃ യദി = തന്റെ പഞ്ച തത്ത്വങ്ങൾ ശക്തിശാന്തകലകൾ എങ്കിൽ, താഃ സ്വേഷു സ്ഥാനേഷു = ആക്കലകൾ പഞ്ചതത്ത്വസ്ഥാനങ്ങളിൽ ന്യസിപ്പൂ, അഥ മാതൃകാം ച = പിന്നെ ലിപിയേയും ന്യസിപ്പൂ.

മൂലാംഗന്യാസം ച കൃത്വാ/ർച്ചയിത്വാ
വിദ്യാദേഹാത്മനമാവാഹ്യ തസ്മിൻ
മൂലാദ്യേന സ്വേന നാമ്നാ ചതുർത്ഥീ-
നത്യന്തേന ന്യസ്യ സാംഗം യജേച്ച. 63

മൂലാംഗന്യാസം ച കൃത്വാ അർച്ചയിത്വാ = പിന്നെ മൂലാംഗത്തേ യും അക്ഷരത്തേയും ന്യസിച്ച് അർഘ്യാദികളേ കൊടുത്ത് കലകളേയും ളുക്സമഷ്ടികളേയും കൂടി മൂലംകൊണ്ടു പൂജിച്ച് മാനസപൂജയും ചെയ്ത്, തസ്മിൻ = ആ കലശത്തുങ്കൽ, മൂലാദ്യേന ചതുർത്ഥീ നത്യന്തേന സ്വേന നാമ്നാ വിദ്യാദേഹാത്മാനം ആവാഹ്യ = മൂലം ആദിയായി ചതുർത്ഥീ വിഭക്തിയോടും നമഃ എന്നതിനോടുംകൂടി 'ഓം നമോ നാരായണയ വി ദ്യാമൂർത്തയേ നമഃ' എന്ന മന്ത്രംകൊണ്ടു വിദ്യാമൂർത്തിയേ ആവാഹിച്ച്, സാംഗം ന്യസ്യ = മൂലാക്ഷരാംഗങ്ങളേ ന്യസിച്ച്, യജേത് ച = മൂർത്തി പൂജ ചെയ്ത് അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ.

പ്രാഗ്വച്ഛംഖഗൃഹീതവാര്യുപഹിതൈതന്മൂർത്തികേ/നുക്രമാ-
ഭാവാഹ്യാഖിലതത്ത്വകാനി മനുചൈതന്യോർജ്ജിതം തജ്ജലം
കുംഭേ/സ്മിൻ പ്രണിധായ മൂലമനുനാ വ്യാപയ്യ വിന്യസ്യ ത-
ത്തത്ത്വവ്രാതമപി സ്വമൂലമനുവർണ്ണാംഗാന്തമഭ്യർച്ചയേത്. 64

പ്രാഗ്വത് ശംഖഗൃഹീതവാരി = പിന്നെ മുമ്പിലേപ്പോലെ ശംഖിൽ ജലദ്രോണിയിങ്കൽനിന്നു വെള്ളമെടുത്ത് പീഠം പൂജിച്ചാൽ, ഉപഹിതൈ തന്മൂർത്തികേ = മൂർത്തിയേ കല്പിച്ചിരിക്കുന്ന ശംഖജലത്തിൽ, അഖില തത്ത്വകാനി അനുക്രമാദ് ആവാഹ്യ = ജീവാദി തത്ത്വങ്ങളേ ഒക്കെയും ക്രമേണ ആവാഹിപ്പൂ. ശിവങ്കൽ ശിവാദിതത്ത്വങ്ങളേ ആവാഹിപ്പൂ. മ നുചൈതന്യോർജ്ജിതം തജ്ജലം അസ്മിൻ കുംഭേ പ്രണിധായ = ഒടു ക്കം മൂലംകൊണ്ടും ആവാഹിച്ചു പൂജിച്ചിരിക്കുന്ന ശംഖജലത്തേ ബ്രഹ്മ കലശത്തിൽ നിറച്ച്, മൂലമനുനാ വ്യാപയ്യ തത്തത്ത്വവ്രാതം വിന്യസ്യ = പുഷ്പാരാധനപൂർവം വ്യാപകത്തേ ചെയ്ത് അത്തത്ത്വങ്ങളേ ഒക്കെയും ന്യസിച്ച്, സ്വമൂലമനുവർണാംഗാന്തം = മൂലാക്ഷരാംഗങ്ങളേയും ന്യസി

www.shripuram.org
Shripuram Publications
www.shripuram.org

ച്ച് അർഘ്യാദി കൊടുത്തു തത്ത്വങ്ങളോടുകൂടി മൂർത്തിപൂജയും ചെയ്ത് അർഘ്യം കൊടുത്തു മാനസപൂജയും ചെയ്‌വൂ. പിന്നെ അത്ര പരാവാഹനയും ജീവാവാഹനയും സ്ഥൂലവാഹനയും ഉപദേശംപോലെ ചെയ്‌വൂ.

അസ്ത്രാണുനാ ഘടമുഖം നവചൂതബോധി-
ശാഖാഗ്രപല്ലവസതണ്ഡുലചക്രികാദിഃ
ദർഭാദികൈരപി വിഭൂഷ്യ നവേന വാസോ-
യുഗ്മേന വർമമനുനാ പരിവേഷ്ടയേച്ച. 65

നവചൂതബോധിശാഖാഗ്രപല്ലവസതണ്ഡുലചക്രികാദിഃ ഘടമുഖം അസ്ത്രാണുനാ വിഭൂഷ്യ = നല്ല മാവിന്റെ തളിരുകൊണ്ടും അരയാലിന്റെ തളിരുകൊണ്ടും അക്ഷതവും പുല്ലും നിറച്ച ചക്രികകൊണ്ടും കലശത്തിന്റെ മുഖത്തേ അസ്ത്രമന്ത്രംകൊണ്ടുമലങ്കരിച്ച് ദർഭാദികൈഃ = ദർഭമാലാദികളേക്കൊണ്ടും അലങ്കരിച്ച്, നവേന വാസോയുഗ്മേന വർമമനുനാ പരിവേഷ്ടയേത് ച = നൂതനമായിരിക്കുന്ന രണ്ടു വസ്ത്രങ്ങളേക്കൊണ്ടു കലശത്തേ ചാർത്തി മാലയും കൂർച്ചവും വച്ചേപ്പൂ.

അത്രാഭിവാഹ്യ മനുവിഗ്രഹമാദിദേവം
കല്പക്രമേണ പരിപൂജ്യതതോ ധിനോത്വ
മന്ത്രാൻ പ്രജപ്യ പരിരക്ഷ്യ കൃതാഭ്യനുജ്ഞോ
മന്ത്രീതതഃ പരിഘടാർച്ചനമാരഭേത. 66

അത്ര മനുവിഗ്രഹം ആദിദേവം അഭിവാഹ്യ = അവിടെ മന്ത്രമൂർത്തിയായിരിക്കുന്ന മൂലദേവനേ ആവാഹിച്ചു ഷഡംഗന്യാസാദി ചെയ്തു സകളീകരിച്ച്, കല്പക്രമേണ പരിപൂജ്യ തതഃ ധിനോത്വ = സപരിവാരമായി പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്‌വൂ. മന്ത്രാൻ പ്രജപ്യ = വേദമന്ത്രങ്ങളേയും ആഗമമന്ത്രങ്ങളേയും പ്രതിമയിങ്കലേപ്പോലെ തൊട്ടുജപിച്ചു, പരിരക്ഷ്യ കൃതാഭ്യനുജ്ഞഃ മന്ത്രീ = താലത്രയാദി ചെയ്തു രക്ഷിച്ചു ബ്രഹ്മകലശത്തുങ്കൽനിന്ന് അനുജ്ഞയേ പ്രാർത്ഥിച്ച് ആചാര്യൻ, തതഃ പരിഘടാർച്ചനം ആരഭേത = പിന്നെ പരികലശപൂജയേ ആരംഭിപ്പൂ. ഇങ്ങനെ ബ്രഹ്മകലശപൂജ.

അനന്തരം സംഘാതദ്രവ്യങ്ങളെ പറയുന്നു.

സംഹത്യാ വിനിയോജ്യം ദ്രവ്യഗണം താവദത്ര കഥയാമി
ബഹുധാഽഭിധാസ്യമാനസ്നപനവിധാസു പ്രതീതയേ പൂർവ്വം. 67

അത്ര പൂർവ്വം ബഹുധാ അഭിധാസ്യമാനസ്നപനവിധാസു പ്രതീതയേ = ഇവിടെ മുമ്പിൽതന്നെ പല പ്രകാരേണയും പറവാൻ ഭാവിച്ചി

www.shripuram.org
Shripuram Publications
www.shripuram.org

രിക്കുന്ന കലശങ്ങളിലേ ദ്രവ്യന്യാസവിധാനങ്ങളേ എളുപ്പമായിട്ട് അറിയേണ്ടതിന്നായിക്കൊണ്ട്, സംഹത്യാ = സമൂഹരൂപേണ ഒന്നായിട്ടു, വിനിയോജ്യം ദ്രവ്യഗണം താവൽ കഥയാമി = ഒന്നിച്ചുകൂട്ടി എടുക്കേണ്ട ദ്രവ്യങ്ങളെ ഒക്കെയും പറയുന്നു. താവത് എന്നുള്ളതിന്നു സാകല്യം എന്ന് അർത്ഥം.

നിശാശാലീചൂർണ്ണാക്ഷതമണിഹിരണ്യം മുരജിതി
സ്മൃതം സ്നാനോദം തദ്വിചരമയുതം ഗന്ധസലിലം
ശിവേ ശാന്ത്യംഭഃ സുംഭജിതി കുശദൂർവേ ച ശതമൂ-
ല്യപി വ്യാഘ്രീ സിംഹീ സുമതിഭിരഹൌഷധ്യ ഉദിതാഃ. 68

മുരജിതി നിശാശാലീചൂർണ്ണാക്ഷതമണിഹിരണ്യം സ്നാനോദം = വിഷ്ണുവിങ്കൽ മഞ്ഞപ്പൊടിയും നെല്ലു പൊടിച്ചതും അക്ഷതവും നവരത്നസ്വർണ്ണവും കൂടിയാൽ സ്നാനദ്രവ്യം. ശിവേ തദ്വിചരമയുതം ഗന്ധസലിലം ശാന്ത്യംഭഃ സ്മൃതം = ശിവങ്കൽ ഒടുക്കം പറഞ്ഞ അക്ഷതവും നവരത്നസ്വർണ്ണവും അഷ്ടഗന്ധജലവും കൂടിയത് ശാന്ത്യംഭസ്സ് എന്നു പറയും. സുംഭജിതി കുശദൂർവേ ശതമൂലീ വ്യാഘ്രീ സിംഹീ ച ഓഷധ്യഃ ഉദിതാഃ = ദുർഗ്ഗയിങ്കൽ കുശയും കറുകയും കുന്തിരിക്കയും ചെറുവഴുതിനയും കൂടിയത്, ഓഷധീദ്രവ്യം എന്ന് ഉക്തങ്ങളായി. സുമതിഭിഃ എന്നു വിദ്വാന്മാരാൽ.

ക്രാന്തിശ്യാമാകപദ്മാർത്തവകുശതുളസീബൈല്വഗന്ധാക്ഷതംസ്യാ-
ച്ഛാർങ്ഗീശേ പാദ്യമാദ്യത്രിതയമിഹ ഹരൌ സുംഭഹന്ത്ര്യാം സരാജിഃ
ശ്യാമാകഃ സ്കന്ദവിഘ്നസ്മരജിതി തിലരാജ്യദ്രിമൃത്സ്നാസ്സമുക്തം
ദൂർവാ ചൈതേഷു ശാസ്തര്യഥ തിലരജനീഗന്ധപുഷ്പാക്ഷതാനി. 69

ശാർങ്ഗീശേ ക്രാന്തിശ്യാമാകപദ്മാർത്തവകുശതുളസീ ബൈല്വഗന്ധാക്ഷതം പാദ്യം സ്യാത് = ശങ്കരനാരായണങ്കൽ വിഷ്ണുക്രാന്തിയും കൈവട്ടകയും താമരപ്പൂവും കുശയും തുളസിയും കൂവളക്കായും അഷ്ടഗന്ധവും അക്ഷതവും കൂടിയത് പാദ്യദ്രവ്യം. ഹരൌ ഇഹ ആദ്യത്രിതയം = വിഷ്ണുവിങ്കൽ ഇവിടെ പറഞ്ഞ ആദിയിലത്തേ മൂന്ന് ക്രാന്തിശ്യാമാകപദ്മാർത്തവങ്ങൾ പാദ്യദ്രവ്യമായി ഭവിക്കും. സുംഭഹന്ത്ര്യാം സരാജിഃ ശ്യാമാകഃ = ദുർഗ്ഗയിങ്കൽ കടുകും കവിട്ടയും പാദ്യദ്രവ്യം, സ്കന്ദവിഘ്നസ്മരജിതി തിലരാജ്യദ്രിമൃത്സ്നാഃ = സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും ശിവങ്കലും എള്ളും കടുകും പർവതത്തേലേ മണ്ണും കൂടിയത് പാദ്യദ്രവ്യം. ഏതേഷു ദൂർവാ ച = ഈ ആറു ദേവന്മാരിലും കറുകയും കൂട്ടിക്കൊള്ളണം. അഥ ശാസ്തരി തിലരജനീഗന്ധപുഷ്പാക്ഷതാനി = ശാസ്താവിങ്കൽ

www.shripuram.org
Shripuram Publications
www.shripuram.org

എള്ളും മഞ്ഞളും അഷ്ടഗന്ധവും തുളസിപ്പൂവും അക്ഷതവും കൂടിയത് പാദ്യം. സമുക്തം പാദ്യദ്രവ്യമായിട്ടു പറയപ്പെട്ടു.

ആര്യേ/ർഘ്യം ക്ഷീരരാജ്യാർത്തവതിലകുശഗന്ധാ ഇമേ സാക്ഷതോദാഃ
ദുർഗ്ഗായാം ഗന്ധപുഷ്പസ്ഥലഗദധിയവാഃ സാക്ഷതോദാസ്ത ഏവ
ശർവസ്കന്ദദ്വിപാസ്യേ/ക്ഷതഫലയവയുക്താ വിദുഃധാ ഹരൌ തേ
സമ്പ്രോക്തം സ്യാദ്വചാഡ്യാഃ പുരമുരമഥനേ സർവ്വ ഏവാഖിലോക്താഃ .70

ആര്യേ ക്ഷീരരാജ്യാർത്തവതിലകുശഗന്ധാഃ അർഘ്യം = ശാസ്താവിങ്കൽ പാലും കടുകും താമരപ്പൂവും എള്ളും കുശയും അഷ്ടഗന്ധവും കൂടിയത് അർഘ്യദ്രവ്യം. ദുർഗ്ഗയാം സാക്ഷതോദാഃ ഇമേ = ദുർഗ്ഗയിങ്കൽ അക്ഷതജലത്തോടുകൂടിയ ശാസ്താവിങ്കൽ പറഞ്ഞ പാൽ തുടങ്ങിയ ആറും കൂടിയത് അർഘ്യദ്രവ്യം. ശർവ്വസ്കന്ദദ്വിപാസ്യേ സാക്ഷതോദാഃ ഗന്ധപുഷ്പസ്ഥലഗദധിയവാഃ തേ ഏവ അർഘ്യം = ശിവങ്കലും സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും അക്ഷതജലത്തോടും കൂടിയും ഗന്ധപുഷ്പങ്ങൾ കൂടാതെ തത്സ്ഥാനത്തു തൈരും യവവും കൂടിയും ശാസ്താവിങ്കലേതു തന്നെ അർഘ്യദ്രവ്യമായി ഭവിക്കും. ഹരൌ വിദുഃധാ അക്ഷതഫലയവയുക്താഃ തേ ഏവ = വിഷ്ണുവിങ്കൽ പാലു കൂടാതെയും അക്ഷതവും കദളിക്കായും യവവും കൂട്ടിയും ശാസ്താവിങ്കലേതു തന്നെ അർഘ്യദ്രവ്യം. പുരമുരമഥനേ അഖിലോക്താഃ സർവേ ഏവ വചാഡ്യഃ അർഘ്യം സംപ്രോക്തം സ്യാത് = ശങ്കരനാരായണങ്കൽ ഇവിടെ എല്ലാവർക്കും പറഞ്ഞതു ഒക്കയും വയമ്പും കൂടിയത് അർഘ്യദ്രവ്യമായി പറയപ്പെട്ടു.

തക്കോലജാതിസലവംഗശശാങ്കഗന്ധ-
പുഷ്പം ഹരീശിതരി നാന്ത്യയുഗം രമേശേ
നാന്തിത്രയം ശിവഗണേശഗുഹേ ലവംഗ-
ഗന്ധാംബുപദ്മമയമാചമനം പ്രഭേശേ. 71

ഹരീശിതരി തക്കോലജാതിസലവംഗശശാങ്കഗന്ധപുഷ്പം ആചമനം = ശങ്കരനാരായണങ്കൽ തക്കോലപ്പുട്ടലും ജാതിക്കയും എലവർങ്ങത്തൊലിയും കർപ്പൂരവും ചന്ദനവും തുളസിപ്പൂവും കൂടിയത് ആചമനദ്രവ്യം. രമേശേ അന്ത്യയുഗം ന = വിഷ്ണുവിങ്കൽ ഒടുക്കത്തേ ഗന്ധപുഷ്പം കൂടാതെ തക്കോലവും ജാതിക്കായും എലവർങ്ങവും കർപ്പൂരവും കൂട്ടിയത്, ആചമനദ്രവ്യം ശിവഗണേശഗുഹേ അന്ത്യത്രയം ന = ശിവങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും ഒടുക്കത്തേ മൂന്നും കൂടാതെ തക്കോലവും ജാതിക്കയും ഇലവർങ്ങവും കൂടിയാൽ ആചമനദ്രവ്യം, പ്രഭേശേ ലവംഗഗന്ധാംബുപദ്മമയം ആചമനം = ശാസ്താവിങ്കൽ ഇലവർങ്ങവും

Shripuram Publications
www.shripuram.org

അഷ്ടഗന്ധജലവും പതിമുകവും കൂടിയത് ആചമനദ്രവ്യം. ദുർഗ്ഗയിങ്കൽ വൈഷ്ണവം തന്നെ.

ശ്രീശേ ബില്വദ്വിജഗ്രന്ഥിലഖദിരശമീരാ ഹരീശേ സഹൈതൈ-
ജംബൂനീപാമ്രകാരഗ്വധപനസമധൂകാസ്തുരീയഃ കുമാര്യാം
മാധൂകബ്രഹ്മശൈരീഷകപനസരസാലാ മഹേശേ പ്രഭേശേ
ക്ഷീര്യാഖ്യാസ്തേ ച ശേഷേഷ്വജിതഗിരിശയോഃ പ്ലക്ഷഹീനാഃ
കഷായേ. 72

ശ്രീശേ ബില്വദ്വിജഗ്രന്ഥിലഖദിരശമീരാഃ കഷായേ = വിഷ്ണുവിങ്കൽ കൂവളവും, പ്ലാശും, വയ്യംകതയും, കരിങ്ങാലിയും, വഹ്നിയും ഇവറ്റിന്റെ തൊലികൾ കഷായത്തിൽ ഭവിക്കും, ഹരീശേ ഏതൈഃ സഹജംബൂനീപാമ്രകാരഗ്വധപനസമധൂകാഃ = ശങ്കരനാരായണങ്കൽ ഈ വിഷ്ണുവിങ്കൽ പറഞ്ഞ അഞ്ചിനോടും കൂടി ഞാവലും കടമ്പും മാവും കൊന്നയും പ്ലാവും ഇലിപ്പയും ഇവറ്റിന്റെ തൊലികളും കൂടിയാൽ കഷായദ്രവ്യം. മഹേശേ മാധൂകബ്രഹ്മ ശൈരീഷകപനസരസാലാഃ = ശിവങ്കൽ ഇലിപ്പയും പ്ലാശും നെന്മേനിവാകയും പ്ലാവും മാവും ഇവറ്റിന്റെ തൊലികൾ കഷായദ്രവ്യം, കുമാര്യാം തുരീയഃ = ദുർഗ്ഗയിങ്കൽ വിഷ്ണുക്കത്തിൽ നാലാമത്തേ കരിങ്ങാലിത്തൊലിതന്നെ കഷായദ്രവ്യം, പ്രഭേശേ ക്ഷീര്യാഖ്യാഃ = ശാസ്താവിങ്കിൽ ക്ഷീരികളായ നാല്പാമരത്തൊലികൾ നാലും കൂടിയതു കഷായദ്രവ്യം, ശേഷേഷ്വതേ ച = ശേഷം എല്ലാവർക്കും നാല്പാമരത്തൊലികൾകൂടി ഇരിക്കയും വേണം. അജിതഗിരിശയോഃ തേ പ്ലക്ഷഹീനാഃ = വിഷ്ണുവിനും ശിവനും നാല്പാമരത്തിൽ ഇത്തി എടുക്കയും വേണ്ട. ഇങ്ങനെ കഷായദ്രവ്യങ്ങൾ.

ന്യഗ്രോധദ്രുരുദുംബരശ്ചലദലപ്ലക്ഷൌ രസാലദ്വിജൌ
ശൈരീഷഃ സമധൂകദാരുരപി സേനാന്യാം കഷായോചിതാഃ
ഓഷധ്യോഽത്ര സുവർച്ചലാമലവചാ ബ്രാഹ്മീ തഥാ ശംഖപു-
ഷ്പ്യദ്രിഷ്ടാസ്സശതാവരീ സഹസഹാ ക്രാന്തിശ്ചലക്ഷ്മീരപി. 73

സേനാന്യാം = സുബ്രഹ്മണ്യങ്കൽ, ന്യഗ്രോധദ്രുഃ = പേരാലും, ഉദുംബരഃ = അത്തിയും, ചലദലപ്ലക്ഷൌ = അരയാലും ഇത്തിയും രസാലദ്വിജൌ = മാവും പ്ലാശും, ശൈരീഷഃ = നെന്മേനിവാകയും, സമധൂകദാരുഃ = ഇലിപ്പയും ഇവറ്റിന്റെ തൊലികൾ, കഷായചിതാഃ = കഷായദ്രവ്യയോഗ്യങ്ങൾ, അത്ര സേനാന്യാം = ഈ സുബ്രഹ്മണ്യങ്കൽ, സുവർച്ചലാ = ത്രച്ചടാ, അമലവചാ = വെളുത്തവയമ്പ്, ബ്രാഹ്മീ = ബ്രഹ്മി, തഥാ ശംഖപുഷ്പീ = വെളുത്തശംഖപുഷ്പം, സശതാവരീ = ശതാവേലി, സഹസ

Shripuram Publications www.shripuram.org

ഹാ = പൂവാങ്കുറുന്തല് കൂടെ, ക്രാന്തിഃ = വിഷ്ണുക്രാന്തി, ലക്ഷ്മീഃ = തിരു താളി, ഓഷധ്യഃ ഉദ്ദിഷ്ടാഃ = ഇവറ്റിന്റെ അങ്കുരങ്ങൾ കഷായദ്രവ്യമായി ഉക്തങ്ങൾ.

ശ്രീശേ രാത്രിസഹാശിരീഷകുശഭദ്രാഃ സൂര്യവർത്തിന്യപി
പ്രോക്തം മാർജനമീശശാർങ്ഗഭൃതി തത്ഷട്കാന്വിതാഭ്രസ്തൃണം
ഗന്ധാഢ്യം തുളസീദ്വയീപനസസംയുക്തം ച ശാസ്തര്യഥോ
രാത്ര്യൈന്ദ്ര്യക്ഷതഗന്ധപുഷ്പകസദാഭദ്രാകുശാഗ്രാത്മകം. 74

ശ്രീശേ രാത്രി സഹാശിരീഷകുശഭദ്രാഃ സൂര്യവർത്തിനീ അപി മാർജനം പ്രോക്തം = വിഷ്ണുവിങ്കൽ മഞ്ഞളും, പൂവൻകുറുന്തലിലയും, നെന്മേനിവാകയും, കുശയും ചെറുപൂളയും ആര്യവേളയും മാർജനദ്രവ്യമെന്നു പറയും. ഈശശാർങ്ഗഭൃതി തത്ഷട്കാന്വിതം = ശങ്കരനാരായണങ്കൽ ഈ വിഷ്ണുവിങ്കൽ പറഞ്ഞ ആറിനോടുംകൂടി, ഭ്രസ്തൃണം = നിലപ്പനയും, ഗന്ധാഢ്യം = അഷ്ടഗന്ധവും, തുളസീദ്വയീ = രണ്ടു വകയിലുള്ള തുളസിയും, പനസസംയുക്തം = പ്ലാവിൻതൊത്തും ഇത് അഞ്ചും കൂടിയാൽ മാർജനദ്രവ്യം. അഥ ശാസ്തരി രാത്ര്യൈന്ദ്ര്യക്ഷതഗന്ധപുഷ്പകസദാഭദ്രാകുശാഗ്രാത്മകം = ശാസ്താവിങ്കൽ പിന്നെ മഞ്ഞളും ഉഴിഞ്ഞയും അക്ഷതവും അഷ്ടഗന്ധവും തുളസിയും ചെറുപൂളയും കുശാഗ്രവും കൂടീട്ടു മാർജ്ജനദ്രവ്യം.

ധാത്ര്യാമ്രം ബില്വകേര്യൗ പനസമപിഫലേ ഡാഡിമീഭവ്യരംഭാ-
ശ്ചേശാര്യശ്രീശവിഘ്നേ/ഷ്ടക ഇഹ തു ഗുഹേ മാതുലുംഗാഖ്യജംബ്വൌ
ധാത്രീകേരസ്ഥലേ/ന്ത്യത്രിതയസബദരീജാതികേരം കുമാര്യാം
ശാർങ്ഗീശേ/തോ/തിരിക്തം സകടചബദരീമാതുലുംഗം കപിത്ഥം. 75

ഈശാര്യശ്രീശവിഘ്നേ = ശിവങ്കലും ശാസ്താവിങ്കലും വിഷ്ണുവിങ്കലും ഗണപതിയിങ്കലും, ധാത്രീ = നെല്ലിക്കായും, ആമ്രം = മാങ്ങയും, ബില്വകേര്യൗ = കൂവളക്കായും നാളികേരവും, പനസം = പ്ലാക്കായും, ഡാഡിമീഭവ്യരംഭാഃ = ഡാഡിമീ = മാതളനാരങ്ങായും, ഭവ്യം = ചെറുനാരങ്ങയും, രംഭാ = കദളിക്കായും, ച ഫലേ = ഫലദ്രവ്യത്തുങ്കൽ, ഗുഹേ ഇഹ അഷ്ടകേ തു ധാത്രീകേരസ്ഥലേ മാതുളുംഗാഖ്യജംബ്വൌ = സുബ്രഹ്മണ്യങ്കൽ ഇപ്പറഞ്ഞ എട്ടിൽത്തന്നെ നെല്ലിക്കായും തേങ്ങയും കൂടാതെ തത്സ്ഥാനങ്ങളിൽ വള്ളിനാരങ്ങയും ഞാവൽക്കായും കൂടിയാൽ ഫലദ്രവ്യം. കുമാര്യാം അന്ത്യത്രിതയസബദരീജാതികേരം = ദുർഗ്ഗയിങ്കൽ ഒടുക്കത്തേ മൂന്നായ മാതളനാരങ്ങായും ചെറുനാരങ്ങായും കദളിക്കായും ലന്തക്കുരുവും ജാതിക്കായും നാളികേരവും ഇത് ആറും കൂടിയത് ഫലദ്ര

Shripuram Publications
www.shripuram.org

വ്യം. ശാർങ്ഗീശേ അതഃ അതിരിക്തം സകടചബദരീമാതുലംഗം കപിത്ഥം = ശങ്കരനാരായണങ്കൽ ഈ പറഞ്ഞ നെല്ലിക്കാ തുടങ്ങിയ എട്ടിൽ അധികമായിട്ടു കുടകപ്പാലയരിയും ലന്തക്കുരുവും വള്ളിനാരങ്ങയും പ്ലാക്കായും കൂടി പന്ത്രണ്ടും കൂടി ഫലദ്രവ്യം.

രത്നാന്യാഹുരിഹാബ്ജരാഗമപി നീലം മൌക്തികേന്ദൂപലൌ
ചാഗ്നേയേ കുരുവിന്ദകാചകസമേതൌ വിദ്രുമം വജ്രകം
ശാർങ്ഗീശേ ച്യുതകാചനീലകുരുവിന്ദസ്കാന്ദപുഷ്യാജരാ-
ഗായസ്കാന്തവിഡൂരജാർക്കഹരിനീലസ്ഫാടികം ഗാരുഡം. 76

ഇഹ ആഗ്നേയേ = ഇവിടെ സുബ്രഹ്മണ്യങ്കൽ, അബ്ജരാഗം = പത്മരാഗം, നീലം = കറുത്തരത്നം, മൌക്തികം = മുത്ത്, ഇന്ദൂപലം = കാന്തം, കുരുവിന്ദം = കുരുകുന്തക്കല്ല്, കാചം = കുരുട്ടുകല്ല്, വിദ്രുമം = പവിഴം, വജ്രം = വൈരം, രത്നാനി ആഹുഃ ഈ എട്ടും കൂടി രത്നങ്ങൾ, ശാർങ്ഗീശേ = ശങ്കരനാരായണങ്കൽ, ച്യുതകാചനീലകുരുവിന്ദസ്കാന്ദപുഷ്യാജരാഗായസ്കാന്തവിഡൂരജാർക്കഹരിനീലസ്ഫാടികം ഗാരുഡം = കാചവും നീലവും കുരുവിന്ദവും കൂടാതെയുള്ള സുബ്രഹ്മണ്യങ്കലേ അഞ്ചും പുഷ്യരാഗവും അയസ്കാന്തവും വൈഡൂര്യവും സൂര്യകാന്തവും ഇന്ദ്രനീലവും സ്ഫടികവും ഗരുഡപ്പച്ചയും കൂടിയ പതിമൂന്നും രത്നങ്ങൾ.

മുക്താവൈഡൂര്യവജ്രം മണിമരതകഗോമേദപുഷ്യേന്ദ്രനീലം
ഭർഗേ ദൌർഗ്ഗേ/ധരാർദ്ധദ്രുഹിണമണിമഹാനീലനീലപ്രവാളം
വിഷ്ണൌ മുക്താപ്രവാളാഭിധകുലിശവിഡൂരോദ്ഭവാംഭോജരാഗം
തച്ഛൈവം വാ പ്രഭേശേ സ്ഫടികരഹിതഹാരീശമാഹുർഗണേശേ. 77

ഭർഗ്ഗേ മുക്താവൈഡൂര്യവജ്രം മണിമരതകഗോമേദപുഷ്യേന്ദ്രനീലം = ശിവങ്കൽ മുത്തും വൈഡൂര്യവും വൈരവും മാണിക്യവും മരതകവും ഗോമേദവും പുഷ്യരാഗവും ഇന്ദ്രനീലവും കൂടിയ രത്നങ്ങൾ, ദൌർഗ്ഗേ അധരാർദ്ധദ്രുഹിണമണിമഹാനീലനീലപ്രവാളം = ദുർഗ്ഗയിങ്കൽ അധരാർദ്ധമായ മുത്തും വൈഡൂര്യവും വൈരവും മാണിക്കവും കഴിഞ്ഞാൽ ബ്രഹ്മരാഗം ഇന്ദ്രനീലം നീലം പവിഴം ഇവ എട്ടും കൂടീട്ടു രത്നങ്ങൾ ഭവിക്കും. വിഷ്ണൌ മുക്താപ്രവാളാഭിധകുലിശവിഡൂരോദ്ഭവാംഭോജരാഗം = വിഷ്ണുവിങ്കൽ മുത്തും പവിഴവും വൈരവും വൈഡൂര്യവും പത്മരാഗവും ഇവ രത്നങ്ങൾ. പ്രഭേശേ തദ് വാ ശൈവം വാ = ശാസ്താവിങ്കൽ ആ വിഷ്ണുവിങ്കൽ പറഞ്ഞത് ആയിട്ട് എങ്കിലും മുമ്പു ശിവങ്കൽ പറഞ്ഞത് എങ്കിലും ഒരുകൂട്ടം രത്നങ്ങൾ ഭവിക്കും. ഗണേശേ സ്ഫടികരഹിതഹാരീശം

www.shripuram.org
Shripuram Publications
www.shripuram.org

രത്നാനി = ആഹുഃ ഗണപതിയിങ്കൽ സ്ഫാടികത്തോട്ട കൂടാതെയുള്ള ശങ്കരനാരായണങ്കൽ പറഞ്ഞതു പന്ത്രണ്ടും രത്നങ്ങളെന്നു പറയുന്നു.

ലോഹം ശാസ്തൃജിതേ സുവർണ്ണരജതം താമ്രായസീ ച ത്രപ
സ്കന്ദേ സീസകകാംസ്യപിത്തളയുതം സാരം ഹരീശേ/ഖിലം
സ്വർണ്ണോൽകീർണ്ണസുപർണ്ണകച്ഛപദരാരീണ്യൌപമാനാംഗകം
ശ്രീശേ/ത്രാമലകം പ്രവിഷ്ടരമാംസീയുക്തധാത്രിഫലം. 78

ശാസ്തൃജിതേ സുവർണ്ണരജതം താമ്രായസീ ത്രപു ച ലോഹം = ശാസ്താവിങ്കലും വിഷ്ണുവിങ്കലും പൊന്നും വെള്ളിയും ചെമ്പും ഇരിമ്പും ചെമ്പ്രാക്കൊട്ടിയും. ഈ അഞ്ചും കൂടിയതു ലോഹങ്ങൾ, സ്കന്ദേ സീസകകാംസ്യപിത്തളയുതം = സുബ്രഹ്മണ്യങ്കൽ ഈയവും വെള്ളോട്ടും പിച്ചളയും കൂടിയ സുവർണ്ണാദി അഞ്ചും കൂടിയതു ലോഹദ്രവ്യം. ഹരീശേ സാരം അഖിലം = ശങ്കരനാരായണങ്കൽ ആരക്കൂടത്തോടുകൂടിയ മുമ്പിൽ സുബ്രഹ്മണ്യങ്കൽ പറഞ്ഞത് ഒക്കെയും കൂടിയാൽ ലോഹദ്രവ്യം, അത്ര ശ്രീശേ സ്വർണ്ണോത്കീർണ്ണസുപർണ്ണകച്ഛപദരാരീണി ഔപമാനാംഗകം = ഇവിടെ വിഷ്ണുവിങ്കൽ സ്വർണ്ണംകൊണ്ട് ഉണ്ടാക്കിയിരിക്കുന്ന ശംഖും, സുപർണ്ണൻ = ഗരുഡൻ, കച്ഛപം = ആമ, ദരാരീണി = ശംഖും ചക്രവും ഈ നാലും ഔപമാനദ്രവ്യം. അത്ര പ്രവിഷ്ടമുരമാംസീയുക്തധാത്രീഫലം ആമലകം = വിഷ്ണുവിങ്കൽ പാലിൽ മുരവും മാഞ്ചിയും നെല്ലിക്കയും കൂട്ടി അരച്ച് ഉരുട്ടിയാൽ അതിന്ന് ആമലകദ്രവ്യമെന്നു പറയും.

ഗന്ധം രുങ്മുരവാരിസേവ്യഘുസൃണപ്ലായഃ പടീരം ഹരി-
ദ്വൈപാസ്യാര്യഹരേ സുരദ്രുശശിനാഗാബ്ദൈസ്തദീശാച്യുതേ
സേനാന്യാമസൃഗായസേന്ദുഗദകീശാംഭോമുരം മാലയം
ദൌർഗ്ഗേ പ്രാഹുരിദം മുരാബ്ദദപദപ്ലാചോരഗോരോചനം. 79

ഹരിദ്വൈപാസ്യാര്യഹരേ = വിഷ്ണുവിങ്കലും ഗണപതിയിങ്കലും ശാസ്താവിങ്കലും ശിവങ്കലും, രുക് = കൊട്ടം, മുരം = അതുതന്നെ, വാരി = ഇരുവേലി, സേവ്യം = രാമച്ചം, ഘുസൃണം = കുങ്കമം, പ്ലാ = മാഞ്ചി, അയസ്സ് = അകില് ഇവ ഗന്ധം = അഷ്ടഗന്ധങ്ങൾ, ഈശാച്യുതേ സുരദ്രുശശിനാഗാബ്ദൈഃ തത് = ശങ്കരനാരായണങ്കൽ ദേവതാരവും കർപ്പൂരവും നാഗപ്പൂവും മുത്തങ്ങയും ഈ നാലിനോടുംകൂടിയ മുമ്പിൽ പറഞ്ഞ എട്ടും ഗന്ധങ്ങൾ. സേനാന്യാം അസൃഗായസേന്ദുഗദകീശാംഭോമുരം മാലയം = സുബ്രഹ്മണ്യങ്കൽ അമുക്കുരവും ഇരുവേലിയും കൊട്ടവും കൂടാതെ തത്സ്ഥാനത്ത് പ്ലാ = മാഞ്ചിയും കച്ചോലവും ഗോരോചനവും കൂടിയ സുബ്ര

www.shripuram.org
Shripuram Publications
www.shripuram.org

ഹ്മണ്യങ്കൽ പറഞ്ഞ കുങ്കുമാദി അഞ്ചും ഇങ്ങനെ ദുർഗ്ഗയിങ്കലേ അഷ്ടഗ ന്ധമായി പറഞ്ഞു.

മല്ലീചമ്പകജാതിനന്ദിബകുളം തുല്യം ഗുഹാന്യേഷ്വ തൈഃ
സംയോജ്യം ശിവവിഘ്നയോരപരനന്ദ്യംഭോജസൌഗന്ധികം
സൈതത്കുന്ദഫലിന്യുമാപതിഹരൌ കുന്ദാബ്ജയൂഥീസ്ത്രിയഃ
ശ്രീശാര്യേ മഹിഷദ്വിഷീഹ കുസുമം സാശോകനാഗോദ്ഭവം. 80

ഗുഹാന്യേഷ്വ = സുബ്രഹ്മണ്യങ്കൽകൂടാതെ ശേഷം ആറും ദേവന്മാരിലും, മല്ലീചമ്പകജാതിനന്ദിബകുളം = മല്ലികപ്പൂവം ചെമ്പകപ്പൂവും പിച്ചകപ്പൂവും നന്ത്യാർവട്ടത്തിൻപൂവും ഇലഞ്ഞിപ്പൂവും തുല്യമായിട്ടു വേണം. ശിവവിഘ്നയോഃ തൈഃ അപരനന്ദ്യംഭോജസൌഗന്ധികം സംയോജ്യം = ശിവങ്കലും ഗണപതിയിങ്കലും മുമ്പിൽ പറഞ്ഞ അഞ്ചിനോടുംകൂടി മഞ്ഞനന്ത്യാർവട്ടവും താമരപ്പൂവും സൌഗന്ധികപ്പൂവും കൂട്ടിയാൽ പുഷ്പങ്ങൾ ഭവിക്കും. ഉമാപതിഹരൌ സൈതത് കുന്ദഫലിനീ = ശങ്കരനാരായണങ്കൽ ഈ എട്ടിനോടും കൂടിയ കുരുന്നിൽപൂവും ഞാഴൽപൂവും ഇവ പത്തു പുഷ്പങ്ങൾ, ശ്രീശാര്യേ = വിഷ്ണുവിങ്കലും ശാസ്താവിങ്കലും, കുന്ദാബ്ജയൂഥീസ്ത്രിയഃ = കുരുന്നിൻപൂവും താമരപ്പൂവും ഇരുവാച്ചിമുല്ലപ്പൂവും കുറുമുഴിപ്പൂവും മുമ്പിലത്തേത് അഞ്ചുംകൂടി ഒമ്പതുകൂട്ടം പുഷ്പങ്ങൾ, ഇഹ മഹിഷദ്വിഷി = ഇവിടെ ദുർഗ്ഗയിങ്കൽ, സാശോകനാഗോദ്ഭവം = അശോകത്തിൻപൂവും നാകപ്പൂവും മുമ്പിലത്തേത് അഞ്ചും കൂടി ഏഴുകൂട്ടം പുഷ്പങ്ങൾ.

ഉത്പലകല് ഹാരാംബുജ-
കുമുദം സൌഗന്ധികം കശേരുയുതം
ഉത്പലയുഗമപി ശരജേ
തത്തദഭാവേ/ത്ര രക്തകരവീരം. 81

ശരജേ = സുബ്രഹ്മണ്യങ്കൽ, ഉൽപലം = ചെങ്ങഴിനീർപൂവ്, കല്ഹാരം = നൈതൽപൂവ്, അംബുജം = താമരപൂവ്, കുമുദം = ആമ്പൽ പൂവ്, സൌഗന്ധികം = സൌഗന്ധികപ്പൂവ്, കശേരു = ചുവന്ന നൈതൽപൂവ്, ഉൽപലയുഗം അപി = ശ്വേതോൽപലവും നീലോൽപലവും ഇങ്ങനെ എട്ടു പുഷ്പങ്ങൾ. അത്ര തത്തദഭാവേ രക്ത കരവീരം = ഇവിടെ പുഷ്പങ്ങളിൽ കിട്ടാത്തതിന്ന് ചുവന്ന കണവീരപ്പൂവ് കൂട്ടിക്കൊള്ളൂ.

നീവാരശാലിയവതണ്ഡുലവേണുബീജ-
മാഷം ഹരൌ ഹരിഹരേ/ക്ഷതമേതദേവ

www.shripuram.org
Shripuram Publications
www.shripuram.org

സിദ്ധാർത്ഥകങ്കസസഹിതം നിജഗർഭഗീതാ
വിഘ്നേശ്വരേ മഹിഷജിത്യപി ധാതവഃ സ്യുഃ. 82

ഹരൌ നീവാരശാലിയതണ്ഡുലവേണുബീജമാഷം അക്ഷതം = വിഷ്ണുവിങ്കൽ വരിനെല്ലും യവവും അരിയും മുളനെല്ലും ഉഴുന്നും കൂടിയത് അക്ഷതദ്രവ്യം. ഹരിഹരേ സിദ്ധാർത്ഥകങ്കസഹിതം ഏതദ് ഏവ = ശങ്കരനാരായണങ്കൽ കടുകും കമ്പപ്പയറും കൂടിയ വിഷ്ണുവിങ്കൽ പറഞ്ഞ ത് അക്ഷതദ്രവ്യം. വിഘ്നേശ്വരേ മഹിഷജിതി അപി നിജഗർഭഗീതാഃ ധാതവഃ സ്യുഃ = ഗണപതിയിങ്കലും ദുർഗ്ഗയിങ്കലും തങ്ങളുടെ ഗർഭന്യാസത്തുങ്കൽ പറഞ്ഞ മനയോല തുടങ്ങിയ ഒമ്പതും ധാതുദ്രവ്യങ്ങളായി ഭവിക്കും.

ക്വഥിതകഥിതവൃക്ഷത്വക്കരീഷം സുദഗ്ധം
ഭസിതമിഹ സമുക്തം ഭർഗ്ഗദുർഗ്ഗാഹരീശേ
ഇഹ മഹിഷനിഹന്ത്ര്യാം ഖാദിരത്വക്പദേ തു
ദ്വിജവരതരുകല്കം യോജനീയം വദന്തി. 83

ഭർഗ്ഗദുർഗ്ഗാഹരീശേ = ശിവങ്കലും ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും, സുദഗ്ധം ക്വഥിതകഥിതവൃക്ഷത്വക്കരീഷം ഭസിതം സമുക്തം = തങ്ങളുടെ കഷായദ്രവ്യത്തുങ്കൽ പറഞ്ഞ തൊലികളുണക്കി ചാണകത്തിൽ വച്ച് ചുട്ട് വേകിച്ചാലുണ്ടാകുന്ന ഭസ്മം ഭസ്മമാകുന്ന ദ്രവ്യം ഇഹ മഹിഷനിഹന്ത്ര്യാം, ഇവിടെ ദുർഗ്ഗയിങ്കൽ, ഖാദിരത്വക്പദേ ദ്വിജവരതരുകല്കം യോജനിയം = കഷായത്തുങ്കലേ കരിങ്ങാലി വേണ്ട സ്ഥാനത്തു പ്ലാശിന്റെ തൊലി ഉണക്കപ്പൊടിച്ച് കൂട്ടണം, ഇതി ആചാര്യാഃ വദന്തി = ഇപ്രകാരം ആചാര്യന്മാർ പറയുന്നു.

വേദീക്ഷേത്രഗജോക്ഷശൃംഗഗിരിവല്മീകോദ്ഭവാഃ സ്യുർമൃദ-
സ്തുല്യാഃ കോലനദീതടദ്വയതടാകാന്തസ്രവന്ത്യുദ്ഭവാഃ
ശാർങ്ഗീശേ സരിദബ്ജിജേ ശരഭവേ തീർത്ഥാഖുവേശ്മോദ്ഭവേ
വിഘ്നേ ശാസ്തരി ഹസ്തിനാകുജവിഹീനാ വാഹിനീതീരജാഃ. 84

വേദീക്ഷേത്രഗജോക്ഷശൃംഗഗിരിവല്മീകോദ്ഭവാഃ മൃദഃ തുല്യാഃ = എല്ലാ ദേവന്മാരിലും അഗ്നിഹോത്രവേദിയിങ്കൽനിന്നും വിളഭൂമിയിങ്കൽനിന്നും ആനക്കൊമ്പിങ്കൽനിന്നും കാളക്കൊമ്പിങ്കൽനിന്നും പർവതത്തിൽനിന്നും പുറ്റിങ്കൽനിന്നും എടുത്ത മണ്ണുകൾ തുല്യങ്ങളായി ഭവിക്കും. ശാർങ്ഗീശേ കോലനദീതടദ്വയതടാകാന്തസ്രവന്ത്യുദ്ഭവാഃ = ശങ്കരനാരായണങ്കൽ പന്നികുത്തിയേടത്തേതും പുഴയുടെ രണ്ടു കരയിങ്ക

Shripuram Publications
www.shripuram.org

ലുള്ളതും കുളത്തിലുള്ളതും പുഴയിലുള്ളതും ഈ മണ്ണുകളഞ്ചും മുമ്പിലത്തേത് ആറും കൂടിയ മണ്ണുകൾ, ശരഭവേ സരിദബ്ധിജേ = സുബ്രഹ്മണ്യങ്കൽ മുമ്പിലത്തേതിനോടു പുഴയിലേതും സമുദ്രത്തിലേതും കൂടി എട്ടുകൂട്ടം മണ്ണുകൾ ഭവിക്കും. വിഘ്നേ തീർത്ഥാഖുവേശ്മോദ്ഭവേ = ഗണപതിയിങ്കൽ മുമ്പിലത്തേത് ആറും തീർത്ഥത്തിലേതും എലിപ്പൂഴിയുംകൂടി മണ്ണുകൾ എട്ടും ഭവിക്കും. ശാസ്തരി ഹസ്തിനാകുജവിഹീനാഃ വാഹിനീതീരജാഃ = ശാസ്താവിങ്കൽ ആനക്കൊമ്പിലേതും പുറ്റുമണ്ണും കൂടാതെ മുമ്പിലത്തേതിൽ നാലും പുഴയുടെ തീരത്തിങ്കലേ മണ്ണുകൾ രണ്ടുംകൂടി ആറുകൂട്ടം മണ്ണുകൾ ഭവിക്കും.

ശാന്ത്യംഭഃ ശിവശാർങ്ഗിണീഹ തിലസിദ്ധാർത്ഥൈര്യവൈർവൈണവൈ-
ർന്നീവാരൈസ്തുളസീദളാംബുജപലാശൈർമംഗലാംഭഃ പുനഃ
ബ്രഹ്മാശോകകുശോർജ്ജുനേന്ദ്രലതികാബോധ്യങ്കരാബ്ജൈകപ-
ദ്മാഢ്യം സ്യാത് പൃഥുകാദികം ദ്വിപമുഖേ ഭക്ഷ്യം ചതുഷ്കം വിദുഃ. 85

ഇഹ ശിവശാർങ്ഗിണി = ഇവിടെ ശങ്കരനാരായണങ്കൽ, തിലസിദ്ധാർത്ഥൈഃ = എള്ളും കടുകും, യവൈഃ = യവവും, വൈണവൈഃ = മുളനെല്ലും, നീവാരൈഃ = വരിനെല്ലും, തുളസീദളാംബുജപലാശൈഃ = തുളസിയിലയും താമരയിതളും ഇവറ്റേക്കൊണ്ട്, ശാന്ത്യംഭഃ സ്യാത് = ശാന്തിജലമാകുന്ന ദ്രവ്യം ഭവിക്കും. പുനഃ ബ്രഹ്മാശോകകുശാർജ്ജുനേന്ദ്രലതികാബോധ്യങ്കരാബ്ജൈകപദ്മാഢ്യം മംഗലാംഭഃ = പിന്നെയും ശങ്കരനാരായണങ്കൽ പ്ലാശും തൊത്ത് അശോകം = അശോകത്തിന്റെ തളിര്, കുശനാമ്പ്, അർജ്ജുനം = മരുതിൻതൊത്ത്, ഇന്ദ്രലതിക = ഉഴിഞ്ഞ അരയാൽ തൊത്ത് കരത്താമര ഇവ ഏഴും കൂടിയത് മംഗലജലമായി ഭവിക്കും. ദ്വിപമുഖേ പൃഥുകാദികം ചതുഷ്കം ഭക്ഷ്യം വിദുഃ ഗണപതിയിങ്കൽ അവലും എള്ളുണ്ടയും അപ്പവും അടയും ഈ നാലുംകൂടിയത് ഭക്ഷ്യദ്രവ്യം.

ബീജാനീഷുഭവേ യവാഃ സതിലഗോധൂമാഃ സസിദ്ധാർത്ഥകാഃ
ശാലീമുദ്ഗകമാഷകാശ്ച സഹനീവാരാ ഹരീശേ/ഥ തേ
ശ്യാമാകച്ഛണകംഗുവൈണവയുതാ നിർമ്മാഷസിദ്ധാർത്ഥകാഃ
സംഘാതദ്രവിണാന്യജീഗണമഥാന്യൈസ്തത്പ്രയോഗം ബ്രുവേ. 86

ഇഷുഭവേ = സുബ്രഹ്മണ്യങ്കൽ, യവാഃ = യവവും, സതിലഗോധൂമാഃ = എള്ളും ഗോതമ്പും, സസിദ്ധാർത്ഥകാഃ = കടുകും, ശാലീമുദ്ഗകമാഷകാഃ ച = നെല്ലും ചെറുപയറും ഉഴുന്നും, സഹനീവാരാഃ = വരിനെല്ലും

www.shripuram.org
Shripuram Publications
www.shripuram.org

ഇവ എട്ടും ബീജാനി = ബീജങ്ങളായി ഭവിക്കും. അഥ ഹരീശേ = അനന്തരം ശങ്കരനാരായണങ്കൽ, ശ്യാമാകച്ഛണകംഗുവൈണവയുതാഃ = ചാമയും ചണവും തിനയും മുളയും ഇവറ്റിന്റെ ഫലങ്ങൾ കൂടിയും, നിർമ്മാഷസിദ്ധാർത്ഥകാഃ = ഉഴുന്നും കടുകും കൂടാതെയുമുള്ള സുബ്രഹ്മണ്യങ്കലേതു ബീജങ്ങൾ, സംഘാതദ്രവിണാനി അജീഗണം = ഞാൻ കൂട്ടമായി വേണ്ടുന്ന ദ്രവ്യങ്ങളേ പറഞ്ഞു, അഥ അന്യൈഃ തത്പ്രയോഗം ബ്രുവേ = അനന്തരം മറ്റുള്ള ദ്രവ്യങ്ങളോടുകൂടി ഈ സംഘാതദ്രവ്യങ്ങളുടെ ഉപയോഗത്തെ പറയുന്നു.

അനന്തരം വിഷ്ണുവിങ്കലേ സപ്തദശദ്രവ്യങ്ങളേക്കൊണ്ടുള്ള കലശത്തേ പറയുന്നു.

ആജ്യാദിസപ്തദശഭിർദ്രവ്യൈഃ ശ്രീശാഭിഷേചനേ
ഘടാദിക്ലൃപ്തിരുദ്ദിഷ്ടപൂർവാ ദ്രവ്യാദികം ബ്രുവേ. 87

ശ്രീശാഭിഷേചനേവ = വിഷ്ണുവിങ്കലേ കലശാഭിഷേകത്തുങ്കൽ ആജ്യാദിസപ്തദശഭിഃ ദ്രവ്യൈഃ = നെയ്യു തുടങ്ങി പതിനേഴ ദ്രവ്യങ്ങളേക്കൊണ്ടു ചെയ്യുമ്പോൾ, ഘടാദിക്ലൃപ്തി ഉദ്ദിഷ്ടപൂർവാ = കലശങ്ങളുടെ പത്മങ്ങളുടെ ക്രമം മുമ്പിൽ പറഞ്ഞതുതന്നെ ആകകൊണ്ട്, ദ്രവ്യങ്ങളേയും തദ്ദേവതാമന്ത്രങ്ങളേയും അഭിഷേകമന്ത്രത്തേയും തത്ക്രമത്തേയും പറയുന്നു.

ആജ്യോഷ്ണോദകരത്നകാനി ഫലലോഹം മാർജ്ജനം ഗന്ധകം
പ്രാദക്ഷിണ്യവിധാനതോ/ക്ഷതയവൌ ബ്രാഹ്മേ സദൈവേ ന്യസേൽ
പാദ്യാർഘ്യാചമനീയഗവ്യദധി ദുഗ്ദ്ധം മാക്ഷികം ക്വാഥകം
ദിക്കോണേഷു ബഹിസ്തദീശമനുഭിസ്താരേണ ശേഷേഷ്വപഃ. 88

ബ്രാഹ്മേ പ്രാദക്ഷിണ്യവിധാനതഃ സദൈവേ = ബ്രഹ്മകലശത്തുങ്കലും കിഴക്കു തുടങ്ങി പ്രദക്ഷിണക്രമേണ ദൈവികമാകുന്ന ദലകലശങ്ങളിലും പീഠപൂജാദികുർച്ചാന്തം വെവ്വേറെ ചെയ്താൽ, ആജ്യോഷ്ണോദകരത്നകാനി ഫലലോഹം മാർജ്ജനം ഗന്ധകം അക്ഷതയവൌ ച ന്യസേത് = ബ്രഹ്മകലശത്തുങ്കൽ നെയ്യിനേയും അതിന്റെ ചുറ്റുമുള്ള ദലകലശങ്ങളിൽ കിഴക്കു തുടങ്ങി പ്രദക്ഷിണക്രമേണ കാഞ്ഞവെള്ളത്തേയും രത്നങ്ങളേയും ഫലങ്ങളേയും ലോഹങ്ങളേയും മാർജ്ജനേത്തേയും അഷ്ടഗന്ധത്തേയും അക്ഷതത്തേയും യവത്തേയും ന്യസിപ്പൂ. ബഹിഃ ദിക്കോണേഷു തദീശമനുഭിഃ = പുറത്തേ ഖണ്ഡബ്രഹ്മകലശങ്ങളിൽ ദിക്കു നാലും കോണുകൾ നാലുമായിട്ട് അതതിന്റെ അധിദേവതാമന്ത്രങ്ങളേ

www.shripuram.org
Shripuram Publications
www.shripuram.org

ക്കൊണ്ട്, പാദ്യാർഘ്യാചമനീയഗവ്യദധി ദുഗ്ധം മാക്ഷികം ക്വാഥകം ച = പാദ്യദ്രവ്യത്തേയും അർഘ്യദ്രവ്യത്തേയും ആചമനദ്രവ്യത്തേയും പഞ്ചഗവ്യത്തേയും തൈരിനേയും പാലിനേയും തേനിനേയും കഷായത്തേയും നിറപ്പൂ. ശേഷേഷു താരേണ അപഃ = ശേഷമുള്ള പരികലശങ്ങളിൽ പ്രണവംകൊണ്ട് ശുദ്ധജലത്തേയും നിറപ്പൂ.

വിഷ്ണ്വഷ്ണരശ്മ്യജകുബേരവസൂംശ്ച വിശ്വാൻ
ഗന്ധർവകാൻ നിരൃതിസുംഭജിതൌ പിതൄംശ്ച
ശ്രീവാക്സദക്ഷകവിസോമസുരേശ്വരാർക്കീ-
നാജ്യാദിഭാഞ്ജ്യഭിദധത്യധിദൈവതാനി. 89

വിഷ്ണ്വഷ്ണരശ്മ്യജകുബേരവസൂൻ = വിഷ്ണവേ നമഃ, ആദിത്യായ നമഃ, ബ്രഹ്മണേ നമഃ, വൈശ്രവണായ നമഃ, വിശ്വാൻ = വിശ്വേഭ്യോ ദേവേഭ്യോ നമഃ, ഗന്ധർവാകൻ = ഗന്ധർവ്വേഭ്യോ നമഃ, നിരൃതിസുംഭജിതൌ = നിരൃതയേ നമഃ, ദുർഗ്ഗായെ നമഃ, പിതൄൻ = പിതൃഭ്യോ നമഃ, ശ്രീവാക്സദക്ഷകവിസോമസുരേശ്വരാർക്കീൻ = ശ്രീയൈ നമഃ സരസ്വത്യൈ നമഃ, ദക്ഷായ നമഃ, ശുക്രായ നമഃ, സോമായ നമഃ, ഇന്ദ്രായ നമഃ, യമായ നമഃ, ആജ്യാദിഭാഞ്ജി അധിദൈവതാനി അഭിദധതി = നെയ്യ് തുടങ്ങി കഷായം കഴിവോളമുള്ള ദ്രവ്യങ്ങളേ നിറപ്പാനുള്ള അധിദേവതാമന്ത്രങ്ങൾ ഇങ്ങനെ പതിനേഴിനേയും പറഞ്ഞിരിക്കുന്നു.

ഋചഃ ഷോഡശ പുംസൂക്തസ്യേദം വിഷ്ണുരപി ക്രമാത്
സ്നാനമന്ത്രാസ്തദീശാന്താഃ പ്രോക്താഃ സ്നാനക്രമം ബ്രുവേ. 90

പുംസൂക്തസ്യ ഷോഡശ ഋചഃ ഇദം വിഷ്ണുഃ അപി ക്രമാത് = സഹസ്രശീർഷാദി പുരുഷസൂക്തത്തിന്റെ ഋക്കുകൾ പതിനാറും 'ഇദം വിഷ്ണുർവിചക്രമേ' എന്ന ഋക്കും ക്രമേണ, തദീശാന്താഃ സ്നാനമന്ത്രാഃ = ആദിക്കു പ്രണവവും ഉപചാരവും ഒടുക്കം അധിദേവതാമന്ത്രവും മൂലവും പ്രണവവും കൂടി ബ്രഹ്മകലശങ്ങളേ ആടുവാനുള്ള മന്ത്രങ്ങൾ. പരികലശങ്ങൾ ആടുവാൻ ഋക്കുതന്നെ മന്ത്രങ്ങൾ. പ്രോക്താഃ = പ്രോക്തങ്ങളായി, സ്നാനക്രമം ബ്രുവേ = കലശങ്ങളേ ആടുന്നേടത്തേ ക്രമത്തേയും പറയുന്നേൻ.

മാനുഷദിക്ഖണ്ഡഘടൈർബ്രഹ്മഘടേനാഥ മാനുഷവിദിക്സൈഥഃ
ദൈവികദിക്കോണഗതൈഃ സപ്തദശദ്രവ്യകേ ഹരിം സ്നപയേത്. 91

സപ്തദശദ്രവ്യകേ = ഈ സപ്തദശദ്രവ്യങ്ങളുടെ അഭിഷേകത്തുങ്കൽ, മാനുഷദിക്ഖണ്ഡഘടൈഃ = മുമ്പിൽ മാനുഷത്തുങ്കലേ ദിക്കുകളിൽ, ഖ

www.shripuram.org
Shripuram Publications
www.shripuram.org

ണ്ഡബ്രഹ്മനം തൽപരികലശങ്ങളോടുംകൂടി ആടിയാൽ, ബ്രഹ്മഘടേന = പിന്നെ പുറത്തു വന്ന് പാണികൊട്ടിച്ച് ബ്രഹ്മകലശത്തേ എടുപ്പിച്ചു കൊണ്ടുപോയി ആടൂ. അഥ മാനുഷവിദിക്സൈഥഃ = പിന്നെ മാനുഷത്തുങ്കലേ അഗ്ന്യാദികോണുകളിലേ ബ്രഹ്മനം പരികലശങ്ങളുമാടൂ. ദൈവികദിക്കോണഗതൈഃ = പിന്നെ ദൈവികത്തുങ്കലേ ദലകലശങ്ങളേ ദിക്കും കോണും ആയിട്ടും അഭിഷേകം ചെയ്വൂ. ഇങ്ങനെ സപ്തദശദ്രവ്യം.

അനന്തരം പഞ്ചവിംശതിദ്രവ്യക്രമത്തേ പറയുന്നു.

ദ്രവ്യേ തത്ത്വമിതേ ഷഡർണ്ണമനുനാ സ്നാനോദകം മദ്ധ്യതഃ
പാദ്യാദീന്യുപഖണ്ഡമദ്ധ്യകലശേഷ്വാത്താസനേജ്യാദിഷു
ബാഹ്യേ ദിഗ്വിദിഗന്തരാളനിഹിതേഷ്വന്തശ്ച ദിക്കോണകേ-
ഷ്വാപൂര്യ ദ്രവിണാനി തത്തദണുഭിശ്ചാഭ്യർച്ചയേച്ഛാർങ്ഗിണി. 92

ശാർങ്ഗിണി = വിഷ്ണുവിങ്കൽ, തത്ത്വമിതേ ദ്രവ്യേ = പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടുള്ള കലശത്തുങ്കൽ, മദ്ധ്യതഃ ഷഡർണ്ണമനുനാ സ്നാനോദകം = നടുവിൽ 'ഓം നമോ വിഷ്ണവേ' ഇത്യാദി മന്ത്രംകൊണ്ട് സ്നാനോദത്തേ ന്യസിപ്പൂ. ബാഹ്യേ ഉപഖണ്ഡമദ്ധ്യകലശേഷു ആത്താസനേജ്യാദിഷു = പുറത്ത് ഖണ്ഡബ്രഹ്മകലശങ്ങൾക്ക് പീഠപൂജയും കുംഭസംസ്കാരവും കൂർച്ചന്യാസവും പൂജയും ചെയ്ത്, ദിഗ്വിദിഗന്തരാളനിഹിതേഷു അന്തഃ ദിക്കോണകേഷു = തത്തദണുഭിഃ പാദ്യാദീനി ദ്രവിണാനി ആപൂര്യ അഭ്യർച്ചയേത് = പുറത്തു ദിക്കുംകോണും അന്തരാളങ്ങളും അകത്ത് ദിക്കും കോണും ക്രമമായിട്ട് അതത് അധിദേവതാമന്ത്രംകൊണ്ട് ദ്രവ്യങ്ങളേ നിറച്ചു വെവ്വേറേ മൂലംകൊണ്ടാവഹിച്ചു പൂജിപ്പൂ.

പാദ്യാർഘ്യാചാമഗവ്യം സഘൃതദധിപതയഃ ക്ഷൌദ്രമർക്കാക്ഷരേണോ-
ഷ്ണോദകം ക്വാഥോദകം മാർജ്ജനഫലയവരത്നോദലോഹഹോദകൌശം
ഗായത്ര്യാ ഗന്ധപുഷ്പൌപമികമപി സധാത്ര്യക്ഷതം കേരവാരീ-
ക്ഷൂത്ഥോദം തണ്ഡൂലോദം ന്യസതു തദധിദൈവാന്തമഷ്ടാക്ഷരേണ. 93

അർക്കാക്ഷരേണ പാദ്യാർഘ്യാചാമഗവ്യം സഘൃതദധിപയഃ ക്ഷൌദ്രം = പുറത്തു ദിക്കുകോണുകളിൽ ദ്വാദശാക്ഷരംകൊണ്ട് അധിദേവതയോടുംകൂടി പാദ്യത്തേയും അർഘ്യത്തേയും ആചമനീയത്തേയും പഞ്ചഗവ്യത്തേയും നെയ്യിനേയും തൈരിനേയും പാലിനേയും തേനിനെയും നിറപ്പൂ. ഗായത്ര്യാ തദധിദൈവാന്താ ഉഷ്ണോദകം ക്വാഥോദകം മാർജ്ജനഫലയവരത്നോദലോഹോദകൌശം = അന്തരാളങ്ങളിൽ ഭൃശാദിയായിട്ട് ഗായത്രികൊണ്ടും അധിദേവതാമന്ത്രവും കൂട്ടി കാച്ചിയവെള്ളത്തേയും കഷായത്തേയും മാർജ്ജനത്തേയും ഫലത്തേയും യവത്തേയും

www.shripuram.org
Shripuram Publications
www.shripuram.org

രത്നങ്ങളേയും ലോഹങ്ങളേയും കുശയേയും ന്യസിച്ച വെള്ളംകൊണ്ടും നിറപ്പൂ. അഷ്ടാക്ഷരേണ ഗന്ധപുഷ്പൌപമികം സധാത്ര്യക്ഷതം കേരവാരീക്ഷൂത്ഥോദം തണ്ഡൂലോദം ച തദധിദൈവാന്തം ന്യസത്ത = അകത്തു ദിക്കോണുകളിൽ അഷ്ടാക്ഷരംകൊണ്ട് അധിദേവതാമന്ത്രത്തോടുംകൂടി അഷ്ടഗന്ധത്തേയും പുഷ്പങ്ങളേയും ഉപമാനദ്രവ്യത്തേയും ആമലകദ്രവ്യത്തേയും അക്ഷതത്തേയും തേങ്ങാവെള്ളത്തേയും കരിമ്പിൻനീരിനേയും തണ്ഡുലജലത്തേയും ന്യസിപ്പൂ.

ദ്രവ്യാണാം പുരുഷഃ പരഃ പിതൃരമാവാഗക്ഷവിഷ്ണൂശന-
ശ്ചന്ദ്രേന്ദ്രാർക്കകൃതാന്തവിശ്വധനദേരബ്രഹ്മവസ്വാഹ്വയാഃ
സ്യുഃ സാവിത്ര്യധിദേവതാ നിഗദിതാ ഗന്ധർവവാരീശ്വരാ-
സ്താർക്ഷ്യഃ ക്ഷ്മാനിരൃതീ രമാധരനൃസിംഹാഖ്യൌ ഹയാസ്യഃ ക്രമാത്. 94

ദ്രവ്യാണാം = സ്നാനോദം തുടങ്ങിയ ദ്രവ്യങ്ങൾക്ക്, പരഃ പുരുഷഃ 'ഓം നമോഃ വിഷ്ണവേ പരം പുരുഷായ ഓം നമോ നാരായണായ ഓം ഹ്രീം ഹംസഃ സോഹം സ്വാഹാ ഓം നമോ നാരായണായ' ഇങ്ങനെ ഷഡക്ഷരവും അധിദേവതയും മൂലപുടിതമായ ആത്മാഷ്ടാക്ഷരവും കൂടി ബ്രഹ്മന്റെ ദ്രവ്യന്യാസമന്ത്രം. പിന്നെ പാദ്യാദികൾക്ക് പിതൃരമാവാഗക്ഷവിഷ്ണൂശനശ്ചന്ദ്രേന്ദ്രാർക്കകൃതാന്തവിശ്വധനദേരബ്രഹ്മസ്വാഹ്വയാഃ = പിതൃഭ്യോ നമഃ, ശ്രിയൈ നമഃ, സരസ്വത്യൈ നമഃ, ദക്ഷായ നമഃ, വിഷ്ണവേ നമഃ, ഉശനസേ നമഃ, ചന്ദ്രായ നമഃ, ഇന്ദ്രായ നമഃ, ആദിത്യായ നമഃ, യമായ നമഃ, വിശ്വേഭ്യോ ദേവേഭ്യോ നമഃ, വൈശ്രവണായ നമഃ, വായവേ നമഃ, ബ്രഹ്മണേ നമഃ, വസുഭ്യോ നമഃ, സാവിത്രീ = സാവിത്ര്യൈ നമഃ, ഗന്ധർവവാരീശ്വരാഃ = ഗന്ധർവായ നമഃ, വരുണായ നമഃ, താർക്ഷ്യഃ = ഗരുഡായ നമഃ, ക്ഷ്മാ = പൃഥിവ്യൈ നമഃ, നിരൃതി = നിരൃത്യൈ നമഃ, രമാധരനൃസിംഹാഖ്യൌ = ശ്രീധരായ നമഃ, നൃസിംഹായ നമഃ, ഹയാസ്യഃ = അശ്വമുഖായ നമഃ, ഇതി ക്രമാത് അധിദേവതാഃ നിഗദിതാ സ്യുഃ = ഇങ്ങനെ ദ്രവ്യന്യാസ ക്രമേണ അധിദേവതാമന്ത്രങ്ങളും ഉക്തങ്ങളായി.

ഇദമൃഗ്ഘിരണ്യവർണാ ആപോഹിഷ്ഠാ പ്രജാപതേ ന ത്വത്
തേജോ/സീതി ദധിക്രാവ്ണോ/ഥാപ്യായസ്വമന്ത്രമധുമത്യഃ. 95

ആകൃഷ്ണേനാശ്വത്ഥേ ഭദ്രം കർണേഭിരൃഗ്ഗുണാനാന്ത്വാ
വായോ ബ്രഹ്മോപത്വാ ദേവസ്യത്വാ ച മാനഷേ മന്ത്രാഃ. 96

www.shripuram.org
Shripuram Publications
www.shripuram.org

മാനഷേ = മാനഷത്തുങ്കൽ, ദിക്കുകളിലേയും കോണുകളിലേയും അന്തരാളങ്ങളിലേയും പാദ്യാദികളായ കലശങ്ങൾക്ക് 'ഇദം വിഷ്ണർവി ചക്രമേ' എന്നും 'ഹിരണ്യവർണാഃ ശുചയഃ' എന്നും 'ആപോഹിഷ്ഠാമ യോ ഭുവഃ' എന്നും 'പ്രജാപതേ നത്വദ്' എന്നും 'തേജോസിതേജോന പ്രേഹി' എന്നും 'ദധിക്രാവ്ണോ അകാരിഷം' എന്നും 'ആപ്യായസ്വ സമേതു തേ' എന്നും 'മധുവാതാ ഋതായ തേ' ഇത്യാദി മൂന്നും അന്തരാള ത്തുങ്കലേ ഉഷ്ണോദാദികൾക്ക് 'ആകൃഷ്ണോനരജസാ' എന്നും 'അശ്വത്ഥേ വാനിഷദനം' എന്നും 'ഭദ്രം കർണേഭിഃ ശൃണയാമദേവാഃ' എന്നും 'ഗണാ നാന്ത്വാ ഗണപതി' എന്നും 'വായവായാഹി ദർശത' എന്നും 'ബ്രഹ്മജ ജ്ഞാനം പ്രഥമം പുരസ്താത്' എന്നും 'ഉപത്വാഗ്നേദിവേ ദിവേ' എന്നും 'ദേവസ്യത്വാ സവിതുഃ പ്രസവേ' ഇത്യാദി മൂന്നും ഇങ്ങനെ പതിനാറ് ഋക്കുകൾ മാനഷത്തുങ്കലേ മന്ത്രങ്ങൾ.

വിഷ്ണോരരാടമിതി തത്ത്വായാമി സുവർണ്ണ്യമിത്യതഃ സ്യോനാ
ശംനോ യാദിവ്യാ യാസാം ച പരോമാത്രയാ/ണവോ ദൈവേ. 97

ദൈവേ = ദൈവത്തുങ്കൽ ദിക്കുകളിലും കോണുകളിലും, 'വിഷ്ണോര രാടമസി' എന്നും 'തത്ത്വായാമി ബ്രഹ്മണാ' എന്നും 'സുവർണം ഘർമ്മം പരിവേദവേനം' എന്നും 'സ്യോനാ പൃഥിവിഭവ' എന്നും 'ശന്നോദേവീര ഭിഷ്ടയേ' എന്നും 'യാദിവ്യാ ആപഃ പയസാ' എന്നും 'യാസാം രാജാ വ രുണോ യാതി മദ്ധ്യേ' എന്നും 'പരോ മാത്രയാ തന്വാ വൃധാനഃ' എന്നും ദൈവികത്തിങ്കലേ മന്ത്രങ്ങൾ.

ബ്രാഹ്മേ/തോ ദേവാ ഇതി മനവഃ സ്നപനേ സ്വപൂർണാണയുതാഃ
ഇതി പഞ്ചവിംശതിമിതദ്രവ്യസ്നാനക്രമോ ഹരൌ പ്രോക്തഃ 98

ബ്രാഹ്മേ = ബ്രഹ്മകലശത്തുങ്കൽ, 'അതോ ദേവാ അവന്തു നഃ' എന്നും, ഇതി സ്നപനേ മനവഃ സ്വപൂരണാണയുതാഃ = ഇപ്രകാരം കലശ ങ്ങൾ ആട്ടുവാൻ പറഞ്ഞ ഋക്കുകളിൽ പ്രണവോപചാരങ്ങൾ ആദിക്കും ഒടുക്കും നിറപ്പാൻപറഞ്ഞ അധിദേവതാ മന്ത്രങ്ങളും മൂലപ്രണവങ്ങളും കൂ ടെ വേണം. വലിയ ബ്രഹ്മകലശമാട്ടുന്നതിന് പ്രണവോപചാരപീഠമന്ത്രം മൂർത്തിമന്ത്രദ്വയകലാതത്ത്വം പരിവാരമന്ത്രങ്ങൾ ആദിക്ക്, പിന്നെ ഋ ക്കും അധിദേവതയും സ്വസൂക്തവും പുരുഷസൂക്തവും മൂലപ്രണവവും കൂടെ വേണം. ഇതി ഹരൌ പഞ്ചവിംശതിമിതദ്രവ്യസ്നപനക്രമഃ പ്രോക്തഃ = ഇപ്രകാരം വൈഷ്ണവത്തുങ്കലേ പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടുള്ള ക ലശത്തുങ്കലേ ക്രമം പറയപ്പെട്ടു.

അനന്തരം ശങ്കരനാരായണങ്കലേ കലശപ്രകാരത്തേ പറയുന്നു.

Shripuram Publications
www.shripuram.org

അധമാധമപൂർവമുത്തമോത്തമപര്യന്തമിഹാഭിഷേചനം
നവധാപരിചക്ഷതേ ബുധാഃ ക്രമശഃ ശങ്കരശാർങ്ഗധന്വനി. 99

ശങ്കരശാർങ്ഗധന്വനി = ശങ്കരനാരായണങ്കൽ, ഇഹ ബുധാഃ അധമാധമപൂർവം ഉത്തമോത്തമപര്യന്തം നവധാ അഭിഷേചനം പരിചക്ഷതേ = ഇവിടെ വിദ്വാന്മാർ അധമാധമം തുടങ്ങി ഉത്തമോത്തമം അവസാനമായിട്ട് ഒമ്പതു പ്രകാരം കലശത്തേ പറയുന്നു. അത് എങ്ങനെ എന്നാൽ അധമാധമം, അധമമദ്ധ്യമം, അധമോത്തമം, മദ്ധ്യമാധമം, മദ്ധ്യമമദ്ധ്യമം, മദ്ധ്യമോത്തമം, ഉത്തമാധമം, ഉത്തമമദ്ധ്യമം, ഉത്തമോത്തമം ഇങ്ങനെ ഒമ്പതുപ്രകാരം കലശങ്ങളെ പറയുന്നു.

തത്രാശുഗാദ്രിനവവർഗമിതാ ഘടാഃ സ്യുഃ
സ്ത്ര്യൂനം ശതം സനവവിംശതികം ശതം ച
തത്ത്വോത്തരദ്വിശതകം ദ്വിശതീ സവിശ്വാ
സാ സപ്തസപ്തതിയുതാ/ദ്രികൃതിസ്ത്രിശത്യാ. 100

തത്ര ആശുഗാദ്രിനവവർഗമിതാഃ = അവിടെ ആശുഗവർഗം ഇരുപത്തിയഞ്ച്, അദ്രിവർഗം നാല്പത്തിയൊമ്പത്, നവവർഗം എൺപത്തിയൊന്ന്, ത്ര്യൂനം ശതം = തൊണ്ണൂറ്റിയേഴ്, സനവവിംശതികം ശതം ച = നൂറ്റിയിരുപത്തിയൊമ്പത്, തത്ത്വോത്തരദ്വിശതകം = ഇരുനൂറ്റി ഇരുപത്തിയഞ്ച്, സവിശ്വാ ദ്വിശതീ = ഇരുനൂറ്റിപ്പതിമൂന്ന്, സപ്തസപ്തതിയുതാ സാ = ഇരുനൂറ്റിയെഴുപത്തിയേഴ്, ത്രിശത്യാ അദ്രികൃതിഃ ച ഘടാഃ = മുന്നൂറ്റിനാല്പത്തിയൊമ്പത്. ഇങ്ങനെ അധമാധമാദി ഉത്തമോത്തമാവസാനങ്ങളിൽ കലശങ്ങളുടെ സംഖ്യകൾ ഭവിക്കും.

ആജ്യാദിഭിർഹരിവദത്ര കഷായനിഷ്ഠൈ-
ർദ്രവ്യൈസ്തു സപ്തദശഭിസ്ത്ര്യധമാഭിഷേകാഃ
ശൈലാങ്കശങ്കരപുടാഹിതപഞ്ചസപ്ത-
ഗോവർഗസംഖ്യകലശൈർവിഹിതാഃ ക്രമേണ. 101

അത്ര ഹരിവദ് ആജ്യാദിഭിഃ കഷായനിഷ്ഠൈ സപ്തദശഭിഃ ദ്രവ്യൈഃ ത്ര്യധമാഭിഷേകാഃ = ഇവിടെ വിഷ്ണുവിങ്കലേപ്പോലെ നെയ്യു തുടങ്ങിയ കഷായാവസാനമായ പതിനേഴ ദ്രവ്യങ്ങളേക്കൊണ്ട് അധമാധമവും അധമമദ്ധ്യമവും അധമോത്തമവും ഈ മൂന്നു പ്രകാരം പറഞ്ഞ കലശങ്ങൾ, ശൈലാങ്കശങ്കരപുടാഹിതപഞ്ചസപ്തഗോവർഗസംഖ്യകലശൈഃ ക്രമേണ വിഹിതാഃ = ഏഴു പുടത്തുങ്കൽ ഇരുപത്തിയഞ്ചും ഒമ്പതു പുടത്തുങ്കൽ നാല്പത്തിയൊമ്പതും പതിനൊന്നു പുടത്തുങ്കൽ എൺപത്തിയൊന്നും ക

www.shripuram.org
Shripuram Publications
www.shripuram.org

ലശങ്ങളേക്കൊണ്ട് വിഷ്ണുവിങ്കലേപ്പോലെ ഉക്തങ്ങളായി പൂരണമന്ത്രങ്ങളും വിഷ്ണുവിങ്കലേപ്പോലെ.

അഭിഷേകത്തുങ്കലേ വിശേഷമന്ത്രങ്ങളേ പറയുന്നു.

സദ്യോജാതകവാമവക്ത്രബഹുരൂപേശാനപഞ്ചാക്ഷരാ-
ണ്യാപ്യായസ്വ പയോവധീഹ മധുവാതബ്രഹ്മഹൃദ്ഭ്യാം മധു
അശ്വത്ഥേ ശിരസാ ജിനാർണശിഖയാ പുഷ്പാവതീലോചനേ-
നാപോഹ്യസ്ത്രമയാണ്ണനാ പുരുഷപങ്ക്തത്യർണ്ണാണനേത്യാക്ഷതം. 102

തന്മഹേശദശവർണതഃ പരാ
വ്യോമജൈനലിപിപങ്ക്തിവർണതഃ
ത്ര്യംബകാണ്ണകവചേന മാനജ്ഞ-
ഗ്വിഷ്ണുജൈനലിപിനാ യവോദകം. 103

പയോവധി സദ്യോജാതകവാമവക്ത്രബഹുരൂപേശാനപഞ്ചാക്ഷരാണി ആപ്യായസ്വ ച = മാനഷത്തുങ്കലേ പാദ്യാർഘ്യാചമനീയ ഗവ്യങ്ങൾക്ക് 'സദ്യോജാതം പ്രപദ്യാമി' എന്നും 'വാമദേവായ നമോ ജ്യേഷ്ഠായ' ഇത്യാദിയും 'തൽപുരുഷായ വിദ്മഹേ' എന്നും 'അഘോരേഭ്യോ/ഥ ഘോരേഭ്യ' എന്നും കഴിഞ്ഞാൽ ബ്രഹ്മകലശത്തിന് 'ഈശാനസ്സർവവിദ്യാനാം' എന്നും, പിന്നെ അഗ്നികോണിൽ തുടങ്ങി തൈരിന് പഞ്ചാക്ഷരവും, പാലിന് 'ആപ്യായസ്വ' എന്നും, മധുവാതബ്രഹ്മഹൃദ്ഭ്യാം മധു = 'മധുവാതാ ഋതായതേ' എന്ന മൂന്ന് ഋക്കും പഞ്ചബ്രഹ്മഹൃദയമന്ത്രവുംകൂടി തേനിനേയും, അശ്വത്ഥേ ശിരസാ = 'അശ്വത്ഥേ വോ നിഷദനം' എന്നും പഞ്ചബ്രഹ്മശിരോമന്ത്രവും കൂടി കഷായജലത്തേയുമാട്ടു. പിന്നെ ദൈവികത്തുങ്കലേ ദിക്കുകളിലേ ഉഷ്ണോദകഫലമാർജ്ജനാക്ഷതങ്ങൾക്ക്, ജിനാർണശിഖയാ = സ്വഗായത്രിയും പഞ്ചബ്രഹ്മശിരോമന്ത്രവുംകൊണ്ട് ഉഷ്ണജലത്തേയും, പുഷ്പാവതീലോചനേന = 'പുഷ്പാവതീഃ പ്രസൂവരീഃ' എന്നും പഞ്ചബ്രഹ്മാംഗത്തിന്റെ നേത്രവും കൂടി ഫലജലത്തേയും, ആപോഹ്യസ്ത്രമയാണ്ണനാ = 'ആപോഹിഷ്ഠാ മയോഭുവഃ' എന്നും പഞ്ചബ്രഹ്മാസ്ത്രവും കൂടി മാർജനജലത്തേയും, പുരുഷപങ്ക്തത്യർണ്ണാണനാ ഇതി ആക്ഷതം = തത്പുരുഷായ വിദ്മഹേ എന്നും വ്യോമവ്യാപിദശാക്ഷരവുംകൊണ്ട് അക്ഷതജലത്തേയും ആട്ടു. പിന്നെ കോണുകളിലേ രത്നലോഹഗന്ധയവങ്ങൾക്ക്, തന്മഹേശദശവർണതഃ = 'തന്മഹേശായ വിദ്മഹേ' ഇത്യാദിയും വ്യോമവ്യാപിദശാക്ഷരവുംകൂടി രത്നജലത്തേയും, വ്യോമജൈനലിപി പങ്ക്തിവർണതഃ = 'വ്യോമവ്യോമായ വിദ്മഹേ' ഇത്യാദിയും, വ്യോമവ്യാപിദശാക്ഷരവുംകൂടി പി

www.shripuram.org
Shripuram Publications
www.shripuram.org

ന്നത്തേ ലോഹോദകത്തേയും, ത്ര്യംബകാണകവചേന = 'ത്ര്യംബകം യജാമഹേ' ഇത്യാദിയും പഞ്ചബ്രഹ്മകവചവും കൂടി ഗന്ധോദകത്തേയും, മാനസ്തുഗ്വിഷ്ണു ജൈനലിപിനാ യവോദകം = 'മാനസ്തോകേ തനയേ മാ നഃ' ഇത്യാദിയും 'നാരായണായ വിദ്മഹേ' ഇത്യാദി വിഷ്ണുഗായത്രിയും കൂടി യവോദകത്തേയും ആട്ടു.

ഇത്യുക്തസദ്യാദികമന്ത്രകാണാം
സഹസ്രശീർഷാദ്യജിതോക്തമന്ത്രാൻ
ഏകൈകമാദൌ സമുദീര്യ മന്ത്രീ
സംസ്ഥാപയേച്ചാഭിഹിതക്രമേണ. 104

ഇതി ഉക്തസദ്യാദികമന്ത്രകാണാം ആദൌ = ഈ പറഞ്ഞ സദ്യോജാതാദികളായ കലശാഭിഷേകമന്ത്രങ്ങളുടെ ആദിയിങ്കൽ, സഹസ്രശീർഷാദ്യജിതോക്തമന്ത്രാൻ = 'സഹസ്രശീർഷാ പുരുഷഃ' ഇത്യാദി വിഷ്ണുവിങ്കലേയ്ക്കു പറഞ്ഞ പതിനേഴുമന്ത്രങ്ങളിൽ ഓരോരോ ഋക്കുകളേ, സമുദീര്യ = ചൊല്ലീട്ട് സഹസ്രസദ്യോജാതാദികളേക്കൊണ്ട്, അഭിഹിതക്രമേണ മന്ത്രീ സംസ്ഥാപയേത് = മാനുഷദിക് ഖണ്ഡഘലടൈഃ ഇത്യാദി ക്രമത്തോടുകൂടി കലശങ്ങളേ ആട്ടു. ഇങ്ങനെ അധമത്രയം മൂന്നു.

അനന്തരം മദ്ധ്യമാധമത്തേ പറയുന്നു.

തിഥിസംഖ്യപുടേऽധമാധമം
രചയേച്ഛൈലപുടേന മദ്ധ്യതഃ
നവകാന്യപി ദിഗ്വിദിക്ഷു തത്-
പരിതോऽഷ്ടാവിതി മദ്ധ്യമാധമം. 105

തിഥിസംഖ്യപുടേ മദ്ധ്യതഃ ശൈലപുടേന അധമാധമം രചയേത് = പതിനഞ്ച് പുടങ്ങളേ ഇട്ട് ചതുരശ്രം വന്നാൽ നടുവിൽ ഏഴു പുടംകൊണ്ട് അധമാധമമായ ഇരുപത്തഞ്ചു കലശത്തിന്റെ പത്മത്തേ ഉണ്ടാക്കി ചുറ്റും ഒരു പുടം വീഥിയും ഉൾത്താൽ, തത്പരിതഃ ദിഗ്വിദിക്ഷു അഷ്ടൌ നവകാനി അപി രചയേത് = പുറത്തു മൂന്നു പുടമുള്ളതിൽ ദിക്കുകളിലും കോണുകളിലുമായി എട്ടു നവകങ്ങളേയുമുണ്ടാക്കു, ശേഷം അന്തരാള സ്ഥാനത്തു മുമ്മൂന്നു പുടങ്ങൾ വീഥിയായിട്ടു ഉൾത്തുകൊള്ളൂ. ഇതി മദ്ധ്യമാധമം = ഇങ്ങനെ തൊണ്ണൂറ്റിയേഴുകലശമായ മദ്ധ്യമാധമത്തിന്റെ പത്മം.

ഗുളേക്ഷുകേരോദകതൈലശാന്തി-
മംഗല്യമൃദ്ഭസ്മജലാനി ബാഹ്യേ

Shripuram Publications
www.shripuram.org

ബ്രാഹ്മേണ ബീജേന ഘൃതാദികാന്തേ
ദിക്കോണദേശേഷ്വഭിപൂരയേച്ച. 106

ഘൃതാദികാന്തേ = അകത്തേ അധമാധമമായ ഇരുപത്തഞ്ചു കലശങ്ങളിൽ ഘൃതാദികളായ പതിനേഴുദ്രവ്യങ്ങളേക്കൊണ്ടു പറഞ്ഞപോലെ നിറച്ചാൽ, ബാഹ്യേ ദിക്കോണദേശേഷു = പുറത്തുദിക്കുകളിലേയും കോണുകളിലേയും നവകബ്രഹ്മകലശങ്ങളിൽ, ബ്രാഹ്മേണ ബീജേന = കം നമഃ എന്നതുകൊണ്ട്, ഗുളേക്ഷുകേരോദകതൈലശാന്തിമംഗല്യമൃദ്ഭസ്മജലാനി അഭിപൂരയേത് = ശർക്കരയേയും കരിമ്പിനേയും തേങ്ങാവെള്ളത്തേയും എണ്ണയേയും ശാന്ത്യംഭസ്സിനേയും മംഗലാംഭസ്സിനേയും മണ്ണുകളേയും ഭസ്മജലത്തേയും നിറപ്പൂ.

ത്വം വിഷ്ണോ ഇതി ദിക്ഷ്വഥാശ്രിഷു പുനർവിഷ്ണോർനകം ശന്നഇ-ത്യശ്വക്രാന്തഌഗുദ്ധൃതാസി ച പുരോയുക്തൈഃ ക്രമാദ് ബ്രഹ്മഭിഃ കേരോദാവധി സംഹതൈരഥ പൃഥഗ്ഭ്രതൈശ്ച സദ്യാന്തിമൈ-ർമ്മൂലോങ്കാരസമന്വിതൈഃ സ്നപിതയേത് സ്നാനേ യവോദാന്തിമൈഃ. 107

യവോദാന്തിമൈഃ സ്നാനേ = അധമാധമത്തുങ്കലേ സഹസ്രശീർഷാദിയും സദ്യോജാതാദിയും കൂടി അകത്ത് പാദ്യാദിയവോദാന്തിമങ്ങളായ പതിനേഴ കലശങ്ങളേയുമാടിയാൽ, ദിക്ഷു = പുറത്തു ദിക്കുകളിലേ ഗുളേക്ഷുകേരോദകതൈലങ്ങളേ, ത്വം വിഷ്ണോ ഇതി = 'ത്വം വിഷ്ണോ സുമതിം വിശ്വജന്യം' എന്നും, പുരോയുക്തൈഃ സംഹതൈഃ ബ്രഹ്മഭിഃ കേരോദാവധി ച = ഗുളത്തിനും ഇക്ഷുജലത്തിനും കേരോദത്തിന്നും 'ത്വം വിഷ്ണോ' എന്നതിന്റെ മുമ്പിൽ ഈശാനാദിപഞ്ചബ്രഹ്മങ്ങൾ അഞ്ചും കൂടീട്ടും, അഥ പൃഥഗ്ഭ്രതൈഃ സദ്യാന്തിമൈഃ ച = തൈലത്തിന്ന് ഈശാന എന്നും ത്വം വിഷ്ണോ എന്നും കൂടിയുമാട്ടൂ. പുനഃ അശ്രിഷു = പിന്നെ അഗ്ന്യാദികോണുകളിലേ ശാന്തിമംഗല്യമൃദ്ഭസ്മജലങ്ങളേ, വിഷ്ണോർനകം തത്പുരുഷായ എന്നും കൂടി ശാന്തിജലത്തേയും, ശന്ന ഇതി = അഘോരേഭ്യഃ എന്നും ശന്നോ ദേവിയുംകൂടി, മംഗലജലത്തേയും, അശ്വക്രാന്തഌക് = വാമദേവായ എന്നും 'അശ്വക്രാന്തേ രഥക്രാന്തേ' എന്നുംകൂടി മൃജ്ജലത്തേയും, ഉദ്ധൃതാസി ച = സദ്യോജാതനും ഉദ്ധൃതാസി വരാഹേണ എന്നുംകൂടി ഭസ്മജലത്തേയും, മൂലോങ്കരസമന്വിതൈഃ = ഒട്ടക്കം മൂലപ്രണവങ്ങളോട്ടുകൂടിക്കൊണ്ടു, സ്നപിതയേത് = കലശാഭിഷേകത്തേ ചെയ്‌വൂ.

ഈ മദ്ധ്യമാധമത്തിന്ന പഞ്ചവിംശതിദ്രവ്യങ്ങൾ

ക്ഷേത്രേ വിംശതിസൂത്രകേ/ധമഭവം മദ്ധ്യേ തു ചേന്മദ്ധ്യമം
വീഥിം പങ്ക്തിയുജോത്തമം യദി ച പങ്‌ക്ത്യൈതദ് ബഹിസ്തത്ക്രമാത്

www.shripuram.org
Shripuram Publications
www.shripuram.org

കുര്യാത് ഷോഡശപഞ്ചകാനി നവകാന്യപ്യന്തരാ ഗന്ധകം
വിന്യസ്യേദ്ധരിമൂലതോഽന്യദഖിലം പ്രാഗ്വദ്ദ്വയീതീതരാ. 108

വിംശതിസൂത്രകേ ക്ഷേത്രേ = ഇരുപതു സൂത്രം തെറിച്ച പത്തൊമ്പതു പുടമായ ചതുരശ്രത്തുങ്കൽ, മദ്ധ്യേതു മദ്ധ്യമം ചേത് അധമഭവം മദ്ധ്യമം = നടുവിൽ മദ്ധ്യമമദ്ധ്യമമാകുമ്പോൾ ഒമ്പതുപുടംകൊണ്ട് അധമമദ്ധ്യമത്തിങ്കലേ നാല്പത്തൊമ്പതു കലശത്തിന്റെ പത്മത്തേയുണ്ടാക്കി, പങ്ക്തതിയുജാ വീഥിം ച കുര്യാത് = അതിനു ചുറ്റം രണ്ടു പുടംകൊണ്ടു വീഥിയേയുമുണ്ടാക്കു. ഉത്തമം യദി = മദ്ധ്യമോത്തമം ആകുമ്പോൾ നടുവിൽ പതിനൊന്നു പുടംകൊണ്ട് അധമോത്തമത്തുങ്കലേ എമ്പത്തൊന്നു കലശത്തിന്റെ പത്മത്തേ ഉണ്ടാക്കു. പങ്ക്ത്യാ വീഥിം ച = അതിനു ചുറ്റം ഒരു പുടംകൊണ്ട് വീഥിയേയുമുണ്ടാക്കു, ഏതദ്ബഹിഃ = ഇതിന്റെ പുറത്തു ചുറ്റം മൂന്നു പുടം ശേഷിച്ച് ഉള്ളതുകൊണ്ട് തത്ക്രമാത് ഷോഡശപഞ്ചകാനി നവകാനി അപി = മദ്ധ്യമത്തുങ്കൽ പതിനാറു പഞ്ചകങ്ങളേയും ഉത്തമത്തിൽ പതിനാറും നവകങ്ങളേയും ദിക്കിലും കോണിലും അന്തരാളത്തിലും ആയി ഉണ്ടാക്കു. അപ്പോൾ നൂറ്റിയിരുപത്തിയൊമ്പതിന്റേയും ഇരുനൂറ്റി ഇരുപത്തിയഞ്ചിന്റേയും പത്മങ്ങളേയും ഉണ്ടാക്കു. അന്തരാഹരിമൂലതഃ ഗന്ധകം വിന്യസ്യേത് = ഇവിടെ അന്തരാളാഷ്ടകത്തിൽ വൈഷ്ണവാഷ്ടാക്ഷരംകൊണ്ട് അഷ്ടഗന്ധജലത്തേയും നിറപ്പൂ. അന്യദ് അഖിലം പ്രാഗ്വത് = ശേഷം ദ്രവ്യങ്ങൾ മുമ്പിൽ പറഞ്ഞപോലെ അകത്തു ആജ്യാദിപതിനേഴും പുറത്ത് ദിക്കോണുകളിൽ ഉളേക്ഷുകേരോദാദി എട്ടിനേയും നിറപ്പൂ. ഇതി ഇതരാ ദ്വയീ = ഇപ്രകാരം മദ്ധ്യമമദ്ധ്യമവും മദ്ധ്യമോത്തമവും മുപ്പത്തിമൂന്നു ദ്രവ്യന്യാസത്തോടുകൂടി ഭവിക്കും.

അനന്തരം ഉത്തമത്രയത്തേ പറയുന്നു.

ക്ഷേത്രേ തത്ര ത്രയോവിംശതിപുട ഇഷുവർഗ്ഗാത്മകദ്രവ്യക്ലൃപ്ത്യാ
മദ്ധ്യേ കൃത്വാഽഷ്ടയുക്തം ശതമഥ പരിതഃ പഞ്ചകോദഞ്ചിതാനി
ദിക്കോണാദ്യന്തരാണ്യാരചയതു നവകാഢ്യാനി വാ സത്യകാദി
സ്ഥാനസ്ഥാനി ത്രികാണി ദ്വിവിധവിധിസമാനൃത്തമാർവാശ്ദ്വയീതി.
109

തത്ര ത്രയോവിംശതിപുടേ ക്ഷേത്രേ = അവിടെ ഇരുപത്തി മൂന്നു പുടത്തോടു കൂടിയ ക്ഷേത്രത്തിങ്കൽ, ചതുരശ്രമദ്ധ്യേ ഇഷു വർഗ്ഗാത്മകദ്രവ്യക്ലൃപ്ത്യാ അഷ്ടയുക്തം ശതം കൃത്വാ = നടുവിൽ 15 പുടംകൊണ്ടു പഞ്ചവിംശതി ദ്രവ്യത്തിങ്കൽ പറഞ്ഞിരിക്കുന്ന 150 കലശത്തിന്റെ പത്മത്തേയുണ്ടാക്കി അതിന്റെ ചുറ്റം ഒരു പുടംകൊണ്ടു വീഥിയേയുമുണ്ടാക്കിയാൽ,

www.shripuram.org
Shripuram Publications
www.shripuram.org

അഥ പരിതഃ ദിക്കോണാഭ്യന്തരാണി പഞ്ചകോദഞ്ചിതാനി ആരചയേത് = പിന്നെ പുറത്തു ചുറ്റും ദിക്കുകളിലും കോണുകളിലും അന്തരാളങ്ങളിലും നവകം ഉണ്ടാക്കിയാൽ ആ നവകങ്ങളുടെ കോണിലേ പദങ്ങളേ കള ഞ്ഞു പഞ്ചകങ്ങളേ ഉണ്ടാക്കൂ. നവകാഢ്യാനി വാ = പതിനാറു നവകങ്ങ ളായിട്ടും ആം. സത്യകാദി സ്ഥാനസ്ഥാനി ത്രികാണി = പിന്നെ നാലു ദിക്കിലുമുള്ള നവകങ്ങളുടെ രണ്ടു പിറത്തും സത്യകാദി സ്ഥാനങ്ങളിൽ മുമ്മൂന്നായിട്ടും ഉണ്ടാക്കൂ. ഇതി ദ്വിവിധവിധിസമാനി ഉത്തമാവർദ്ധ്വയീ = ഇപ്രകാരം തുല്യങ്ങളായിരിക്കുന്ന ഉത്തമാധമം ഇരുനൂറ്റിപ്പതിമ്മൂന്നി ന്റേയും ഇരുനൂറ്റിയെഴുപത്തേഴായും ഉത്തമമദ്ധ്യത്തിന്റെ പത്മങ്ങൾ (?) മുമ്പിലത്തേതിനു പഞ്ചകങ്ങൾ എന്നു ഭേദമുണ്ട്.

തത്രോത്തമോത്തമവിധൌ ശതമഷ്ടയുക്തം
മദ്ധ്യേ ബഹിർദിനകരാഷ്ടിദിനേശസംഖ്യാഃ
ദിക്കോണമദ്ധ്യനിഹിതാ ജലധിപ്രമാണാ-
സ്തൽസത്യകാദിഷു ച തത്ത്വപുടേ ഘടാഃ സ്യുഃ. 110

തത്ര ഉത്തമോത്തമവിധൌ = അവിടെ ഉത്തമോത്തമമായ കലശ ത്തുങ്കൽ, തത്ത്വപുടേ = ഇരുപത്തിയഞ്ചു പുടമായ ചതുരശ്രത്തുങ്കൽ, മ ദ്ധ്യേ അഷ്ടയുക്തം ശതം = നടുവിൽ പതിനഞ്ചു പുടത്തിങ്കൽ പറഞ്ഞ നൂ റ്റിയൊമ്പതു കലശത്തിന്റെ പത്മത്തേ ഉണ്ടാക്കി ചുറ്റും ഒരു പുടംകൊണ്ടു വീഥിയും ഉണ്ടാക്കിയാൽ, ബഹിഃ ദിക്കോണമദ്ധ്യനിഹിതാഃ ദിനകരാ ഷ്ടിദിനേശസംഖ്യാഃ = പുറത്തു ചുറ്റും നാലു പുടങ്ങളുള്ളതിൽ ദിക്കുകളിൽ പന്ത്രണ്ടീതും കോണുകളിൽ അഷ്ടി = പതിനാറീതും അന്തരാളങ്ങളിൽ പന്ത്രണ്ടീതുമുണ്ടാക്കൂ. തത്സത്യാദിഷു = അവിടെ ദിക്കുകളുടെ അടുത്ത് ര ണ്ടു പുറത്തും സത്യകാദ്യന്തരാളങ്ങളിൽ, ജലധിപ്രമാണാഃ ഘടാഃ സ്യുഃ = നന്നാലായിട്ടും കലശങ്ങൾ ഭവിക്കും. ഇങ്ങനെ ഉത്തമോത്തമമായ മുന്നൂ റ്റിനാല്പത്തിയൊമ്പതു കലശത്തിന്റെ പത്മം. ഈ ഉത്തമത്രയങ്ങൾക്കും നാല്പത്തിയൊമ്പതു ദ്രവ്യങ്ങളും വരും.

ഇവിടെ അധികം വേണ്ടുന്ന ദ്രവ്യങ്ങളേ പറയുന്നു.

ബലാം വചാം ചാതിബലാം ച ശംഖ-
പുഷ്പീം ച സക്ഷുദ്രകസിംഹികേ ച
വ്യാഘ്രീം കുശോദം ച ഘൃതാദികാന്തേ
ബ്രഹ്മാംഗതോഽന്തർന്യസേത് ത്രികേഷു. 111

ഘൃതാദികാന്തേ = ഈ ഉത്തമത്രയത്തുങ്കലും അകത്തേ നൂറ്റെട്ടു കലത്തിങ്കൽ ആജ്യാദികളായി സപ്തദ്രവ്യങ്ങളേ നിറച്ചാൽ, അന്തഃ ത്രി

www.shripuram.org
Shripuram Publications
www.shripuram.org

കേഷു ബ്രഹ്മാംഗതഃ = അന്തരാളങ്ങളിൽ മുമ്മൂന്ന് ഉള്ളതിന്റെ നടുവിൽ സർവജ്ഞാദി പഞ്ചബ്രഹ്മത്തിന്റെ അംഗങ്ങളേക്കൊണ്ട്, ബലാം = കുറുന്തോട്ടിയേയും, വചാം = വയമ്പിനേയും, അതിബലാം = വലിയ കുറുന്തോട്ടിയേയും, ശംഖപുഷ്പീം = ശംഖപുഷ്പിയേയും, സക്ഷുദ്രകസിംഹികേ = അരിവറുത്തതിനേയും ചെറുവഴുതിനയേയും, വ്യാഘ്രീം = വലിയ വഴുതിനയേയും, ന്യസേത്തു = ന്യസിപ്പൂ.

ദിക്കോണകീർത്തിതഗുളാദ്യഭിപൂരണാന്തേ
തത്സത്യകാദിഷു ബഹിർന്യസേത്തു ക്രമേണ
അഷ്ടാക്ഷരേണ സലിലാനി നദീസമുദ്ര-
വാപ്യന്ധുവർഷഹിമതീർത്ഥകനിർഝരാണാം. 112

ബഹിഃ ദിക്കോണകീർത്തിത ഗുളാദ്യഭിപൂരണാന്തേ = പിന്നെ പുറത്തേ വരിയിൽ ദിക്കോണുകളിൽ മുമ്പു പറഞ്ഞ ഗുളേക്ഷുകേരോദകാദികളേ എട്ടിനേയും നിറച്ചാൽ, തത്സത്യകാദിഷു = കിഴക്കേ ദിക്കിന്റെ അടുക്കൽ ഉള്ള സത്യകാദ്യന്തരാളങ്ങളിൽ, അഷ്ടാക്ഷരേണ = ഓം നമോ നാരായണായ എന്നതുകൊണ്ട്, നദീസമുദ്ര വാപ്യന്ധുവർഷഹിമതീർത്ഥകനിർഝരാണാം സലിലാനി ന്യസേത്തു = പുഴയിലേതും സമുദ്രത്തിങ്കലേതും അഗാധമുള്ള ദിക്കിലേതും കിണറ്റിലേതും വർഷത്തിങ്കലേതും മഞ്ഞിങ്കൽ ഉണ്ടാകുന്നതും തീർത്ഥത്തിങ്കലേതും അരുവിയിങ്കലേതും ഈ എട്ടു ദിക്കിൽനിന്നും ശുദ്ധമായിട്ട് എടുത്തുകൊണ്ടുവന്ന വെള്ളങ്ങളേ നിറപ്പൂ.

തത്രാന്തരിക്ഷാദ്യപരാന്തരേഷു
സ്വമൂലതോ ന്യസ്യ ബീജതോയം
സ്വർണം തിലം ദൌർവ്യകശാലിതണ്ഡു-
ലാംഭഃ ക്ഷപാപുഷ്പജലം ക്രമേണ. 113

തത്ര അന്തരിക്ഷാദ്യപരാന്തരേഷു = അഗ്നികോണിന്റെ അടുത്തു വടക്കു തുടങ്ങി കോണുകളുടെ അടുത്തുള്ള അന്തരിക്ഷാദി മറ്റേ അന്തരാളങ്ങളിൽ, സ്വമൂലതഃ = ശങ്കരനാരായണന്റെ മൂലംകൊണ്ട്, ബീജതോയം = ബീജദ്രവ്യത്തേയും, സ്വർണത്തേയും, തിലം = എള്ളിനേയും, ദൌർവ്യകം = കറുകയേയും, ശാലിതണ്ഡുലാംഭഃ = നെല്ലിനേയും തണ്ഡുലത്തേയും, ക്ഷപാപുഷ്പജലം = മഞ്ഞപ്പൊടിയേയും പുഷ്പങ്ങളേയും, ക്രമേണ ന്യസ്യ = ക്രമേണ ന്യസിപ്പൂ.

ഉത്തമത്രിതയേ/പീതി വ്യക്തമുക്തം പ്രപൂരണം
തതസ്തത്സ്നപനം കര്യാത് തത്തത്പൂരണമന്ത്രതഃ. 114

www.shripuram.org
Shripuram Publications
www.shripuram.org

ഉത്തമത്രിതയേ അപി ഇതി പ്രപൂരണം വ്യക്തം സമുക്തം = ഉത്തമത്രയത്തുങ്കലും ഇപ്രകാരം പൂരണക്രമത്തേ വ്യക്തമാക്കിപ്പറഞ്ഞു. തതഃ തത്തത്പൂരണമന്ത്രതഃ തത്സ്നപനം കുര്യാത് = സദ്യോജാതാദി ഇരുപത്തിയഞ്ചു ദ്രവ്യങ്ങൾക്കും സ്നാനമന്ത്രം പറഞ്ഞത് അപ്രകാരം ആടി ശേഷം അന്തരാളങ്ങളായിട്ട് ഇരുപത്തിനാലു ഖണ്ഡങ്ങളിലേയും കലശങ്ങളേ അവറ്റിന്റെ പൂരണമന്ത്രംകൊണ്ടു തന്നെ അഭിഷേകത്തേ ചെയ്വൂ.

സ്നാനേ/സ്മിൻ നവധോദിതേ/പി തദ്ദ്രഗ് ദ്രവ്യം സമസ്തം സമം
ന്യസ്യ ദ്രോണഘടേ സമസ്തമനുഭിഃ സംപൂര്യ ഗന്ധാംഭസാ
ഇഷ്ട്വാ സമ്യഗനേന സർവകലശാന്തേ സ്നാപയേത സാധകോ
യജ്ഞായജ്ഞനൃസൂക്തരുദ്രസഹിതവ്യോമാണനേശാച്യുതേ. 115

ഈശാച്യുതേ നവധാ ഉദിതേ അസ്മിൻ സ്നാനേ അപി = ശങ്കരനാരായണങ്കൽ ഒമ്പതു പ്രകാരം പറഞ്ഞിരിക്കുന്ന ഇക്കലശത്തിങ്കൽ എല്ലാടവും, തദ്ദ്രഗ്ദ്രോണഘടേ സമസ്തം ദ്രവ്യം സമസ്ത മനുഭിഃ സമം ന്യസ്യ ഗന്ധാംഭസാ സമ്പൂര്യ = വടക്കു ഭാഗത്ത് അഷ്ടദലപത്മത്തിൽ പീഠം വിരിച്ചു പീഠപൂജാദി ചെയ്തു പതിനാറിടങ്ങഴി കൊള്ളുന്ന വലിയ കുടത്തേ കമഴ്ത്തി കുംഭസംസ്കാരാദികുർച്ചന്യാസാന്തം ചെയ്ത് അതാതു കലശങ്ങൾക്കു വേണ്ടുന്ന കലശദ്രവ്യങ്ങളേ ഒക്കയും ഒന്നായിക്കൂട്ടി അഗ്നിദേവതാമന്ത്രങ്ങൾ ഒക്കയും ചൊല്ലി ദ്രവ്യത്തേ ന്യസിച്ച് അഷ്ടഗന്ധജലംകൊണ്ടു നിറച്ച്, സമ്യഗ് ഇഷ്ട്വാ = ലിപിപങ്കജമൂർത്ത്യാവാഹനകലാവാഹന തുടങ്ങി ബ്രഹ്മകലശംപോലെ പൂജിച്ച് കലശാധിവാസത്തുങ്കൽ സമ്പാതം സ്പർശിച്ച് അധിവസിപ്പൂ. സാധകഃ സർവകലശാന്തേ യജ്ഞായജ്ഞനൃസൂക്തരുദ്രസഹിതവ്യോമാണുനാ അനേന ദ്രോണഘടേന സ്നാപയേത് = ആചാര്യൻ മറ്റുള്ള കലശങ്ങളേ ഒക്കയും ആടിക്കഴിഞ്ഞാൽ 'യജ്ഞായജ്ഞാവഃ' ഇത്യാദി സൂക്തവും പുരുഷസൂക്തവും രുദ്രസൂക്തവും ശ്രീരുദ്രവും വ്യോമവ്യാപി രണ്ടു ചൊല്ലി ഈ ദ്രോണകലശത്തേ ബ്രഹ്മകലശന്യായേന ആടി ന്യാസങ്ങളും ചെയ്തു പൂജിപ്പൂ. ഇങ്ങനെ ശങ്കരനാരായണങ്കലേ കലശങ്ങൾ ഒമ്പതും പറഞ്ഞു.

അനന്തരം ശിവന്റെ കലശത്തേ പറയുന്നു.

അത്യഷ്ടിസംഖ്യൈരിഷുവർഗസംഖ്യൈ-
ർദ്രവ്യൈരമൈതൈഃ ക്രമവർദ്ധിതൈശ്ച
വക്ഷ്യാമി തൈലാദികഗന്ധകർപ്പൂ
രാദ്യാന്വയേന സ്നപനം സ്മരാരൌ. 116

Shripuram Publications
www.shripuram.org

സ്മരാരൌ അത്യഷ്ടിസംഖ്യൈഃ ഇഷുവർഗസംഖ്യൈഃ ദ്രവ്യൈഃ =

ശിവങ്കൽ സപ്തദശദ്രവ്യങ്ങളേക്കൊണ്ടും പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടും, തൈലാദിഗന്ധകർപ്പൂരാദ്യാന്വയേന ക്രമവർദ്ധിതൈഃ ഏതൈഃ ച സ്നപനം വക്ഷ്യാമി = തൈലാദി പതിനാറിനോടു കൂടീട്ടും തൈലാദിയും ഗന്ധാദിയും കർപ്പൂരാദിയും കൂടീട്ടും ഈ പഞ്ചവിംശതിദ്രവ്യങ്ങളേത്തന്നെ അധികമായിട്ടും ഇങ്ങനെ അഞ്ചുപ്രകാരം ശിവങ്കലേ കലശത്തേ പറയുന്നേൻ.

അന്തഃ ശാന്ത്യുദകം പ്രദക്ഷിണതയേന്ദ്രാത് പഞ്ചഗവ്യം പയോ
ദധ്യാജ്യം മധു രത്നകം കുശജലം ഗന്ധാംബു ബാഹ്യാവൃതൌ
തദ്വത് ക്ഷാരഗുളാസവാജ്യദധിദുഗ്ദ്ധാച്ഛോദഗർഭാഭിധാൻ
സങ്കല്പ്യാംബുനിധീൻ ദലസ്ഥിതഘടേഷ്വാപൂരയേദ്വാര്യപി. 117

അന്തഃ ശാന്ത്യുദകം = നടുവിൽ ബ്രഹ്മകലശത്തുങ്കൽ ശാന്ത്യുദകത്തേ നിറപ്പൂ. ബാഹ്യാവൃതൌ ഇന്ദ്രാത് പ്രദക്ഷിണതയാ = പിന്നെ പുറത്തേ വരിയിൽ കിഴക്കുനിന്നുതുടങ്ങി പ്രദക്ഷിണക്രമമായിട്ട്, പഞ്ചഗവ്യം പയഃ ദധ്യാജ്യം മധു രത്നകം കുശജലം ഗന്ധാംബു ച ആപൂരയേത് = പഞ്ചഗവ്യത്തേയും പാലിനേയും തൈരിനേയും നെയ്യിനേയും തേനിനേയും രത്നജലത്തേയും കുശോദകത്തേയും അഷ്ടഗന്ധജലത്തേയും നിറപ്പൂ. ദലസ്ഥിതഘടേഷു തദ്വത് = പിന്നെ ബ്രഹ്മന്റെ കൂടെയുള്ള ദലകലശങ്ങളിലും കിഴക്കുതുടങ്ങി പ്രദക്ഷിണക്രമമായിട്ട്, ക്ഷാരഗുളാസവാജ്യദധിദുഗ്ദ്ധാച്ഛോദഗർഭാഭിധാൻ അംബുനിധീൻ സങ്കല്പ്യ വാരി ആപൂരയേത് = ഉപ്പുവെള്ളവും ശർക്കരവെള്ളവും മദ്യജലവും നെയ്യും തൈരും പാലും ശുദ്ധജലവും കാരണജലവും ഇങ്ങനെയുള്ള സമുദ്രജലങ്ങളേ ധ്യാനിച്ച് ജലദ്രോണിയിലേ വെള്ളംകൊണ്ടുതന്നെ നിറപ്പൂ. ഇങ്ങനെ സപ്തദശദ്രവ്യങ്ങൾ.

സാവിത്രീ ശീതാംശുരുദ്രൌ ഹുതാശഃ
സ്കന്ദോ വിത്തേശശ്ച സപ്തർഷയശ്ച
ഇന്ദ്രശ്ച സ്യുർദ്ദേവതാ ബാഹ്യസംസ്ഥാ
ഈശാനോ ബ്രാഹ്മേ/ംബുധിഷ്വംബുധീശഃ. 118

സാവിത്രീ ശീതാംശുരുദ്രൌ ഹുതാശഃ സ്കന്ദഃ വിത്തേശഃ ച സപ്തർഷയഃ ച ഇന്ദ്രഃ ച ബാഹ്യസംസ്ഥാഃ ദേവതാഃ സ്യുഃ = സാവിത്ര്യൈ നമഃ, സോമായ നമഃ, രുദ്രായ നമഃ, അഗ്നയേ നമഃ, സ്കന്ദായ നമഃ, വൈശ്രവണായ നമഃ, സപ്തഋഷിഭ്യോ നമഃ, ഇന്ദ്രായ നമഃ ഇങ്ങനെ പുറത്തേ പഞ്ചഗവ്യാദികൾ എട്ടിന്റേയും നിറപ്പാനുള്ള അധിദൈവതമന്ത്രങ്ങൾ. ബ്രാഹ്മേ ഈശാനഃ = ബ്രഹ്മകലശത്തുങ്കൽ 'ഈശാനായ ഓം നമഃ ശിവായ

www.shripuram.org
Shripuram Publications
www.shripuram.org

ഓം ഹ്രീം ഹംസഃ സോഹം സ്വാഹാ ഓം നമഃ ശിവായ നമഃ' ഇങ്ങനെ ശാന്ത്യംഭസ്സിന്റെ മന്ത്രം. അംബുധിഷു അംബുധീശഃ = ദലകലശങ്ങളിലേ സമുദ്രജലങ്ങളേ നിറപ്പാൻ 'വരുണായ നമഃ' എന്ന് മന്ത്രം.

സദ്യാദ്യാഃ പഞ്ചഗവ്യേ നിജനിജമനവോ ദുഗ്ദ്ധദദ്ധ്യാജ്യമാധ്വീ-
ഷ്വാസത്യേനാശ്മതോയേ കുശമയസലിലേ സ്യാച്ച ദേവസ്യ മന്ത്രഃ
ഗന്ധദ്വാരേതി ഗന്ധാംബുനി സലിലനിധിഷ്വഷ്ടസുസ്യുഃ സമുദ്ര-
ജ്യേഷ്ഠാദ്യാ ബ്രഹ്മകുംഭേ സ്നപനമനരഥ പ്രോദിതാ വ്യോമവിദ്യാ. 119

പഞ്ചഗവ്യേ സദ്യാദ്യാഃ = പുറത്തു കിഴക്കു ദിക്കിലേ പഞ്ചഗവ്യത്തേ ആടുവാൻ സദ്യോജാതാദി പഞ്ചബ്രഹ്മവും, ദുഗ്ദ്ധദദ്ധ്യാജ്യമാധ്വീഷു നിജനിജമനവഃ = അഗ്നികോണിലേ പാലിന് 'ആപ്യായസ്വ' എന്നും, തെക്കേ ദിക്കിലേ തൈരിന് 'ദധിക്രാവ്ണോ അകാരിഷം' എന്നും, നിരൃതികോണിലേ നെയ്യിന് 'തേജോ/സി തേജോ/നുപ്രേഹി' എന്നും, പടിഞ്ഞാറേ ദിക്കിലേ തേനിന് മധുവാതാ ഇത്യാദി മൂന്ന് ഋക്കും, അശ്മതോയേ ആസത്യേന = വായുകോണിലേ രത്നജലത്തിന് 'ആ സത്യേന രജസാ' എന്നും, കുശമയസലിലേ ദേവസ്യമന്ത്രഃ = വടക്കേദിക്കിലേ കുശജലത്തിന്ന് 'ദേവസ്യ ത്വാ സവിതുഃ പ്രസവേ' ഇത്യാദി മൂന്നും, ഗന്ധാംബുനി ഗന്ധദ്വാരാം ഇതി = ഈശകോണിലേ അഷ്ടഗന്ധജലത്തിന് 'ഗന്ധദ്വാരാം ദുരാധർഷാം' എന്നും, സലിലനിധിഷു അഷ്ടസു സമുദ്രജ്യേഷ്ഠാദ്യാഃ = പിന്നെ അകത്തേ ദലകലശങ്ങൾക്ക് സമുദ്രജലം നിറച്ചതിന്നു ക്രമേണ 'സമുദ്രജ്യേഷ്ഠാസ്സലിലസ്യ മദ്ധ്യാത്' എന്നു തുടങ്ങി രണ്ടു വർക്കത്തിലേ ഋക്കുകൾ എട്ടും സ്നപനമന്ത്രങ്ങൾ ഭവിക്കും. ബ്രഹ്മകുംഭേ സ്നപമനഃ വ്യോമവിദ്യാപ്രോദിതാ = ഒടുക്കം ബ്രഹ്മകലശത്തേ ആടുവാൻ പ്രണവോപചാരാദി ഒക്കയും മഹാവ്യോമവ്യാപിമന്ത്രവും മൂലപ്രണവവും കൂടെ വേണം. ഇങ്ങനെ ശിവങ്കലേ സപ്തദശദ്രവ്യങ്ങളും മന്ത്രങ്ങളും.

അനന്തരം പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടുള്ള കലശത്തിങ്കൽ മുമ്പിൽ പറഞ്ഞ പദ്മങ്ങളിൽ വിശേഷമുള്ളതിനേ പറയുന്നു.

തത്ത്വദ്രവ്യവിധൌ ശിവേ/ർദ്ധശതസംയുക്തേ ഘടാനാം ശതേ
ക്ഷേത്രേ/ത്യഷ്ടിപുടേ ഘടാ നവ നിവേശ്യാ ബ്രഹ്മഭാഗേ/ംബുജേ
ദിക്കോണേഷു കൃശാനുഭ്രമിപരിസംഖ്യാതാഃ ക്രമം ദൈവികേ
/ഥാശാശ്ര്യന്തരസംസ്ഥിതാ നവവികാരാഗ്ന്യുന്മിതാ മാനുഷേ. 120

ശിവേ തത്ത്വദ്രവ്യവിധൌ = ശിവങ്കൽ പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടുള്ള കലശത്തുങ്കൽ, അർദ്ധശതസംയുക്തേ ഘടാനാം ശതേ = നൂറ്റിനാല്പത്തിയൊമ്പതു കലശത്തിന്റെ പത്മത്തുങ്കൽ, അത്യഷ്ടിപുടേ

www.shripuram.org
Shripuram Publications
www.shripuram.org

ക്ഷേത്രേ = പതിനേഴ് പുടമിട്ട് ഇരുനൂറ്റി എഴുപത്തി ഒമ്പതു പദത്തോടു കൂടിയ ചതുരശ്രത്തുങ്കൽ, ബ്രഹ്മഭാഗേ അംബുജേ നവ ഘടാഃ നിവേശ്യാഃ = നടുവിൽ ഒമ്പതുപദങ്ങളേക്കൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കിയാൽ അതിൽ ബ്രഹ്മനം ദളകലശങ്ങൾ എട്ടുംകൂടി ഒമ്പതുകലശങ്ങളെ വയ്ക്കണം. ദൈവികേ ദിക്കോണേഷു കൃശാനുഭ്രമിപരിസംഖ്യാതാഃ = ദൈവികത്തുങ്കൽ ദിക്കുകളിൽ മുമ്മൂന്നും കോണുകളിൽ ഓരോന്നും വീഥിളുർത്ത്, മാനുഷേ ആശാശ്ര്യന്തരസംസ്ഥിതാഃ നവവികാരാഗ്ന്യമിതാഃ ഘടാഃ ക്രമാത് = മാനുഷത്തുങ്കൽ ദിക്കുകളിൽ പന്ത്രണ്ടു വരുന്നതിൽ അകത്തേ വരിളുർത്ത് നവകമാക്കു. ഇങ്ങനെ ഇരുനൂറ്റി നാല്പത്തിയൊമ്പതു കലശത്തിന്റെ പത്മം.

അന്തർദ്വിഗ്വിശോർബഹിശ്ച കൃതിസൂത്രേ/ഭ്യന്തരേ/ർക്കാർക്ഷ-ഡ്ഢ്വദേഭാ ദ്വിശതേ ഘടാ നൃപയുതേ/ംഗാബ്ധീനഭ്രപദ്വിപാഃ മദ്ധ്യാദ്യാഖിലഖണ്ഡകേഷു നവശോ ദ്വ്യർക്കാധികേ മാനുഷേ കോണേഷ്വേകഘടാധികം ശരശതം പ്രാഗുക്തമന്യൽ സമം. 121

കൃതിസൂത്രേ = പിന്നെ പത്തൊമ്പതു പുടത്തുങ്കൽ മൂന്നുപ്രകാരം പത്മമുണ്ടാക്കുവാൻ പറയുന്നേടത്ത്, ദ്വിശതേ = ഇരുനൂറ്റിയൊന്നു കലശം ആകുമ്പോൾ, അന്തഃ ദ്വിഗ്വിദിശോഃ ബഹിഃ ദിഗ്വിദിശോഃ അഭ്യന്തരേ ച അർക്കാർക്ഷഡ്ഢ്വദേഭാഃ ഘടാഃ = നടുവിൽ ഒമ്പതുപദംകൊണ്ട് അഷ്ടദലത്തിൽ ബ്രഹ്മകലശത്തേയും അതിന്റെ ചുറ്റും ദൈവികത്തുങ്കൽ ദിക്കുകളിൽ പന്ത്രണ്ടീതും കോണുകളിൽ പതിനാറുവരുന്നതിൽ അകത്തേവശത്ത് മൂന്നാലുപദം ഉൗർത്ത് പന്ത്രണ്ടീതും മാനുഷത്തുങ്കൽ ദിക്കുകളിൽ ആറാറും കോണുകളിൽ നന്നാലും അന്തരാളങ്ങളിൽ എട്ടെട്ടും കലശങ്ങൾ വരുമാറ് വീഥിയുണ്ടാക്കു. ഇങ്ങനെ ഇരുനൂറ്റിപതിനേഴു കലശമാകുമ്പോൾ, അംഗാബ്ധീനഭ്രപദ്വിപാഃ = നടുവിൽ ഒമ്പതുകൊണ്ട് അഷ്ടദലത്തേയും ദൈവികത്തുങ്കൽ ദിക്കുകളിൽ ആറാറും കോണുകളിൽ നന്നാലും മാനുഷത്തുങ്കൽ ദിക്കുകളിൽ പന്ത്രണ്ടീതും കോണുകളിൽ പതിനാറീതും അന്തരാളങ്ങളിൽ എട്ടെട്ടീതും ആയി ഉണ്ടാക്കു. ഇങ്ങനെ ഇരുനൂറ്റിപ്പതിനേഴകലശത്തുങ്കലേ പത്മം. ദ്വ്യർക്കാധികേ ദ്വിശതേ മദ്ധ്യാദ്യാഖിലഖണ്ഡകേഷു നവശഃ = ഇരുനൂറ്റിഇരുപത്തിയഞ്ചുകലശമാകുമ്പോൾ ഒക്കെയും നവകമാക്കി നടുവിൽ നവകംകൊണ്ടുള്ള അഷ്ടദലത്തിൽ ബ്രഹ്മനം ദലകലശങ്ങളേയും വയ്പൂ. അപ്പോൾ ഇരുനൂറ്റി ഇരുപത്തഞ്ചു കലശത്തിന്റെ പത്മം വരും. മാനുഷേ കോണേഷു ഏകഘടാധികം ശരശതം = അഞ്ഞൂറ്റിയൊന്നു കലശത്തിന്റെ പത്മത്തുങ്കൽ മാനുഷത്തിങ്കലേ കോണുകളിൽ മുമ്പിലത്തേതിൽ ഓരോ കലശങ്ങൾ

www.shripuram.org
Shripuram Publications
www.shripuram.org

അധികമാക്കി പതിനേഴീതേ വരുത്തു. അപ്പോൾ അഞ്ഞൂറ്റിയഞ്ചു കലശ മായിട്ടു വരും. അന്യത് പ്രാഗുക്തം സമം = ശേഷം നാല്പത്തിയൊമ്പതു തുടങ്ങി ആയിരം വരയ്ക്കുമുള്ള പത്മങ്ങൾ വിഷ്ണുവിങ്കലേപ്പോലെ.

ബ്രാഹ്മേ ശാന്ത്യംബു ദൈവേ ദിശി വിദിശി പുനഃ പാദ്യമാചാമമർഘ്യം
ഗവ്യാജ്യക്ഷൌദ്രദുശ്ധം ന്യസതു ദധി ബഹിശ്ചേക്ഷുതോയം ഫലോദം
ക്വാഥാംഭഃ സക്തുഗന്ധാർത്തവകനകജലം രത്നമുക്താപ്രവാളം
ദിക്കോണാഭ്യന്തരാളേ യവതിലജലദൂർവോത്പലം കൌശശാലീ. 122

ബ്രാഹ്മേ ശാന്ത്യംബു = ബ്രഹ്മകലശത്തുങ്കൽ ശാന്ത്യംഭസ്സിനേയും, പുനഃ ദൈവേ ദിശി വിദിശി = പിന്നെ ദൈവികത്തുങ്കൽ ദിക്കുകളിലും കോണുകളിലും, പാദ്യം ആചാമം അർഘ്യം ഗവ്യാജ്യക്ഷൌദ്രദുഗ്ധം ദധി ച ന്യസതു = പാദ്യത്തേയും ആചമനത്തേയും അർഘ്യത്തേയും പഞ്ചഗവ്യത്തേയും നെയ്യിനേയും തേനിനേയും പാലിനേയും തൈരിനേ യും, ഇക്ഷുതോയം = കരിമ്പുനീരിനേയും, ഫലോദം = ഫലദ്രവ്യത്തേയും, ക്വാഥം = കഷായവെള്ളത്തേയും, സക്തു = അരിവറുത്തുപൊടിച്ച പൊ ടിയേയും, ഗന്ധാർത്തവകനകജലം = അഷ്ടഗന്ധത്തേയും പുഷ്പത്തേയും സ്വർണ്ണത്തേയും, രത്നമുക്താപ്രവാളം = അഷ്ടരത്നങ്ങളേയും മുത്തിനേയും പവിഴത്തേയും, യവതിലജലദൂർവോത്പലം = യവത്തേയും എള്ളിനേ യും കറുകയേയും ചെങ്ങഴിനീർപൂവിനേയും, കൌശശാലീ = കുശയേ യും നെല്ലിനേയും ഈ പതിനാറു ദ്രവ്യങ്ങളേ അധിദേവതാമന്ത്രങ്ങളേ ക്കൊണ്ട് ന്യസിപ്പൂ.

ഈശാനഃ പിതരോ ഹുതാശദയിതാവാചൌ ച സാവിത്ര്യഥോ
വഹ്നിഃ ഷൺമുഖസോമരുദ്രമഹിഷാരീഭാസ്യവിദ്യേശ്വരാഃ
ജ്യേഷ്ഠാഽഽഖണ്ഡലവിഷ്ണുജൈജിലിവിളയഃ പാശീ ദിനേശോ മരുത്
പ്രേതാധീശരമേ മഹീ ച മുനയോ വിശ്വേഽപി തദ്ദേവതാഃ. 123

ബ്രഹ്മകലശത്തുങ്കൽ 'ഈശാനായ ഓം നമഃ ശിവായ ഓം ഹ്രീം ഹംസഃ സോഹം സ്വാഹാ ഓം നമഃ ശിവായ നമഃ' എന്ന് അധിദേവ താമന്ത്രം. ദൈവികത്തിങ്കൽ പിതരഃ.... വിദ്യേശ്വരാഃ = പിതൃഭ്യോ നമഃ, സ്വാഹായൈ നമഃ, സരസ്വത്യൈ നമഃ, സാവിത്ര്യൈ നമഃ, അഗ്നയേ നമഃ, ഷൺമുഖായ നമഃ, സോമായ നമഃ, രുദ്രായ നമഃ ഇങ്ങനെ എട്ടും, മാനുഷത്തുങ്കൽ ദുർഗ്ഗായൈ നമഃ, ഗണപതയേ നമഃ, വിദ്യേശ്വരായ ന മഃ, ജ്യേഷ്ഠാഖണ്ഡലവിഷ്ണുജൈജിലിവിളയഃ = ജ്യേഷ്ഠായൈ നമഃ, ഇന്ദ്രായ നമഃ, വിഷ്ണവേ നമഃ, ബ്രഹ്മണേ നമഃ, വൈശ്രവണായ നമഃ, പാശീ ദി നേശഃ മരുത് = വരുണായ നമഃ, ആദിത്യായ നമഃ, വായവേ നമഃ, പ്രേ

Shripuram Publications
www.shripuram.org

താധീശരമേ മഹീ ച = യമായ നമഃ, ശ്രിയൈ നമഃ, പൃഥിവ്യൈ നമഃ, മുനയഃ വിശ്വേ അപി = സപ്തർഷിഭ്യോ നമഃ, വിശ്വേഭ്യോ ദേവേഭ്യോ നമഃ ഇതി തദ്ദേവതാഃ = ഇങ്ങനെ പൂരണക്രമേണ പഞ്ചവിംശതിദ്രവ്യങ്ങളുടേയും പൂരണമന്ത്രങ്ങൾ.

അനന്തരം അഭിഷേകമന്ത്രങ്ങളെ പറയുന്നു.

പാദ്യാദീദംവിഷ്ണുരാപഃ പുനന്ത്വി-
ത്യാപോഹിഷ്ഠേത്യഗ്നിമീളേ ത്വിഷേത്വാ
മദ്ധ്വാദ്യാദദ്ധ്യാത്മമന്ത്ര ഉപത്വാ
മാനസ്തോകേ/ശ്വത്ഥ ഇത്യാകഷായം. 124

ഭൂയഃ സുമിത്രാദ്യർണ്ണരഗ്നആയാ-
ഹ്യാദ്യോ/ഥ പുഷ്പാവതിമന്ത്രകഃ സ്യാത്
ബ്രഹ്മാദിജജ്ഞാനഹിരണ്യവർണ്ണ-
മന്ത്രൌ സമുദ്രാദികമന്ത്രകോ/ഥ. 125

രക്ഷോഹണമോഷധയഃ പിതരഃ പദപൂർവകഃ ശ്രിയൈ ത്രിഷ്ടുപ്
ദേവസ്യത്വാ/ഥാശുശ്ശാല്യന്തം വ്യോമമന്ത്രതോ മദ്ധ്യേ. 126

പാദ്യാദി = ദൈവികത്തിങ്കലേ പാദ്യാദിദ്രവ്യങ്ങൾക്ക്, ഇദം വിഷ്ണുഃ ആപഃ പുനന്തു ഇതി ആപോഹിഷ്ഠാ ഇതി അഗ്നിമീളേ ഇതി ഇഷേത്വാ ഇതി, പാദ്യജലത്തിന് 'ഇദം വിഷ്ണുർവിചക്രമേ' എന്നും, ആചാമജലത്തിന്ന് 'ആപഃ പുനന്തു പൃഥിവീം' എന്നും അർഘ്യജലത്തിന്ന് 'ആപോഹിഷ്ഠാമയോ ഭുവഃ' എന്നും, പഞ്ചഗവ്യത്തിന്ന് 'അഗ്നിമീളേ പുരോഹിതം' എന്നും, നെയ്യ് 'ഇഷേത്വോർജ്ജേത്വാ' എന്നും, മധ്വാദി ആദധി ആത്മ മന്ത്രാഃ = തേനിന് 'മധുവാതാ ഋതായതേ' ഇത്യാദി മൂന്നും, പാലിന് ' ആപ്യായസ്വ സമേതു' എന്നും, തേനിന് 'ദധിക്രാവ്ണോ അകാരിഷം' എന്നും ഇങ്ങനെ ദൈവികത്തിങ്കലേ മന്ത്രങ്ങൾ

പിന്നെ മാനുഷത്തുങ്കൽ, ഉപത്വാ മാനസ്തോകേ അശ്വത്ഥേ ഇതി ആകഷായം = കരിമ്പുനീരിന് 'ഉപത്വാഗ്നേ ദിവേദിവേ' എന്നും ഫലോദകത്തിന്നു 'മാനസ്തോകേ തനയേ മാന' എന്നും കഷായജലത്തിന്ന് 'അശ്വത്ഥേ വോ നിഷദനം' എന്നും ഭൂയഃ സുമിത്രാദ്യർണ്ണ അഗ്ന ആയാഹ്യാദ്യഃ അഥ പുഷ്പാവതിമന്ത്രകഃ = പിന്നെ സക്തുജലത്തിന്ന് 'സുമിത്രാന ആപ ഓഷധയഃ സന്തു' എന്നും, ഗന്ധജലത്തിന്ന് 'അഗ്ന ആയാഹി വീതയേ' എന്നും പുഷ്പജലത്തിന് 'പുഷ്പാവതീഃ പ്രസൂവരീഃ' എന്നും ബ്രഹ്മാദിജജ്ഞാനഹിരണ്യവർണ്ണമന്ത്രൌ അഥ സമുദ്രാദികമന്ത്രകഃ =

www.shripuram.org
Shripuram Publications
www.shripuram.org

സ്വർണ്ണജലത്തിന്ന് 'ബ്രഹ്മജജ്ഞാനം പ്രഥമം' എന്നും രത്നജലത്തിന് 'ഹിരണ്യവർണ്ണാശ് ശ്ശുചയഃ' എന്നും, മുക്താജലത്തിന്ന 'സമുദ്രജ്യേഷ്ഠാഃ സലിലസ്യ' എന്നും രക്ഷോഹണം ഓഷധയഃ പിതരഃ പദപൂർവകഃ = പ്രവാളജലത്തിന് 'രക്ഷോഹണം വാജിനം' എന്നും, യവജലത്തിന്ന് 'ഓഷധയഃ സംവദന്തേ' എന്നും തിലജലത്തിന്ന 'പിതരഃ പിതാമഹാഃ പരേ/വരേ' എന്നും, ശ്രിയേ ത്രിഷ്ടുപ ദേവസ്യത്വാ ആശുഃ ശാല്യന്തം = ദൂർവാജലത്തിന്ന 'ശ്രിയേ ജാതശ്രിയ ആനിരിയായ' എന്നും, ഉത്പല ജലത്തിന്ന് 'ജാതവേദസേ സുനവാമ' എന്നും, കുശജലത്തിന്ന് 'ദേവസ്യ ത്വാ സവിതുഃ' ഇത്യാദി മൂന്നും, ശാലിജലത്തിന്ന് 'ആശുഃ ശിശാനോ വൃഷഭോ ന ഭീമഃ' എന്നും, മദ്ധ്യേ വ്യോമ മന്ത്രഃ = നടുവിൽ ബ്രഹ്മകല ശത്തിന്ന് പ്രണവോപചാരപീഠമന്ത്രമൂർത്തിമന്ത്രകലാതത്ത്വപരിവാരമ ന്ത്രത്തുങ്കൽ മഹാവ്യോമവ്യാപിമന്ത്രവും രുദ്രസൂക്താദിമൂലപ്രണവങ്ങളും ഇങ്ങനെ കലശാഭിഷേക മന്ത്രക്രമങ്ങൾ.

ഇങ്ങനെ ശിവന്റെ പഞ്ചവിംശതിദ്രവ്യങ്ങളേ പറഞ്ഞിട്ട് തൈലാദി ഗന്ധാദികർപ്പൂരാദികളേ പറയുന്നു.

ദ്രവ്യേ തത്ത്വമിതേ/ത്ര ഷോഡശഭിരപ്യഭ്യംഗപൂർവൈർയുതേ
കുംഭാനാം ത്രിശതീ ദ്വിശത്യപി സമായുക്താ ത്രിപഞ്ചാശതാ
മൃത്സാപാർശ്വയുഗസ്ഥഗന്ധസലിലേ/സ്മിൻ കൃത്യുപേതത്രിശ-
ത്യുക്താ പഞ്ചശതീ തു പഞ്ചസഹിതാ കർപ്പൂരകാദ്യന്വിതേ. 127

അത്ര തത്ത്വമിതേ ദ്രവ്യേ അഭ്യംഗപൂർവൈഃ ഷോഡശഭിഃ യുതേ = ഈ പഞ്ചവിംശതിദ്രവ്യത്തുങ്കൽ തൈലാദിയായ പതിനാറുദ്രവ്യങ്ങളും കൂടിയ കലശത്തുങ്കൽ, കുംഭാനാം ത്രിശതീ ത്രിപഞ്ചശതാ സമായുക്താ ദ്വിശതീ അപി = കലശങ്ങളുടെ സംഖ്യ മുന്നൂറ്റിയൊന്നായിട്ടും ഇരുന്നൂ റ്റിയമ്പത്തിമൂന്നായിട്ടും ഭവിക്കും. മൃത്സാപാർശ്വയുഗസ്ഥഗന്ധസലിലേ അസ്മിൻ കൃത്യുപേതത്രിശതീ അപി = ഈ തൈലാദി ദ്രവ്യത്തുങ്കൽ മൃജ്ജലത്തിന്റെ രണ്ടുപുറത്തും ഗന്ധജലത്തോടു കൂടിയ ഗന്ധാദികലശ ത്തുങ്കൽ മുന്നൂറ്റിഇരുപത്തിയൊന്നായിട്ടും, കർപ്പൂരകാദ്യന്വിതേ = ഈ ഗന്ധാദിയിങ്കൽ കർപ്പൂരാദിദ്രവ്യങ്ങളേക്കൂട്ടിയുള്ള കലശത്തുങ്കൽ, പഞ്ച സഹിതാ പഞ്ചശതീ ച = അഞ്ഞൂറ്റിഅഞ്ചുകലശങ്ങളായിട്ടും, ഉക്താ = കലശത്തിന്റെ സംഖ്യ പറയപ്പെട്ടു.

ക്ഷേത്രേ തത്ര ത്രയോവിംശതിപുട ഇഷുവർഗ്ഗാത്മകദ്രവ്യക്ലൃപ്ത്യാ
മദ്ധ്യേ കൃത്വാ/ഷ്ടയുക്തം ശതമഥ പരിതഃ കല്പയേദ്വീഥികാന്തേ
ദിക്കോണാഭ്യന്തരസ്ഥാസ്ഥിതിനവദിനകൃത്സമ്മിതാൻ നന്ദസംഖ്യാൻ
വാ കുംഭാൻ പ്രാഗ്വദന്തർബഹിരഥ കലശാൻ പൂരയേത്തൈല പൂർവൈഃ. 128

Shripuram Publications
www.shripuram.org
www.shripuram.org

തത്ര ത്രയോവിംശതിപുടേ ക്ഷേത്രേ = അതൈലാദി കൂടിയ കലശത്തുങ്കൽ ഇരുപത്തിമൂന്നു പുടമായിട്ടു ചതുരശ്രക്ഷേത്രമുണ്ടാക്കിയാൽ, മദ്ധ്യേ ഇഷ്ടവർഗ്ഗാത്മകദ്രവ്യക്ലൃപ്ത്യാ അഷ്ടയുക്തം ശതം കൃത്വാ = നടുവിൽ പഞ്ചവിംശതിദ്രവ്യത്തുങ്കൽ പറഞ്ഞിരിക്കുന്നതുപോലെ നൂറ്റിയൊമ്പതു കലശത്തിന്റെ പത്മത്തേ പതിനഞ്ചുപുടംകൊണ്ട് ഉണ്ടാക്കിയാൽ, അഥ വീഥികാന്തേ = പിന്നെ ചുറ്റും ഒരു പുടംകൊണ്ട് വീഥിയേയുമുണ്ടാക്കിയാൽ, പരിതഃ ദിക്കോണാഭ്യന്തരസ്ഥാൻ തിഥിനവദിനകൃത്സമ്മിതാൻ കുംഭാൻ = ചുറ്റും പുറമേ മൂന്നു പുടങ്ങളുള്ളതിൽ ദിക്കുകളിൽ പതിനഞ്ചീതും കോണുകളിൽ ഒമ്പതീതും അന്തരാളങ്ങളിൽ പന്ത്രണ്ടീതും കലശങ്ങളേ വയ്പാനുള്ള പത്മങ്ങളേ ഉണ്ടാക്കൂ. അപ്പോൾ മുന്നൂറ്റിയൊന്നു ഒന്നു കലശത്തിന്റെ പത്മം വരും. നന്ദസംഖ്യാൻ വാ കല്പയേത് = ഇവിടെത്തന്നെ ദിക്കുകളിൽ രണ്ടുപുറത്തും മുമ്മൂന്നുപദം കളഞ്ഞ് നവകമാക്കൂ. അന്തരാളങ്ങളിൽ ദിക്കിന്റെ അടുത്തഭാഗത്ത് മൂന്നുപദം കളഞ്ഞു അവിടെയും നവകമാക്കൂ. അപ്പോൾ ഒക്കയും നവകങ്ങളായി വരും. അപ്പോൾ അത് ഇരുനൂറ്റിയമ്പത്തിമൂന്നു കലശത്തിന്റെ പത്മം, അന്തഃ പ്രാഗ്വത് = അകത്തേ നൂറ്റിയൊമ്പതും മുമ്പിലേപ്പോലെ പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ട് നിറപ്പൂ. ബഹിഃ കലശാൻ തൈലപൂർവൈഃ പൂരയേത് = പുറത്ത് പതിനാറു ഖണ്ഡങ്ങളിലേയും ബ്രഹ്മകലശങ്ങളേ തൈലാദി പതിനാറുകൊണ്ടും നിറപ്പൂ.

തൈലം ഗുളം കേരരസാംഭസീ ച
തീർത്ഥം സരിദ്വാരി തടാകവാരി
കൂപാംബു ച ന്യസ്യ തു ദിഗ്വിദിക്ഷു
ശർവാദിമന്ത്രൈർവ്വിഷമൈഃ സമൈശ്ച. 129

ദിഗ്വിദിക്ഷു വിഷമൈഃ സമൈഃ ശർവ്വാദിമന്ത്രൈഃ = ദിക്കുകളിൽ ശർവായ നമഃ, പശുപതയേ നമഃ, ഭവായ നമഃ, മഹാദേവായ നമഃ ഇങ്ങനെ വിഷമങ്ങളായ ശർവാദിമന്ത്രങ്ങളേക്കൊണ്ടും, തൈലം ഗുളം കേരസാംഭസീ ച = എണ്ണ, ശർക്കര, തേങ്ങാപ്പാല്, തേങ്ങാവെള്ളം ഇവയേയും നിറപ്പൂ. കോണുകളിൽ രുദ്രായ നമഃ, ഈശാനായ നമഃ, ഉഗ്രായ നമഃ, ഭീമായ നമഃ ഈ സമങ്ങളായ ശർവ്വാദിമന്ത്രങ്ങളേക്കൊണ്ട്, തീർത്ഥം സരിദ്വാരി തടാകവാരി കൂപാംബുച ന്യസ്യ തു = തീർത്ഥജലത്തേയും നദീജലത്തേയും കുളത്തിലെ വെള്ളത്തേയും കിണറ്റിലെ വെള്ളത്തേയും നിറപ്പൂ.

ന്യസ്യേത് ഭൃശാദിഷ്വചലോക്ഷശൃംഗ-
വേദ്യുത്ഥിതാഃ ക്ഷേത്രഖലോത്ഥിതേ ച

www.shripuram.org
Shripuram Publications
www.shripuram.org

നദ്യബ്ധിതീർത്ഥപ്രഭവാശ്ചമൃത്സാഃ
ക്രമേണ വിദ്യേശ്വരനാമമന്ത്രൈഃ. 130

ഭൃശാദിഷു വിദ്യേശ്വരനാമമന്ത്രൈഃ = ഇന്ദ്രന്റേയും അഗ്നിയുടേയും മദ്ധ്യത്തുങ്കൽ ഭൃശപദത്തുങ്കൽ തുടങ്ങിയുള്ള അന്തരാളാഷ്ടകങ്ങളിൽ അനന്തസൂക്ഷ്മാദികളായ വിദ്യേശ്വരപൂജയിങ്കലേ മന്ത്രങ്ങളേക്കൊണ്ട്, അചലോക്ഷശൃംഗവേദ്യുത്ഥിതാഃ = പർവ്വതത്തുങ്കൽനിന്നും, കാളക്കൊമ്പേൽനിന്നും, അഗ്നിഹോത്രവേദിയിങ്കൽനിന്നും, ക്ഷേത്രവലോത്ഥിതേ ച = വിളഭൂമിയിങ്കൽനിന്നും, കലപ്പയിങ്കൽനിന്നും, നദ്യബ്ധിതീർത്ഥപ്രഭവാഃ = പുഴയിൽനിന്നും, സമുദ്രത്തിൽനിന്നും, തീർത്ഥത്തിൽനിന്നും എടുത്തുകൊണ്ടുവന്ന, മൃത്സാഃ = മണ്ണുകളേ, ന്യസ്യേത് = ന്യസിപ്പൂ. ഇങ്ങനെ നാല്പത്തിയൊന്നു ദ്രവ്യങ്ങളേക്കൊണ്ടു തൈലാദി രണ്ടുപ്രകാരം പറഞ്ഞു.

അനന്തരം ഗന്ധാദിയേപ്പറയുന്നു.

ക്ഷേത്രേ തത്ര പൃഷത്കവർഗ്ഗപുടഭാജിദ്വാദശോർദ്ധ്വം ശതം
മർത്ത്യാംശാശ്രിവിലുപ്തകോഷ്ഠഘടയുക്ത്യാധായ തദ്ബാഹ്യതഃ
ദിക്ഷു ദ്വാദശ ഷോഡശാശ്രിഷു ചതുഷ്കാണ്യന്തരാളേ ത്രിശഃ
കൃത്വാ ന്യസ്യതു മൂലതോഽഭിഹിതമുത്പാർശ്വദ്വയേ ഗന്ധകം. 131

തത്ര പൃഷത്കവർഗ്ഗപുടഭാജി ക്ഷേത്രേ = അവിടെ ഗന്ധാദിയുക്തമായ ഇരുനൂറ്റി ഇരുപത്തിയൊന്നു കലശത്തിങ്കൽ ഇരുപത്തഞ്ചുപുടങ്ങളോട്ടുകൂടിയ ചതുരശ്രക്ഷേത്രത്തുങ്കൽ, മർത്ത്യാംശാശ്രി വിലുപ്തകോഷ്ഠഘടയുക്ത്യാദ്വാദശോർദ്ധ്വം ശതം ആധായ = നടുവിൽ നൂറ്റെട്ടുകലശത്തിന്റെ പത്മത്തേ ഉണ്ടാക്കുന്നേടത്ത് മാനുഷത്തുങ്കലേ കോണുകളിൽ ഓരോ പദങ്ങളേ കളഞ്ഞിട്ട് ഉള്ളതിനേ ഊർത്തുകളയാതെ ആ പദത്തിലേ കലശങ്ങളോട്ടുകൂടി ഇരിക്കുമാറ് നവകംതന്നെ ആക്കി പതിനഞ്ചു പുടംകൊണ്ട് നൂറ്റിപ്പതിമൂന്നു കലശത്തിന്റെ പത്മത്തേ ഉണ്ടാക്കി ചുറ്റും വീഥിയുമിട്ടാൽ, തദ്ബാഹ്യതഃ = അതിന്റെ പുറത്തു ചുറ്റും നാലു പുടങ്ങളുള്ളതിൽ, ദിക്ഷു ദ്വാദശ = ദിക്കുകളിൽ പന്ത്രണ്ടീതും, അശ്രിഷു ഷോഡശ = കോണുകളിൽ പതിനാറീതും, അന്തരാളേ ത്രിശഃ ചതുഷ്കാണികൃത്വാ = അന്തരാളത്തുങ്കൽ നടുവിലും രണ്ടു പുറത്തും ആയി മൂന്നു സ്ഥാനത്തും നന്നാലായിട്ടുമുണ്ടാക്കി ശേഷം വീഥിയും ഉണ്ടാക്കൂ. പിന്നെ അകത്തു പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടും പുറത്തു ദിക്കോണാന്തരാളങ്ങളിൽ തൈലാദി പതിനാറു ദ്രവ്യങ്ങളും ന്യസിച്ച്, മൂലതഃ അഭിഹിതമുത പാർശ്വദ്വയേ ഗന്ധകം ന്യസ്യതു = തന്മൂലംകൊണ്ട് മണ്ണുന്യസിച്ചതിന്റെ രണ്ടു പുറത്തുമുള്ള അന്തരാളങ്ങളിൽ സത്യകാന്തരിക്ഷാദിസ്ഥാനങ്ങളിൽ

www.shripuram.org
Shripuram Publications
www.shripuram.org

അഷ്ടഗന്ധത്തേ മൂലംകൊണ്ടു ന്യസിച്ച വെള്ളം നിറപ്പൂ. ഇവിടെ അമ്പ ത്തേഴ ഖണ്ഡബ്രഹ്മകലശങ്ങൾ വരും. ഇങ്ങനെ ഗന്ധാദിയായ കലശ ങ്ങൾ.

അനന്തരം കർപ്പൂരാദിയേ പറയുന്നു.

ഏകത്രിംശത്പുടേ/ന്തർനവയുതശതമേതദ്ബഹിർദിഗ്വിദിക്സ്ഥം
ചാപൂര്യ പ്രോക്തരീത്യാ നവകമഥ സഹാഭ്യന്തരത്രിത്രികം ച
ഏതത് ബാഹ്യേ ചതുർദ്ദിക്ഷ്വപി ഘടനവകാന്യദ്രിസംഖ്യാനി കൃത്വാ
കർപ്പൂരാദ്യൈഃ സമാപൂരയതു മനുയുഗദ്രവ്യകൈശ്ച ക്രമേണ. 132

ഏകത്രിംശത് പുടേ = കർപ്പൂരാദികൂടിയ അഞ്ഞൂറ്റി അഞ്ചു കലശ ത്തുങ്കൽ മുപ്പത്തിയൊന്നു പുടത്തോടുകൂടിയ ചതുരശ്രത്തുങ്കൽ, അന്തഃ നവശതം = അകത്തു പതിനഞ്ചു പുടങ്ങളേക്കൊണ്ട് ഉണ്ടാക്കിയ നൂറ്റി യൊമ്പതു കലശത്തേയും, ഏതദ്ബഹിഃ = അതിന്റെ പുറത്ത് ഒരു പുടം വീഥിയുണ്ടാക്കിയാൽ പുറത്ത്, ദിഗ്വിദിക്സ്ഥം നവകം സഹാഭ്യന്തരത്രി ത്രികം ച = ദിക്കോണുകളിലേ നവകത്തേയും അന്തരാളങ്ങൾ മൂന്നിലേ യും മുമ്മൂന്നിനേയും, പ്രോക്തരീത്യാ ആപൂര്യ = പറഞ്ഞ ക്രമംപോലെ അകത്ത് പഞ്ചവിംശതി ദ്രവ്യംകൊണ്ടും പുറത്ത് തൈലാദി പതിനാ റിനേയും അന്തരാളദ്വയത്തിങ്കലേ അഷ്ടഗന്ധജലംകൊണ്ട് പതിനാറും നിറച്ചാൽ, ഏതദ്ബാഹ്യേ = ഇതിന്റെ പുറത്ത്, ചതുർദ്ദിക്ഷു അദ്രിസം ഖ്യാനി ഘടനവകാനി കൃത്വാ = ഇതിന്റെയും പുറത്ത് വീഥിക്കു പുറമേ ഈശകോണിൽ തുടങ്ങി അഗ്നികോണോളം ഏഴു നവകത്തേയും, അ ഗ്നികോണിൽ തുടങ്ങി നിരൃതിയിങ്കലോളം ഏഴു നവകത്തേയും, നിരൃ തിയിങ്കൽ തുടങ്ങി വായുവിങ്കലോളം ഏഴു നവകത്തേയും, വായുവിങ്കൽ തുടങ്ങി ഈശാനങ്കലോളം ഏഴു നവകത്തേയും, ഇങ്ങനെ നാലുപുറത്തും ഏഴു നവകങ്ങളേയും ഇടയിൽ വീഥിയോടുംകൂടി ഉണ്ടാക്കിയാൽ, കർപ്പൂ രാദ്യൈഃ മനുയുഗദ്രവ്യൈഃ ച ക്രമേണ സമാപൂരയതു = ഇരുപത്തിയെട്ടു ദ്രവ്യങ്ങളേക്കൊണ്ട് ഈശാനാദി പ്രദക്ഷിണക്രമേണ നിറപ്പൂ.

പുംസേന്ദുവാനരപയോദപടീരവാരി-
കുഷ്ഠാഗരൂൻ ഹരിദിശീശപദാദികേഷു
വൈഡൂര്യനീലമണിവിദ്രുമവജ്രമുക്താ-
ഗാരുത്മതാനി യമരാഡ്ദിശി ഘോരനാമ്നാ. 133

ന്യഗ്രോധപിപ്പലശിരീഷപലാശബില്വ-
പ്ലക്ഷാമ്രജകപിത്ഥതവാര്യജതഃ പ്രതീച്യാം
ഗോധൂമശാലിയവമുദ്ഗതിലപ്രിയംഗു-
നിഷ്പാവകാൻ ന്യസതു വാമത ഉത്തരസ്യാം. 134

www.shripuram.org
Shripuram Publications
www.shripuram.org

ഹരിദിശി ഈശപദാദികേഷു പുംസാ = കിഴക്കുദിക്കിങ്കലേ നവകങ്ങളിൽ ഈശകോണിങ്കൽ തുടങ്ങി തത്പുരുഷനേക്കൊണ്ട്, ഇന്ദുവാനരപയോദപടീരവാരികുഷ്ഠാഗരുൻ = കർപ്പൂരത്തേയും കണ്ടിവെണ്ണയേയും മുത്തങ്ങായേയും ചന്ദനത്തേയും ഇരുവേലിയേയും കൊട്ടത്തേയും അകിലിനേയും ന്യസിപ്പൂ. യമരാഡ്ദിശി ഘോരനാമ്നാ = തെക്കേ നവകങ്ങളിൽ അഘോരനേക്കൊണ്ട്, വൈഡൂര്യനീലമണിവിദ്രുമവജ്രമുക്താഗാരുത്മതാനി = വൈഡൂര്യത്തേയും ഇന്ദ്രനീലത്തേയും മാണിക്കത്തേയും പവിഴത്തേയും വൈരത്തേയും മുത്തിനേയും ഗരുഡപ്പച്ചയേയും ന്യസിപ്പൂ. പ്രതീച്യാം വാ അജതഃ = പടിഞ്ഞാറേ നിരൃതികോണിൽ തുടങ്ങി സദ്യോജാതനേക്കൊണ്ട്, ന്യഗ്രോധപിപ്പിലശിരീഷപലാശബില്വപ്ളക്ഷാമ്രജക്വഥിതവാരി ച = പേരാലും, അരയാലും, വാകയും, പ്ലാശും, കൂവളവും, ഇത്തിയും, മാവും ഇവറ്റിന്റേ തൊലി ഇട്ടു വേവിച്ച കഷായജലത്തേ നിറപ്പൂ. ഉത്തരസ്യാം വാമതഃ = വടക്കേ ദിക്കിൽ വായുകോണിൽ തുടങ്ങി വാമദേവനേക്കൊണ്ട്, ഗോധൂമശാലിയവമുദ്ഗതിലപ്രിയംഗുനിഷ്പാവകാൻ = ഗോതമ്പിനേയും നെല്ലിനേയും യവത്തേയും ചെറുപയറിനേയും എള്ളിനേയും തിനയേയും തുവരയേയും ന്യസിപ്പൂ. ഇങ്ങനെ പുറത്തേ നവകങ്ങൾ ഇരുപത്തെട്ടിന്റെ ദ്രവ്യങ്ങൾ.

തൈലാദിത്രിവിധോക്തദ്രവ്യാണാം പൂരണേ പ്രോക്താഃ
മന്ത്രാ ഏവ സ്നപനേ സ്നപനമിതീശേ/ഭ്യധായി പഞ്ചവിധം. 135

തൈലാദിത്രിവിധോക്തദ്രവ്യാണാം സ്നപനേ = തൈലാദിയും ഗന്ധാദിയും കർപ്പൂരാദിയും ഇങ്ങനെ മൂന്നപ്രകാരം ദ്രവ്യങ്ങള് പറഞ്ഞിരിക്കുന്ന കലശങ്ങളേ ആടുന്നതിങ്കൽ, പൂരണപ്രോക്താഃ മന്ത്രാഃ ഏവ = നിറപ്പാൻ പറഞ്ഞ അധിദേവതാമന്ത്രങ്ങൾ തന്നേയുള്ളൂ. ഇതി ഈശേ പഞ്ചവിധം സ്നപനം അഭ്യധായി = ഇപ്രകാരം ശിവങ്കൽ സപ്തദശ പഞ്ചവിംശതി തൈലാദി ഗന്ധാദി കർപ്പൂരാദി ഇങ്ങനെ അഞ്ചുപ്രകാരം കലശാഭിഷേകം പറയപ്പെട്ടു.

അനന്തരം ദുർഗയുടെ കലശപ്രകാരത്തേ പറയുന്നു.

ഇഷുകൃതിപരിസംഖ്യദ്രവ്യകൈരദ്യ ദുർഗ്ഗാ-
സ്നപനമഭിദധേ/സ്മിൻ കുംഭസംഖ്യാദിക്ലൃപ്തിം
പ്രഥമനിഗദിതൈവ സ്യാദഥ ദ്രവ്യമന്ത്ര-
ക്രമപരിഗതമേതദ്ഭേദമാത്രം വദാമി. 136

അദ്യ ഇഷുകൃതിപരിസംഖ്യദ്രവ്യകൈഃ ദുർഗ്ഗാസ്നപനം അഭിദധേ = ഞാനിപ്പോൾ പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ട് ദുർഗ്ഗയുടെ കലശത്തേ

Shripuram Publications
www.shripuram.org

പറയുന്നു. അസ്മിൻ കുംഭസംഖ്യാദിക്ലൃപ്തിഃ പ്രഥമനിഗദിതാ ഏവ = ഈ പഞ്ചവിംശതിദ്രവ്യത്തുങ്കലേ കലശങ്ങളുടെ സംഖ്യയും പത്മങ്ങളും ഈ പടലത്തിന്റെ ആദിക്ക് ഒമ്പതുപ്രകാരം പറഞ്ഞിട്ടുള്ളതുതന്നെ, സ്യാത് = ഭവിക്കും. അഥദ്രവ്യമന്ത്രക്രമപരിഗതം ഏതദ്ഭേദമാത്രം വദാമി = അനന്തരം ഇവിടെ ദ്രവ്യങ്ങളുടേയും മന്ത്രങ്ങളുടേയും ക്രമത്തിങ്കലേ ഭേദത്തേത്തന്നെ പറയുന്നു.

ബ്രാഹ്മേ സ്യാദ്ഗന്ധപുഷ്പൌഷധിഫലമണിഹേമാംബുശർവാദി ദൈവേ
സക്ഷൗദ്രം ഭസ്മ മാദ്ധ്വീ തിലരസഗുളമശ്വത്ഥദൂർവോദരൌപ്യം
പാദ്യാർഘ്യം പഞ്ചഗവ്യാന്യപൃഥഗപിപൃഥക്കൌശകാഷായരത്നം
ഗാംഗേയം ധാതുഗന്ധാർത്തവഫലമപി ദിക്കോണമദ്ധ്യേഷ്വ ബാഹ്യേ. 137

ബ്രാഹ്മേ ഗന്ധപുഷ്പൌഷധിഫലമണിഹേമാംബു സ്യാത് = ബ്രഹ്മകലശത്തുങ്കൽ അഷ്ടഗന്ധവും പുഷ്പവും ഫലവും ഓഷധിദ്രവ്യങ്ങളും നവരത്നസ്വർണ്ണവും ന്യസിച്ച വെള്ളം നിറപ്പൂ. ദൈവേശർവാദി = പിന്നെ ദൈവികത്തിങ്കൽ ഈശകോണിൽ തുടങ്ങി പ്രദക്ഷിണമായി വടക്ക് അവസാനമായിട്ട്, സക്ഷൗദ്രം ഭസ്മ മാദ്ധ്വീ തിലരസഗുളമശ്വത്ഥദൂർവോദരൌപ്യം = അരി വറുത്തു പൊടിച്ചതിനേയും, ഭസ്മത്തേയും തേനിനേയും എണ്ണയേയും ശർക്കരയേയും അരയാൽത്തൈയിനേയും കറുകയേയും രജതത്തേയും ന്യസിപ്പൂ. അന്തരാളങ്ങളിൽ ഭൃശാദിയായിട്ട്, കൌശകാഷായരത്നം ഗാംഗേയം ധാതുഗന്ധാർത്തവഫലം അപി = കുശജലത്തേയും കഷായജലത്തേയും രത്നജലത്തേയും സ്വർണ്ണജലത്തേയും ധാതുജലത്തേയും അഷ്ടഗന്ധജലത്തേയും പുഷ്പജലത്തേയും ഫലജലത്തേയും ന്യസിപ്പൂ.

മൂലം ബ്രാഹ്മേ പൂരണേ ദൈവികേത
സ്യാഷ്ടൌ വർണ്ണാ മാനുഷാംഗാനി ദിക്ഷു
ചത്വാര്യസ്ത്രം കോണദേശേ ത്വിഹ സ്യാ-
ന്നേത്രം ത്വഷ്ടസ്വന്തരാളേഷ്വ ഭൂയഃ. 138

ബ്രാഹ്മേ പൂരണേ മൂലം = ബ്രഹ്മകലശത്തേ നിറപ്പാൻ മൂലംതന്നെ. ദൈവികേ തസ്യ അഷ്ടൌ വർണ്ണാൻ = ദൈവികത്തുങ്കൽ മൂലത്തിന്റെ അഷ്ടാക്ഷരം ഓരോന്നുകൊണ്ടും, മാനുഷേ ദിക്ഷു അംഗാനി = മാനുഷത്തുങ്കൽ ദിക്കുകളിൽ ഹൃദയാദികവചാന്തം നാലുകൊണ്ടും, കോണദേശേ ചത്വാരി അസ്ത്രം (?) = നാലുകോണിലും അസ്ത്രമന്ത്രവും, ഇഹ അഷ്ടസു അന്തരാളേഷ്വ നേത്രം = ഇവിടെ എട്ട്, അന്തരാളങ്ങളിൽ നേത്രമന്ത്രം തന്നെയും നിറപ്പാൻ മന്ത്രങ്ങൾ ഭവിക്കും.

www.shripuram.org
Shripuram Publications
www.shripuram.org

അഭിഷേകമന്ത്രങ്ങളേ പറയുന്നു.

പാദ്യ ഇദം വിഷ്ണരണഃ പര ആപോഹ്യഗ്നിമീള ഇതിഗവ്യേ
ദദ്ധ്യന്തേഷു നിജാർഹാശ്ചാജ്യ ഇഷേ ത്വാ കുശേ തു തത്സവിതുഃ. 139

പുറത്തു ദിക്കുകളിലേ, പാദ്യേ ഇദം വിഷ്ണുഃ = പാദ്യജലത്തിന്ന് ഇദം 'വിഷ്ണുർവിചക്രമേ' എന്നും, പരേ ആപോഹി = അർഘ്യജലത്തിന്ന് 'ആപോഹിഷ്ഠാമയോഭുവഃ' എന്നും, ഗവ്യേ അഗ്നിമീളേ ഇതി = പഞ്ചഗവ്യത്തിന്ന് 'അഗ്നിമീളേ പുരോഹിതം' എന്നും, ദദ്ധ്യന്തേഷു നിജാർഹാഃ = തൈരു കഴിവോളം സ്വമന്ത്രങ്ങൾ, ഗോമൂത്രത്തിന്ന്, 'തത്സവിതുഃ' ഗോമയജലത്തിന്ന് 'ഗന്ധദ്വാരാം' എന്നും, പാലിന്ന് 'ആപ്യായസ്വ' എന്നും, തൈരിന്ന് 'ദധിക്രാവ്ണോ അകാരിഷം' എന്നും, ആജ്യേ ഇഷേ ത്വാ = നെയ്യിന് 'ഇഷേ ത്വോർജ്ജേ ത്വാ' എന്നും പിന്നെ അന്തരാളങ്ങളിൽ, കുശേ തു തത്സവിതുഃ = കുശജലത്തിന്ന് 'തത്സവിതുർവ്വരേണ്യം' എന്നും.

അശ്വത്ഥേ ത്ര്യംബകമഥ ഹിരണ്യഗർഭസ്തതഃ പരം ക്രമശഃ
മാനസ്തോകേ ശന്നഃ പുഷ്പാവത്യേവ പുഷ്പഫലജലയോഃ. 140

കഷായജലത്തിന്ന് 'അശ്വത്ഥേ വോനിഷദനം' എന്നും രത്നജലത്തിന്ന് 'ത്ര്യംബകം യജാമഹേ' എന്നും, അഥ ഹിരണ്യഗർഭേ = സ്വർണ്ണജലത്തിന്നു 'ഹിരണ്യഗർഭഃ സമവർത്തതാഗ്രേ' എന്നും, തതഃ പരം മാനസ്തോകേ ശന്നഃ = ധാതുജലത്തിന്നു 'മാനസ്തോകേ തനയേ' എന്നും ഗന്ധജലത്തിന്ന് 'ശന്നോ ദേവീഃ' എന്നും, പുഷ്പഫലജലയോഃ പുഷ്പാവതീഃ ഏവ = പുഷ്പജലത്തിന്നും ഫലജലത്തിന്നും 'പുഷ്പാവതീഃ പ്രസൂവരീഃ' എന്നും ഇങ്ങനെ മാനഷത്തിങ്കലേ മന്ത്രങ്ങൾ.

സക്ഷുദകേ സുമിത്രാ ഭ്രതിശ്രീർഭസ്മകേ മധൌ സ്വാർഹഃ
തൈലേ വിശ്വാനിന ഇതി ഗൌളേ/ഗ്നേത്വം ച പൈപ്പലേ/ശ്വത്ഥേ. 141

ശന്നോ ദേവീരഗ്നേ ത്വം പരയോർമദ്ധ്യമേ തു ചിത്തിസ്രുക്
ത്രിഷ്ടുഭഏകൈകാർണൈഃ പരിഖണ്ഡൈർമ്മദ്ധ്യമേ/ന്വിതം ശേഷൈഃ. 142

പിന്നെ ദൈവികത്തുങ്കൽ ഈശകോണിൽ തുടങ്ങി ക്രമേണ, സക്ഷുദകേ സുമിത്രാഃ = സക്ഷുജലത്തിന് 'സുമിത്രാ ന ആപ ഓഷധയഃ സന്തു' എന്നും, ഭസ്മകേ ഭ്രതിശ്രീഃ = ഭസ്മജലത്തിന് 'ഭ്രതിശ്രീഃ പിംഗലോ ബഭ്രുഃ' ഇത്യാദി പന്ത്രണ്ടാം പടലത്തിൽ പറയുന്നതും, മധൌ സ്വാർഹഃ = തേനിങ്കൽ 'മധുവാതാ' ഇത്യാദി മൂന്നും, തൈലേ വിശ്വാനി നഃ ഇതി = എണ്ണക്കു 'വിശ്വാനിനോ ദുർഗ്ഗഹാ ജാതവേദഃ' എന്നും ഗൌളേ അഗ്നേ

www.shripuram.org
Shripuram Publications
www.shripuram.org

ത്വം = ശർക്കരയിങ്കൽ 'അഗ്നേ ത്വം പാരയ നവ്യഃ' എന്നും, പൈപ്പലേ അശ്വത്ഥേ = പിപ്പലജലത്തിന്ന് 'അശ്വത്ഥോവോനിഷദനം' എന്നും, പരയോഃ ശന്നോ ദേവീഃ അഗ്നേത്വം = ദൂർവ്വാജലത്തിന്ന് 'ശന്നോ ദേവീഃ' എന്നും രൌപ്യജലത്തിന്ന് 'അഗ്നേത്വം പാരയ നവ്യഃ' എന്നും, മദ്ധ്യമേ തു ചിത്തിസസ്രുക് = നടുവിലേ ബ്രഹ്മകലശത്തിന്ന് 'ചിത്തിസ്സ്രുക് ചിത്തമാജ്യം' എന്നും ഇങ്ങനെ പഞ്ചവിംശതിദ്രവ്യത്തിന്റെ ഋക്കുകൾ. പരിഖണ്ഡേ ത്രിഷ്ടുഭഃ ഏകൈകാർണ്ണൈഃ = പരിഖണ്ഡത്ത്ങ്കൽ എല്ലാടവും 'ജാതവേദസേ' ഇത്യാദിത്രിഷ്ടുപ്പിന്റെ ഓരോ അക്ഷരങ്ങളോടുകൂടീട്ടും, മദ്ധ്യമേ ശേഷൈഃ അന്വിതം ച = വലിയ ബ്രഹ്മകലശത്ത്ങ്കൽ 'പർഷദതി ദുർഗ്ഗാണി വിശ്വാ' ഇത്യാദി അധികം വരുന്ന അക്ഷരങ്ങളോടു കൂടീട്ടും കലശങ്ങളേ ആടൂ. ഇങ്ങനെ ദുർഗ്ഗയിങ്കലേ പഞ്ചവിംശതിദ്രവ്യ കലശക്രമം.

അത്യഷ്ടിസംഖ്യദ്രവിണാഭിഷേകേ
സദ്രവ്യകുംഭക്രമമന്ത്രക്ലൃപ്തിഃ
സ്യാദ്വിഷ്ണുഭാഗാഭിഹിതാ കുമാര്യാ-
മിതീരിതഃ സ്നാനവിധിർദ്വിധാ/ത്ര. 143

അത്യഷ്ടിസംഖ്യദ്രവിണാഭിഷേകേ കുമാര്യാം = ദുർഗ്ഗയിങ്കൽ സപ്തദശദ്രവ്യങ്ങളേക്കൊണ്ടുള്ള കലശസ്ഥാനത്ത്ങ്കൽ, സദ്രവ്യകുംഭക്രമമന്ത്രക്ലൃപ്തിഃ വിഷ്ണുഭാഗാഭിഹിതാ സ്യാത് = സപ്തദശദ്രവ്യങ്ങളും മന്ത്രങ്ങളും ദ്രവ്യന്യാസക്രമങ്ങളും കലശസംഖ്യയും വിഷ്ണുവിങ്കൽ ആജ്യാദി സപ്തദശ ദ്രവ്യങ്ങളേക്കൊണ്ടുള്ളതുതന്നെ ഭവിക്കും. കുമാര്യാം ഇതി സ്നാനവിധിഃ ദ്വിധാ ഈരിതഃ = ഇങ്ങനെ ദുർഗ്ഗയിങ്കൽ രണ്ടു പ്രകാരം കലശാഭിഷേകം പറയപ്പെട്ടു.

അനന്തരം സുബ്രഹ്മണ്യന്റെ കലശത്തേ പറയുന്നു.

ഉത്തമത്രിതയമുത്തമദ്വയം
മദ്ധ്യമദ്വയമഥാധമദ്വയം
ബാഹുലേയകലശാഭിഷേചനം
പ്രാഹുരത്ര നവധാ ബുധോത്തമാഃ. 144

ബുധോത്തമാഃ അത്ര = വിദ്വാന്മാരായിരിക്കുന്ന ആചാര്യന്മാർ ഇവിടെ, ഉത്തമത്രിതയം ഉത്തമദ്വയം മദ്ധ്യമദ്വയം അധമദ്വയം ബാഹുലേയകലശാഭിഷേചനം നവധാ പ്രാഹുഃ = ഉത്തമോത്തമം ഉത്തമമദ്ധ്യമം ഉത്തമാധമം ഇങ്ങനെ ഉത്തമത്രയമായും, മദ്ധ്യമോത്തമം അധമോത്തമം ഇങ്ങനെ ഉത്തമദ്വയമായും, മദ്ധ്യമമദ്ധ്യമം അധമമദ്ധ്യമം ഇങ്ങനെ

www.shripuram.org
Shripuram Publications
www.shripuram.org

മദ്ധ്യമദ്വയമായും, അധമദ്വയം = മദ്ധ്യമാധമം അധമാധമം ഇങ്ങനെ അധമദ്വയമായുമിരിക്കുന്ന സുബ്രഹ്മണ്യന്റെ കലശാഭിഷേകത്തേ ഒമ്പതു പ്രകാരമായി പറയുന്നു.

ശരഹതശതസംഖ്യൈരേതദർദ്ധാംഘ്രിസംഖ്യൈർ-
ന്നവയുതശതസംഖ്യൈരദ്രിമത്യാ നവത്യാ
നവകൃതിശരഷഷ്ടിഭ്യാംഘടൈസ്തത്പ്രഭേദാ
നവഗിരിശരവർഗ്ഗാഭ്യാം ച സദ്രവ്യഭേദാഃ. 145

ശരഹതശതസംഖ്യൈഃ = അഞ്ഞൂറ്റിയൊന്നു സംഖ്യയായിട്ടും, ഏതദർദ്ധാംഘ്രിസംഖ്യൈഃ = ഇതിന്റെ പാതി ഇരുനൂറ്റിനാല്പത്തിയൊൻപത് സംഖ്യയായിട്ടും നാലൊന്ന് നൂറ്റിയിരുപത്തഞ്ച് സംഖ്യയായിട്ടും, നവയുതശതസംഖ്യൈഃ = ഒരുനൂറ്റിയൊമ്പതു സംഖ്യയായിട്ടും, അദ്രിമത്യാ നവത്യാ = തൊണ്ണൂറ്റിയേഴ് സംഖ്യയായിട്ടും, നവകൃതിശരഷഷ്ടിഭ്യാം = എൺപത്തിയൊന്നും, അറുപത്തിയഞ്ചും സംഖ്യകളായിട്ടും, ഗിരിശരവർഗ്ഗാഭ്യാം ച = നാല്പത്തിയൊമ്പത് ആയിട്ടും, ഇരുപത്തിയഞ്ചായിട്ടും, ഘടൈഃ = കലശങ്ങളേക്കൊണ്ട്, സദ്രവ്യഭേദാഃ തത്പ്രഭേദാഃ നവ = ദ്രവ്യന്യാസഭേദങ്ങളോടുകൂടി ഉത്തമോത്തമം തുടങ്ങി അധമാധമാന്തം ഒമ്പതു പ്രകാരം കലശങ്ങൾ ഭവിക്കും.

ഉത്തമോത്തമത്തെ പറയുന്നു.

ത്രിംശൽസൂത്രയുതേ ഘടീശരശതേ ക്ഷേത്രേ വിധായാഭിതോ
വീഥീഃ പഞ്ചപുടാന്തരേ/ഭികൃതികോഷ്ഠേഷ്വേഷുഖണ്ഡേഷ്വഥ
ഏകൈകോപപദാർപ്പണേന രചയേന്മർത്ത്യാംശകോണാനിഷ-
ഡ്വിംശത്യാ കലശൈർയുതാനി നവകാഢ്യാന്യന്തരാളാനി ച. 146

ഘടീശരശതേ ത്രിംശത്സൂത്രയുതേ ക്ഷേത്രേ = അഞ്ഞൂറ്റിയൊന്നു കലശത്തുങ്കൽ മുപ്പതു സൂത്രമിട്ടു ഇരുപത്തിയൊമ്പതു പദങ്ങളോടുകൂടിയ ചതുരശ്രത്തുങ്കൽ, അഭിതഃ പഞ്ചപുടാന്തരേ വീഥീഃ വിധായ = നാലുപുറത്തുനിന്നും അയ്യഞ്ചു പുടങ്ങൾ ഇടയിൽ വരുമാറു വീഥികളേ ഉണ്ടാക്കിയാൽ, അഭികൃതികോഷ്ഠേഷു ഏഷു ഖണ്ഡേഷു = ഇരുപത്തഞ്ചീതു പദങ്ങളോടുകൂടിയ ബ്രാഹ്മം ദൈവികം മാനുഷം ഈ സ്ഥാനങ്ങളിൽ ഖണ്ഡങ്ങൾ ഉണ്ടായിരിക്കുന്നതിൽ, അഥ മർത്ത്യാംശകോണാനി ഏകൈകോപപദാർപ്പണേന ഷഡ്വിംശത്യാ കലശൈഃ യുതാനി രചയേത് = പിന്നെ മാനുഷത്തിങ്കലേ കോണുകൾ നാലിലും പുറത്തേ കോണിൽ ഓരോ പദങ്ങളേ കൂടെ വേറെ ഉണ്ടാക്കി യോജിപ്പിച്ച് ഇരുപത്താറു കലശങ്ങളോടു കൂടുംവണ്ണം ഉണ്ടാക്കൂ. അന്തരാളാനി നവകാഢ്യാനിച =

www.shripuram.org
Shripuram Publications
www.shripuram.org

കിഴക്കുഭാഗത്ത് ദിക്കിന്റെ വടക്കു പർജ്ജന്യസ്ഥാനത്തു തുടങ്ങിയുള്ള അന്തരാളങ്ങൾ എട്ടും പുറത്തേ വരിയിലേ പതിനാറു പദങ്ങളും ഊർത്ത് വീഥിയിൽ കൂട്ടി നവകലശത്തേ വയ്ക്കുമാറ് ഉണ്ടാക്കൂ. ഇവിടെ ബ്രഹ്മസ്ഥാനത്തും ദൈവികത്തിങ്കലേ ദിക്കോണുകളിലും മാനുഷകത്തിങ്കലേ ദിക്കുകളിലും ഇരുപത്തഞ്ചീതു കലശങ്ങൾ വരും. ഇങ്ങനെ ഉത്തമോത്തമം അഞ്ഞൂറ്റിയൊന്നു കലശത്തിന്റെ പത്മം.

ദ്രവ്യന്യാസത്തേ പറയുന്നു.

ബ്രാഹ്മേ ദൈവികദിഗ്വിദിക്ഷ്വപി തഥാ ഗവ്യാജ്യദുഗ്ദ്ധം ദധി
ക്ഷൌദ്രം തൈലഗുളേക്ഷുതീർത്ഥസലിലം ചാപൂരയേന്മൂലതഃ
തത്രത്യോപഘടാഷ്ടകാന്യുദിതക്ലൃപ്ത്യാ രത്നകാദ്യഷ്ടകേ-
ഷ്വേകൈകദ്രവിണേന ശുദ്ധസലിലൈഃ ശേഷാനുദിത്യന്തിമാൻ. 147

ബ്രാഹ്മേ ദൈവികദിഗ്വിക്ഷു അപി ഗവ്യാജ്യദുഗ്ദ്ധം ദധിക്ഷൌദ്രം തൈലഗുളേക്ഷുതീർത്ഥസലിലം ച മൂലതഃ ആപൂരയേത് = ബ്രഹ്മകലശത്തുങ്കൽ പഞ്ചഗവ്യത്തേയും ദൈവികത്തുങ്കലേ ദിക്കുകളിൽ നെയ്യിനേയും, പാലിനേയും തൈരിനേയും, തേനിനേയും കോണുകളിൽ എണ്ണയേയും ശർക്കരയേയും കരിമ്പുനീരിനേയും ശുദ്ധജലത്തേയും എല്ലാടവും മൂലംകൊണ്ടുതന്നെ നിറപ്പൂ. തത്രത്യോപഘടാഷ്ടകാനി = ഈ ഒമ്പതു ദിക്കുകളിലേയും ബ്രഹ്മന്റെ ചുറ്റുമുള്ള ഉപഘടങ്ങളേ എട്ടിനേയും, ഉദിതക്ലൃപ്ത്യാ = പറഞ്ഞപോലെ ദിക്കും കോണുമായിട്ട്, രത്നകാദ്യഷ്ടകേഷ്വ ഏകൈകദ്രവിണേന = രത്നങ്ങൾ തുടങ്ങിയുള്ള ഒമ്പതു ദ്രവ്യങ്ങളുടേയും എട്ടെട്ട് ഉള്ളതിൽ ഓരോന്നുകൊണ്ടു നിറപ്പൂ. ശേഷാൻ ഉദിത്യന്തിമാൻ ശുദ്ധസലിലൈഃ ച = അതിന്റെ പുറത്തേ വരിയിൽ ഉള്ള കലശങ്ങളെ പതിനാറിനേയും ദിക്കും കോണും പർജ്ജന്യാദിയായി ഉദിതിപദം അവസാനമായിട്ട് അന്തരാളങ്ങളേയും ശുദ്ധജലംകൊണ്ടു നിറപ്പൂ.

രത്നാനാം ബീജാനാം ക്വാഥാനാമഷ്ടകാണി പുഷ്പാണാം
ഫലഗന്ധലോഹകാനാമഥൌഷധീനാമപാമപീതി നവ. 148

രത്നാനാം അഷ്ടകാണി = വലിയ ബ്രഹ്മന്റെ ചുറ്റുമുള്ള എട്ടു കലശത്തിന്റെ രത്നങ്ങൾ എട്ടിനേയുമോരോന്നായി നിറപ്പൂ. ബീജാനാം = കിഴക്ക് ഖണ്ഡബ്രഹ്മന്റെ ചുറ്റും ബീജങ്ങൾ എട്ടിനേയും, ക്വാഥാനാം = തെക്ക് കഷായാഷ്ടകത്തേയും, പുഷ്പാണാം = പടിഞ്ഞാറ് പുഷ്പാഷ്ടകത്തേയും, ഫലഗന്ധലോഹകാനാം = വടക്ക് ഫലാഷ്ടകത്തേയും, അഗ്നികോണിൽ ഗന്ധാഷ്ടകത്തേയും, നിരൃതികോണിൽ ലോഹാഷ്ടകത്തേയും, അഥ ഓഷധീനാം = വായുകോണിൽ ഓഷധികളുടെ അഷ്ടകത്തേയും,

www.shripuram.org
Shripuram Publications
www.shripuram.org

അപാം അപി = ഈശകോണിൽ ജലാഷ്ടകത്തേയും, ഇതി നവ = ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങളുടേയും എട്ടുള്ളതിനേ ഓരോന്നായിട്ടു ദിക്കോണുകളിൽ നിറപ്പൂ. ഇതൊക്കെയും പരികലശങ്ങൾ തന്നെ, ദ്രവ്യന്യാസം മൂലംകൊണ്ടു ചെയ്‌വൂ. ഇതിന്റെ പുറത്തേ കലശങ്ങളെ ശുദ്ധജലംകൊണ്ടും ദിക്കോണാന്തരാളക്രമേണ നിറപ്പൂ.

സാഗരഭവം സരിജ്ജം നിർഝരവാപീതടാകജം ച ജലം
ഹ്രദകൂപസേതുജാതം ജലാഷ്ടകേ/ന്യാനി പൂർവഗണിതാനി. 149

ജലാഷ്ടകേ = ഇവിടെ പറഞ്ഞ ജലാഷ്ടകത്തുങ്കൽ, സാഗരഭവം സരിജ്ജം = സമുദ്രത്തിലേതും, പുഴയിലേതും, നിർഝരവാപീതടാകജം = അരുവിയിങ്കലേതും പൊയ്കയിലേതും കുളത്തിലേതും, ഹ്രദകൂപസേതുജാതം = കയമുള്ളടത്തേതും കിണറ്റിലേതും ചിറകെട്ടിയേടത്തേതും, ജലം ഗ്രാഹ്യം = ഈ എട്ടു ദിക്കിലേയും ജലം വേണം. അന്യാനി പൂർവ്വഗണിതാനി = ശേഷം രത്നാഷ്ടകാദി ഒക്കയും മുമ്പു സംഘാതദ്രവ്യത്തുങ്കൽ പറഞ്ഞതുതന്നെ.

ധാത്രീം രാത്രീപിഷ്ടമാചാമമർഘ്യം
കൌശം കാശം സേവ്യകം ദൌർവ്യകം ച
ന്യസ്യേദ് ദിക്കോണക്രമാന്മർത്ത്യഭാഗേ
പർജ്ജന്യാദിഷ്വേകശോ/ത്രാംകുരാംശ്ച. 150

മർത്ത്യഭാഗേ ദിക്കോണക്രമാത് = പിന്നെ മാനുഷത്തുങ്കൽ ദിക്കുകളിലും കോണുകളിലും ക്രമേണ, ധാത്രീം = നെല്ലിക്കായും, രാത്രീപിഷ്ടം = മഞ്ഞൾ അരച്ചതിനേയും, കൌശം = കുശയേയും, കാശം = ആറ്റുദർഭയേയും, സേവ്യകം = രാമച്ചത്തേയും, ദൌർവ്യകം = കറുകയേയും, ന്യസ്യേത് = ന്യസിപ്പൂ. പർജന്യാദിഷു ഏകശഃ അങ്കുരാൻ ച = കിഴക്കു വടക്കു വശത്ത് അന്തരാളത്തുങ്കൽ തുടങ്ങി എട്ടിലും ഓരോരോ തളിരുകളേയും ന്യസിപ്പൂ.

ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷവില്വപലാശജാഃ
ശമ്യപാമാർഗ്ഗജാശ്ചൈവ ക്രമാദഷ്ടാങ്കുരാഃ സ്മൃതാഃ. 151

ന്യഗ്രോധം = പേരാല്, ഉദുംബരം = അത്തി, അശ്വത്ഥം = അരയാൽ, പ്ലക്ഷം = ഇത്തി, വില്വം = കൂവളം, പലാശം = പ്ലാശ്, ശമീ = വഹ്നി, അപാമാർഗ്ഗജാ = കടലാടി, ക്രമാത് അഷ്ടാങ്കുരാഃ = ക്രമേണ എട്ടിന്റെയും തളിരുകളേ ന്യസിപ്പൂ.

ഉത്തമമദ്ധ്യമത്തേ പറയുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

ഭൂഭൃദ്വർഗ്ഗയുതദ്വിശത്യഥ ഘടാനാം ഛേദിഹ ക്ഷേത്രകം
കൃത്വാ സപ്തദശപ്രഭേദിതപുടം വീഥിം ച പഞ്ചാന്തരേ
ത്രിംശത്കാനി ശിലീമുഖോപപദസംയുക്ത്യാ ബഹിർദിക്ഷ്വഥോ
കോണേഷൂൽകൃതിസംഖ്യകാനി രചയേദേകൈകകോഷ്ഠാന്വയാത്. 152

ഇഹ ഘടാനാം ഭൂഭൃദ്വർഗയുതദ്വിശതീ = ഇവിടെ കലശങ്ങളുടെ ഇരുനൂററിനാല്പത്തിയൊമ്പതുങ്കൽ, സപ്തദശപ്രഭേദിതപുടം ക്ഷേത്രകം കൃത്വാ പഞ്ച അന്തരേ വീഥിം ച കൃത്വാ = പതിനേഴ പുടമായിട്ടു ചതുരശ്രക്ഷേത്രത്തേ ഉണ്ടാക്കി അതുങ്കൽ അഞ്ചുപുടത്തിന്റെ ഇടയിൽ വീഥിയേയും ഉണ്ടാക്കി ഇരുപത്തിയഞ്ചീതു പദങ്ങളായിട്ടു ഒമ്പതു ഖണ്ഡങ്ങളേയുമുണ്ടാക്കിയാൽ, ബഹിഃ ദിക്ഷു ശിലീമുഖോപപദസംയുക്ത്യാ ത്രിംശത്കാനി = പുറത്തു ദിക്കുകളിൽ നാലിടത്തും പുറത്തു ഒരു വരിയായിട്ട് അയ്യഞ്ചു പദങ്ങളേ കൂട്ടി മുപ്പതീതായിട്ടും വരുന്നു. കോണേഷു ഏകൈക കോഷ്ഠാന്വയാത് ഉത്കൃതിസംഖ്യകാനി ച രചയേത് = കോണുകളിൽ നാലിടത്തും ഓരോ പദങ്ങളേ പുറത്തുകൂട്ടി ഇരുപത്താറീതായിട്ടുമുണ്ടാക്കൂ. ബ്രഹ്മസ്ഥാനത്ത് ഒരു പദംകൊണ്ട് അഷ്ടദലത്തേ ഉണ്ടാക്കൂ.

ഗവ്യാദിതീർത്ഥസലിലാവധിഭിഃ സരോജ-
രാഗാദിസേതു സലിലാവധിഭിശ്ച തദ്വത്
ആപൂര്യ ചാമലകപൂർവകദൌർവ്യകാദ്യൈ-
ർദിക്കോണഗാനുപഘടാൻ പരിപൂരയേത. 153

ഗവ്യാദിതീർത്ഥസലിലാവധിഭിഃ സരോജരാഗാദിസേതുസലിലാവധിഭിഃ ച തദ്വത് ആപൂര്യ = ഇവിടെ ബ്രഹ്മകലശത്തുങ്കൽ പഞ്ചഗവ്യത്തേയും അതിന്റെ ചുറ്റുമുള്ള കലശങ്ങൾ എട്ടിലും പത്മരാഗാദിരത്നങ്ങളേ ഓരോന്നിനേയും നിറപ്പൂ. ദൈവികത്തുങ്കൽ ഖണ്ഡബ്രഹ്മകലശങ്ങളിൽ ആജ്യദുഗ്ധദധിക്ഷൌദ്രതൈലഗുളേക്ഷുജലതീർത്ഥങ്ങളേയും അവറ്റിന്റെ പരികലശങ്ങളിൽ ബീജകഷായപുഷ്പഫലഗന്ധലോഹൌഷധിജലങ്ങളുടെ അഷ്ടകത്തേയും ഓരോന്നായിട്ടു മുമ്പിൽ പറഞ്ഞപോലെ നിറപ്പൂ. ദിക്കോണഗാൻ ഉപഘടാൻ ആമലകപൂർവകദൌർവ്യകാദ്യൈഃ പരിപൂരയേത = പുറത്ത് അഞ്ചും ഓരോന്നും ദിക്കോണുകളിൽ കൂടിയിരിക്കുന്ന ഉപഘടങ്ങളേ മാനുഷാവരണങ്ങളെന്നു കല്പിച്ച് ധാത്ര്യാദിദൂർവാന്തം മുമ്പിൽ പറഞ്ഞ ദ്രവ്യങ്ങളേക്കൊണ്ട് നിറപ്പൂ. ഇങ്ങനെ സപ്തദശദ്രവ്യങ്ങളേക്കൊണ്ട് ഉത്തമമദ്ധ്യമം ഭവിക്കും.

ദിക്കോണഗാന്യുപപദാനി സകോണഖണ്ഡാ-
ന്യത്രാപഹായ സഹതത്ത്വശതേ ഘടാനാം

Shripuram Publications
www.shripuram.org

ഗവ്യാദിമധ്വവധികൈരഥ പദ്മരാഗ-
പൂർവൈശ്ച പൂരയതു താൻ കദളീഫലാദ്യൈഃ. 154

ഘടാനാം സഹതത്ത്വശതേ = ഉത്തമാധമത്തുങ്കലേ നൂറ്റിയിരുപത്തഞ്ചു കലശത്തുങ്കൽ, അത്ര ദിക്കോണഗാനി ഉപപദാനി സകോണഖണ്ഡാനി അപഹായ = ഇവിടെ മുമ്പു പറഞ്ഞ ഉത്തമമദ്ധ്യത്തുങ്കലേ ദിക്കിലും കോണിലും അഞ്ചും ഒന്നും പദങ്ങളേ കൂട്ടി ഉണ്ടാക്കിയതും കോണിലേ ഖണ്ഡങ്ങൾ ഒക്കെയും ഇങ്ങനെ നൂറ്റിപ്പതിന്നാലു പദങ്ങളേ കളഞ്ഞാൽ ബ്രഹ്മസ്ഥാനത്തും ദൈവികത്തുങ്കലേ നാലു ദിക്കിലും ഇരുപത്തഞ്ചീത്. ശേഷമുള്ളതുതന്നെ പത്മമാക്കിക്കൊണ്ട്, ഗവ്യാദിമധ്വവധികൈഃ = ആജ്യദുഗ്ദ്ധദധിക്ഷൌദ്രങ്ങളേക്കൊണ്ട് ബ്രഹ്മകലശങ്ങളേയും, പദ്മരാഗപൂർവൈഃ കദളീഫലാദ്യൈഃ ച താൻ പൂരയതു = പത്മരാഗം തുടങ്ങിയുള്ള രത്നാഷ്ടകംകൊണ്ടും ബീജാഷ്ടകംകൊണ്ടും കഷായാഷ്ടകംകൊണ്ടും പുഷ്പാഷ്ടകംകൊണ്ടും കദളിക്കായ് അവസാനമായുള്ള ഫലാഷ്ടകം കൊണ്ടും പരികലശങ്ങൾ എട്ടെട്ട് ഉള്ളതിനേയും നിറച്ച് പൂജിപ്പൂ. ഇങ്ങനെ പഞ്ചദ്രവ്യങ്ങളേക്കൊണ്ടു ഉത്തമാധമത്തേ പറഞ്ഞു.

ഈ പറഞ്ഞ ഉത്തമാധമം നൂറ്റിയിരുപത്തഞ്ചുങ്കൽ നവദ്രവ്യമായിട്ടും ഒരു പക്ഷഭേദത്തെ പറയുന്നു.

അന്തസ്ത്രയോദശപുടേ ശരവർഗസംഖ്യാ-
നാശാസു പഞ്ചദശ സൈകകനന്ദസംഖ്യാൻ
കുംഭാൻ വിദിക്ഷു പരിപൂര്യ കരോതു വാ/ത്ര
ഗവ്യാദിസേതുസലിലാവധിഭിർജഘന്യം. 155

ത്രയോദശപുടേ അന്തഃ ശരവർഗസംഖ്യാൻ കുംഭാൻ = പതിമൂന്നുപുടമായ ചതുരശ്രക്ഷേത്രത്തുങ്കൽ അകത്ത് ബ്രഹ്മസ്ഥാനത്ത് ഇരുപത്തിയഞ്ചു കലശങ്ങളേയും, ആശാസു = ദൈവികത്തുങ്കൽ ദിക്കുകളിൽ, പഞ്ചദശ = പതിനഞ്ചീതും, വിദിക്ഷു സൈകകനന്ദസംഖ്യാൻ = കോണുകളിൽ നവകത്തിൻപുറത്ത് ഓരോ പദങ്ങളേക്കൂട്ടി പതുപ്പത്തായിട്ടും കലശങ്ങളേ വയ്ക്കുമാറു പത്മത്തേ ഉണ്ടാക്കി ഗവ്യാദിസേതു സലിലാവധിഭിഃ പരിപൂര്യ ജഘന്യം കരോതു വാ = പഞ്ചഗവ്യം തുടങ്ങി തീർത്ഥജലാന്തമുള്ള ഒമ്പതുകൊണ്ട് ബ്രഹ്മകലശങ്ങളേ ഒമ്പതിനേയും രത്നാഷ്ടകം തുടങ്ങി ജലാഷ്ടകംവരെയുള്ള ദ്രവ്യങ്ങളേക്കൊണ്ട് പരികലശങ്ങളേയും മുമ്പിൽ പറഞ്ഞപോലെ നിറച്ച് ഉത്തമാധമത്തേ ചെയ്കിലുമാം. ഇങ്ങനെയാകുമ്പോൾ നവദ്രവ്യമായിട്ടുവരും.

ഇങ്ങനെ ഉത്തമത്രിതയത്തേ പറഞ്ഞിട്ട് ഉത്തമദ്വയത്തേ പറയുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

അന്തസ്ത്രയോദശപുടേ ശരവർഗസംഖ്യാ-
സ്തദ്ബാഹ്യതസ്തിഥിരസപ്രമിതാഃ ക്രമേണ
ദിക്കോണയോർനവശതേ/ഥ ശതേ ത്രിഹീനേ
ബാഹ്യേ തു ധൂർജടിഹരിപ്രമിതാ ഘടാഃ സ്യുഃ. 156

നവശതേ ത്രയോദശപുടേ അന്തഃ ശരവർഗസംഖ്യാഃ = മദ്ധ്യമോത്തമമായ നൂറ്റിയൊമ്പതു കലശത്തിലും പതിമൂന്നു പുടത്തുങ്കൽ മുമ്പിലേപ്പോലെ ഇരുപത്തിയഞ്ചു കലശത്തേയും, തദ്ബാഹ്യതഃ ദിക്കോണയോഃ തിഥിരസപ്രമിതാഃ അതിന്റെ പുറത്തുദിക്കുകളിൽ പതിനഞ്ചു വരും. കോണുകളിൽ ഒമ്പത് ഉള്ളതിന്റെ അകത്തുവശത്തു മൂന്നുപദം ഊർത്ത് ആറാക്കൂ. ഇങ്ങനെ നൂറ്റിയൊമ്പതിന്റെ പത്മം. അഥ ത്രിഹീനേ ശതേ = ഇവിടെ അധമോത്തമം തൊണ്ണൂറ്റിഏഴ് ആകുമ്പോൾ, ബാഹ്യേ ധൂർജടിഹരിപ്രമിതാഃ = ദിക്കുകളിൽ അകത്തേവരിയിൽ രണ്ടുപുറത്തും ഈരണ്ടു പദം ഊർത്തു പതിനൊന്ന് ആക്കൂ. കോണുകളിൽ നവകത്തിൽ രണ്ടുപദം ഊർത്ത് ഏഴു പദമാക്കൂ. ഇങ്ങനെ തൊണ്ണൂറ്റി ഏഴു കലശത്തിന്റെ പത്മം.

ഇവിടേയ്ക്കു വേറെ ദ്രവ്യങ്ങളെ പറയുന്നു.

അന്തസ്തത്ത്വഘടേഷു സർവമണിതോയം ഗവ്യകം ദുഗ്ധകം
ദധ്യാജ്യം മധു ഗൌളമിക്ഷുസലിലം തൈലം ഹരിദ്രാജലം
ധാത്രീവാരി ഫലോദകം ക്വഥിതകം കൌശാംബുകാശാംബുനീ
സേവ്യം ദൌർവ്യമപീതി സപ്തദശകം വിന്യസ്യ വിദ്വാനഥ. 157

പാടീരാസൃഗയഃപ്ലവംഗമുരമാംസീതോയമുസ്താംബുമുക്-
ചോരൈലാശശിജാതികുഷ്ഠകലവങ്കത്വക് ച യേ ഷോഡശ
ഗന്ധാസ്തേഷു യുഗം യുഗം ന്യസതു പർജന്യാദികാഭ്യന്തരേ-
ഷ്വഷ്ടൌ തദ്ബഹിരങ്കുരാനഭിഹിതാൻ ദിക്കോണഖണ്ഡേഷ്വപി. 158

തത്ത്വഘടേഷു അന്തഃ സർവമണിതോയം = നടുവിലേ ഇരുപത്തിയഞ്ചു കലശങ്ങളിൽ അകത്തു ബ്രഹ്മകലശത്തുങ്കൽ രത്നാഷ്ടകത്തേയും നവരത്നസ്വർണ്ണത്തേയും ന്യസിപ്പൂ. ബ്രഹ്മകലശത്തിന്റെ ചുറ്റുമുള്ള കലശങ്ങളിൽ ദിക്കുകളിലും കോണുകളിലും, ഗവ്യകം ദുഗ്ധകം ദധ്യാജ്യം മധു ഗൌളം ഇക്ഷുസലിലം തൈലം = പഞ്ചഗവ്യത്തേയും പാലിനേയും തൈരിനേയും നെയ്യിനേയും തേനിനേയും ശർക്കരയേയും കരിമ്പുനീരിനേയും എണ്ണയേയും നിറപ്പൂ. അതിന്റെ പുറത്തും ദിക്കോണുകളിൽ, ഹരിദ്രാജലം ധാത്രീവാരി ഫലോദകം ക്വഥിതകം കൌശാംബുകാശാം

Shripuram Publications
www.shripuram.org

ബുനീ സേവ്യം ദൌർവ്യം അപി = മഞ്ഞപ്പൊടിയേയും നെല്ലിക്കായേയും ഫലദ്രവ്യത്തേയും കഷായജലത്തേയും കുശജലത്തേയും ആറ്റുദർഭയേയും രാമച്ചത്തേയും ദൂർവാജലത്തേയും, ഇതി വിദ്വാൻ സപ്തദശകം വിന്യസ്യ = ഇപ്രകാരം വിദ്വാനായിരിക്കുന്ന ആചാര്യൻ പതിനേഴ ദ്രവ്യങ്ങളേ ന്യസിച്ചാൽ, പർജ്ജന്യാദികാഭ്യന്തരേഷു = ഈശകോണിന്റെ തെക്കുള്ള പർജ്ജന്യാദിയായി അന്തരാളങ്ങളിൽ, പാടീരാസൃക് = ചന്ദനത്തേയും കുങ്കുമത്തേയും, അഗ്നികോണിന്റെ വടക്ക്, അയഃ പ്ലവംഗ = അകിലിനേയും കണ്ടിവെണ്ണയേയുംകൂട്ടിയും, മുരമാംസീ = മുരത്തേയും മാഞ്ചിയേയും കൂടിയും, തോയമുസ്താ = ഇരുവേലിയേയും മുത്തങ്ങായേയും കൂടിയും, തെക്കേ അന്തരാളങ്ങളിൽ, അംബുമുക്ചോരാ = കുഴിമുത്തങ്ങായും കച്ചോലക്കിഴങ്ങും കൂടിയും, ഏലാശശി = എലത്തരിയും കർപ്പൂരവും കൂടിയും, പടിഞ്ഞാറു രണ്ടു പുറത്തും, ജാതികുഷ്ഠക = ജാതിക്കായും കൊട്ടവും കൂടിയും, ലവങ്ഗത്വക് ച = ഇലവർങ്ങത്തിന്റെ പൂവും തൊലിയും കൂട്ടി, വടക്കു രണ്ടുപുറത്തും, ഗന്ധാഃ തേഷു യുഗംയുഗം ന്യസതു = ഈ ഗന്ധങ്ങൾ അന്തരാളങ്ങളിൽ ഈരണ്ടായിട്ടു ന്യസിപ്പൂ. തദ്ബഹിഃ ദിക്കോണഖണ്ഡേഷു അഭിഹിതാൻ അങ്കുരാൻ ച = അതിന്റെ പുറത്ത് മുമ്പിൽ പറഞ്ഞ ന്യഗ്രോധാദി അംകുരങ്ങളേ ദിക്കോണഖണ്ഡബ്രഹ്മകലശങ്ങളിൽ മദ്ധ്യമോത്തമം നൂറ്റിയൊമ്പതും അധമോത്തമം തൊണ്ണൂറ്റിഏഴും കലശങ്ങളേ പറഞ്ഞു.

ഏകാശീത്യാം പ്രാഗ്വന്നവ നവകാന്യാദധീത രുദ്രപൂടേ
അത്രൈവ പഞ്ചഷഷ്ട്യാം ബഹിഃഷ്ഠിതാന്യഷ്ട സപ്തകാനി സ്യുഃ. 159

ഏകാശീത്യാം രുദ്രപൂടേ പ്രാഗ്വത് നവ നവകാനി ആദധീത = മദ്ധ്യമമദ്ധ്യമമായ എൺപത്തൊന്നു കലശത്തുങ്കൽ മുമ്പിൽ വൈഷ്ണവത്തുങ്കൽ പറഞ്ഞ സപ്തദശദ്രവ്യത്തിങ്കലേപ്പോലെ ഒമ്പതു നവകങ്ങളേ ഉണ്ടാക്കൂ. പഞ്ചഷഷ്ട്യാം അത്ര ഏവ ബഹിഃഷ്ഠിതാനി അഷ്ട സപ്തകാനി സ്യുഃ = അധമമദ്ധ്യമമായ അറുപത്തിയഞ്ചു കലശത്തുങ്കൽ ഈ പത്മത്തിൽ തന്നെ പുറത്തു നവകങ്ങൾ എട്ടും ഏഴാക്കിക്കൊള്ളൂ.

ഇവിടത്തേ ദ്രവ്യങ്ങളേ പറയുന്നു.

സർപ്പിർമൂത്രശകൃന്തി ദുഗ്ദ്ധദധിനീ ഗോരോചനാവാരികം
കൌശം രത്നകഗന്ധമാക്ഷികഗുളം ക്വാഥോദബീജോദകം
മൃത്സാതോയതിലോദസൂനസലിലം സ്വർണ്ണോദകം കർണ്ണികാ-
തദ്ദിക്കോണദലാദികേഷ്വപി നിദദ്ധ്യാന്മദ്ധ്യമദ്വന്ദ്വകേ. 160

മദ്ധ്യമദ്വന്ദ്വകേ = മദ്ധ്യമദ്വയമാകുന്ന കലശത്തുങ്കൽ, കർണ്ണികാതദ്ദിക്കോണദലാദികേഷു = കർണ്ണികയിങ്കലേ ബ്രഹ്മകലശത്തുങ്കലും

www.shripuram.org
Shripuram Publications
www.shripuram.org

അതിന്റെ അടുത്ത് ദിക്കും കോണും ആയിട്ടു ദലകലശങ്ങൾ എട്ടിലും ആദിശബ്ദംകൊണ്ട് പുറത്തേ ഖണ്ഡബ്രഹ്മകലശങ്ങളിൽ ദിക്കോണക്രമേണയും, സർപ്പിഃ = ബ്രഹ്മകലശത്തുങ്കൽ നെയ്യിനേയും, മൂത്രശകൃന്തി ദുഗ്ദ്ധദധിനീ = ഗോമൂത്രത്തേയും ചാണകവെള്ളത്തേയും പാലിനേയും തൈരിനേയും, ഗോരോചനാവാരികം കൌശം രത്നകഗന്ധമാക്ഷികഗുളം = ഗോരോചനാവാരികം കൌശം രത്നകഗന്ധമാക്ഷികഗുളം = ഗോരോചനാജലത്തേയും കുശജലത്തേയും രത്നോദകത്തേയും അഷ്ടഗന്ധജലത്തേയും തേനിനേയും ശർക്കരയേയും, ക്വാഥോദബീജോദകം = കഷായജലത്തേയും, ബീജോദകത്തേയും, മൃത്സാതോയതിലോദസൂനസലിലം സ്വർണോദകം ച നിദധ്യാത് = മൃജ്ജലത്തേയും തിലജലത്തേയും പുഷ്പദ്രവ്യജലത്തേയും സ്വർണശകലജലത്തേയും ഇങ്ങനെ പതിനേഴ്ദ്രവ്യങ്ങളേക്കൊണ്ടു നിറച്ചു പൂജിപ്പൂ.

അധമദ്രവ്യത്തേ പറയുന്നു.

ഗവ്യക്ഷൌദ്രപയോഘൃതാനി ദധിഗൌളേക്ഷൂദതൈലം നവം
കേരീവാര്യഥ പാദ്യമർഘ്യസലിലം ചാചാമകം ക്വാഥകം
രത്നാംഭഃ ഫലവാരി ഗന്ധസലിലം പുഷ്പോദകം ചാധമ
ദ്വന്ദ്വദ്രവ്യഗണോ/ങ്കശൈലപുടയോഃ പ്രോക്താ പദപ്രക്രിയാ. 161

ഗവ്യക്ഷൌദ്രപയോഘൃതാനി = ബ്രഹ്മകലശത്തുങ്കൽ പഞ്ചഗവ്യം, ദലകലശങ്ങളിൽ ദിക്കോണക്രമേണ തേനും പാലും നെയ്യും, ദധിഗൌളേക്ഷൂദതൈലം = തൈരും ശർക്കരയും കരിമ്പിൻനീരും, നവം കേരീവാരി = ഇളനീർവെള്ളവും, മാനഷത്തുങ്കൽ ദിക്കോണുകളിൽ, പാദ്യം അർഘ്യസലിലം ആചാമകം ക്വാഥകം = പാദ്യജലവും അർഘ്യജലവും ആചമജലവും കഷായജലവും, രത്നാംഭഃ ഫലവാരി ഗന്ധസലിലം പുഷ്പോദകം ച = രത്നജലവും ഫലജലവും അഷ്ടഗന്ധജലവും പുഷ്പദ്രവ്യജലവും, അധമദ്രവ്യഗണഃ = ഇങ്ങനെ മദ്ധ്യമാധമം നാല്പത്തിയൊമ്പതു കലശത്തുങ്കലേയും അധമാധമം ഇരുപത്തഞ്ചു കലശത്തുങ്കലേയും തുല്യങ്ങളായ സപ്തദശദ്രവ്യങ്ങൾ, പദപ്രക്രിയാ അങ്കശൈലപുടയോഃ പ്രോക്താ = പത്മങ്ങൽ ഒമ്പതുപുടത്തുങ്കലും ഏഴുപുടത്തുങ്കലും മുമ്പ് വൈഷ്ണവത്തുങ്കൽ പറഞ്ഞിരിക്കുന്നതുതന്നെ.

ഈ കലശങ്ങൾക്ക് എല്ലാടവും ദ്രവ്യങ്ങളേ ന്യസിപ്പാൻ മൂലംതന്നെ, സ്നാനമന്ത്രത്തേ പറയുന്നു.

മൂലേന ബ്രഹ്മഘടൈർഗായത്ര്യാ ദ്രവ്യപൂർണപരികലശൈഃ
അംഗാണുനാ/വശിഷ്ടൈഃ സ്നപയതു മദ്ധ്യാദിപൂരണക്രമതഃ 162

www.shripuram.org
Shripuram Publications
www.shripuram.org

മൂലേന ബ്രഹ്മഘടൈഃ = മൂലമന്ത്രംകൊണ്ടും ബ്രഹ്മകലശങ്ങളേ ഒക്കെക്കൊണ്ടും, ഗായത്ര്യാ ദ്രവ്യപൂർണ്ണപരികലശൈഃ = ഗായത്രികൊണ്ടു ദ്രവ്യന്യാസം ചെയ്ത പരികലശങ്ങളേക്കൊണ്ടും, അവശിഷ്ടൈഃ അംഗാണനാ = അംഗമന്ത്രംകൊണ്ട് അവശിഷ്ടങ്ങളായ ശുദ്ധജലം നിറച്ച പരികലശങ്ങളേക്കൊണ്ടും, മദ്ധ്യാദിപൂരണക്രമതഃ സ്നപയതു = ബ്രഹ്മകലശം തുടങ്ങി ദ്രവ്യന്യാസക്രമംപോലെ ബ്രാഹ്മം ദൈവികം മാനുഷം ഇപ്രകാരം കലശങ്ങളേ ആടൂ.

മൂലോപചാരാണകുമാരസൂക്തതഃ
സംസ്നാപയേദ് ബ്രഹ്മഘടേന മൂലതഃ
ഖണ്ഡാന്തരബ്രഹ്മഘടൈർജിനാർണതഃ
സദ്രവ്യകൈഃ ശുദ്ധജലൈർഹൃദേതി വാ. 163

മൂലോപചാരാണകുമാരസൂക്തതഃ ബ്രഹ്മഘടേന = മൂലം ഉപചാരം കുമാരസൂക്തം ഇത്യാദികൊണ്ട് വലിയ ബ്രഹ്മകലശംകൊണ്ടും, മൂലതഃ ഖണ്ഡാന്തരബ്രഹ്മഘടൈഃ = മൂലംകൊണ്ടു പരിഖണ്ഡബ്രഹ്മകലശങ്ങളേക്കൊണ്ടും, ജിനാർണ്ണതഃ സദ്രവ്യകൈഃ = ഗായത്രികൊണ്ടു ദ്രവ്യപൂർണ്ണങ്ങളായ പരികലശങ്ങളേക്കൊണ്ടും, ഹൃദാ ശുദ്ധജലൈഃ = ഹൃദയമന്ത്രംകൊണ്ട് ശുദ്ധജലകലശങ്ങളേക്കൊണ്ടും, സംസ്നാപയേത് = കലശാഭിഷേകത്തേ ചെയ്വൂ. ഇതി വാ = ഇപ്രകാരവും മന്ത്രങ്ങൾ ചൊല്ലാം.

പൂർത്യൈ പഞ്ചശതസ്യ യോ ഹ്യപഘടഃ കോണേഷു തേന സ്വഖ-
ണ്ഡൈക്യാത് പഞ്ചകമേകകം ച വിഹിതം ദിക്കോണയോര്യത്പുനഃ
ഖണ്ഡൈകത്വജുഷാ/പി തേന മനുജാംശദ്രവ്യഭാജാ പൃഥഗ്-
ദേവേശം സ്നപയേദിതീഹ നവധാ പ്രോക്താ/ഭിഷേകോ ഗൃഹേ. 164

പഞ്ചശതസ്യ പൂർത്യൈ കോണേഷു യഃ ഉപഘടഃ = അഞ്ഞൂറു കലശത്തിന്റെ തികവിന്നായിക്കൊണ്ട് കോണുകളിൽ കൂട്ടിയിരിക്കുന്ന ഉപഘടം യാതൊന്ന്, സ്വഖണ്ഡൈക്യാത് തേന ച = അതിനേ കോണിലേ ഖണ്ഡത്തിങ്കലേ ഇരുപത്തഞ്ചിനോടു കൂടിയിരിക്കകൊണ്ട് കോണിലേ കലശങ്ങൾ ഇരുപത്തഞ്ചിനേയും ആടിയാലുടനേ ആ ഉപഘടത്തേയുമാടൂ. പുനഃ ദിക്കോണയോഃ പഞ്ചകം ഏകകം ച വിഹിതം = പിന്നെ ഇരുനൂറ്റിയമ്പതുകൾ ദിക്കോണുകളിൽ അയ്യഞ്ചും ഓരോന്നും കൂട്ടീട്ടുള്ളവറ്റേ, ഖണ്ഡൈകത്വജുഷാ അപി = ഒരു ഖണ്ഡത്തോടുകൂടി ഇരിക്കുന്ന എങ്കിലും, മനുജാംശദ്രവ്യഭാജാ = മാനുഷമെന്നു കല്പിച്ച് ദ്രവ്യന്യാസവും പൂജയും വേറേ ചെയ്തിരിക്കകൊണ്ട്, പൃഥഗ് ദേവേശം സ്നപയേത് = ആ അഞ്ചിനേയും ഒന്നിനേയും മാനുഷമാക്കിക്കല്പിച്ച് വേറേ ആടിക്കൊള്ള

www.shripuram.org
Shripuram Publications
www.shripuram.org

ണം. നൂറ്റിയിരുപത്തഞ്ചിങ്കൽ കോണുകളിൽ ഒരു പദം കൂട്ടിയതിനേ ദ്ര വ്യന്യാസമില്ലാതെ ഖണ്ഡത്തോടുകൂടി ഇരിക്കകൊണ്ട് ആ ഖണ്ഡത്തിൽ ഒമ്പതിനോടുകൂടെ ആടിക്കൊള്ളൂ. ഇരുനൂറ്റിനാല്പത്തിയൊമ്പതുങ്കൽ അ ഞ്ചും ഒന്നും ഖണ്ഡത്തോടുകൂടാതെ വീഥി പുറത്ത് ഉണ്ടാക്കാമെന്നും ആഗ മത്തിൽ പറയുന്നുണ്ട്. അപ്പോൾ പത്തൊമ്പതുപുടത്തിൽ പത്മം എന്നും പറഞ്ഞിട്ടുണ്ട്. ഇഹ ഇതി നവധാ അഭിഷേകഃ പ്രോക്തഃ = സുബ്രഹ്മണ്യ ങ്കൽ ഇപ്രകാരം ഒമ്പതായിട്ടു കലശങ്ങൾ പറയപ്പെട്ടു.

അനന്തരം ഗണപതിയിങ്കലേ കലശത്തേ പറയുന്നു.

വിഘ്നേശേ/പി മഹേശവദ് ഘടപുടാദ്യാധായ വൈധാതൃകം
കുംഭം ദ്വാദശരത്നകേന പരിപൂര്യാപൂരയേത്തത്പരം
അന്തർദിഗ്വിദിശോർബഹിശ്ച കലശാൻ പാദ്യാദിഭിർദ്വ്യഷ്ടഭി-
സ്തൈരേവാഥ തദാന്തരാളികഗുളാദ്യാഢ്യൈസ്തു വാ ത്ര്യഷ്ടഭിഃ. 165

വിഘ്നേശേ അപി = ഗണപതിയിങ്കൽ, മഹേശവത് ഘടപുടാദി ആധായ = ശിവങ്കൽ പറഞ്ഞപോലെ കലശങ്ങളുടെ സംഖ്യകളും പ ത്മങ്ങളും സപ്തദശദ്രവ്യത്തുങ്കലും പഞ്ചവിംശതിദ്രവ്യത്തുങ്കലും ഉണ്ടാക്കി യാൽ, വൈധാതൃകം കുംഭം ദ്വാദശരത്നകേന പരിപൂര്യ = രണ്ടിടത്തും ബ്രഹ്മകലശത്തേ സംഘാതത്തിൽ പറഞ്ഞ ദ്വാദശരത്നംകൊണ്ട് നവര ത്നസ്വർണ്ണത്തോടുകൂടി നിറപ്പൂ. തത്പരം അന്തഃ ബഹിഃ ച ദിഗ്വിദിശോഃ = പിന്നെ ദൈവികത്തിങ്കലും മാനുഷത്തിങ്കലും ദിക്കും കോണും ക്രമമാ യിട്ട്, പാദ്യാദിഭിഃ ദ്വ്യഷ്ടഭിഃ = പാദ്യം തുടങ്ങിയുള്ള 16 ദ്രവ്യങ്ങളേക്കൊ ണ്ട്, കലശാൻ ആപൂരയേത് = കലശങ്ങളേ നിറപ്പൂ. ഇങ്ങനെ സപ്തദശ ദ്രവ്യങ്ങൾ. അഥ തൈഃ ഏവ തദാന്തരാളികഗുളാദ്യാഢ്യൈഃ ത്ര്യഷ്ടഭിഃ വാ ആപൂരയേത് = പഞ്ചവിംശതി ദ്രവ്യത്തുങ്കൽ പാദ്യാദി പതിനാറും അന്തരാളങ്ങളിൽ ഗുളാദി എട്ടു ദ്രവ്യങ്ങളോടുകൂടി ഇരുപത്തിനാലു ദ്രവ്യ ങ്ങളേക്കൊണ്ടു നിറയ്ക്കുന്നുവെങ്കിൽ പഞ്ചവിംശതിദ്രവ്യങ്ങളായിട്ടുമാം.

പാദ്യാദിദ്രവ്യങ്ങളെ പറയുന്നു.

പാദ്യാർഘ്യാചമനീയദുഗ്ദ്ധദധിസർപ്പിഃ ക്ഷൌദ്രഗവ്യം ഫലം
ഭക്ഷ്യം യാവകശാലികേ സതിലരത്നാഷ്ടാപദം വിദ്രുമം
ഗൌളം പുഷ്പജലം ച ദൌർവ്യസലിലം ധാത്രുദ്ഭൂത്സാകുശം
മുക്താകേരപയശ്ച ഷോഡശ വദന്തി ദ്രവ്യകാണ്യഷ്ട ച. 166

പാദ്യാർഘ്യാചമനീയദുഗ്ദ്ധദധിസർപ്പിഃ = പാദ്യത്തേയും അർഘ്യ ത്തേയും ആചമനീയത്തേയും പാലിനേയും തൈരിനേയും നെയ്യിനേ യും, ക്ഷൌദ്രഗവ്യം = തേനിനേയും പഞ്ചഗവ്യത്തേയും ഇത് എട്ടും

www.shripuram.org
Shripuram Publications
www.shripuram.org

ദൈവികത്തുങ്കലേയ്ക്ക്, ഫലം ഭക്ഷ്യം യാവകശാലികേ = ഫലത്തേയും ഭക്ഷ്യത്തേയും യവത്തേയും നെല്ലിനേയും സതിലരത്നാഷ്ടാപദം വിദ്രുമം = എള്ളിനേയും രത്നങ്ങളേയും സ്വർണ്ണത്തേയും പവിഴത്തേയും ഇതു എട്ടും മാനുഷത്തുങ്കലേ ദിക്കോണുകളിലെ സപ്തദശദ്രവ്യങ്ങൾ. ഗൌളം പുഷ്പജലം ദൌർവ്യസലിലം ധാതുദമൃത്സാകുശം = ശർക്കരയേയും പുഷ്പങ്ങളേയും കറുകയേയും ധാതുദ്രവ്യത്തേയും മണ്ണുകളേയും കുശയേയും, മുക്താകേരപയഃ ച = മുത്തിനേയും തേങ്ങാപ്പാലിനേയും ഇത് എട്ടും അന്തരാളങ്ങളിലേയ്ക്ക്, ഇതി ഷോഡശ അഷ്ട ച ദ്രവ്യാണി വദന്തി = ഇങ്ങനെ പതിനാറും എട്ടും ദ്രവ്യങ്ങളെ പറയുന്നു വിദ്വാന്മാര്. ഈ രണ്ടുവകയും കൂട്ടിയാൽ പഞ്ചവിംശതിദ്രവ്യങ്ങൾ.

തദ്ദേവതാ ഗണേശഃ പിതരോ വാഗ്വഹ്നിവല്ലഭാ സോമഃ
രുദ്രോഽഗ്നിർഗുഹസാവിത്ര്യൌ ച ഗണേശോ ഗജാസ്യകഃ പവനഃ 167

വിശ്വേദേവാ യമധനദബ്രഹ്മാണോഽഥ ദിനകരോ ദുർഗ്ഗാ
വിഷ്ണുർലക്ഷ്മീഃ സപ്ത ച മുനയോ ഭൂവഹ്നിവരുണസോമാഃ സ്യുഃ 168

ഗണേശഃ = ബ്രഹ്മകലശത്തിന്നു ഗണേശായ നമഃ, പിതരഃ വാഗ്വഹ്നിവല്ലഭാ സോമഃ = പിതൃഭ്യോ നമഃ, സരസ്വത്യൈ നമഃ, സ്വാഹായൈ നമഃ, സോമായ നമഃ, രുദ്രഃ അഗ്നിഃ ഗുഹസാവിത്ര്യൌ = രുദ്രായ നമഃ, അഗ്നയേ നമഃ, സ്കന്ദായ നമഃ, സാവിത്ര്യൈ നമഃ ഇതു എട്ടും ദൈവികത്തുങ്കൽ, ഗണേശഃ ഗജാസ്യകഃ പവനഃ വിശ്വേദേവാഃ = ഗണേശായ നമഃ, ഗജാസ്യായ നമഃ, വായവേ നമഃ, വിശ്വേഭ്യോ ദേവേഭ്യോ നമഃ, യമധനദബ്രഹ്മാണഃ അഥ ദിനകരഃ = യമായ നമഃ വൈശ്രവണായ നമഃ, ബ്രഹ്മണേ നമഃ, ആദിത്യായ നമഃ ഇതു എട്ടും മാനുഷത്തുങ്കൽ ദിക്കോണുകളിൽ, ദുർഗ്ഗാ വിഷ്ണുഃ ലക്ഷ്മീഃ സപ്തമുനയഃ ച = ദുർഗ്ഗായൈ നമഃ, വിഷ്ണവേ നമഃ, ലക്ഷ്മ്യൈ നമഃ സപ്തഋഷിഭ്യോ നമഃ, ഭൂവഹ്നിവരുണസോമാഃ, തദ്ദേവതാഃ സ്യുഃ = പൃഥിവ്യൈ നമഃ, അഗ്നയേ നമഃ, വരുണായ നമഃ, സോമായ നമഃ ഇത് എട്ടും അന്തരാളങ്ങളിൽ. ഇങ്ങനെ ദ്രവ്യക്രമേണ അഗ്നിദേവതാമന്ത്രങ്ങൾ ഭവിക്കും.

അഭിഷേകമന്ത്രങ്ങളേ പറയുന്നു.

അത്രേദംവിഷ്ണുരൃചാഽഽപോഹ്യണുനാഽഽപഃ പുനന്തുമനുനാ ച
ആപ്യായസ്വദധിക്രാവ്ണഃ സാവിത്ര്യാഖ്യമധുമതീഭിശ്ച. 169

ഭൂയോഽഗ്നിമീള ഇത്യൃങ്മാനസ്തോകേ ഗണേശമൂലേന
പുനരോഷധീരൃചാശുശ്ശിശാനപിതരോ ഹിരണ്യവർണ്ണർഗ്ഭിഃ 170

www.shripuram.org
©shripuram Publications
www.shripuram.org

ബ്രഹ്മാദിജജ്ഞമന്ത്രനാ രക്ഷോഹണമിത്യൃചാ തഥാഽഗ്നേത്വം
പുഷ്പാവതീശ്ച ശന്നോ ദേവീർ ദേവസ്യ ചോദ്ധ്യ താസീതി. 171

സിഞ്ചേത്തഥാഽഗ്ന ആയാഹ്യൃചാ സമുദ്രാദികേന മന്ത്രനാ ച
യാഃ ഫലിനീശ്ച ഗണാനാം ത്വേതി ച പാദ്യാദികാന്തകലശൈസ്തം. 172

അത്ര = ഇവിടെ കലശങ്ങളേ ആട്ടുവാൻ, ഇദംവിഷ്ണു ഋചാ ആപോ ഹ്യണനാ ആപഃപുനന്തുമന്ത്രനാ ച = ഇദം വിഷ്ണു എന്നും ആപോഹിഷ്ഠാ എന്നും ആപഃ പുനന്തു പൃഥിവീം എന്നും, ആപ്യായസ്വ ദധിക്രാവ്ണഃ സാവിത്ര്യാഖ്യമധുമതീഭിഃ ച = ആപ്യായസ്വ എന്നും ദധിക്രാവ്ണോ അകാരിഷം എന്നും തത്സവിതുർവരേണ്യം എന്നും മധുവാതാഋതായതേ ഇത്യാദി മൂന്നും, ഭ്രയഃ അഗ്നിമീളേ മാനസ്തോകേ ഗണേശമൂലേന ഇതി = പിന്നെ അഗ്നിമീളേ പുരോഹിതം എന്നും മാനസ്തോകേ തനയേ എന്നും പിന്നെ ഗണപതിയുടെ മൂലംകൊണ്ടും, പുനഃ ഓഷധീഃ ഋചാ ആശു ശ്ശിനാഃ പിതരഃ ഹിരണ്യവർണ്ണർഗ്ഭിഃ = പിന്നെ ഓഷധയഃ സംവദന്തേ എന്നും ആശുശ്ശിശാനോ വൃഷഭഃ എന്നും പിതരഃ പിതാമഹാഃ എന്നും ഹിരണ്യവർണ്ണാം ഹരിണീം എന്നും, ബ്രഹ്മാദിജജ്ഞമന്ത്രനാ രക്ഷോഹ ണം ഇതി ഋചാ തഥാ അഗ്നേ ത്വം = ബ്രഹ്മജജ്ഞാനം പ്രഥമം എന്നും രക്ഷോഹണം വാജിനം എന്നും അഗ്നേ ത്വം പാരയ നവ്യ എന്നും, പു ഷ്പാവതീഃ ശന്നോദേവീഃ ദേവസ്യ ച ഉദ്ധൃതാസി ഇതി ച = പുഷ്പാവതീഃ പ്രസൂവരീഃ എന്നും ശന്നോദേവീരഭിഷ്ടയേ എന്നും ദേവസ്യ ത്വാ പ്രസ വിതുഃ എന്നും ഉദ്ധൃതാസി വരാഹേണ എന്നും, അഗ്ന ആയാഹ്യൃചാ സ മുദ്രാദികേന മന്ത്രനാ ച = അഗ്ന ആയാഹി വീതയേ എന്നും സമുദ്രം ഗച്ഛ സ്വാഹാ എന്നും, യാഃ ഫലിനീഃ ച ഗണാനാന്ത്വാ ഇതിച = യാ ഫലി നീര്യാ അഫലാ എന്നും ബ്രഹ്മകലശത്തുങ്കൽ ഗണാനാന്ത്വാ ഗണപതിം എന്നും, പാദ്യാദികാന്തകലശൈഃ തം സിഞ്ചേത് = ദൈവികത്തിങ്കലേ ദിക്കും കോണും അന്തരാളവും ക്രമമായിട്ട് പാദ്യാദി ഇരുപത്തിനാലു ഖ ണ്ഡങ്ങളിലേയും കലശങ്ങൾ ആടി, കാന്തം = ബ്രഹ്മകലശാന്തമായിട്ട് ഗണപതിയേ അഭിഷേകം ചെയ്വൂ. ഇങ്ങനെ ഗണപതിയിങ്കലേ സപ്ത ദശദ്രവ്യവും പഞ്ചവിംശതിദ്രവ്യവും ഒന്നായിപ്പറഞ്ഞു.

അനന്തരം ശാസ്താവിങ്കലേ കലശത്തെ മൂന്നുപ്രകാരം പറയുന്നു.

ആര്യേƒന്തഃ പാദ്യമന്തർദ്ദിശി വിദിശി ബഹിശ്ചാർഘ്യമാചാമഗവ്യേ
ഗോമൂത്രം ദുഗ്ദ്ധദധ്യാജ്യമപി മധു കഷായം ഫലം മാർജ്ജനംമൃത്
സക്ഷ്ഡദം ഗന്ധപുഷ്പോദകയവഗുളമിക്ഷുദകേരീരസം സ്യാത്
കേരോദം രത്നലോഹോദകമപി സഹതീർത്ഥാക്ഷതാംബ്വന്തരാന്തം. 173

www.shripuram.org
Shripuram Publications
www.shripuram.org

ആര്യേ അന്തഃ പാദ്യം = ശാസ്താവിങ്കൽ അകത്തു ബ്രഹ്മകലശത്തുങ്കൽ പാദ്യദ്രവ്യത്തേയും, അന്തഃ ദിശി വിദിശി = പിന്നെ ദൈവികത്തുങ്കൽ ദിക്കുകളിലും, കോണുകളിലും, അർഘ്യം ആചാമഗവ്യേ ഗോമൂത്രം ദുഗ്ധദധ്യാജ്യം മധു = അർഘ്യത്തേയും ആചമനത്തേയും പഞ്ചഗവ്യത്തേയും ഗോമൂത്രത്തേയും പാലിനേയും തൈരിനേയും നെയ്യിനേയും തേനിനേയും നിറപ്പൂ. ബഹിഃ ദിശി വിദിശി = മാനുഷത്തുങ്കലും ദിക്കോണുകളിൽ, കഷായജലം മാർജനം മൂൽ സക്ഷുദം ഗന്ധപുഷ്പോദകയവഘ്നം = കഷായത്തേയും മാർജനത്തേയും മുത്തുകളേയും തരിപ്പണത്തേയും അഷ്ടഗന്ധത്തേയും പുഷ്പദ്രവ്യത്തേയും യവത്തേയും ന്യസിപ്പൂ. അന്തരാന്തം = ഒടുക്കം അന്തരാളങ്ങളിൽ ശർക്കരയേയും, ഇക്ഷുദകേരീരസം = കരിമ്പുനീരും, കേരീരസം, തേങ്ങാപ്പാലും, കേരോദം = തേങ്ങാ വെള്ളവും, രത്നലോഹോദകം = രത്നോദകവും ലോഹോദകവും, സഹതീർത്ഥാക്ഷതാംബു അപി സ്യാത് = തീർത്ഥജലവും അക്ഷതജലവും ഇങ്ങനെ പഞ്ചവിംശതിദ്രവ്യങ്ങൾ ഭവിക്കും.

തദ്ദേവതാഃ പിതൃശ്രീവാക്സാവിത്ര്യസ്തഥൈവ ഗായത്രീ
സോമോ രുദ്രാഗ്നിഗുഹാ വിശ്വേ വിഘ്നേശ്വരോ മഹീ ജ്യേഷ്ഠാ. 174

ഇന്ദ്രഃ സപ്തർഷിമരുന്നൃസിംഹദുർഗ്ഗാസ്തതഃ പരം ക്രമശഃ
ശ്രീധരയുഗജകുബേരാഃ പുരുഷോ നിരൃതിഃ പരശ്ച സംപ്രോക്താഃ. 175

പിതൃശ്രീവാക്സാവിത്ര്യഃ = ബ്രഹ്മകലശത്തിന്നും പാദ്യദ്രവ്യത്തിന്നു പിതൃഭ്യോ നമഃ, ദൈവികത്തുങ്കൽ ദിക്കോണുകളിൽ ശ്രിയൈ നമഃ സരസ്വത്യൈ നമഃ സാവിത്ര്യൈ നമഃ, തഥാ ഗായത്രീ സോമഃ രുദ്രാഗ്നിഗുഹാഃ = ഗായത്ര്യൈ നമഃ സോമായ നമഃ രുദ്രായ നമഃ അഗ്നയേ നമഃ സ്കന്ദായ നമഃ, മാനുഷത്തുങ്കൽ വിശ്വേ വിഘ്നേശ്വരഃ മഹീ ജ്യേഷ്ഠാ = വിശ്വേഭ്യോ ദേവേഭ്യോ നമഃ ഗം ഗണപതയേ നമഃ പൃഥിവ്യൈ നമഃ ജ്യേഷ്ഠായൈ നമഃ, ഇന്ദ്രഃ സപ്തർഷിമരുന്നൃസിംഹദുർഗ്ഗാഃ = ഇന്ദ്രായ നമഃ സപ്തർഷിഭ്യോ നമഃ വായവേ നമഃ നൃസിംഹായ നമഃ അന്തരാളങ്ങളിൽ ദുർഗ്ഗായൈ നമഃ, ശ്രീധരയുഗജകുബേരാഃ = ശ്രീധരായ നമഃ ശ്രീധരായ നമഃ ബ്രഹ്മണേ നമഃ വൈശ്രവണായ നമഃ, പുരുഷഃ നിരൃതി = പരഃ ച തദ്ദേവതാഃ സംപ്രോക്താഃ = പുരുഷായനമഃ നിരൃത്യൈ നമഃ ഇങ്ങനെ പാദ്യാദി പഞ്ചവിംശതിദ്രവ്യങ്ങളിൽ അധിദേവതാമന്ത്രങ്ങളുക്തങ്ങളായി.

ഷണ്മൂലപ്രണവാണ്ണാ സ്നപിതയേത് സംപൂരണോക്തക്രമാത
പാദ്യാദിദ്രവിണാഭിപൂർണ്ണകലശൈസ്സ്വസ്വോപകംഠൈഃ സുധീഃ

www.shripuram.org
Shripuram Publications
www.shripuram.org

സാവിത്ര്യാദ്യണപഞ്ചകം തദന സാവിത്ര്യാദിതത്തന്മനൂൻ
ഗവ്യാദ്യേഷു യുനക്തു മദ്ധ്വവധിഷു ദ്രവ്യേഷു ഷട്സു ക്രമാത്. 176

സുധീഃ പാദ്യാദിദ്രവിണാഭിപൂർണ്ണകലശൈഃ സ്വസ്വോപകുംഭൈഃ ഷന്മൂലപ്രണവാണനാ സംപൂരണോക്തക്രമാൽ സ്നപിതയേത് = സുധിയായിരിക്കുന്ന ആചാര്യൻ പാദ്യാദിദ്രവ്യങ്ങളേ നിറച്ചിരിക്കുന്ന ബ്രഹ്മകലശങ്ങളേക്കൊണ്ടു തത്തൽപരികലശങ്ങളോടുംകൂടി ഷണ്മന്ത്രവും പ്രണവവും ചൊല്ലിക്കൊണ്ടു പൂരണക്രമംപോലെ അഭിഷേകത്തേച്ചെയ്വൂ. ഗവ്യാദ്യേഷു മധ്വവധിഷു ഷട്സു ദ്രവ്യേഷു സാവിത്ര്യാദ്യണപഞ്ചകം തദന സാവിത്ര്യാദിതത്തന്മനൂൻ ച യുനക്തു = പഞ്ചഗവ്യം തുടങ്ങി തേൻ അവസാനമായി ആറു ദ്രവ്യങ്ങൾ നിറച്ച കലശങ്ങൾക്കു ഗായത്രി തുടങ്ങിയുള്ള അതാതു മന്ത്രങ്ങളേക്കൂടെക്കൂട്ടു. പഞ്ചഗവ്യത്തിന തത്സവിതുഃ ഗന്ധദ്വാരാം ആപ്യായസ്വ ദധിക്രാവ്ണഃ തേജോസി ഇതു അഞ്ചും. ഗോമൂത്രത്തിന്നു തത്സവിതുഃ, പാലിന്ന് ആപ്യായസ്വ, തൈരിന് ദധിക്രാവിണ്ണഃ, നെയ്യിന് തേജോ/സി, തേനിന് മധുവാതാ ഇത്യാദി മൂന്നും. അധിദേവതാമന്ത്രങ്ങളും എല്ലാടവും വേണം.

മധ്വന്തിമോ/ധമവിധിര്യവവാരിനിഷ്ഠഃ
സ്യാന്മദ്ധ്യമോ/ക്ഷതജലാന്തിമ ഉത്തമഃ സ്യാത്
തത്തത്ക്ഷമം ഘടപുടാദി വിധായ ചൈതത്
ത്രിഷ്വേകമാചരതു ച സ്നപനം പ്രഭേദേ. 177

മധ്വന്തിമഃ അധമവിധിഃ പാദ്യാദിഃ = തേൻ അവസാനമായ ഒമ്പതു ദ്രവ്യങ്ങളേക്കൊണ്ടു സപ്തദശദ്രവ്യത്തുങ്കലേ പത്മങ്ങളേ ഉണ്ടാക്കി ദലകലശങ്ങളിൽ ദ്രവ്യന്യാസം കൂടാതെ ഖണ്ഡബ്രഹ്മന് ഒമ്പതിലും ഈ ദ്രവ്യങ്ങളേ ന്യസിച്ചു പൂജിപ്പൂ. ഇത് അധമമായ കലശവിധി. യവവാരിനിഷ്ഠഃ മദ്ധ്യമഃ = പാദ്യാദി യവോദാന്തം സപ്തദശദ്രവ്യങ്ങളെ ന്യസിച്ചു പൂജിപ്പൂ. ഇങ്ങനെ മദ്ധ്യമമായ കലശവിധി. അക്ഷതജലാന്തിമഃ ഉത്തമഃ സ്യാത് = പാദ്യാദി അക്ഷതജലാന്തം ഇരുപത്തിയഞ്ചു ദ്രവ്യങ്ങളേ ന്യസിച്ചു പൂജിക്കുന്നത് ഉത്തമവിധി. പ്രഭേദേ തത്തൽക്ഷമം ഘടപുടാദി വിധായ = ആദിക്കു പറഞ്ഞ പത്മങ്ങളിൽ അതാതിങ്കൽ ശക്തമായുള്ള പത്മങ്ങളേ ഉണ്ടാക്കി, ഏതത് ത്രിഷു ഏകമാചരതു ച = ശാസ്താവിങ്കൽ ഇങ്ങനെ മൂന്നുപ്രകാരം പറഞ്ഞിരിക്കുന്നതിൽ അവിടെ ഇഷ്ടമായുള്ളതിനേ ഒന്നിനേ ചെയ്തുകൊള്ളൂ. ഇങ്ങനെ ശാസ്താവിങ്കലേ കലശപ്രകാരം.

ഇങ്ങനെ എല്ലാവരുടെ കലശപ്രകാരത്തേ പറഞ്ഞിട്ടു 'വിവരണ'ത്തുങ്കൽ പഞ്ചവിംശതിദ്രവ്യത്തുങ്കൽ ചില വിശേഷത്തേ പറഞ്ഞതിനേയും പറയുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

ത്രിംശത്സൂത്രേ ശരപുടവിഭക്തേ/ന്തരോന്മൃഷ്ടവീഥൌ
ക്ഷേത്രേ ബ്രാഹ്മം കമലമിഷുകൃത്വാ ബഹിസ്തത്ത്വകുംഭാഃ
സർവേ ഖണ്ഡാ രസശതവിധാവർക്കകുംഭാന്തരാളാ-
സ്ത്വേതേ വേദച്ഛദഘടയുതം വൈധസം പഞ്ചശത്യാം.

രസശതവിധൌ = പഞ്ചവിംശതിദ്രവ്യത്തുങ്കൽ അറുന്നൂറ്റിയൊന്നു കലശമാകുമ്പോൾ, ത്രിംശത്സൂത്രേ ക്ഷേത്രേ = ഇരുപത്തൊമ്പതു പുടമായ ചതുരശ്രത്തുങ്കൽ, ശരപുടവിഭക്തേ അന്തരാ ഉന്മൃഷ്ടവിഥൌ = അഞ്ചു പുടങ്ങളേ വിഭജിച്ച് ഇടയിൽ വീഥിയേ ത്തുർത്താൽ, ഇഷുകൃത്യാ ബ്രാഹ്മം കമലം = നടുവിൽ ഇരുപത്തിയഞ്ചുകൊണ്ട് ബ്രഹ്മസ്ഥാനത്തേ അഷ്ടദലത്തേ ഉണ്ടാക്കൂ. ബഹിഃ സർവേ ഖണ്ഡാഃ തത്ത്വകുംഭാഃ = പുറത്തു ദൈവികത്തിങ്കലേയും മാനുഷത്തുങ്കലേയും ഖണ്ഡങ്ങൾ ഒക്കെയും ഇരുപത്തഞ്ചീതുതന്നെ. ബ്രഹ്മസ്ഥാനത്ത് ഒന്നുതന്നെ. അപ്പോൾ അറുന്നൂറ്റിയൊന്നു കലശങ്ങൾ വരും. പഞ്ചശത്യാം ഏതേ അർക്കകുംഭാന്തരാളാഃ വേദച്ഛദഘടയുതം വൈധസം ച = അഞ്ഞൂറ്റിയൊന്നു കലശമാകുമ്പോൾ ഈ പത്മത്തിൽതന്നെ അന്തരാളങ്ങളിൽ എട്ടും പന്ത്രണ്ടീത് ആക്കൂ. ബ്രഹ്മകലശത്തിന്റെ കൂടെ നാലു ദിക്കിലും ദലകലശത്തേയും വയ്പൂ. അപ്പോൾ അഞ്ഞൂറ്റിയൊന്നായിട്ടുവരും.

ശിവങ്കൽ കർപ്പൂരാദികലശം എഴുന്നൂറ്റിപ്പതിനൊന്നായിട്ടും 'ചന്ദ്രിക'യിൽ പറഞ്ഞിരിക്കകൊണ്ട് ആയതിന്റെ പത്മത്തേ പറയുന്നു.

പഞ്ചത്രിംശത്പുടേ/ന്തർനവയുതശതമേതദ്ബഹിർദിഗ്വിദിക്സ്ഥം
ചാപൂര്യ പ്രോക്തരീത്യാ നവകഥ സഹോഭ്യന്തരത്രിത്രികം ച
ഏതദ്ബാഹ്യേ ചതുർദ്ദിക്ഷ്വപി ശരതിഥയസ്തത്ത്വസംഖ്യം വിദിക്സ്ഥം
കർപ്പൂരാദ്യൈഃ സമാപൂരയതു മനുയുഗൈരുദ്രയുക്സപ്തശത്യാം.

രുദ്രയുക്സപ്തശത്യാം = എഴുന്നൂറ്റിപതിനൊന്നു കലശത്തുങ്കൽ, പഞ്ചത്രിംശത് പുടേ = മുപ്പത്തഞ്ചു പുടത്തിങ്കൽ മുമ്പിൽ പറഞ്ഞപോലെ അകത്തു നൂറ്റിയൊമ്പതും അതിനു പുറത്തു ദിക്കോണുകളിൽ നവകങ്ങളും അന്തത്രയത്തുങ്കലും മുമ്മൂന്നും ഉണ്ടാക്കി തൈലാദിഗന്ധാദിയും നിറച്ചാൽ, ഏതദ്ബാഹ്യേ ചതുർദ്ദിക്ഷ്വപി ശരതിഥയഃ = നാലു ദിക്കുകളിലും അയ്യഞ്ചു പതിനഞ്ചായിട്ടും, കോണുനാലിലും ഇരുപത്തഞ്ചീതും ആയി തുടച്ചു കർപ്പൂരാദി ഇരുപതു ദ്രവ്യങ്ങളേക്കൊണ്ട് നിറപ്പൂ. ഇങ്ങനെ എഴുന്നൂറ്റിപ്പതിനൊന്നായ കർപ്പൂരാദി ശിവങ്കൽ വേണ്ടുന്നത്.

'വിവരണ'ത്തിൽ കേവലം നവകത്തേ പറയുന്നു.

മാണിക്യമുക്താകുലിശം പ്രവാളം
ഗാരുത്മതം പുഷ്യമജാദിഷു സ്യുഃ

www.shripuram.org
Shripuram Publications
www.shripuram.org

വൈഡൂര്യനീലം പശ്ശുമേദമാശാ-
കോണേഷു ചൈവം നവകാഭിഷേകഃ.

അജാദിഷു ആശാകോണേഷു = ബ്രഹ്മകലശം മുമ്പായിട്ടു ദിക്കുകളിലും കോണുകളിലും മാണിക്കം മുത്ത് വൈരം പവിഴം ഗരുഡശില പുഷ്യരാഗം വൈഡൂര്യം നീലം ഗോമേദം ഈ ഒമ്പതു രത്നങ്ങളേ ന്യസിച്ച വെള്ളം നിറച്ചുപൂജിപ്പൂ.

മൂലം ഹരാവേഷ്വഥ വാസുദേവ-
ശാന്ത്യാദയസ്സ്യുർമനവഃ ക്രമേണ
ബ്രഹ്മാണി പഞ്ചാർച്ചനദേശഭാജി
ചാംഗാനി ശംഭാവപരേഷു മൂലം.

ഹരൌ ഏഷു മൂലം വാസുദേവശാന്ത്യാദയഃ മനവഃ = വിഷ്ണുവിങ്കൽ ഈ നവകങ്ങളിൽ മൂലവും വാസുദേവാദി നാലും ശാന്ത്യാദി നാലും അധിദേവതാമന്ത്രങ്ങൾ. ശംഭൌ അർച്ചന ദേശഭാജി പഞ്ചബ്രഹ്മാണി അംഗാനി ച = ശിവങ്കൽ പൂജയിങ്കൽ പറയുന്ന ദിക്കുകളിൽ പഞ്ചബ്രഹ്മങ്ങളും തദംഗങ്ങളും അധിദേവതകൾ, അപരേഷു മൂലം = ശേഷം എല്ലാ ദേവന്മാരിലും മൂലം തന്നെ.

കേവലൈർനവഭിർദ്രവ്യൈഃ പൂജ്യാഃ സ്യുഃ കലശാ അപി
മദ്ധ്യാദിപൂരണം ചാത്ര മദ്ധ്യാന്തം സ്നപനം ഭവേൽ.

ഈ പറഞ്ഞ നവരത്നങ്ങളേ ന്യസിച്ച ഒമ്പതു കലശത്തേ പൂജിപ്പൂ. ഇവിടെ ബ്രഹ്മകലശം മുമ്പായിട്ടു പൂജിക്കുകയും ബ്രഹ്മകലശം ഒടുക്കമായിട്ട് ആടുകയും എല്ലാ ദേവന്മാരിലും ചെയ്‌വൂ.

അനന്തരം ദ്രവ്യാവൃത്തിയായിട്ടുള്ള കലശത്തിന്റെ സ്വരൂപത്തേ പറയുന്നു.

ഏകാശീതിപദം കൃത്വാ നവധാ ച ദ്വിധാ സ്ഥിതം
അത്ര സപ്തദശദ്രവ്യൈഃ പഞ്ചവിംശദ്ഭിരേവ വാ
ദ്വിവിധൈഃ സഹ വാ കുംഭൈർദ്ദൂരൈഃ സപ്തശതൈസ്തു വാ
ബഹിഃ കോണപദാപായാത് ഷട്ഛതം വാ ഭവേദിഹ.

ദ്വിധാ = സപ്തദശദ്രവ്യന്യാസമായിട്ടുതാൻ പഞ്ചവിംശതിദ്രവ്യന്യാസമായിട്ടുതാൻ, നവധാ ഏകാശീതിപദം കൃത്വാ = മുപ്പത്തഞ്ചു പുടമായിട്ട് ഒക്കെയും മുമ്മൂന്നു പുടത്തിന്റെ ഇടയിൽ വീഥി ഉണ്ടാക്കിയാൽ നടുവിലും ദിക്കുകോണുകളിലും കൂടി എൺപത്തൊന്ന് കലശത്തിന്റെ

www.shripuram.org
Shripuram Publications
www.shripuram.org

പത്മം ഒമ്പതായിട്ട് ഉണ്ടാക്ക. അത്ര സപ്തദശദ്രവൈ്യഃ പൂരയേത് = ഈ ഒമ്പതേടത്തും വെവ്വേറെ സപ്തദശദ്രവ്യങ്ങളേക്കൊണ്ടു നിറച്ചു പൂജിപ്പൂ. ആകെ എഴുനൂറ്റി ഇരുപത്തിയെട്ടു കലശമായിട്ടു ഭവിക്കും. ഇഹ ബഹിഃ കോണവിലോപതഃ (?) ഷട് ശതം വാ ഭവേത് = ഇവിടെ പുറത്ത് എട്ടു ദിക്കിലേയും എൺപത്തിയൊന്നിന്റെ കോണുകളിലേ പദങ്ങൾ നന്നാലും കളഞ്ഞ് അയ്യഞ്ച് ആക്ക. അപ്പോൾ എട്ടുദിക്കിലും അറുപത്തിയഞ്ചു കലശങ്ങളായി വരും. നടുവിൽ എൺപത്തിയൊന്നതന്നെ. ഇങ്ങനെ യാകുമ്പോൾ അറുനൂറ്റിയൊന്ന കലശമായി വരും ഇതും. സപ്തദശദ്രവ്യം തന്നെ ഒമ്പതേടത്തും നിറപ്പൂ. പഞ്ചവിംശദ്ഭിഃ ഏവ വാ = ഇവിടെ പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ട് ആകുമ്പോൾ പത്മത്തേ പറയുന്നു.

**ഏകാശീതിപദാനി പാവനപുടേ മദ്ധ്യേ ച ദിക്ഷ്വർപയേത്
പ്രത്യേകം നവധാ ച പഞ്ചകൃതിഭിഃ കുര്യാത് പദൈരംബുജം
ബാഹ്യേ കോണനിവേശിതാനി നവകാന്യേഷാം ദിശാസ്വന്തരേ
ത്രീണി ത്രീണി വിധായ പഞ്ചകൃതിഭിർദ്രവൈ്യസ്തു സംസ്ഥാപയേത്.**

പാവനപുടേ = നാല്പത്തിയൊന്ന പുടത്തുങ്കൽ പതിമ്മൂന്ന പുടങ്ങളേക്കൊണ്ട്, മദ്ധ്യേ ദിക്ഷു ച ഏകാശീതി പദാനി അർപ്പയേത = നടുവിലും പുറത്ത് എട്ടുദിക്കിലും എണ്പത്തിയൊന്ന കലശത്തിന്റെ പത്മത്തേ ഉണ്ടാക്ക. പഞ്ചകൃതിഭിഃ പദൈഃ നവധാ അംബുജം = ഇരുപത്തിയഞ്ചു പദങ്ങളേക്കൊണ്ട് ഒമ്പതിടത്തും അഷ്ടദലത്തേയും, ബാഹ്യേ കോണനിവേശിതാനി നവകാനി = പുറത്തു കോണുകളിൽ ഒമ്പതിടത്തും നവകങ്ങളേയും, ഏഷാം ദിശാസു അന്തരേ ത്രീണിത്രിണി വിധായ = ഇവറ്റിന്റെ ദിക്കുകളിലും അന്തരാളങ്ങളിലും മുമ്മൂന്ന്, ഇങ്ങനെ 'ക്ഷേത്രേ ത്രയോദശപുടേ' എന്നതുകൊണ്ടു പറഞ്ഞപോലെ ഒമ്പതു പത്മത്തേ ഉണ്ടാക്കി, പഞ്ചകൃതിഭിഃ ദ്രവൈ്യഃ തു സംസ്ഥാപയേത് = പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടു വെവ്വേറെ നിറച്ചു പൂജിച്ച് അഭിഷേകത്തേ ചെയ്‌വൂ. ഇവിടെയും കലശസംഖ്യ എഴുനൂറ്റി ഇരുപത്തിയെട്ട്. പുറത്തേ കോണപദങ്ങൾ എട്ടുദിക്കിലും കൂടി നൂറ്റിയിരുപത്തെട്ടും കളഞ്ഞ് പഞ്ചകങ്ങളാക്കി ഓരോ ദിക്കിൽ ഇരുപത്തഞ്ചായിട്ടും വരുത്തി പഞ്ചവിംശതിദ്രവ്യങ്ങളേക്കൊണ്ടു നിറച്ചു പൂജിപ്പൂ. ഇങ്ങനെ അറുനൂറ്റിയൊന്നായിട്ടുമാം. ദ്വിവിധൈഃ കുംഭൈഃ സഹ വാ = എന്നതുകൊണ്ടു സപ്തദശദ്രവ്യങ്ങളും പഞ്ചവിംശതിദ്രവ്യങ്ങളും കൂടീട്ടുമാം. അവിടെ പത്മം മുപ്പത്തിയെട്ടു പുടത്തിൽ നടുവിൽ പതിമ്മൂന്ന പുടംകൊണ്ടു പഞ്ചവിംശതി ദ്രവ്യത്തിങ്കലേപ്പോലെ എൺപത്തിയൊന്ന കലശത്തിന്റെ പത്മത്തേ ഉണ്ടാക്ക. പുറത്ത് എട്ടുദിക്കിലും പതിനൊന്ന പുടത്തുങ്കൽ സപ്തദശദ്രവ്യത്തുങ്കലേപ്പോ

Shripuram Publications
www.shripuram.org

ലെ ഒമ്പതീരു നവകങ്ങളേയുമുണ്ടാക്കൂ. ഇങ്ങനെ പത്മുണ്ടാക്കുമ്പോൾ ദിക്കുകളുടെ രണ്ടുപുറത്തും ഈരണ്ടു പുടം വീഥിയും വരും. ഇവിടെ അകത്തു പഞ്ചവിംശതിദ്രവ്യത്തേയും പുറത്ത് എട്ടു ദിക്കിലും സപ്തദശദ്രവ്യത്തേയും നിറപ്പൂ. എന്നിയേ അകത്തു സപ്തദശദ്രവ്യവും പുറത്തു പഞ്ചവിംശതിദ്രവ്യങ്ങളും ആകുമ്പോൾ നാല്പത്തിയൊന്നു പുടത്തിൽ പതിമൂന്നു പുടങ്ങളേക്കൊണ്ടു പുറത്തു പഞ്ചവിംശതിദ്രവ്യത്തുങ്കലേപ്പോലെ എട്ടു ദിക്കിലുമുണ്ടാക്കൂ. അകത്തു പതിമൂന്നു പുടമുള്ളതിൽ പുറത്തു ചുറ്റും ഒരു പുടം കളഞ്ഞ് സപ്തദശദ്രവ്യത്തുങ്കലേപ്പോലെ നവകങ്ങളേ ഉണ്ടാക്കൂ. ഇങ്ങനെ രണ്ടുംകൂടിയുള്ള ദ്രവ്യാവൃത്തിക്രമം.

അഷ്ടോത്തരശതം മദ്ധ്യേ ബാഹ്യേ ദിക്ഷു വിദിക്ഷു ച
ക്രമാദേകോനപഞ്ചാശദേവം പഞ്ചശതം തു വാ.

മദ്ധ്യേ അഷ്ടോത്തരശതം = നടുവിൽ നൂറ്റിയെട്ടു കലശത്തിന്റെ പത്മം. ബാഹ്യേ ദിക്ഷു വിദിക്ഷു ഏകോനപഞ്ചാശത് = പുറത്ത് ദിക്കിലും കോണിലും നാല്പത്തിയൊമ്പതു കലശത്തിന്റെ പത്മം. ഇവിടെ ഒക്കെയും സപ്തദശദ്രവ്യമാകുമ്പോൾ മുപ്പത്തിമൂന്നു പുടത്തിൽ നടുവിൽ പതിമൂന്നു പുടംകൊണ്ടു നൂറ്റി എട്ടിന്റെ പത്മം. പുറത്തു ഒമ്പതീരു പുടംകൊണ്ടു നാല്പത്തിയൊമ്പതു കലശത്തിന്റെ പത്മം. ഏവം പഞ്ചശതം വാ = ഇങ്ങനെ അഞ്ഞൂറു കലശമായിട്ടും വരും. ഇവിടെ പഞ്ചവിംശതിയാകുമ്പോൾ മുപ്പത്തിയൊമ്പതുപുടത്തിൽ നടുവിൽ പതിനഞ്ചുപുടംകൊണ്ടു നൂറ്റിയെട്ടിന്റെ പത്മം. പുറത്തു പതിനൊന്നു പുടംകൊണ്ടും നാല്പത്തിയൊമ്പതു കലശത്തിന്റെ പത്മം. ഇവിടെയും കലശം അഞ്ഞൂറ്. ഇവിടെയും രണ്ടും കൂടീട്ടും വരുത്താം.

സർവപുടേ മാന്യപുടേ മദ്ധ്യേ സദ്വാദശം ശതം കുര്യാൽ
ദിക്ഷു തഥാ കോണഗതം നവോത്തരം തത്സഹസ്രപദക്ലൃപ്തൌ.

സഹസ്രപദക്ലൃപ്തൌ = ആയിരത്തിയൊന്നു കലശത്തുങ്കൽ, സർവപുടേ = നാല്പത്തിയേഴു പുടത്തുങ്കൽ, മാന്യപുടൈഃ മദ്ധ്യേ സദ്വാദശം ശതം കുര്യാത് = നടുവിൽ പതിനഞ്ചു പുടംകൊണ്ട് കോണപദലോപം കൂടാതെ നൂറ്റിപ്പന്ത്രണ്ടു കലശത്തിന്റെ പത്മത്തേ ഉണ്ടാക്കൂ. ദിക്ഷു തഥാ = ദിക്കുകൾ നാലിടത്തും അപ്രകാരം നൂറ്റിപ്പന്ത്രണ്ടീരു കലശങ്ങൾ, കോണഗതം നവോത്തരം തത് = കോണുകൾ നാലിലും നൂറ്റിയൊമ്പതീരു തന്നെ. ആകെ ആയിരത്തിയൊന്നു കലശം വരും. ഇവിടെ സപ്തദശദ്രവ്യങ്ങളാകുമ്പോൾ നാല്പത്തിയൊന്നു പുടം. അവിടെയും കോണുകളിൽ ഒരു പദംകൂട്ടി നൂറ്റിപ്പന്ത്രണ്ടീത് അഞ്ച് സ്ഥാനത്തു വരുത്തണം. മിശ്രവിധിയും ഊഹിച്ചു കല്പിച്ചുകൊള്ളൂ. ഇങ്ങനെ അഞ്ഞൂറ്റിയൊന്നായിട്ടും അ

www.shripuram.org
Shripuram Publications
www.shripuram.org

റുന്നൂറ്റിയൊന്നായിട്ടും എഴുന്നൂറ്റി ഇരുപത്തിയൊമ്പതായിട്ടും ആയിരത്തിയൊന്നായിട്ടും നാലുപ്രകാരം ദ്രവ്യാവൃത്തിയായ കലശങ്ങളേ പറഞ്ഞേടത്ത് ഒക്കെയും സപ്തദശദ്രവ്യങ്ങളായിട്ടും പഞ്ചവിംശതിദ്രവ്യങ്ങളായിട്ടും ഈ രണ്ടുംകൂടി സമ്മിശ്രങ്ങളായിട്ടും മൂന്നപ്രകാരം വരും.

ദ്രവ്യാവൃത്തിരിയം ദ്വികേവലവിമിശ്രാകാരകൈ* വം ത്രയീ
ത്ര്യക്ഷാധോക്ഷജയോശ്ച സുംഭജിതി ച പ്രായഃ സ്ഫുടം ഭിദ്യതേ
ഹേരംബേ ദ്രവിണപ്രഭേദവിധുരേ ത്രയ്യേവ ശാസ്തര്യഥോ
സ്കന്ദേ ത്രയ്യപി നൈവ ശങ്കരഹരൌ ചോഹ്യാ തു വാ ഭൂയസീ.

ഇയം ദ്രവ്യാവൃത്തിഃ ദ്വികേവലവിമിശ്രാകാരത്രയീ (?) = ഈ ദ്രവ്യാവൃത്തി കേവലം സപ്തദശദ്രവ്യങ്ങളേക്കൊണ്ടും പഞ്ചവിംശതി ദ്രവ്യങ്ങളേക്കൊണ്ടും പഞ്ചവിംശതിദ്രവ്യങ്ങളും സപ്തദശദ്രവ്യങ്ങളും കൂടീട്ടും മൂന്നപ്രകാരം. ത്ര്യക്ഷാധോക്ഷജയോഃ സുംഭജിതി ച പ്രായഃ സ്ഫുടം ഭിദ്യതേ = ശിവങ്കലും വിഷ്ണുവിങ്കലും ദുർഗയിങ്കലും മിക്കവാറും ഭേദത്തോടുകൂടി ഭവിക്കുന്നു. ദ്രവിണപ്രഭേദവിധുരേ ഹേരംബേ ശാസ്തരി ച ത്രയീ ഏവ = സപ്തദശയും പഞ്ചവിംശതിയും ദ്രവ്യങ്ങൾക്ക ഭേദം ഇല്ലായികകൊണ്ട് ഗണപതിയിങ്കിലും ശാസ്താവിങ്കലും മൂന്നപ്രകാരംതന്നെ ഉണ്ടാകും. ഭേദമില്ലാതെയുമിരിക്കും. സ്കന്ദേ ത്രയീ നൈവ = സുബ്രഹ്മണ്യങ്കൽ മൂന്നപ്രകാരം ഉണ്ടാകുകയില്ല. ശങ്കരഹരൌ ഭൂയസീ ഊഹ്യാ = ശങ്കരനാരായണങ്കൽ പഞ്ചവിംശതിദ്രവ്യങ്ങളേ ഊഹിച്ചുകൊള്ളണം.

സുബ്രഹ്മണ്യങ്കലും ശങ്കരനാരായണങ്കലും ഒമ്പതുപ്രകാരം മുമ്പിൽ കലശങ്ങളേ പറഞ്ഞേടത്ത് സപ്തദ്ശദ്രവ്യങ്ങളേക്കൊണ്ടു പറഞ്ഞിട്ടുണ്ടല്ലോ. പഞ്ചവിംശതിദ്രവ്യവും നൂറ്റിയൊമ്പതു കലശവും കൂടി പറഞ്ഞിട്ടില്ലായികകൊണ്ട് ഇവിടെ രണ്ടേടത്തേയും പഞ്ചവിംശതിദ്രവ്യങ്ങളേ പറയുന്നു.

ആജ്യാദിസപ്തദശ ഗൗളമിഹേക്ഷുതോയം
കേരീരസം ഹരിഹരേ ത്വഥ ശാന്തിതോയം
ചത്വാരി മംഗലജലാന്യപി പഞ്ചവിംശ-
ത്യേതൈഃ സഹസ്രചരമം സ്നപനം വിദദ്ധ്യാത്.

ഹരിഹരേ = ശങ്കരനാരായണങ്കൽ, ആജ്യാദിസപ്തദശ = ബ്രഹ്മൻ തുടങ്ങി ദൈവികത്തുങ്കലും മാനുഷത്തുങ്കലും ദിക്കോണുകളിൽ ആജ്യാദി പതിനേഴ ദ്രവ്യങ്ങളും മുമ്പിൽ പറഞ്ഞപോലെ നിറച്ചാൽ, മാനുഷ

Shripuram Publications

* 'I nc-ÖÇ-] 0' F-Á ¡ 'e0-e€-W'-¿ 0 ²] n-Tw I n-ü -è .

www.shripuram.org

ത്തിങ്കലേ അന്തരാളങ്ങളിൽ ശർക്കരയും കരിമ്പുനീരും തേങ്ങാപ്പാലും ശാന്ത്യംഭസ്സും ഈ നാലും നിറച്ചശേഷം നാലിലും മംഗലാംഭസ്സിനേ നിറപ്പൂ. പൂരണമന്ത്രവും അഭിഷേകമന്ത്രവും മുമ്പിൽ, പറഞ്ഞപോലെ. ഏതൈഃ പഞ്ചവിംശത്യാ സഹസ്രചരമം സ്നപനം വിദധ്യാത് = ഈ ഇരുപത്തിയഞ്ചു ദ്രവ്യങ്ങളേക്കൊണ്ട് കേവലം പഞ്ചവിംശതി തുടങ്ങി ആയിരംവരേയും വിഷ്ണുവിങ്കലേപ്പോലെ പത്മങ്ങളിൽ കലശത്തേ ചെയ്‌വൂ. മാനുഷദിക്ഖണ്ഡഘടൈഃ ഇത്യാദി പതിനേഴുമാടിയാൽ ഒടുക്കം ത്വം വിഷ്ണോ ഇത്യാദികൊണ്ട് ഗുളാദി എട്ടിനേയും ആടൂ. ഇങ്ങനെ പഞ്ചവിംശതിദ്രവ്യം.

പഞ്ചവിംശദ്ഘടേഷ്വേവം മദ്ധ്യസ്ഥേഷു സമീരിതൈഃ
ദ്രവ്യൈസ്തു പഞ്ചവിംശദ്ഭിർബാഹ്യദ്രവ്യവിവർജ്ജിതൈഃ
പഞ്ചവിംശതിമാരഭ്യ സഹസ്രാന്തഘടൈർബുധാഃ
ശിവവൽ സ്നപനം കുര്യൂർഗുഹേ ശുദ്ധോദകാന്വിതൈഃ.

ഗുഹേ = സുബ്രഹ്മണ്യങ്കൽ, മദ്ധ്യസ്ഥേഷു പഞ്ചവിംശദ് ഘടേഷു സമീരിതൈഃ പഞ്ചവിംശദ്ഭിഃ ദ്രവ്യൈഃ = ഉത്തമദ്വയത്തുങ്കൽ നടുവിലേ ഇരുപത്തിയഞ്ചു കലശങ്ങളിൽ അന്തസ്തത്ത്വഘടേഷു സർവമണിതോയം ഇത്യാദി ഇരുപത്തിയഞ്ചു ദ്രവ്യങ്ങളേ പറഞ്ഞിരിക്കുന്നതുകൊണ്ട്, പഞ്ചവിംശതിമാരഭ്യ = കേവലപഞ്ചവിംശതി തുടങ്ങി, ശുദ്ധോദകാന്വിതൈഃ സഹസ്രാന്തഘടൈഃ = ശിവങ്കലേപ്പോലെ ശുദ്ധജലങ്ങളോടു കൂടിയുള്ള ആയിരത്തിയൊന്നു കലശംവരേയും പൂജിച്ച് അഭിഷേകത്തേ ചെയ്‌വൂ. ഇങ്ങനെ സുബ്രഹ്മണ്യങ്കലേ പഞ്ചവിംശതിദ്രവ്യങ്ങൾ.

തത്തദ്രവ്യന്യസനമിതി കൃത്വാ ദ്രവദ്രവ്യകുംഭാൻ
മുക്ത്വാ ശേഷാൻ സപരികലശാൻ വാരിണാ വാരുണേന
ആപൂര്യൈഷൂജ്ജ്വലകിസലയാദ്യഞ്ചിതേഷു സ്വമന്ത്രേ-
ണാവാഹ്യാഭ്യർച്ചയതു ജലഗന്ധാദിഭിശ്ചാനുഖണ്ഡം. 178

ഇതി തത്തദ്രവ്യന്യസനം കൃത്വാ = ഇപ്രകാരം അതാതു കലശങ്ങളിൽ പറഞ്ഞിരിക്കുന്ന ദ്രവ്യങ്ങളേ ന്യസിച്ചാൽ, ദ്രവദ്രവ്യകുംഭാൻ മുക്ത്വാ = പാല്, തൈര്, തേന്, ഗന്ധം, നെയ്യ്, ഗോമൂത്രം, ശർക്കര, തേങ്ങാവെള്ളം, കഷായം, എണ്ണ, തേങ്ങാപ്പാല് ഇത്യാദി ദ്രവദ്രവ്യങ്ങളേ അതാതുകൊണ്ടുതന്നെ നിറപ്പൂ. ശേഷാൻ സപരികലശാൻ വാരുണേന വാരിണാ ആപൂര്യ = ശേഷങ്ങളായിരിക്കുന്ന പാദ്യാർഘ്യാദിദ്രവ്യങ്ങളേ ന്യസിച്ച് കലശങ്ങളേയും പരികലശങ്ങളേയും വരുണനേ പൂജിച്ചിരിക്കുന്ന ജലദ്രോണിവെള്ളംകൊണ്ടും, ആപൂര്യ = നിറച്ച്, ഉജ്ജ്വലകി

www.shripuram.org
Shripuram Publications
www.shripuram.org

സലയാദ്യഞ്ചിതേഷു ഏഷു = ആലും മാവും ചക്രികയും ഗന്ധപുഷ്പാക്ഷതങ്ങളും മുകളിൽ വച്ച് അലങ്കരിച്ചിരിക്കുന്ന കലശങ്ങളിൽ, അനഘണ്ഡം സ്വമന്ത്രേണ ആവാഹ്യ ജലഗന്ധാദിഭിഃ അഭ്യർച്ചയതു = ബ്രഹ്മന്നായിട്ടു ദ്രവ്യങ്ങളേ ന്യസിച്ച് ദലകലശങ്ങളിലും ഖണ്ഡങ്ങളിലും വെവ്വേറെ മൂലംകൊണ്ട് ആവാഹിച്ച് ലിപിതത്ത്വന്യാസാദി ചെയ്ത് സകളീകരിച്ച് വെവ്വേറെ നിവേദിച്ച് പ്രസന്നപൂജയും ചെയ്വൂ. ഇങ്ങനെ പരികലശപൂജ.

ആചാര്യഃ സഹ മൂർത്തിപൈരഥ ദിശാസ്വഗ്നിം വിഹൃത്യ ക്രമാത്
സ്വസ്വോക്തദ്രവിണാണ്ഡഭിഃ കൃതഹുതിസ്സമ്പാതപാതം പുനഃ
കൃത്വാ ദ്രവ്യഘടേഷു മന്ത്രമഹിതാൻ ഹൃദ്യാംശുകൈർവ്വർമണാ
താൻ സംഛാദ്യ വിഭൂഷയേത് സസുമനോദർഭാക്ഷതാദ്യൈരപി. 179

ആചാര്യഃ മൂർത്തിപൈഃ സഹ ദിശാസു ക്രമാദ് അഗ്നിം വിഹൃത്യ = ആചാര്യൻ പരികർമ്മികളോടും കൂടി കിഴക്കു തുടങ്ങിയുള്ള ഖണ്ഡങ്ങളിൽ ക്രമേണ ആചാര്യകുണ്ഡത്തുങ്കൽനിന്ന് അധിവാസത്തുങ്കൽ പറഞ്ഞ ക്രമംപോലെ അഗ്നിയേ വിഹരിച്ച്, സ്വസ്വോക്തദ്രവിണാണ്ഡഭിഃ കൃതഹുതിഃ = തനിക്കു തനിക്കു പറഞ്ഞിരിക്കുന്ന ദ്രവ്യങ്ങളോടും മന്ത്രങ്ങളോടുകൂടി അധിവാസഹോമങ്ങളേച്ചെയ്ത്, പുനർദ്രവ്യഘടേഷു സമ്പാതപാതം കൃത്വാ = ദ്രവ്യപൂർണങ്ങളായുള്ള കലശങ്ങളിൽ ദ്രവ്യന്യാസക്രമേണ സമ്പാതത്തേ സ്പർശിച്ച്, മന്ത്രഹിതാൻ ഹൃദ്യാംശുകൈഃ സംഛാദ്യ = അധിദേവതാമന്ത്രങ്ങളേക്കൊണ്ട് അർച്ചിച്ചു തൊട്ടുജപിച്ചിരിക്കുന്ന അക്കലശങ്ങളേ മനോഹരങ്ങളായ വസ്ത്രങ്ങളേക്കൊണ്ട് കവചമന്ത്രംകൊണ്ടു മൂടി, സസുമനോദർഭാക്ഷതാദ്യൈഃ അപി വിഭൂഷയേത് = ദർഭാക്ഷതസുമസമിത്തുകളേക്കൊണ്ട് ആ കലശങ്ങളേ അലങ്കരിപ്പൂ.

പ്രാഗാസ്യസ്സമുപസ്ഥിതോഽഥ കലശക്ഷേത്രാദ് ബഹിസ്തത്ത്വതാ-
രാരാദ്ധ്യാഖിലഖണ്ഡതത്ത്വവിഹിതൈകാംഗം വിഭാവ്യാഥ തം
ഭൂതാനി പ്രവിലാപ്യ ശോഷദഹനാദ്യാധായ സൃഷ്ട്വാ ലിപി-
ന്യാസാന്തേ സ്വമനുദയാദി സകലാദ്ധ്വന്യാസനിഷ്ഠം ചരേത്. 180

അഥ കലശക്ഷേത്രാദ് ബഹിഃ പ്രാഗാസ്യഃ സമുപസ്ഥിതിഃ = ഈ കലശത്തിന്റെ പടിഞ്ഞാറു പീഠത്തിൽ കിഴക്കോട്ടു നോക്കിനിന്ന്, തത്ത്വതാരാരാദ്ധ്യാ തം അഖിലഖണ്ഡതത്ത്വവിഹിതൈകാംഗം വിഭാവ്യ = തത്ത്വങ്ങളേക്കൊണ്ട് അതാതു ഖണ്ഡങ്ങളിൽ പുഷ്പാരാധനകൊണ്ടു തത്ത്വസ്വരൂപങ്ങളായിട്ടും പ്രണവാരാധനകൊണ്ടും തദൈക്യത്തേയും ഭാവിച്ചു ഒരു സ്വരൂപമാക്കി കല്പിച്ചാൽ, ഭൂതാനി പ്രവിലാപ്യ ശോഷദഹനാദി ആധായ സൃഷ്ട്വാ = ധ്യാനാധിവാസത്തിങ്കൽ പറഞ്ഞിരിക്കുന്ന

www.shripuram.org
Shripuram Publications
www.shripuram.org

പോലെ ദേഹശുദ്ധ്യാദി ചെയ്ത് ഗുരുവിനേയും ഗണപതിയേയും പൂജിച്ച് പ്രണവംകൊണ്ട് തളിച്ച് രക്ഷിച്ച് തളിച്ച് തൊട്ടുപൂജിച്ച് നാഡീസന്ധാനം ചെയ്ത് ചൈതന്യത്തേ തങ്കൽ യോജിപ്പിച്ച് ജലാധിവാസോക്ത ന്യായേന പഞ്ചഭൂതങ്ങളേ സംഹരിച്ച് ശോഷണാദികളേച്ചെയ്ത് ചൈതന്യത്തേ യോജിപ്പിച്ച് പഞ്ചഭൂതങ്ങളെ യോജിപ്പിച്ച് പഞ്ചഭൂതങ്ങളേ സൃഷ്ടിച്ച്, ലിപി ന്യാസാന്തേ = സംവത്സരപ്രാണായാമാദിലിപിന്യാസാന്തത്തുങ്കൽ, സ്വമന്ത്രയാദിസകലാധ്വന്യാസനിഷ്ഠം ചരേത് = അ ഹ ഹ ഓം ഇത്യാദിമന്ത്രോദയപ്രണായാമവും പീഠന്യാസവും മൂലപ്രാണായാമവും ചെയ്ത് ഷഡദ്ധ്വാക്കളേ ന്യസിച്ച് മൂലാക്ഷരന്യാസാന്തം ചെയ്വൂ.

ഇഷ്ട്വാ പീഠമിഹാഭിവാഹ്യ സകളീകൃത്യൈകഭൂയം ഗതം
സംപൂജ്യൈനമഥോ നിവേദ്യ പരിതോ ദദ്യാദ് ബലിം പൂർവവത്
സ്വസ്വോക്തൈർബലിമന്ത്രകൈരഥ സമാചമ്യാന്തരഭ്യേത്യ തം
നൈവേദ്യം പ്രവിസൃജ്യ തോഷണസപര്യാം ച പ്രകുര്യാദ് ഗുരുഃ. 181

ഗുരുഃ ഇഹ പീഠം ഇഷ്ട്വാ = ആചാര്യൻ ഈ കലശത്തുങ്കൽ പീഠത്തേ പൂജിച്ച്, അഭിവാഹ്യ സകളീകൃത്യ = ആവാഹിച്ച് ലിപതത്ത്വാദികളേ ന്യസിച്ച്, ഏകഭൂയം ഗതം ഏനം സമ്പൂജ്യ = ഒന്നായിട്ട് കല്പിച്ചിരിക്കുന്ന ദേവനേ, അർഘ്യാദികൊടുത്ത് മൂർത്തിപൂജയും ചെയ്ത്, നിവേദ്യ പരിതഃ പൂർവവത് സ്വസ്വോക്തൈഃ ബലിമന്ത്രകൈഃ ബലിം ദദ്യാത് = നിവേദ്യത്തേ ഉണ്ടാക്കി പാതി നിവേദിച്ച് തച്ഛേഷംകൊണ്ട് അധിവാസത്തുങ്കലേപ്പോലെ ബ്രാഹ്മണരേ ഊട്ടി മണ്ഡപത്തിന്റെ ചുറ്റും അവിടെ പറഞ്ഞിരിക്കുന്ന മന്ത്രങ്ങളേക്കൊണ്ട് അവിടെ ബലിയേയും തൂകിയാൽ, അഥ സമാചമ്യ അന്തഃ അഭ്യേത്യ = പിന്നെ കാല് കഴുകി ആചമിച്ച് മണ്ഡപത്തിൽവന്ന്, നൈവേദ്യം പ്രവിസൃജ്യ തോഷണസപര്യാം ച പ്രകുര്യാത് = നിവേദ്യത്തേ എടുത്ത് ഗണ്ഡൂഷാദി കൊടുത്ത് തീർത്ഥപ്രോക്ഷണാന്തമുള്ള പ്രസന്നപൂജയേയും ചെയ്വൂ.

ശുദ്ധാ ഭവന്ത്വിത്യണുനാ ച പഞ്ച-
വിംശത്യുപേതേന പവിത്രപാണിഃ
സമ്പാതശേഷാന്വിതവാരിണോക്ഷേത്
കുംഭാൻ കിരേദക്ഷതസൂനകൈശ്ച. 182

പവിത്രപാണിഃ ആചാര്യഃ = ആചാര്യൻ പവിത്രഹസ്തനായിട്ട്, 'ശുദ്ധാഭവന്തു' ഇതി അണുനാ പഞ്ചവിംശത്യുപേതേന ച = ഓം 'ശുദ്ധാഭവന്ത്വിമേ കുംഭാഃ' ഇതുകൊണ്ടും, 'പഞ്ചവിംശതിധാ വിഷ്ണോഃ' ഇത്യാദികൊണ്ടും, സമ്പാതശേഷാന്വിതവാരിണാ കുംഭാൻ ഉക്ഷേത് =

www.shripuram.org
Shripuram Publications
www.shripuram.org

മുമ്പിലത്തേ സമ്പാതശേഷത്തിൽ ശംഖുജലം കൂടിയവെള്ളംകൊണ്ടു കലശങ്ങളേ തളിപ്പൂ. അക്ഷതസൂനകൈഃ കിരേത് ച = പിന്നെ ഗന്ധപുഷ്പാക്ഷതത്തേയും വിതറൂ.

'ശുദ്ധാ ഭവന്ത്വിമേ കുംഭാഃ സകുശാഃ സാപിധാനകാഃ
വാതാതപപരീതാശ്ച ശുഭലക്ഷണസംയുതാഃ.
പഞ്ചവിംശതിധാ വിഷ്ണോസ്തത്ത്വഭേദേന തിഷ്ഠതഃ
ദ്രവ്യേയത്താശ്രയാസ്സർവ്വാഃ സംഗച്ഛന്താം വിഭൂതയഃ.'

ഇതു രണ്ടും തളിപ്പാനുള്ള മന്ത്രങ്ങൾ.

സംപ്രാർത്ഥ്യ ശാസ്ത്രോദിതമിത്യനേന
മന്ത്രേണ മന്ത്രീ രചിതാഞ്ജലിഃ സൻ
ദത്ത്വാ/വസാനീയകമർഘ്യമസ്മൈ
ദേവായ കുർവ്വീത ലയാംഗകാദ്യം. 183

മന്ത്രീ രചിതാഞ്ജലിഃ സൻ = ആചാര്യൻ നിന്ന് അഞ്ജലിയേ ബന്ധിച്ച്, ശാസ്ത്രോദിതം ഇതി അനേന മന്ത്രേണ സംപ്രാർത്ഥ്യ = 'ശാസ്ത്രോദിതമിദം ചാസ്തു' ഇപ്രകാരമുള്ള മന്ത്രംകൊണ്ട് പ്രാർത്ഥിച്ച്, അസ്മൈ ദേവായ അവസാനീയകം അർഘ്യം ദത്ത്വാ ലയാംഗകാദ്യം കുർവീത = ഈ ദേവനായിക്കൊണ്ടു അവസാനീയാർഘ്യത്തേ കൊടുത്ത് വ്യാപകവും ലയാംഗവും ചെയ്തു രക്ഷിപ്പൂ.

'ശാസ്ത്രോദിതമിദം ചാസ്തു സ്നപനം ദേവനിർമ്മിതം
അനേന സ്നപനേനാസ്തു പ്രസന്നോ ഭഗവാൻ ഹരിഃ.'

ഇതു ഇവിടുത്തേ പ്രാർത്ഥനാമന്ത്രം.

അഭ്യേത്യ ദേവായതനാഗ്രസംസ്ഥഃ
കൃത്വാ പ്രസൂനാഞ്ജലിമഞ്ജലിം ച
വിജ്ഞാപയേദ്വിശ്വജനീനമേനം
ബുധോ/ധിവാസഃ കൃത ഇത്യനേന. 184

അഭ്യേത്യ ദേവായതനാഗ്രസംസ്ഥഃ = പിന്നെ മണ്ഡപത്തിൽനിന്നും ദേവന്റെ നടയിൽ ചെന്ന്, പ്രസൂനാഞ്ജലിം അഞ്ജലിം ച കൃത്വാ = പൂർണ്ണപുഷ്പാഞ്ജലിചെയ്ത് വന്ദിച്ച്, അധിവാസഃ കൃതഃ ഇത്യനേന വിശ്വജനീനം ഏനം വിജ്ഞാപയേൽ = വിശ്വജനഹിതവിധായിയായിരിക്കുന്ന ദേവനോട് 'അധിവാസഃ കൃതോ ദേവ' ഇത്യാദിമന്ത്രംകൊണ്ട് പ്രാർത്ഥിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

'അധിവാസഃ കൃതോ ദേവ! സ്നപനായ മയാ തവ
ക്ഷണേന മേ പ്രസാദോ/സ്യ ക്രിയതാം പുരുഷോത്തമ!'

ഇങ്ങനെ പ്രാർത്ഥനാ മന്ത്രം.

അത്രോദാഹൃതവിഷ്ണോരിത്യാദിപദാംശകേഷു മന്ത്രിതമഃ
ശംഭോരിത്യാദിപദം സ്വം സ്വം കുർവീത സർവദേവേഷു. 185

അത്ര ഉദാഹൃതവിഷ്ണോഃ ഇത്യാദിപദാംശകേഷു = ഇവിടെ പറഞ്ഞിരിക്കുന്ന മന്ത്രങ്ങളിൽ വിഷ്ണോഃ എന്നും ഹരിഃ എന്നും പുരുഷോത്തമ എന്നും മൂന്നു പദങ്ങളുടെ സ്ഥാനങ്ങളിൽ, മന്ത്രിതമഃ സർവദേവേഷു ശംഭോഃ ഇത്യാദി സ്വം സ്വം പദം കുർവീത = ആചാര്യവരൻ സർവദേവന്മാരിലും ശംഭോഃ ഹരേ പരമേശ്വര ഇങ്ങനെ ശിവാദികളിൽ തങ്ങളുടെ പദത്തേക്കൂട്ടി പ്രാർത്ഥനകളേ ചെയ്വൂ.

സമേത്യ മണ്ഡപം തതോ നിജേ നിഷദ്യ വിഷ്ടരേ
പരം പദം പരാമൃശന്നനിദ്രിതോ നിശാം നയേത്. 186

തതഃ മണ്ഡപം സമേത്യ = പിന്നെ ആചാര്യൻ മണ്ഡപത്തിൽവന്ന്, നിജേ വിഷ്ടരേ നിഷദ്യ, തന്റെ പലകമേലിരുന്ന് = അനിദ്രിതഃ പരം പദം പരാമൃശൻ നിശാം നയേത് = ഉറക്കം കൂടാതെ കലശത്തുങ്കൽ ഏകസ്വരൂപനായി പൂജിച്ചിരിക്കുന്ന ദേവനേ ധ്യനിച്ചുകൊണ്ട് രാത്രിമുഴുവൻ അവിടെത്തന്നെ ഇരിപ്പൂ. മുമ്പിൽ ധ്യാനാധിവാസത്തുങ്കലേ ഇതിഹാസ പുരാണാദികളും വേണം.

ഇങ്ങനെ കലശാധിവാസത്തേ പറഞ്ഞിട്ട് ചതുർത്ഥിവസത്തുങ്കലേ സ്നാനക്രമത്തേ പറയുന്നു.

പ്രാതസ്തുര്യദിനേ സ്വസാമ്പ്രതികകൃത് സമ്പൂജ്യ സർവാത്മകം
താരേണാഥപൃഥക് സ്വതത്ത്വപുരുഷം കൃത്വാ/ർഘ്യഹസ്തോ/ഗ്രതഃ
കൃത്വാ മൂലമനും പ്രജപ്യ മരുതാ ദ്വാരം വിദാര്യാഭിഗ-
മ്യാന്തർദർശിതമംഗലോ/ർഘ്യസലിലം ദേവായ ദദ്യാദ് ഗുരുഃ. 187

തുര്യദിന പ്രാതഃ = പ്രതിഷ്ഠയുടെ നാലാം ദിവസം നേർത്തേ, ഗുരുഃ സ്വസാമ്പ്രതികൃത് = ആചാര്യൻ സന്ധ്യാവന്ദനാദി പ്രഭാതകൃത്യങ്ങളെ ചെയ്തു കലശമണ്ഡപത്തിൽ വന്നു ദേഹശുദ്ധ്യാദി ചെയ്തു, സർവാത്മകാ ദേവം സമ്പൂജ്യ = ഏകസ്വരൂപനായിരിക്കുന്ന ദേവനേ പീഠപൂജാദിചെയ്തു നിവേദിച്ച് പ്രസന്നപൂജയും ലയാംഗവും ചെയ്താൽ, താരേണ പൃഥക് സ്വതത്ത്വപുരുഷം കൃത്വാ = പ്രണവംകൊണ്ടു പുഷ്പങ്ങളെ ആരാധിച്ച് വെവ്വേറേ ആക്കി തത്ത്വങ്ങളേക്കൊണ്ട് ബ്രഹ്മൻ തുടങ്ങി ദൈവികമാ

www.shripuram.org
Shripuram Publications
www.shripuram.org

നഷക്രമേണ ആരാധിച്ച തത്ത്വസ്വരൂപങ്ങളാക്കി അധിദേവതാമന്ത്രം കൊണ്ടും അർച്ചിച്ച് അതാതു മൂർത്തിസ്വരൂപങ്ങളുണ്ടാക്കി മൂടിയ വസ്ത്ര മെടുത്ത് നീരാജനത്തേയുമുഴിഞ്ഞാൽ, അർഘ്യഹസ്തഃ ഗത്വാ = അർഘ്യ ജലത്തേ എടുത്തുംകൊണ്ടു നടയിൽചെന്ന്, മരുതാ ദ്വാരം വിദാര്യ = വായുബീജംകൊണ്ട് വാതലിനേ തുറന്ന്, അന്തഃ ദേവായ ദർശിതമംഗ ലഃ = ഗർഭഗൃഹത്തുങ്കൽ ചെന്നു ദേവനായിക്കൊണ്ട് അഷ്ടമംഗല്യത്തേ ദർശിപ്പിച്ച്, അർഘ്യസലിലം ദദ്യാത് = അർഘ്യജലത്തേയുംകൊടുപ്പൂ. അഷ്ടമംഗലങ്ങൾ മുമ്പിൽ അധിവാസത്തുങ്കലേ 'ശംഖാരി കേതൂൻ' ഇ ത്യാദിതന്നെ. എന്നിയേ

'ദീപികാ ദർപ്പണം ഹേമ ധാന്യപാത്രം ഫലം ദധി
പുസ്താമംഗലപാത്രീ ച ലൌകികം മംഗലാഷ്ടകം'

ഇങ്ങനെയും ഉണ്ടാക്കാം. അഷ്ടദിക്പാലാസ്ത്രങ്ങളും കറുകയും കൂടി വച്ച് ഉണ്ടാക്കിയ നീരാജനം തന്നെയുമാം. പശുവിനേയും ദർശിപ്പിക്കൂ. പിന്നെ ഉപചാരംകൊണ്ട് അർഘ്യത്തേ കൊടുപ്പൂ.

നിർമ്മാല്യം വ്യപനീയ വിശ്വമനനാ വിഷ്ണൌ പരേഷ്വസ്ത്രതോ
മന്ത്രീ മൂലത ഏവ വാ ശിവഹരൌ ഗവ്യേന പുംസൂക്തതഃ
തൈലേനാജ്യപരേഷു ചാസ്ത്രമനനാ ശൈരീഷചൂർണ്ണാദിഭി-
ർഘൃഷ്ട്വാ ഭൂരിജലൈർവിശോദ്ധ്യ ച വിഭും സംപൂജയേത് പായസൈഃ 188

വിഷ്ണൌ വിശ്വമനനാ = വിഷ്ണുവിങ്കൽ 'വിശ്വതശ്ചക്ഷുരുത്' എന്ന ഋക്കുകൊണ്ടും, പരേഷു അസ്ത്രതഃ മൂലതഃ വാ = ശിവാദികളിൽ അസ്ത്രം കൊണ്ടു താൻ മൂലംകൊണ്ടു താൻ, നിർമ്മാല്യം വ്യപനീയ = നിർമ്മാ ല്യപുഷ്പമാലകളേ എടുത്ത് വിഷ്വക്സേനാദി നിർമ്മാല്യധാരിയിങ്കൽ സമർപ്പിച്ചാൽ = മന്ത്രീ ശിവഹരൌ പുംസൂക്തതഃ ഗവ്യേഷു പരേഷു തൈലേന ച ആജ്യം = ആചാര്യൻ സ്വസ്തികത്തുങ്കൽ പഞ്ചഗവ്യത്തേ യും എണ്ണയേയും അവിടെ വേണ്ടുന്നതിനേ മൂലംകൊണ്ടു പൂജിച്ചു ശങ്കര നാരായണങ്കൽ പുരുഷസൂക്തംകൊണ്ടു സ്നാനകാലത്തു പഞ്ചഗവ്യത്തേ ആടൂ. വിഷ്ണ്വാദികൾക്ക് പൂജിച്ചിരിക്കുന്ന എണ്ണയേ ആടൂ. അസ്ത്രമനനാ ശൈരീഷപൂർണ്ണാദിഭിഃ ഘൃഷ്ട്വാ = പിന്നെ എല്ലാടവും അസ്ത്രമന്ത്രംകൊ ണ്ട് വാകപ്പൊടിതാൻ തേച്ച് എണ്ണയേ കളഞ്ഞ്, ഭൂരിജലൈഃ വിശോ ദ്ധ്യ = വളരെ വെള്ളങ്ങളേക്കൊണ്ടു കഴുകി ആപോഹിഷ്ഠാദികൊണ്ട് അഭിഷേകംചെയ്ത്, പായസൈഃ വിഭും പൂജയേത് = വസ്ത്രാദികൊടുത്തു പൂജിച്ചു പായസം നിവേദിച്ച് പ്രസന്നപൂജയും ചെയ്വൂ.

ഇഷ്ട്വാ പീഠമിഹാഭിവാഹ്യ സകളീകൃത്യ പ്രദായ ക്രമാത്
പാദ്യാർഘ്യേ സ്വജിനാർണ്ണതോ//സ്ത്രമനനാ വാ//ച്ഛിദ്യതത്കൌതുകം

www.shripuram.org
Shripuram Publications
www.shripuram.org

പ്രക്ഷാല്യ സ്വകരൌ പ്രദായ പുനാരചാമാദി സംസ്ഥാപ്യ തം
സിക്ത്വാ തത്ത്വഹുതാന്തഹോമകലശൈഃ പ്രത്യേകമഭ്യർച്ചയേൽ. 189

ഇഹ പീഠം ഇഷ്ട്വാ അഭിവാഹ്യ സകളീകൃത്യ = പിന്നെ പീഠം പൂജിച്ച വ്യാപകാംഗാന്തം ന്യസിച്ച പാദ്യാർഘ്യങ്ങളേക്കൊടുത്ത്, സ്വജിനാർണതഃ അസ്ത്രമനുനാ വാ തത്കൌതുകം ആച്ഛിദ്യ = ഗായത്രികൊണ്ടുതാൻ അസ്ത്രമന്ത്രംകൊണ്ടുതാൻ മുമ്പു കെട്ടിയിരിക്കുന്ന കൌതുകബന്ധനത്തേ അഴിച്ച്, സ്വകരൌ പ്രക്ഷാല്യ = കൈയും കഴുകി, പുനഃ ആചാമാദി പ്രദായ സംസ്ഥാപ്യ = പിന്നെ ആചമനീയം തുടങ്ങി സ്നാനാന്തമുപഹാരങ്ങളേക്കൊടുത്ത്, തത്ത്വഹുതാന്തഹോമകലശൈഃ സിക്ത്വാ പ്രത്യേകം അഭ്യർച്ചയേത് = പ്രായശ്ചിത്തോദിതത്ത്വാന്തമുള്ള ഹോമങ്ങളെ തലേദിവസം ചെയ്തിരിക്കുന്നതിന്റെ കലശങ്ങളെ ഓരോന്നായിട്ട് ആടി വെവ്വേറേ പൂജിപ്പൂ. ഇവിടെ തത്ത്വഹോമം തലേനാൾ കഴിക്കുമ്പോൾ അനുജ്ഞാപൂജയും നാഡീസന്ധാനവും സംഹാരതത്ത്വസമ്പാതവും വേണ്ട. അന്നു നേരത്തേ കഴിക്കുന്നപക്ഷത്തുങ്കൽ സംഹാരസമ്പാതമുണ്ടാക്കി സ്പർശിച്ച നാഡീസന്ധാനവും കൂടി ചെയ്‌വൂ.

അഥാഽഽരാദ്ധ്യപീഠം സമാവാഹ്യ ദേവം
തദീയാശ്ച മുദ്രാഃ പ്രദർശ്യാർണതത്ത്വം
സ്വമന്ത്രോത്തരം ന്യസ്യ ദത്ത്വോപഹാരാൻ
ജലൈഃ സ്നാനകാലേഽഭിഷിച്യാർച്ചയിത്വാ. 190

അഥ പീഠം ആരാദ്ധ്യ = പിന്നെ പീഠത്തേ പൂജിച്ച്, ദേവം സമാവാഹ്യ = ദേവനേ ആവാഹിച്ച്, തദീയാഃ മുദ്രാഃ പ്രദർശ്യ, ആവാഹനമുദ്രകളേ കാട്ടി, അർണതത്ത്വം സ്വമന്ത്രോത്തരം ന്യസ്യ = ലിപിയേയും തത്ത്വങ്ങളേയും മൂലാക്ഷരാംഗാദിയേയും ന്യസിച്ച്, ഉപഹാരാൻ ദത്ത്വാ = അർഘ്യാദി ഉപഹാരങ്ങളേ കൊടുത്തു, സ്നാനകാലേ അഭിഷിച്യ അർച്ചയിത്വാ = സ്നാനകാലത്തുങ്കൽ വെള്ളംകൊണ്ട് അഭിഷേകത്തേ ചെയ്ത് അർച്ചിച്ച് നീരാജനത്തേയും ഉഴിയൂ.

ഗത്വാഽന്തർമദ്ധ്യകുംഭാനമതികൃദുപഗമ്യാർച്ച്യ ചോദ്ധാര്യകുംഭം
നീരാജ്യാർഘ്യം പ്രദായ സ്വവിഹിതമനുനോദ്ധാര്യ ഗത്വാഽന്തരർഘ്യം
ദത്ത്വാ നീരാജ്യ ദേവം സ്നപയതു കലശൈരർച്ചയേച്ചാനുഖണ്ഡം
നൈവേദ്യാന്തേഽന്തരാ സ്നാനമപി വിതനുയാത്തത്തദുക്താണുനാഽത്ര. 191

അന്തഃ ഗത്വാ = കലശമണ്ഡപത്തിന്റെ അകത്തുചെന്ന്, മദ്ധ്യകുംഭാനമതികൃത് = ബ്രഹ്മകലശത്തുങ്കൽ പുഷ്പാരാധനത്തേച്ചെയ്ത് കലശങ്ങളേ

www.shripuram.org
Shripuram Publications
www.shripuram.org

എടുപ്പാനുള്ള അനുജ്ഞയേ പ്രാർത്ഥിച്ച്, ഉദ്ധാര്യകുംഭം ഗത്വാ നീരാജ്യ = മുമ്പിൽ എടുപ്പാനുള്ള കലശത്തിന്റെ അടുക്കൽചെന്ന് നീരാജനത്തേ ഉഴിഞ്ഞ്, അർഘ്യം പ്രദായ = അർഘ്യം കൊടുത്ത്, സ്വവിഹിതമനുനാ ഉദ്ധാര്യ = ഗായത്രികൊണ്ടു ബ്രഹ്മകലശത്തേയും മൂലംകൊണ്ടു തത്പരി കലശത്തേയും പരികർമ്മികളേക്കൊണ്ടു എടുപ്പിച്ച്, അന്തഃ ഗത്വാ അർഘ്യം ദത്വാ = ഗർഭഗൃഹത്തുങ്കലേ കലശങ്ങളേക്കൊണ്ടു സ്നാനത്തേ ചെയ്വൂ. അനുഖണ്ഡം അർച്ചയേൽ ച = ഖണ്ഡംതോറും കലശങ്ങളേ ആടിയാൽ പൂചാർത്തി വ്യാപകാംഗം ചെയ്ത് മൂലംകൊണ്ട് അർച്ചിച്ചു നിവേദിപ്പൂ. അത്ര നൈവേദ്യാന്തേ തത്തദ്ഭക്താണുനാ അന്തരാസ്നാനമപി വിതനയാത് = ഇവിടെ നിവേദ്യം കഴിഞ്ഞാൽ ഗണ്ഡൂഷാദി കൊടുത്ത് അർച്ചിച്ചു നീരാജനത്തേ ഉഴിവൂ. അവിടെ പറയുന്ന മന്ത്രംകൊണ്ട് അന്തരാസ്നാനത്തേയും ചെയ്വൂ.

സർവ്വത്ര തത്തദണുദൈവതമൂലതാരൈർ-
മദ്ധ്യസ്ഥിതൈശ്ചരതു സംസ്നപനം ഘടൈസ്തൈഃ
നിർദ്ദേവതൈഃ പരിഘടൈർമനുവിത് കുമാര്യാം
ദുർഗാഭിരംഗമനുഭിഃ ശരജേ ഹൃദാ വാ. 192

സർവത്ര = സർവദേവന്മാരിലും, തത്തദണുദൈവതമൂലതാരൈഃ മദ്ധ്യസ്ഥിതൈഃ ഘടൈഃ സംസ്നാപനം ചരതു = പ്രണവവും ഉപചാരവും അതാതു ദ്രവ്യങ്ങളുടെ ഋക്കും അധിദേവതാമന്ത്രവും മൂലപ്രപണവങ്ങളും കൊണ്ടു ഖണ്ഡങ്ങളിലേ ബ്രഹ്മകലശങ്ങളേക്കൊണ്ടു അഭിഷേകത്തേ ചെയ്വൂ. നിർദൈവതൈഃ ഘടൈഃ = അധിദേവതാമന്ത്രങ്ങൾ കൂടാതെ ഋക്കും മൂന്നു പ്രണവങ്ങളുംകൊണ്ടു പരികലശങ്ങളേക്കൊണ്ട് ആടൂ. കുമാര്യാം ദുർഗ്ഗാഭിഃ = ദുർഗ്ഗയിങ്കൽ പഞ്ചദുർഗ്ഗകളേക്കൊണ്ടും, ശരജേ അംഗമനുഭിഃ ഹൃദാവാ = സുബ്രഹ്മണ്യങ്കൽ അംഗങ്ങളേക്കൊണ്ടു താൻ ഹൃദയമന്ത്രംകൊണ്ടുതാൻ പരികലശങ്ങളേ ആടൂ. മനുവിത് എന്നതുകൊണ്ട് മന്ത്രയോഗത്തേ അറിഞ്ഞിരിക്കുന്ന ആചാര്യനെന്നു താൽപര്യം.

തന്മഹേശമനുനാ മഹേശ്വരേ
ശ്രീശസേശഹരിസുംഭവിദ്വിഷി
ബ്രഹ്മജജ്ഞമനുനാ സ്വമൂലതോ-
ഽന്യേഷു ച സ്നപനമന്തരാ ചരേത്. 193

മഹേശ്വരേ തന്മഹേശമനുനാ = ശിവങ്കൽ തന്മഹേശായ വിദ്മഹേ ഇത്യാദികൊണ്ടും, ശ്രീശസേശഹരിസുംഭവിദ്വിഷി ബ്രഹ്മജജ്ഞമനുനാ

Shripuram Publications
www.shripuram.org

= വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും ദുർഗ്ഗയിങ്കലും 'ബ്രഹ്മജജ്ഞാനം പ്രഥമം പുരസ്താത്' എന്ന ഋക്കുകൊണ്ടും, അന്യേഷു സ്വമൂലതഃ = ഗണപതി, ശാസ്താവു സുബ്രഹ്മണ്യന്മാരാൽ തന്റെ മൂലംകൊണ്ടും, അന്തരാസ്നപനം ചരേത് = അന്തരാസ്നാനത്തേ ചെയ്‌വൂ.

തത്തദ്ഭാഗസമീരിതക്രമമന്ത്രപേതൈരിതിസ്നാപയേ-
ദ്ദേവം ദ്രവ്യഘടൈഃ സ്വകീയപരികുംഭൈശ്ച പ്രകൃത്യാശ്രിതം
ആശ്രിത്യ ക്രമമന്തരംഗവശദിക്കോണാദികം വോദ ധൃതൈർ-
മദ്ധ്യാന്തേ സ്നപനേ/ത്ര തദ്ഗലഘടാ യദ്യേതദന്തേ/മുനാ. 194

തത്തദ്ഭാഗസമീരിതക്രമമന്ത്രപേതൈഃ ദ്രവ്യഘടൈഃ ഇതി ദേവം സ്നാപയേത് = അതാതു ദേവന്മാരുടെ കലശസ്നാനമന്ത്രങ്ങളേ പറഞ്ഞേടത്തേ ക്രമങ്ങളോടും മന്ത്രങ്ങളോടുകൂടി ദ്രവ്യപൂർണ്ണങ്ങളായിരിക്കുന്ന ബ്രഹ്മകലശങ്ങളേക്കൊണ്ടും ഇപ്രകാരം ദേവനേ സ്നാനം ചെയ്യിക്കണം. പ്രകൃത്യാശ്രിതം ക്രമം വാ അന്തരംഗവശദിക്കോണാദികം വാ ആശ്രിത്യ ഉദ്ധൃതൈഃ സ്വകീയപരികുംഭൈഃ ച = പ്രകൃതി എന്നാൽ പഞ്ചവിംശതിദ്രവ്യത്തുങ്കലും സപ്തദശദ്രവ്യത്തുങ്കലും ഖണ്ഡങ്ങളുടെ ഉദ്ധാരക്രമം മാനുഷം മുമ്പായിട്ടും ദൈവികം മുമ്പായിട്ടും ദിക്കോണാന്തരാളക്രമമായിട്ടും പ്രദക്ഷിണക്രമമായിട്ടും ഓരോരേ പ്രകാരം ക്രമം പറഞ്ഞിട്ടുള്ളത് ആ കലശത്തുങ്കലേ പ്രകൃതിയാകുന്നത്. ഓരോരോ ഖണ്ഡങ്ങളിലുള്ള കലശങ്ങളേയും പ്രകൃതിക്രമംപോലെ എടുക്കണം എന്നു താല്പര്യം. അപ്പോൾ സപ്തദശദ്രവ്യത്തുങ്കൽ ഇരുനൂറ്റിയമ്പതുകലശത്തുങ്കൽ പുറത്തു ഇരുപത്തിയഞ്ചു കലശങ്ങളുണ്ടാല്ലോ പ്രകൃതി പതിനേഴുതന്നെ ഉണ്ടാകും. അവിടെ കോണിലേ കലശങ്ങൾ എടുത്താൽ അരീത്തെ രണ്ടു പുറത്തേതും കൂടെ എടുക്കണമെന്നു വരും. വിഷ്ണുവിങ്കൽ മാനുഷത്തുങ്കലേ ദിക്കുകളിൽ കഴിഞ്ഞാൽ ബ്രഹ്മൻ, പിന്നെ കോണിലേ കലശങ്ങൾ, ഇങ്ങനെ പ്രകൃതിയാകകൊണ്ട് അപ്രകാരം ഖണ്ഡങ്ങളിലൊക്കെയും ഊഹിക്കണം. ഇങ്ങനെ പ്രകൃതിക്രമമായിട്ടു ഖണ്ഡങ്ങളിൽ ഊഹിച്ച് എടുക്കുമ്പോൾ ഓരോരോ പ്രകാരം വരുമെന്നുവച്ച് ആ ക്രമത്തേ ഏറ്റമംഗീകരിച്ചു കാണുന്നില്ല.

പിന്നെ അന്തരംഗവശദിക്കോണക്രമം എന്നു പറഞ്ഞിരിക്കുന്നത് മുമ്പിൽ ബ്രഹ്മൻ ദൈവികത്തിങ്കലേ ദിക്കോണുകൾ പിന്നെ മാനുഷത്തുങ്കലേ ദിക്കോണാന്തരങ്ങൾ ഇങ്ങനെ ക്രമമായിട്ടു പരികലശങ്ങളേ എടുക്കുന്നത് എല്ലാ ദേവന്മാരിലും എല്ലാ കലശങ്ങളിലും ഊഹിച്ച് ഒന്നുപോലെ എടുക്കുന്നതിന് പ്രയാസം കുറഞ്ഞിരിക്കകൊണ്ട് അതിനേത്തന്നെ എല്ലാവരും അംഗീകരിക്കുന്നു. അവിടെയും ആയിരംകലശത്തുങ്കൽ

www.shripuram.org
Shripuram Publications
www.shripuram.org

പുറത്തേവരിയിൽ ദിക്കും കോണുമെടുത്താൽ അന്തരാളത്തിൽ രണ്ടുള്ള തിനേ സത്യകാദിയായി എട്ടും മുമ്പേ എടുത്താൽ പിന്നെ ഭൃശാദിയായ എട്ടും എടുക്കാൻ 'കലശചന്ദ്രിക'യിൽ പറഞ്ഞിരിക്കകൊണ്ട് അപ്രകാരം എടുപ്പൂ. 'വിവരണ'ത്തുങ്കൽ ഇവിടേയ്ക്കും പൂർവാനന്തരമുത്തരം എന്നു പറഞ്ഞതിന്റെ താൽപര്യം എങ്ങനെ എന്നുമറിഞ്ഞില്ല. ഇങ്ങനെ രണ്ടു പ്രകാരം പറഞ്ഞിരിക്കുന്നതിൽ അന്തരംഗവശദിക്കോണക്രമത്തെ അനുസരിച്ച് പരികലശങ്ങളേക്കൊണ്ടും അഭിഷേകത്തേ ചെയ്‌വൂ. അത്ര മദ്ധ്യാന്തേ സ്നപനേ തദ്ദലഘടാഃയദി = ഇവിടെ ബ്രഹ്മകലശമൊട്ടുക്കമാകുകയും അവിടെ ശുദ്ധജലമായ ദലകലശങ്ങൾ ഉണ്ടാക്കിയിരിക്കുകയും എങ്കിൽ, ഏതദന്തേ അമുനാ സ്നാപയേത് = ദലകലശങ്ങൾ മുമ്പേ ആടി ഒടുക്കംതന്നെ ബ്രഹ്മകലശത്തേ ആടണം.

കൃത്വാഽർവാഗന്ത്യകുംഭാൻ സ്നപനമിതി സമഭ്യർച്ച്യ ദേവം സമേത്യ പ്രോദ്വാസ്യാന്ത്യേ ഘടേ തത്സകലമിമമുപാനീയ ബിംബോക്തനീത്യാ കുംഭേശനാഭിഷിച്യ സ്നപയതു വിധിവത്തേന തത്സ്ഥാംശുകാദ്യൈ-ർന്നീരാജ്യ ന്യസ്തമന്ത്രം മഹിതമുപഹിതാർഘ്യം യജേത് പായസേന. 195

അന്ത്യകുംഭാൻ അർവാക് സ്നപനം ഇതി കൃത്വാ = ഒടുക്കത്തേ കലശത്തിനു മുമ്പിലുള്ള കലശങ്ങളേ ഒക്കെയും ഇപ്രകാരമാടിയാൽ, ദേവം സമഭ്യർച്ച്യ = ദേവനേ പൂജിച്ച് ഖണ്ഡനിവേദ്യവും നീരാജനമുഴിഞ്ഞ്, സമേത്യ = മണ്ഡപത്തിൽവന്ന്, അന്ത്യേഘടേ തത്സകലം പ്രോദ്വാസ്യ = ഒടുക്കം ബ്രഹ്മകലശം ആടുന്നേടത്ത് ബ്രഹ്മകലശത്തുങ്കലും, തോരണധ്വജദ്വാരകലശമണ്ഡപശക്തികളേയും അഗ്നിചൈതന്യത്തേയും ഉദ്വസിച്ച്, ഇമം ബിംബോക്തനീത്യാ ഉപാനീയ = ഇക്കലശത്തേ 'സ്യാന്നീരാജനമഗ്രത' ഇത്യാദി പ്രതിഷ്ഠയിങ്കലേപ്പോലെ കുംഭേശകർക്കരികളോടും കൂടി ബിംബസ്ഥാനത്ത് ബ്രഹ്മകലശമായി അകത്തുകൊണ്ടുപോയി, കുംഭേശേന അഭിഷിച്യ = കർക്കരിയേക്കൊണ്ട് മൂന്നു പരിഷേചനത്തേ ചെയ്ത് മൂർദ്ധാവിങ്കൽ സ്വർണ്ണം ന്യസിച്ച കുംഭേശനേക്കൊണ്ട് ആടി ത്രിതത്ത്വന്യാസാദിയും ചെയ്ത്, തത്സ്ഥാംശുകാദ്യൈഃ നീരാജ്യ തേന വിധിവത് സ്നപയതു = ബ്രഹ്മകലശം മൂടി വസ്ത്രാദികളേ ഉഴിഞ്ഞ് മുമ്പിൽ പറഞ്ഞ മന്ത്രങ്ങളേക്കൊണ്ട് ആ കലശത്തേ ആടൂ. ന്യസ്തമന്ത്രം മഹിതം ഉപഹിതാർഘ്യം പായസേന യജേത് = പിന്നെ കലശത്തുങ്കൽ പൂജിച്ച മന്ത്രങ്ങൾ ഒക്കെയും ന്യസിപ്പൂ. ബ്രഹ്മകലശം എങ്കിൽ കലാന്യാസം തത്ത്വന്യാസം ഷഡദ്ധ്വന്യാസം മൂലാക്ഷരന്യാസം, ജീവാവാഹനം ചെയ്തിരിക്കുന്ന ബ്രഹ്മകലശം എങ്കിൽ പ്രാണന്യാസാദി ഒക്കെയും കൂടെ വേണം. പിന്നെ പൂജിച്ച് അർഘ്യാദികൊടുത്ത് പായസത്തേ നിവേദിച്ച്

www.shripuram.org
Shripuram Publications
www.shripuram.org

പിന്നെയും പൂജിച്ചു നീരാജനത്തേ ഉഴിവൂ.

തതോ യഥാവിധ്യഭിപൂജ്യ ദേവം
നിവേദ്യ സന്തർപ്യ തമഗ്നിരൂപം
സാവസ്രുതോക്ഷം പരിഷദ്ബലിം ച
കൃത്വാ വിഭും ഭാവയതു പ്രസന്നം. 196

തതഃ യഥാവിധി ദേവം അഭിപൂജ്യ = പിന്നെ ദേവനേ വസ്ത്രാദ്യുപഹാരങ്ങളേക്കൊടുത്തു സപരിപാരം പൂജിച്ച്, നിവേദ്യ തം അഗ്നിരൂപം സമർപ്യ = നിവേദിച്ചു തച്ഛേഷംകൊണ്ട് അഗ്നിയിങ്കൽ ദേവനേ പൂജിച്ച് ഹോമിച്ച് ബ്രാഹ്മണഭോജനവും ചെയ്തു ബലിയുംതൂകി പ്രസന്നപൂജയും ചെയ്വൂ. സാവസ്രുതോക്ഷം പരിഷദ്ബലിം കൃത്വാ വിഭും പ്രസന്നം ഭാവയതു = കലശങ്ങളേ ആടുന്നേടത്ത് തച്ഛേഷജലങ്ങളേ ഒന്നാക്കി ദ്വാസ്ഥാദി പരിവാരങ്ങൾക്ക് അവസ്രാവപ്രോക്ഷണത്തേ ചെയ്ത് ശ്രീഭൂതബലിയും തൂകി ദേവനേ അതിപ്രസന്നായിട്ട് ധ്യാനിപ്പൂ.

ഇതി തന്ത്രസമുച്ചയേ സമുദ്യദ്ഘടസംഖ്യാപരികല്പനാപ്രകാരഃ
പടലഃ കലശപ്രസാധനൈസ്തത്സ്നപനാഖ്യാനപരോ/ഷ്ടമഃ സമാപ്തഃ. 197

ഇതി തന്ത്രസമുച്ചയേ = ഇപ്രകാരം തന്ത്രസമുച്ചയത്തുങ്കൽ, സമുദ്യദ്ഘടസംഖ്യാപരികല്പനാപ്രകാരഃ = സമുദ്യത്തായിരിക്കുന്ന കലശങ്ങളുടെ സംഖ്യകളും പത്മങ്ങളും ദ്രവ്യന്യാസക്രമങ്ങളും ഇവറ്റിന്റെ പ്രകാരങ്ങളോടുകൂടി കലശാധിവാസവിധിയും അഭിഷേകക്രമങ്ങളും തന്മന്ത്രങ്ങളോടുംകൂടി, കലശപ്രസാധനൈഃ സമാപ്തമായി.

ആകെ എട്ടാമത്തേ പടലംവരെ ശ്ലോകങ്ങൾ 1151
ഇതിൽ 14 ശ്ലോകങ്ങൾ വ്യാഖ്യാനത്തിലുള്ളത്.

ഇതി തന്ത്രസമുച്ചയഭാഷായാം
അഷ്ടമഃ പടലഃ സമാപ്തഃ.

Shripuram Publications
www.shripuram.org